അധികാരം ജനങ്ങളിലേക്ക്


ഉള്ള്യേരിഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്രവികസനരേഖ



കേരളം




'ഭാരതമെന്നപേർ കേട്ടാല
ഭിമാന പൂരിതമാകണമന്തരംഗം
കേരളമെന്ന പേർ കേട്ടാലോ തിളയ്ക്കണം
ചോര നമുക്ക് ഞരമ്പുകളിൽ....'

131-4

ഒൻപതാംപദ്ധതി ജനകീയപദ്ധതി

ഉള്ളിയേരി ഗ്രാമപഞ്ചായത്ത്

സമഗ്രവികസനരേഖ




എഡിറ്റോറിയൽ കോർ ഗ്രൂപ്പ്

എ.പി. കുഞ്ഞികൃഷ്ണൻനായർ
കെ.പി. ബാബു
ഒ.സി. മുഹമ്മദ്കോയ
ഇ. ജയരാമൻ
സുരേഷ്ബാബു ആലങ്കോട്
കെ.എം. കുഞ്ഞിക്കണാരൻ
രാജൻ കേളോത്ത്
വി.എം. കേളപ്പക്കുറുപ്പ്
എൻ.എം. ബാലരാമൻ
സുദാസ്. കെ.
രാജീവൻ. ഇ.കെ.
ബാലകൃഷ്ണൻ ടി.കെ.
സത്യൻ. കെ.കെ.
മണി എ.കെ.
പ്രശാന്തൻ ഇ.എം.
ദാമോദരൻ കെ.എം.
വിശ്വൻ കെ.
അനിൽകുമാർ എൻ.കെ.
സുധാകരൻ പി.
സതീശൻ സി.പി.
കരുണാകരൻ പി.
ലക്ഷ്മി എം. (സംസ്ഥാന റിസോഴ്സ് പേഴ്സൺ)

കവർപേജ് : പോൾ കല്ലാനോട്
ടൈപ്പ്സെറ്റിംഗ് & ലേഔട്ട് : എം.വീ. അഡ്വർടൈസിംഗ്, കോഴിക്കോട് 1.
ഫോൺ: 722417, 722317





'എന്റെ വീടിന് ചുറ്റും ഭിത്തികൾ പണിയാനോ, എന്റെ ജനാലകൾ കൊട്ടി അടച്ചിടാനോ ഞാൻ ആഗ്രഹിക്കുന്നില്ല. എല്ലാ നാടുകളിലെയും സംസ്കാരങ്ങൾ, കഴിയുന്നത്ര സ്വതന്ത്രമായി എന്റെ വീടിനുചുറ്റും അലയടിച്ചുകാണാൻ എനിക്കാഗ്രഹമുണ്ട്. പക്ഷേ, അവയിൽ ഒന്നെങ്കിലും എന്റെ ചുവട് തെറ്റിക്കാൻ ഞാൻ അനുവദിക്കില്ല.'



പഞ്ചായത്ത് ഒരു വിഹഗവീക്ഷണം

പഞ്ചായത്തിന്റെ പേര്	:	ഉള്ളിയേരി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	:	ഉള്ളിയേരി വില്ലേജ്
ബ്ലോക്ക് പഞ്ചായത്ത്	:	ബാലുശ്ശേരി
താലൂക്ക്	:	കൊയിലാണ്ടി
അസംബ്ലിമണ്ഡലം	:	ബാലുശ്ശേരി
വിസ്തീർണം	:	25.86 ച.കി.മീ
അതിരുകൾ	:	വടക്ക് : നടുവണ്ണൂർ, കോട്ടൂർ പഞ്ചായത്തുകൾ
	:	പടിഞ്ഞാറ് : നടുവണ്ണൂർ, അരിക്കുളം പഞ്ചായത്തുകൾ കൊയിലാണ്ടി മുനിസിപാലിറ്റി, ചെങ്ങോട്ടുകാവ്, ചേമഞ്ചേരി പഞ്ചായത്തുകൾ
	:	തെക്ക് : അത്തോളി പഞ്ചായത്ത്
	:	കിഴക്ക് : ബാലുശ്ശേരി, അത്തോളി പഞ്ചായത്തുകൾ
ജനസംഖ്യ	:	27,805
പുരുഷന്മാർ	:	13,758
സ്ത്രീകൾ	:	14,047
അക്ഷരാഭ്യാസമുള്ളവർ	:	22,241
വാർഡുകൾ	:	11
പ്രസിഡണ്ട്	:	ശ്രീമതി ടി.കെ. ഇന്ദിര
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	:	ശ്രീ വി.എം. കേളപ്പൻ
പഞ്ചായത്ത് സെക്രട്ടറി	:	ശ്രീ സി.കെ. ആലിക്കോയ






സ്മരണാഞ്ജലി

കാൽനൂറ്റാണ്ടുകാലം ഉള്ളേരിയുടെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ നിറഞ്ഞുനിന്ന് യുവാക്കളുടെയും അധഃസ്ഥിതരുടേയും തൊഴിലാളികളുടേയും അവകാശ സമരങ്ങളിലെ പോരാളിയായി പ്രവർത്തിച്ച ശ്രീ ടി. ബാലൻ ഈ പഞ്ചായത്ത് വൈസ്പ്രസിഡണ്ടായിരിക്കേ 1996 മാർച്ച് 18-ന് തികച്ചും ആകസ്മികമായാണ് നമ്മെ വിട്ടുപോയത്. കർമകുശലതയുടേയും സേവനതല്പരതയുടേയും പ്രതീകമായി പ്രവർത്തനനിരതനായിരിക്കേ അകാലത്തിൽ വേർപിരിഞ്ഞ ശ്രീ ടി. ബാലൻ ഈ ഗ്രാമത്തിന്റെ ഓർമ്മകളിൽ ഒരു കണ്ണുനീർക്കണമായി ഇപ്പോഴും നിറഞ്ഞുനിൽക്കുന്നു. ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കുംവേണ്ടി അദ്ദേഹത്തിന്റെ ജ്വലിക്കുന്ന സ്മരണയ്ക്കുമുമ്പിൽ ഒരുപിടി പൂക്കളർപ്പിക്കുന്നു.

മുൻപ്രസിഡണ്ടുമാർ



Late പി. ഗോവിന്ദൻകുട്ടി നായർ



പി.ടി. ശങ്കരൻ



എ.പി. കുഞ്ഞികൃഷ്ണൻനായർ

ഭരണസമിതി




ടി.കെ. ഇന്ദിര
പ്രസിഡണ്ട്


വൈസ് പ്രസിഡണ്ട് സ്ഥാനം
ഒഴിഞ്ഞുകിടക്കുന്നു



വി.എം. കേളപ്പക്കുറുപ്പ്
ചെയർമാൻ (സ്റ്റാന്റിംഗ് കമ്മിറ്റി



ബാബു കെ.പി.



കുഞ്ഞികൃഷ്ണൻനായർ എ.പി.



പി. അസ്സൻകുട്ടി ഹാജി



ഒ.സി. മുഹമ്മദ്കോയ




പ്രസന്ന എ. പി.




സൗമിനി പി.



അജിത സി.



സദാനന്ദൻ സി.പി.




ഗണേഷ്ബാബു ടി.

ഉള്ളടക്കം


- ആമുഖം 1
- സാമൂഹിക, സാംസ്കാരിക ചരിത്ര പശ്ചാത്തലം 4
- ഭൂപ്രകൃതി 7
- കൃഷിയും ജലസേചനവും 10
- മൃഗസംരക്ഷണം 21
- മത്സ്യബന്ധനം 27
- വ്യവസായം 29
- ടൂറിസം 36
- മാർക്കറ്റ് 37
- വിദ്യാഭ്യാസം 39
- പൊതുജനാരോഗ്യം 48
- കുടിവെള്ളം 52
- സാമൂഹ്യക്ഷേമം 56
- പാർപ്പിടം 64
- ഗതാഗതം 68
- ഊർജം 73
- സഹകരണമേഖല 79
- വനിതാക്ഷേമം 82
- വിഭവസമാഹരണം 88
- പട്ടികജാതി പട്ടികവർഗ ക്ഷേമം 93
- സംസ്കാരം 102

ഉള്ള്യേരി ഗ്രാമപഞ്ചായത്ത്



കോളനി റോഡുകൾ, വൈദ്യുതി

ക്രമ നമ്പർ	കോളനിയുടെ പേര്	റോഡുകൾ		വൈദ്യുതി ഉണ്ട്/ഇല്ല ഭാഗികം
		പുതുതായി നിർമ്മിക്കേണ്ടവ ഉണ്ടോ ഇല്ലയോ	അറകുറപ്പണി നടത്തേണ്ടവ ഉണ്ടോ ഇല്ലയോ	
1	അരുമ്പമല	ഇല്ല	ഉണ്ട്	ഉണ്ട്
2	കിഴക്കെ അരുമ്പമല	ഇല്ല	ഉണ്ട്	ഇല്ല
3	ചമ്മുങ്കര ഹരിജൻ കോളനി	ഉണ്ട്	ഉണ്ട്	ഇല്ല
4.	കൈപ്രം കുന്ന്	ഉണ്ട്	ഇല്ല	ഇല്ല
5.	കക്കട്ടിൽ കായപ്പറ്റ മല	ഉണ്ട്	ഇല്ല	ഇല്ല
6	ചുറ്റന്ന കുന്നുമ്മൽ	ഉണ്ട്	ഇല്ല	ഇല്ല
7.	അഞ്ഞനോറമലയിൽ	ഇല്ല	ഉണ്ട്	ഉണ്ട്
8	കുന്തിലോട്ട് കുന്ന്	ഉണ്ട്	ഇല്ല	ഇല്ല
9	കൊളങ്ങോട്ടുമീത്തൽ	ഉണ്ട്	ഇല്ല	ഇല്ല
10.	കുരുപറമ്പ്	ഉണ്ട്	ഇല്ല	ഇല്ല
11	പാലോറമല	ഉണ്ട്	ഇല്ല	ഇല്ല
12	പാലോറ ലക്ഷം വീട്	ഇല്ല	ഉണ്ട്	ഇല്ല
13	തിരുത്തോത്ത് മീത്തൽ നാറാത്ത്	ഉണ്ട്	ഇല്ല	ഭാഗികം
14.	തിരുത്തോത്ത് മീത്തൽ	ഉണ്ട്	ഇല്ല	ഇല്ല
15.	കുവിൽ മീത്തൽ	ഇല്ല	ഉണ്ട്	ഇല്ല
16.	ഒയലമല	ഇല്ല	ഉണ്ട്	ഇല്ല
17.	കോട്ടക്കുന്ന്	ഉണ്ട്	ഇല്ല	ഉണ്ട്
18.	കക്കാട്ട് മല	ഉണ്ട്	ഇല്ല	ഇല്ല
19.	മൊടാലത്ത് കുന്ന്	ഉണ്ട്	ഇല്ല	ഉണ്ട്
20	നൂഞ്ഞിൽ കുന്ന് ചമ്മിൽ കുന്ന്	ഇല്ല	ഉണ്ട്	ഇല്ല
21.	നെല്ലിക്കുന്ന്	ഇല്ല	ഉണ്ട്	ഉണ്ട്
22.	തോന്ന്യമ്മല	ഉണ്ട്	ഇല്ല	ഇല്ല
23.	ഒള്ളൂർ	ഇല്ല	ഉണ്ട്	ഉണ്ട്
24	എളങ്ങോട്ട് മല	ഉണ്ട്	ഇല്ല	ഭാഗികം



ആമുഖം

ഈ മഹായജ്ഞത്തിൽ,

വിനയപൂർവ്വം ഞങ്ങൾ.....

ത്യാഗത്തിന്റെയും സഹനത്തിന്റെയും ചെറുത്തു നിൽപ്പിന്റെയും എണ്ണമറാസമരപോരാട്ടങ്ങളിലൂടെ നാം നേടിയ സ്വാതന്ത്ര്യത്തിന്റെ അമ്പതാം പിറന്നാളാഘോഷിക്കാനൊരുങ്ങുന്ന ഈ വേളയിൽ, കഴിഞ്ഞ കാലത്തിന്റെ ചരിത്രം വിലയിരുത്തുമ്പോൾ വിവിധമേഖലകളിൽ എടുത്തു പറയാവുന്ന നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞതായി കാണാം. ആസൂത്രിതമായി സാമ്പത്തിക സാമൂഹ്യവികസനത്തിനുള്ള ശ്രമങ്ങൾ നടക്കുമ്പോഴും, ഓരോ പദ്ധതിക്കാലയളവിലും ലക്ഷ്യമിട്ടിരുന്ന നേട്ടങ്ങൾ കൈവരിക്കാനോ, ജനങ്ങളിലെത്തിക്കാനോ കഴിഞ്ഞിട്ടില്ല. അതിരുകവിഞ്ഞ അധികാര കേന്ദ്രീകരണവും, സമഗ്ര പരിശോധനയില്ലാത്ത പദ്ധതിയൊരാക്കലും ജനപങ്കാളിത്തമില്ലായ്മയും മൂലം വികസനസേവനത്തുറകളാകെ പിന്നോട്ടടി നേരിടുകയാണ്. സമൂഹത്തിലാകെ ബാധിച്ചമുരടിപ്പ് പല ദൂഷ്യഫലങ്ങളും സൃഷ്ടിക്കുന്നതിന്റെ ചിത്രം നാടിന്റെ സമീപകാല രാഷ്ട്രീയ സമൂഹ്യമണ്ഡലങ്ങളിലാകെ അനുഭവപ്പെടുകയാണ്.

രൂപികരണത്തിന്റെ നാല്പതാം പിറന്നാളിലെത്തിയ കേരളത്തിന്റെ സാമ്പത്തികാവസ്ഥ അതീവസങ്കീർണ്ണമാണ്. ശ്രീ. നാരായണ ഗുരു മുതൽ അയ്യങ്കാളി വരെയുള്ള സാമൂഹ്യപരിഷ്കർത്താക്കളും, ഭൂപരിഷ്കരണമടക്കമുള്ള സാമൂഹ്യ സാംസകാരിക സാമ്പത്തിക മണ്ഡലങ്ങളിലുണ്ടാക്കിയ പുരോഗതിപോലും തകരുന്ന സ്ഥിതിയാണുള്ളത്. കാർഷിക, വ്യാവസായിക, വാണിജ്യമണ്ഡലങ്ങളിലെല്ലാം കേരളം തിരിച്ചടികളെ നേരിടുകയാണ്. ആളോഹരി വരുമാനം ദേശീയ ശരാശരിയിലും വളരെ താഴെയാണ്. ഉപഭോഗത്തിലാണെങ്കിൽമറ്റെങ്ങും കാണാൻ കഴിയാത്ത മുന്നേറ്റവും. വിദേശത്ത് പണിയെടുക്കുന്നവർ നാട്ടിലേയ്ക്കയ്ക്കുന്ന പണമാണ് സമ്പദ് ഘടനയിൽ വലിയൊരു താങ്ങായിട്ടുള്ളത്. ഗൾഫ്മേഖലയിലെ സമീപകാല സംഭവവികാസങ്ങൾ പ്രതിസന്ധിയുടെ ആഴം വർദ്ധിപ്പിക്കുന്നു. പ്രതിദിനം തൊഴിലവസരങ്ങൾ കുറയുകയാണ്. കാർഷിക വ്യാവസായിക മണ്ഡലത്തിലെ തകർച്ചയുടെ ഫലമായി തൊഴിലില്ലായ്മയും, സാമൂഹ്യാരാജകത്വ പ്രവണതകളും കൂടി വരികയാണ്. ഉൽപാദന മേഖലയിലെ മാന്ദ്യവും സേവനത്തുറകളിലെ നിലവാര തകർച്ചയും പരി

അനുബന്ധം ഏ1

വർഷം	കേന്ദ്ര മുതൽ മുടക്ക് മൊത്തം (കോടി രൂപ)	കേരളത്തിൽ കേന്ദ്രം മുടക്കിയതുക(കോടി രൂപ)	കേരളത്തിന്റെ വിഹിതം (%)
1970	3,795	116	3.06
1975	6,242	202	3.24
1980	18,161	423	2.33
1985	47,323	831	1.76
1990	1,13,431	1,701	1.5
1991	1,29,713	1,853	1.43
1993	1,73,501	2,275	1.3
ആകെ	4,92,166	7,401	1.5%

(വ്യവസായ മേഖലയിലെ മുതൽ മുടക്കിന്റെ അവസ്ഥ)

ഹരിച്ചാൽ മാത്രമേ കേരളത്തിന് മുന്നോട്ട് നീങ്ങാനാവുക യുള്ളുവെന്ന് വിശകലനങ്ങൾ സൂചിപ്പിക്കുന്നു.

അധികാര വികേന്ദ്രീകരണവും ജനപങ്കാളിത്ത ത്തോടെയുള്ള ആസൂത്രണ പ്രവർത്തനവുമാണ് ഇന്നത്തെ അവസ്ഥ പരിഹരിക്കാനുള്ള ഏകമാർഗ്ഗമെന്ന് വൈകിയെ ങ്കിലും നാം തിരിച്ചറിഞ്ഞിരിക്കുന്നു. എട്ട് പദ്ധതികളുടെ യും പോരായ്മയായി ചൂണ്ടികാണിക്കപ്പെടുന്ന ഡിപ്പാർട്ട്മെന്റ് ലൈസേഷനും, ജനപങ്കാളിത്തമില്ലായ്മയും സ്ഥലകാല വിഭവങ്ങളുടെ പരിശോധനയില്ലാത്ത പദ്ധതിയാസൂത്രണ വും ഇല്ലാതാക്കി, ഗ്രാമത്തിന്റെ ഹൃദയത്തുടിപ്പുകൾ തൊ ട്ടറിഞ്ഞുകൊണ്ടുള്ള ഒരു പുതിയ വികസന സംസ്കാര ത്തിന് വഴി തുറക്കുവാനാണ് കേരളസർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും ഒൻപതാം പദ്ധതി ജനകീയ പദ്ധ തിയാക്കി നടപ്പിലാക്കാൻ തീരുമാനിച്ചത്. ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ള പാവപ്പെട്ട ജനസമൂഹത്തേയും ജീവി തത്തിന്റെ വിവിധ തുറകളിൽ വൈദഗ്ധ്യം ലഭിച്ചവരേ യും വികസന പ്രക്രിയയിൽ പങ്കാളികളാക്കാൻ കേരള മൊരുങ്ങുകയാണ്. നിലവിലുള്ള ത്രിതല പഞ്ചായത്ത് ഭര ണസംവിധാനമുപയോഗിച്ച് പദ്ധതിയുടെ 30-40% വിവിധ മേഖലകളിലെ വികസനപ്രവർത്തനത്തിന് ഉപയോഗിക്ക പ്പെടുമ്പോൾ ഉണ്ടാക്കാവുന്ന മാറ്റം വളരെ വലുതാണ്. ഈ പ്രവർത്തനത്തിൽ നിന്നും ആർജ്ജിതമാവുന്ന അറി വും അനുഭവങ്ങളും നാളിതുവരെ കണ്ടെത്താൻ കഴിയാ തിരുന്ന വിഭവങ്ങളുടെ കടന്നുവരവും ജനജീവിത നില വാരമുയർത്താൻ പര്യാപ്തമാവുമെന്ന് ഞങ്ങൾ കരുതു ന്നു. ജനസമൂഹത്തിൽ പ്രതീക്ഷയും ദിശാബോധവും വളർത്താൻ ജനകീയാ സൂത്രണപ്രസ്ഥാനത്തിന് കഴിയു മെന്നതിൽ സംശയമില്ല.

ഈ പശ്ചാത്തലത്തിൽ നിന്ന് കൊണ്ടു മാത്രമേ ഉള്ളിയേരി ഗ്രാമപഞ്ചായത്തിലെ പ്രശ്നങ്ങൾകണ്ടെത്താ നും പരിഹരിക്കാനും കഴിയുകയുള്ളു. വികസനത്തിന്റെ പടിവാതിൽക്കൽ എത്തിനിൽക്കുമ്പോഴും സംസ്ഥാനം പൊതുവെ നേരിടുന്ന പ്രതിസന്ധികൾ നമ്മെയും അലട്ടി കൊണ്ടിരിക്കുന്നു. 28,000-ലേറെ ജനസംഖ്യയും, 25.86 ചതു രശ്ര കി. മീ. വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ 7,449 പുരു ഷന്മാരും 12,459 സ്ത്രീകളും തൊഴിലില്ലാത്തവരും ഭാഗിക മായി മാത്രം തൊഴിലുള്ള വരുമാണെന്ന വസ്തുത തൊഴി ലില്ലായ്മയുടെ ഗൗരവാവസ്ഥ വെളിവാക്കുന്നു. കാർഷിക മേഖലയിൽ ഉല്പാദനവും തൊഴിലെടുക്കുന്നവരുടെ എണ്ണ വും കുറയുന്നു. വ്യാവസായിക ഭൂപടത്തിൽ വിരലിലെ ണ്ണാവുന്ന രോഗഗ്രസ്ത ചെറുകിട സ്ഥാപനങ്ങളല്ലാതെ മറ്റൊന്നുമില്ല. പൊതുമേഖലയാകെ തളർന്ന അവ സ്ഥയിലാണുള്ളത്. ഈ അവസ്ഥയെ മുറിച്ചു കടക്കാ നും കേരളത്തിന്റെ ഭാവി സംരക്ഷിക്കാനുമുള്ള പ്രവർത്ത നമെന്ന നിലയിൽ ഗൗരവബുദ്ധിയുള്ള സ്വീകരണമാണ് നമ്മുടെ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാന ത്തിന് ലഭിച്ചത്.

1996 സെപ്തംബർ 11ാം തിയ്യതി ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിക്കാൻ ഉള്ളി യേരിയിൽ വിളിച്ചു ചേർത്ത രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തകരുടെ പ്രഥമയോഗത്തിൽ 179പേർ പങ്കെടുത്തു. സെപ്തംബർ 3,4,5 തിയ്യതികളിലും ഒക്ടോബർ 21,22,23 തിയ്യതികളിലും നടന്ന ജില്ലാതലപരി ശീലകരുടെ ക്യാമ്പിൽ യഥാക്രമം 6,10 എന്നിങ്ങനെ പങ്കാ ളിത്തമുണ്ടായി. ഒന്നാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി ഒക്ടോബർ 13ന് ഉള്ളിയേരിയൽ. സംഘടിപ്പിച്ച പഞ്ചായ ത്തിലെ പരിശീലകരുടെ ക്യാമ്പിൽ 72പേർ പങ്കെടുത്തു. സെപ്തംബർ 15-ാം തിയ്യതി വിശേഷാൽ ഗ്രാമസഭകളാരംഭി ച്ചു. സെപ്തംബർ 15 മുതൽ ഒക്ടോബർ 2 വരെയുള്ള ദിവസങ്ങളിൽ വിളിച്ചു ചേർക്കപ്പെട്ട ഗ്രാമസഭകളിൽ ജന പങ്കാളിത്തംവർദ്ധിപ്പിക്കാൻ വാർഡ്തല സ്വാഗതസംഘങ്ങ ളുടെ പ്രചാരണപ്രവർത്തനങ്ങളും, വിളംബര ജാഥകളും സംഘടിപ്പിക്കപ്പെട്ടു. സെപ്തംബർ 26ന് ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജനാധി കാര കലാജാഥയ്ക്ക് നമ്മുടെ ഗ്രാമപഞ്ചായത്തിലൊരു ക്കിയ 8 കേന്ദ്രങ്ങളിലും വലിയൊരു വിഭാഗം ജനങ്ങ ളുടെ ശ്രദ്ധപിടിച്ചു പറ്റാനും, ജനകീയാസൂത്രണ പ്രസ്ഥാ നത്തിന്റെ സന്ദേശമെത്തിക്കാനും കഴിഞ്ഞു. മൊത്തം വോട്ടർമാരുടെ 14.7% ആളുകൾ ഗ്രാമസഭയിൽ പങ്കെടു ത്തു. 2,965 പേർ ഗ്രാമസഭകളിലാകെ കുടിപങ്കെടുത്തു. രണ്ടാംഘട്ട പ്രവർത്തനത്തിന്റെ മുന്നോടിയായി ഒരു സ്ഥിതി വിവരകണക്കെടുപ്പ് നടത്താൻ കഴിഞ്ഞു. ഒക്ടോബർ 13ന് നടന്ന സർവ്വെപ്രവർത്തനം പൂർണ്ണമാക്കാൻ പിന്നെയും ദിവസങ്ങൾവേണ്ടിവന്നു. 25.10.1996ന് പഞ്ചായത്ത് തല പരിശീലകരുടെയോഗവും 28.10.1996ന് ഉദ്യോഗസ്ഥ രുടെയോഗവും വിളിച്ചുചേർത്ത് 2-ാം ഘട്ടപ്രവർത്തന ങ്ങളെക്കുറിച്ച് വിശദീകരിച്ചു. പഞ്ചായത്തിലെ രണ്ടാംഘട്ട പരിശീലന ക്യാമ്പ് 30.10.1996ന് തെരുവത്ത് കടവിൽവെച്ച് നടന്നു. നവംബർ 5ാം തിയ്യതിദ്വിതീയ വിവരശേഖരണ ത്തിനുവേണ്ടി 4 ഗ്രൂപ്പുകളായി തലങ്ങുംവിലങ്ങും നടന്ന് വിവരശേഖരണം നടത്തി. ഐക്യകേരളപ്പിറവിയുടെ 40ാംദിനം നവംബർ 1ന് ദേശീയ പുനരർപ്പണദിനമായി

കൊണ്ടാടിയപ്പോൾ പതിനൊന്ന് വാർഡുകളിലായി 16 പ്രവർത്തനങ്ങളാണ് തുടങ്ങിയത്.

ജനകീയാസൂത്രണ പ്രസ്ഥാനത്തെ ഒരു മഹാ വിജയമാക്കാൻ കക്ഷിരാഷ്ട്രീയ ജാതിമതവർഗ്ഗ ഭേദമെന്യേ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും കൂട്ടായ്മയായി വളർത്തിയെടുക്കണമെന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് മുൻകാല പ്രവർത്തനങ്ങൾക്കെന്ന പോലെ നിസ്സിമ്മായ സഹകരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ സെമിനാറിൽ നടക്കുന്ന ചർച്ചകൾക്ക്ശേഷം രൂപം കൊടുക്കുന്ന പ്രവർത്തനങ്ങൾ കർമ്മ പഥത്തിലെത്തിക്കാൻ മുഴുവൻ നാട്ടുകാരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നുതോടൊപ്പം, വരുംതലമുറകൾക്ക് കൂടി ശോഭനമായവഴിയൊരുക്കാനും ഇന്നിന്റെ കടമകൾ നിർവ്വഹിക്കാനും ഓരോ പൗരനും സ്വയം സന്നദ്ധനാവണമെന്ന അഭ്യർത്ഥനയോടെ ഈ റിപ്പോർട്ട് ജനകീയാസൂത്രണ പ്രസ്ഥാനത്തിനും ഭരണസമിതിക്കുംവേണ്ടി സമർപ്പിക്കുന്നു.

സവിനയം

കെ. പി. ബാബു,
കൺവീനർ,
ജനകീയാസൂത്രണസമിതി,
ഉളളിയേരി ഗ്രാമപഞ്ചായത്ത്.

ടി. കെ. ഇന്ദിര,
പ്രസിഡണ്ട്,
ഉളളിയേരി ഗ്രാമപഞ്ചായത്ത്.



സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

ബ്രട്ടീഷിന്ത്യയുടെ ഭാഗമായിരുന്ന മദിരാശി സംസ്ഥാനത്തിലെ മലബാർ ജില്ലയിൽപെട്ട കുറുമ്പ്രനാട് താലൂക്കിലെ കുന്നത്തറ അംശം, ഉള്ള്യേരി അംശം, നടുവണ്ണൂർ അംശത്തിലെ കൊയക്കാട്, കക്കഞ്ചേരി ദേശങ്ങൾ എന്നിവ അടങ്ങുന്നതാണ് നിലവിലുള്ള ഉള്ള്യേരി പഞ്ചായത്ത് വൈദേശിക മേധാവിത്വത്തിനു മുമ്പു തന്നെ ഈ പഞ്ചായത്തിലുൾപ്പെട്ട ഗ്രാമങ്ങൾ (ദേശങ്ങൾ) സ്വയം സമ്പൂർണങ്ങളായിരുന്നു. ഓരോ ദേശത്തിനും ദേശക്കോയ്മകൾ എന്നറിയപ്പെട്ടിരുന്ന ദേശത്തലവന്മാർ ഉണ്ടായിരുന്നു. ചാതുർവർണ്യ വ്യവസ്ഥ നിലനിന്നിരുന്ന അക്കാലത്ത് വ്യത്യസ്ഥ തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന വിഭിന്ന ഉപജാതികൾ ഓരോ ദേശത്തും ഉണ്ടായിരുന്നു. മേൽക്കോയ്മയിൽ അധിഷ്ഠിതമായ അടിമത്ത വ്യവസ്ഥ നിലനിന്നിരുന്നുവെങ്കിലും വിഭിന്ന ഉപജാതികളുടെ സംരക്ഷണം ജന്മികളായ ദേശവാഴികളിൽ നിക്ഷിപ്തമായിരുന്നു. ഓരോ ജാതിക്കാരുടെയും ചുമതലകളും അവകാശങ്ങളും പ്രത്യേകം പ്രത്യേകം നിർവചിക്കപ്പെട്ടിരുന്നു. ഭൂരിപക്ഷം വരുന്ന ഹിന്ദുക്കൾ മറ്റ് ന്യൂനപക്ഷങ്ങളുമായി സൗഹൃദത്തിൽ തന്നെ കഴിഞ്ഞിരുന്നു എന്നാണ് പഴമക്കാർ പറയുന്നത്.

പുരാതനങ്ങളായ നിരവധി ക്ഷേത്രങ്ങളും പള്ളികളും ഈ പഞ്ചായത്ത് അതിർത്തിയിൽ ഉണ്ട്. ഏക കൃസ്ത്യൻ ദേവാലയം പുത്തഞ്ചേരി കൃസ്ത്യൻ പള്ളിയാണ്. മിക്കവാറും ക്ഷേത്രങ്ങളിൽ വർഷം തോറും ഉത്സവങ്ങൾ നടക്കാറുണ്ട്. അതുപോലെ നേർച്ചകൾ നടക്കുന്ന പള്ളികളും ഈ പഞ്ചായത്തിൽ ഉണ്ട്.

പുത്തഞ്ചേരി കോട്ടക്കുന്ന് ചേരമാൻ പെരുമാളുടെ പടയോട്ടക്കാലത്തെ ഇടത്താവളമായിരുന്നുവെന്ന് പഴമക്കാർ പറയുന്നു. മുന്നുഭാഗവും വെള്ളവും ഒരു ഭാഗത്ത് കിടങ്ങുമുള്ള ഈ പ്രദേശം വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പോന്നതാണ്.

ജനങ്ങളിൽ ഭൂരിഭാഗവും കൃഷിയും അനുബന്ധ തൊഴിലുകളും ചെയ്ത് ഉപജീവനം കഴിക്കുന്നവരാണ്. ചകിരി തൊഴിൽ, കല്ലുവെട്ട്, മത്സ്യ ബന്ധനം എന്നീ തൊഴിലുകളും പണ്ടുമുതൽക്കേ നിലനിന്നിരുന്നു.

സ്വാതന്ത്ര്യ സമരകാലഘട്ടം മുതൽക്കുതന്നെ സാംസ്ക്കാരികമായി മുന്നിട്ടു നിന്നിരുന്ന ഈ പ്രദേശത്ത് വിദ്യാ സമ്പന്നരിൽ ഭൂരിപക്ഷവും സവർണ്ണരായിരുന്നു എന്നാൽ പിന്നോക്ക ജാതിക്കാരിൽപെട്ട ചില കുടുംബങ്ങൾ വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിരുന്നു. 1930കളിൽ ത്തന്നെ പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ എഴുത്തുപള്ളികൾ നിലനിന്നിരുന്നതായി കാരണവന്മാർ പറയുന്നു. ഹരിജന വിഭാഗത്തിന്റെ വിദ്യാഭ്യാസത്തിനുവേണ്ടി 'വെൽഫെയർ സ്കൂളുകളും മുസ്ളീംങ്ങൾക്കുവേണ്ടി മുസ്ളീം സ്കുളുകളും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു.

നാട്ടുചികിത്സ, ആയുർവേദം, വിഷ ചികിത്സ എന്നീ രംഗങ്ങളിൽ പ്രശസ്തരായ ഭിഷ്ഗ്വരന്മാർ ഈ പ്രദേശത്തുണ്ടായിരുന്നു. തച്ചുശാസ്ത്ര വിദഗ്ധർ, ജ്യോതിഷികൾ എന്നീ നിലകളിൽ പ്രശസ്തരായ വ്യക്തികൾ ഇവിടെയുണ്ടായിരുന്നു. കലാരംഗത്തും മോശമില്ലാത്ത പുരോഗതി പോയകാലത്തും ഇവിടെയുണ്ടായിരുന്നു.

രാജ്യത്തിന്റെ മറ്റുഭാഗങ്ങളിലെന്നപോലെ ഇവിടെയും രാഷ്ട്രീയബോധം ശക്തിപ്രാപിച്ചത് ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭത്തോടനുബന്ധിച്ചാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനം ജനങ്ങളിൽ ദേശീയബോധം വളർത്തുന്നതിൽ പ്രധാന പങ്കുവഹിച്ചു. ആദ്യകാല കോൺഗ്രസ് നേതാക്കളിൽ ഭൂരിപക്ഷവും മുന്നോക്കസമുദായാംഗങ്ങളായിരുന്നു. കുറുമ്പ്രനാട് താലൂക്ക് കോൺഗ്രസ് കമ്മറ്റി പ്രസിഡണ്ടായിരുന്ന ശ്രീ. നടുവിലക്കണ്ടി ദോമോദരൻ നായർ മോകേരി മാധവൻ നമ്പ്യാർ,കരീറ്റിക്കൽ ശങ്കരൻ നായർ,മൈക്കോട്ടേരി അപ്പുനായർ,അയ്യാലിൽ രാമൻനായർ, പള്ളിയിൽ കുഞ്ഞിരാമൻ കിടാവ്,ചെറുവാട്ട് ഗോപാലൻ നായർ, പുളിക്കുൽ ഇമ്പിച്ചൂട്ടി പണിക്കർ,തോളുര തുടങ്ങിയവർ സ്വാതന്ത്ര്യ പ്രക്ഷോഭത്തിലെ മുന്നണിപ്പോരാളികളായിരുന്നു കിറ്റിന്ത്യാ സമരത്തിന്റെ ഭാഗമായ ഉള്ള്യേരി പാലം തകർക്കൽ, നടുവണ്ണൂർ, ചേമഞ്ചേരി സബ്ബാരജിസ്ട്രർ ഓഫീസ് തീവെപ്പ് എന്നീ സംഭവങ്ങളിൽ പഞ്ചായത്തിലെ സ്വാതന്ത്ര്യ സമര സേനാനികൾ മിക്കവരും പങ്കാളികളായിരുന്നു. വിദേശ വസ്ത്ര ബഹിഷ്കരണം, ഖാദി

പ്രചാരണം, കള്ളുഷാപ്പ് പിക്കറ്റിംഗ്, നികുതി നിഷേധ പ്രക്ഷോഭം എന്നീ സമരമുറകളിലും പഞ്ചായത്തിന്റെ സംഭാവന വളരെ വലുതായിരുന്നു പഞ്ചായത്തിലെ പഴയ ഒരു ജന്മി കുടുംബമായ വാഴോത്ത് പള്ളിയിൽ തറവാട്ടിലെ അംഗമായ പരേതനായ പി.കുഞ്ഞിരാമൻ കിടാവ് ഈ പഞ്ചായത്തിലെന്നല്ല മലബാറിലെ തന്നെ രാഷ്ട്രീയ സാമൂഹ്യരംഗത്ത് നിറഞ്ഞുനിന്ന ഒരു വ്യക്തിത്വത്തിന്നുടമയായിരുന്നു. അറിയപ്പെടുന്ന ഒരു ജന്മികുടുംബത്തിൽ ജനിച്ചുവളർന്നിട്ടും അദ്ദേഹത്തിന്റെ കൂറ് എന്നും സാധാരണ ജനങ്ങളോടായിരുന്നു. കോൺഗ്രസിലൂടെ രാഷ്ട്രീയ രംഗത്ത് എത്തിയ അദ്ദേഹം, വടകര സ്വാതന്ത്ര്യ ലബ്ധിക്കുശേഷം കെ.കേളപ്പനോടൊപ്പം കിസാൻ മസ്ദൂർ പ്രജാപാർട്ടി കെട്ടിപ്പടുക്കുന്നതിൽ വ്യാപൃതനായി. ശ്രീ. എൻ.കെ.ദാമോദരൻ നായർ, കിഴക്കയിൽ കുഞ്ഞികൃഷ്ണൻ മേനോക്കി പരക്കണ്ടി രാരിച്ചക്കുട്ടി എന്നിവരും അന്ന് പ്രജാപാർട്ടി പ്രവർത്തകരായി രംഗത്തുണ്ടായിരുന്നു. 1952ൽ അദ്ദേഹം നിയോജക മണ്ഡലത്തിൽ നിന്നും മദിരാശി അസംബ്ളിയിലേക്കും 1967ൽകൊയിലാണ്ടിയിൽ നിന്നും കേരള നിയമസഭയിലേക്കുംതെരഞ്ഞെടുക്കപ്പെടുകയുണ്ടായി. കുറ്റ്യാടി ജലസേചനപദ്ധതി, കുഞ്ഞാലിമരക്കാർ സ്മാരകം എന്നിവ ആദ്യമായി മദിരാശി അസംബ്ളിയിൽ ഉന്നയിച്ച് സർക്കാരിന്റെയും ജനങ്ങളുടെയും ശ്രദ്ധയിൽകൊണ്ടുവന്നത് ഇദ്ദേഹമാണ്.

സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും കേരളത്തിലുണ്ടായ കർഷകമുന്നേറ്റം ഈ പഞ്ചായത്തിലും അലയൊലികൾ സൃഷ്ടിച്ചു ജന്മിത്വത്തിനും നാടുവാഴിത്തത്തിനും എതിരെയുള്ള ജനരോഷം കർഷകപ്രസ്ഥാനത്തിന് ഊർജ്ജം പകർന്നു. കൂത്താളി ഭൂസമരത്തോടനുബന്ധിച്ച് കർഷകസംഘത്തിന്റെ രൂപീകരണം നടന്നു. 1950കളുടെ ആരംഭത്തിൽ എം.കെ. കേളു, യു.കുഞ്ഞിരാമൻ, ഇ.കെ.ശ്രീധരൻ, ഹാജി. ടി. കെ. കെ. അബ്ദുള്ള, കണ്ണൻ നമ്പ്യാർ എന്നിവരുടെ നേതൃത്വത്തിൽകർഷകസംഘം ഈ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചു. കുടിയൊഴിപ്പിക്കലിനെതിരെ കക്കഞ്ചേരി, മനാട്, കന്നൂർ എന്നിവിടങ്ങളിലും ഒയലമലയിൽ ജന്മിമാർ നടത്തിയ തീവെപ്പിനെതിരെയും നടന്ന സമരങ്ങൾ എടുത്തു പറയത്തക്കവയാണ്. ഇതേ കാലയളവിൽ എ.കെ.കൃഷ്ണൻ മാസ്റ്റർ, കെ.പി.രാഘവൻ നമ്പ്യാർ, എം.രാമുണ്ണിക്കുട്ടി, പി.കുട്ടികൃഷ്ണൻ നായർ, യു.കെ. കുഞ്ഞിച്ചോയി, എം. കെ കണാരൻ എം.കുഞ്ഞിരാമൻ, സി.എം.കുഞ്ഞിരാമൻ, നരിക്കോട്ട് കുഞ്ഞിരാമൻ തുടങ്ങിയവർ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപടുക്കുന്നതിൽ സുപ്രധാന പങ്കുവഹിച്ചവരാണ്. ഒളിവുജീവിതത്തിനിടയിൽ പൊതുവെ വയോജനക്ളാസുകൾ സംഘടിപ്പിച്ചും പൊതുവഴി വൃത്തിയാക്കൽ, വിഷൂചിക, വസൂരി എന്നീ മാരകരോഗങ്ങൾ ബാധിച്ചവരെ ശുശ്രൂഷിക്കൽ എന്നീ സേവന പ്രവർത്തനങ്ങൾ ഏറ്റെടുത്തും ജനശ്രദ്ധയാകർഷിക്കാൻ ഇവർക്കു കഴിഞ്ഞു.

ഉള്ള്യേരി പഞ്ചായത്ത് നിലവിൽ വന്നത് 1961 ഡിസംബർ 12 ാം തീയ്യതിയാണ്. ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് 1963 സംപ്തംബർ 21ന് നടന്നു. കക്ഷി രാഷ്ട്രീയത്തിനെതീതമായി ഭരണസമിതിയെ തെരഞ്ഞെടുക്കുവാൻ ഒരു ശ്രമം നടന്നെങ്കിലും അഭിപ്രായ സമന്വയത്തിൽ എത്താൻ കഴിയാതിരുന്നതിനാൽ മത്സരം അനിവാര്യമാകുകയാണുണ്ടായത്. ആ തെരഞ്ഞെടുപ്പിൽ പി.ഗോവിന്ദൻ കുട്ടി നായർ, ശ്രീ.ഇ.കെ .കുമാരൻ, ശ്രീ.ഒ.കെ.ശ്രീനിവാസൻ, ശ്രീ.ഇ.വേലായുധൻ, ശ്രീ.കോയക്കുട്ടി ഹാജി, മേനോക്കണ്ടി ചന്തുക്കുട്ടിനായർ, പൊയിലുങ്കൽ അബ്ദുള്ള, മുതുവാട് നാരായണൻ നായർ, ശ്രീമതി ദേവി അമ്മ (വനിതാ നോമിനേറ്റഡ്) എന്നവരടങ്ങുന്ന ഭരണസമിതി നിലവിൽ വന്നു. 1963 മുതൽ 1979വരെ നിലവിലിരുന്ന ഈ ഭരണസമിതിയുടെ പ്രസിഡണ്ട് പി.ഗോവിന്ദൻ കുട്ടി നായരും, വൈസ്പ്രസിഡണ്ട് ശ്രീ.കോയക്കുട്ടി ഹാജിയുമായിരുന്നു. ഈ കാലയളവിൽ പഞ്ചായത്തിന് സ്വന്തമായി കെട്ടിടവും 37സെന്റ് ഭൂമിയും വാങ്ങാൻ കഴിഞ്ഞു. കന്നൂരിലെ പഞ്ചായത്ത് ലൈബ്രറി സംഭാവനയായി ലഭിച്ചഭൂമിയിൽ നിർമ്മിച്ചത് ഈ കാലത്താണ്. പറയത്തക്ക വരുമാനമൊന്നും അന്ന് പഞ്ചായത്തിനുണ്ടായിരുന്നില്ലെങ്കിലും ഒട്ടേറെ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ ഈ ഭരണസമിതിക്ക് കഴിഞ്ഞു.


1980 ജനുവരി ഒന്നാം തീയ്യതി നടന്ന തെരഞ്ഞെടുപ്പിൽ ഒന്ന് ശ്രീ.ടി.ശങ്കരൻ രണ്ട് ശ്രീ.കെ.സി.എം.മാധവൻ മൂന്ന് ശ്രീ.എ.പി.കുഞ്ഞി കൃഷ്ണൻ നായർ നാല് ശ്രീ.പി.മാധവൻ നായർ അഞ്ച് ശ്രീ. എൻ.കെ.ബാലകൃഷ്ണൻ നായർ ആറ് ശ്രീ.പി.ടി.ശങ്കരൻ ഏഴ് ശ്രീ കെ.പി.അഹമ്മദ്കുട്ടി മാസ്റ്റർ, എട്ട് ശ്രീമതി എം.ജാനകി അമ്മ ഒമ്പത് ശ്രീ. എൻ.കെ.രാഘവൻ നായർ പത്ത് ശ്രീ.പി.ഗോപാലൻ മാസ്റ്റർ എന്നിവർ വിജയിക്കുകയും ശ്രീ.പി.ടി.ശങ്കരൻ പ്രസിഡണ്ടും ശ്രീ.എൻ.കെ.ബാലകൃഷ്ണൻ നായർ വൈസ് പ്രസിഡണ്ടുമായുള്ള ഭരണസമിതി നിലവിൽ വരികയും ചെയ്തു. പിന്നീട് സംസ്ഥാന രാഷ്ട്രീയത്തിലുണ്ടായ മാറ്റത്തെത്തുടർന്ന് വൈസ് പ്രസിഡണ്ടിനെതിരെ അവിശ്വാസ പ്രമേയം പാസ്സാവുകയും ശ്രീ.പി.ഗോപാലൻ മാസ്റ്റർ വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഈ ഭരണസമിതിയുടെ കാലാവധി 1985ൽ അവസാനിച്ചു. ഈ കാലയളവിൽ രണ്ട് റോഡുകളുടെ പണി ആരംഭിക്കുകയും കൈപ്രംകുന്ന് ശുദ്ധജല പദ്ധതി കണയങ്കോട് ശുദ്ധജല പദ്ധതി എന്നിവ നടപ്പാക്കുകയും ചെയ്തു. അരുമ്പമല ശുദ്ധജല വിതരണ പദ്ധതിക്ക് തുടക്കമിട്ടതും ആറാം വാർഡിലുള്ള 110 K.V.സബ്സ്റ്റേഷന്റെ പ്രാരംഭപ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചതും ഈ ഭരണസമിതിയാണ്.

1985 മുതൽ മൂന്ന് വർഷക്കാലം പഞ്ചായത്തിൽ ഉദ്യോഗസ്ഥ ഭരണമായിരുന്നു 1988 ജനുവരി 23ന് മൂന്നാമത്തെ തെരഞ്ഞെടുപ്പ് നടന്നു. ഒന്ന്. ശ്രീമതി ടി.യശോദ രണ്ട് ശ്രീ.പി.ഭാസ്കരൻ മൂന്ന് ശ്രീ.എ.പി.കുഞ്ഞികൃഷ്ണൻ നായർ നാല് ശ്രീ.കെ. ഇമ്പിച്ചിമമ്മി അഞ്ച് ശ്രീ. പാടത്തിൽ കരുണാകരൻ ആറ് ശ്രീ. സി. എം. ചാത്തുക്കുട്ടി ഏഴ് മുതുവാട്ട് കരുണാകരൻ എട്ട് ശ്രീ.രാമുണ്ണിക്കുട്ടി അടിയോടി ഒമ്പത് ശ്രീ.കെ.രാധാകൃഷ്ണൻ പത്ത് ശ്രീ.കെ.എം.കണാരൻ നായർ പതിനൊന്ന് ശ്രീമതി അമ്മു അമ്മ എന്നിവരടങ്ങുന്ന ഭരണസമിതി നിലവിൽ വന്നു. ശ്രീ.എ.പി.കുഞ്ഞികൃഷ്ണൻ നായർ പ്രസിഡണ്ടും ശ്രീ.പാടവത്തിൽ കരുണാകരൻ വൈസ് പ്രസിഡണ്ടും ആയിരുന്ന ഭരണസമിതിയുടെ കാലാവധി നാല് തവണയായി ദീർഘിപ്പിച്ച് 95 സപ്തംബറിൽ അവസാനിച്ചു.

പതിനൊന്നിന പരിപാടിയുടെ ഭാഗമായി 51 സെന്റ് സ്ഥലം വാങ്ങി മിനിസ്റ്റേഡിയത്തിന്റെ പണിപൂർത്തിയാക്കിയത് ഈ കാലയളവിലാണ്. പുത്തഞ്ചേരിയിലെ സാംസ്കാരിക നിലയവും കന്നൂരിലുള്ള ശിശുമന്ദിരവും നിർമ്മിക്കാൻ കഴിഞ്ഞു. പഞ്ചായത്തിനു വേണ്ടി 31 സെന്റ് സ്ഥലവും കെട്ടിടവും ഇക്കാലത്ത് വാങ്ങിയിട്ടുണ്ട്. 59സെന്റ് സ്ഥലം വിലക്കെടുത്ത് ജലസേചനവകുപ്പിന്റെ സ്ഥലം ഉപോയോഗിക്കാൻ അനുമതി വാങ്ങിയും ബസ്റ്റാന്റും അപ്രോച്ച് റോഡും നിർമ്മിക്കാൻ കഴിഞ്ഞത് പ്രത്യേക പരാമർശമർഹിക്കുന്നു. ഒയല മല, കക്കഞ്ചേരി ലക്ഷം വീട് കോളനികളിൽ ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കുകയും പാലോറമല ശുദ്ധജല പദ്ധതിക്കാവശ്യമായ എല്ലാ നടപടികളും പൂർത്തീകരിക്കുകയും ചെയ്തു. ഈ പദ്ധതി അത്തോളി പഞ്ചായത്തിലെ പാലോറ മലകോളനിക്കുകൂടി പ്രയോജനകരമാണ്. എന്നാൽ വൈദ്യുതി ലഭിക്കാത്തിതിനാൽ ഈ പദ്ധതി ഫലപ്രാപ്തിയിലെത്തിയിട്ടില്ല. നൂഞ്ഞിലക്കുന്ന് ശുദ്ധജല പദ്ധതി, ചമ്മിൽകുന്ന് ശുദ്ധജല പദ്ധതി എന്നിവ വാട്ടർ അതോറിറ്റിയെക്കൊണ്ട് ഏറ്റെടുപ്പിച്ച് പ്രാവർത്തികമാക്കി കക്കാട് മല, അരുമ്പമല, കാക്കയപ്പറ്റക്കുന്ന്, ചങ്ങരംകുന്ന് എന്നീ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാനുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടന്നു 6½ കി.മീ. ദൈർഘ്യമുള്ള മുണ്ടോത്ത് – കക്കഞ്ചേരി – തെരുവത്ത് കടവ് റോഡ് P.W.Dയെക്കൊണ്ട് ഏറ്റെടുപ്പിച്ച് ടാർചെയ്യാൻ സാധിച്ചു. കീഴ്ക്കോട്ട്കടവ് പാലത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നേടാനുള്ള പ്രവർത്തനം വിജയകരമായി പൂർത്തിയാക്കി. കുനഞ്ചേരി–കോക്കല്ലൂർ റോഡ്, മുണ്ടോത്ത് കൂമുള്ളി റോഡ്, കന്നൂർ–ഒള്ളൂർ റോഡ് എന്നിവ ഇക്കാലത്താണ് ടാർ ചെയ്തത് ആനവാതിൽ ചിറ്റാരി റോഡ് 400 മീറ്ററും കന്നൂർ തട്ടാറക്കൽ താഴെ റോഡ് 600 മീറ്ററും ടാർ ചെയ്തിട്ടുണ്ട്. അതുപോലെ ഒള്ളൂർ –കൂമുള്ളി റോഡും ഭാഗികമായി ടാർ ചെയ്യാൻ കഴിഞ്ഞു തെരുവത്ത് കടവ് കാഞ്ഞിക്കാവ് റോഡിന്റെ വികസനവും ഇക്കാലത്താണ് നടന്നത്. കോട്ടക്കുന്ന് കെങ്കാടിതാഴെ, നാറാത്ത് പള്ളി ചെറുവിച്ചേരി താഴെ നടപ്പാതകൾ. ജനപങ്കാളിത്തത്തോടെ നിർമ്മിക്കാൻ കഴിഞ്ഞു. മൈനർ ഇറിഗേഷൻ വകുപ്പിന്റെ പദ്ധതിയിൽപെടുത്തി മാതാം തോട് വികസനം നടപ്പിലാക്കി. കക്കഞ്ചേരിയിലും പുത്തഞ്ചേരിയിലും ജന പങ്കാളിത്തത്തോടെ മെറ്റേർണിറ്റി സബ് സെന്ററുകളുടെ പണി പൂർത്തിയാക്കി. പഞ്ചായത്ത് ആസ്ഥാനമായ ഉള്ളേരിയിൽ മത്സ്യമാർക്കറ്റ്, ഷോപ്പിംഗ് കോപ്ലക്സ്, പൊതുകക്കൂസ് എന്നിവ നിർമ്മിച്ചു. ഉള്ളേരി പഞ്ചായത്ത് ഓഫീസിനോടനുബന്ധിച്ചുള്ള കിണർ വിപുലപ്പെടുത്തുകയും പമ്പ് ഹൗസ് സ്ഥാപിക്കുകയും ചെയ്തു. ഉള്ളേരി അങ്ങാടിയിലും പരിസര പ്രദേശങ്ങളിലും സോഡിയം വേപ്പർ ലാമ്പുകൾ ഏർപ്പെടുത്തി.

23–9–95 ന് പഞ്ചായത്തിരാജ് നിയമമനുസരിച്ചുള്ള ത്രിതല പഞ്ചായത്തുകളിലേക്ക് തെരഞ്ഞെടുപ്പ് നടന്നു. ഒന്ന് ടി.ബാലൻ രണ്ട് ശ്രീമതി ടി.കെ.ഇന്ദിര, മൂന്ന് ശ്രീ എ.പി.കുഞ്ഞികൃഷ്ണൻ നായർ നാല് ശ്രീ. അസ്സൻകുട്ടി ഹാജി, അഞ്ച് ശ്രീ.ഒ.സി. മുഹമ്മദ്കോയ ആറ് ശ്രീമതി എ.പി.പ്രസന്ന ഏഴ് ശ്രീമതി പി.സൗമിനി എട്ട് ശ്രീമതി സി.അജിത, ഒമ്പത് ശ്രീ.സി.പി.സദാനന്ദൻ പത്ത് ശ്രീ.ടി.ഗണേഷ് ബാബു പതിനൊന്ന് ശ്രീ. വി.എം.കേളപ്പക്കുറുപ്പ് എന്നിവർ ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ശ്രീമതി.ടി.കെ.ഇന്ദിര പ്രസിഡണ്ടും ടി.ബാലൻ വൈസ് പ്രസിഡണ്ടും ആയി ഭരണസമിതി നിലവിൽ വന്നു. ശ്രീ.സി.പി.സദാനന്ദൻ ശ്രീ.ഒ.സി.മുഹമ്മദ് കോയ ശ്രീ.എ.പി.കുഞ്ഞികൃഷ്ണൻ നായർ ശ്രീമതി പി.സൗമിനി എന്നിവർ അംഗങ്ങളും ശ്രീ.വി.എം.കേളക്കുറുപ്പ് ചെയർമാനുമായി സ്റ്റാൻഡിംഗ് കമ്മറ്റി നിലവിൽ വന്നു. വൈസ്പ്രസിഡണ്ട് ടി.ബാലന്റെ അകാല നിര്യാണത്തെത്തുടർന്ന് ശ്രീമതി. അജിതയെ വൈസ്പ്രസിഡണ്ടായി തെരഞ്ഞെടുത്തു. ഒന്നാം വാർഡിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ ശ്രീ.കെ.പി.ബാബു വിജയിച്ചു പിന്നീട് ഭരണപരമായ കാരണങ്ങളാൽ ശ്രീമതി അജിത രാജി സമർപ്പിച്ചതിനെ തുടർന്ന് വൈസ് പ്രസിഡണ്ട് സ്ഥാനം ഒഴിഞ്ഞുകിടക്കുകയാണ്.

ഈ പഞ്ചായത്തിന്റെ ചരിത്രത്തിൽ ഓരോ ഭരണസമിതിയുടെ കാലഘട്ടങ്ങളിലും കാലാനുസൃതമായ വികസന പ്രവർത്തനങ്ങൾ സ്വന്തമായും ബഹുജന പങ്കാളിത്തത്തോടെയും നിർവ്വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിനു കീഴിൽ നടന്ന ഈ ദൃശപ്രവർത്തനങ്ങൾക്കെല്ലാം സർക്കാർ വകുപ്പുകളുടെയും പഞ്ചായത്തിലെ രാഷ്ട്രീയ പാർട്ടികളുടെയും സാമാന്യ ജനങ്ങളുടെയും നിസ്സീമമായ സഹായ സഹകരണങ്ങൾ ലഭിച്ചിട്ടുണ്ടെന്ന കാര്യം നന്ദിപൂർവ്വം സ്മരിക്കുന്നു.



ഭൂപ്രകൃതി

നിരവധി കുന്നുകൾ ഉൾപ്പെടുന്ന ഉയർന്നപ്രദേശങ്ങളും. ഫലഭൂയിഷ്ഠമായ സമതലങ്ങളും, വെള്ളക്കെട്ടുകളും, തീരദേശവും, പുഴകളും ഉൾപ്പെടുന്നതാണ് നമ്മുടെ പഞ്ചായത്ത്. കേരളത്തിന്റെ പൊതുഭൂപ്രകൃതിയിൽ ഇടനാട് വിഭാഗത്തിൽപ്പെടുന്ന നമ്മുടെ പ്രദേശത്തിന്, മലനാട്, ഇടനാട്, തീരദേശം എന്നീ തരത്തിലുള്ള പൊതുസ്വഭാവം സവിശേഷതയുമുണ്ട്. വടക്കും പടിഞ്ഞാറും കോരപ്പുഴയുടെ വിവിധഭാഗങ്ങൾ, കിഴക്ക് ബാലുശ്ശേരി പഞ്ചായത്ത്, തെക്ക് അത്തോളി പഞ്ചായത്ത് എന്നിങ്ങനെയായി ഏതാണ്ട് നമ്മുടെ അതിരുകൾ കണക്കാക്കാം. വടക്ക് നടുവണ്ണൂർ പഞ്ചായത്തിനെയും നമ്മുടെ പഞ്ചായത്തിനെയും തെരുവത്ത് കടവ്പാലം ബന്ധിപ്പിക്കുന്നു. ചുരുക്കം ചില കുന്നുകളുടെ ഉയർന്ന ഭാഗങ്ങൾ മാറ്റി നിർത്തിയിൽ പൊതുവെ സസ്യാവൃതമാണ്. നെല്ല്, തെങ്ങ്, കവുങ്ങ്, കശുവണ്ടി എന്നിവയാണ് പ്രധാനവിളകൾ.

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 25.86 ച.കി.മീ. (6389.91 ഏക്കർ) ആണ്. ഇതിൽ 221.5 ഏക്കർ പുഴയും 336.99 ഏക്കർ പുറമ്പോക്ക് ഭൂമിയും 21.47 ഏക്കർ തരിശുമാണ്. ഇതിൽ പുറമ്പോക്ക് ഭൂമിയിൽ റോഡ് 45.77 ഏക്കർ, തോട് 6.4 ഏക്കർ, കുളം 7.4 ഏക്കർ പുഴ 221.5 ഏക്കർ, മറ്റുള്ളവ 6.48 എന്നിങ്ങനെ തരം തിരിക്കാം. ലാറ്ററൈറ്റ് സോയിൽ വിഭാഗത്തിൽ പെട്ടതാണ് നമ്മുടെ പ്രദേശത്തെ മൺതരം. കുന്നിൽ പ്രദേശങ്ങളിൽ ചരൽമണ്ണ്, വെട്ടുകൽമണ്ണ്, സമതലങ്ങളിൽ പശിമരാശിമണ്ണ്, തീരദേശത്ത് എക്കൽമണ്ണ് എന്നിവ കൂടാതെ ചുരുക്കം ചിലയിടങ്ങളിൽ പാറപൂഴിയും കണ്ടുവരുന്നു. നദീതീരത്തെ എക്കൽമണ്ണിൽ ജൈവാംശം, പാകൃജനകം, ക്ഷാരം, എന്നിവ സമൃദ്ധിയായി കണ്ടുവരുന്നു. ഭാവഹവും കുമ്മായവും കുറഞ്ഞതോതിൽ കാണുന്നു. ചെങ്കൽമണ്ണ്, വെട്ട്കൽമണ്ണ് എന്നീ തരങ്ങൾക്ക് ജല സംഭരണശേഷി കുറവാണ്. ജൈവാംശം, പാകൃജനകം, ക്ഷാരം എന്നിവ പൊതുവെ കുറവാണ്. വനമണ്ണിൽ ധാരാളം ജൈവാംശം അടങ്ങിയിരിക്കുന്നു. കേരളത്തിന്റെ വിസ്തീർണ്ണത്തിൽ 26% ഈ ഇനത്തിൽപെട്ട മണ്ണാണ്. ഇതിൽ നൈട്രജന്റെ അംശം വളരെ കൂടുതൽ ആണ്. ഇത്തരം പ്രദേശത്തെ കാട് വെട്ടിത്തെളിയിച്ചാൽ ഇതിന്റെ ജൈവ സമ്പന്നത നശിച്ച് വെട്ടുകൽ മണ്ണായിമാറിചോകുന്നു.

പട്ടിക 1

മൺതരങ്ങളുടെ ഘടന

നമ്പർ	മൺതരം	ഘടകങ്ങൾ			
		കളി	മണൽ	ഊറൽ	ചരൽ
1	കളിപശിമരാശി മണ്ണ്	25%	40%	30%	5%
2	ചരൽ പശിമരാശി മണ്ണ്	10%	20%	30%	40%
3	പശിമ രാശി മണ്ണ്	15%	15%	40%	30%
4	ചെറുമണൽ മണ്ണ്	10%	10%	25%	25%
5	മണൽ മണ്ണ്	12%	12%	15%	13%

ജലപ്രകൃതി:

പ്രധാനമായും മഴയെ ജലസേചന മാർഗ്ഗമായി ആശ്രയിക്കുന്ന നമ്മുടെ പഞ്ചായത്തിൽ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ കനാൽ ശാഖകളും ചെറിയൊരളവിലെങ്കിലും ജലസേചനത്തിന് സഹായകരമാവുന്നു. ഇതിന്റെ മെയിൻ കനാൽ ഒന്ന്, നാല് എന്നീ വാർഡുകളിലൂടെ കടന്നു പോകുന്നു. 6,11 എന്നീ വാർഡുകളിലൊഴികെ മറ്റെല്ലാവാർഡുകളിലും ഇതിന്റെ ശാഖകളും ഫീൽഡ്ബോത്തികളും ഉണ്ട്. എന്നാലിതിൽ പല സ്ഥലങ്ങളിലും വേണ്ട സമയത്ത് വെള്ളം ലഭിക്കുന്നില്ല എന്നതാണ് വസ്തുത. നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 14 കി. മീ. പുഴയോര പ്രദേശമാണ്. ഇവിടം ഓരു ജലപ്രദേശമാണ് നെൽ കൃഷിക്ക് യോഗ്യമല്ലാത്ത പ്രദേശങ്ങളാണിവ. ഓരു ജലം ഉൾപ്രദേശങ്ങളിലേക്ക് കയറുന്ന ആറ് സ്ഥലങ്ങളിൽ ബണ്ട്കെട്ടി സംരക്ഷിച്ചിരിക്കുകയാണങ്കിലും ഇവയിൽ മിക്കവയും ശാസ്ത്രീയമായി പുനർ നിർമ്മിക്കേണ്ടിയിരിക്കുന്നു. കൂടാതെ ചെറുതും വലുതുമായ ഏകദേശം 78 ഓളം കുളങ്ങളും, സമ്പന്നമായ ഏതാണ്ട് അഞ്ചോളം നീരുറവകളും (നീർച്ചാലുകൾ) നമ്മുടെ ഗ്രാമത്തിന്റെ ജലസമ്പത്തിൽ പെടുന്നു. ഏകദേശം 85% കുടുംബങ്ങൾക്കും സ്വന്തമായി കിണറുണ്ടെങ്കിലും ആകെ ജനസംഖ്യയുടെ 35 ശതമാനവും കുടിവെള്ളക്ഷാമംഅനുഭവിക്കുന്നവരാണ്.

പോയ വർഷത്തെ ശരാശരിമഴ 3473 മീ.മീ

1995ജനു.	ഫെബ്രു.	മാർച്ച്	ഏപ്രിൽ	മെയ്യ്	ജൂൺ	ജൂലായ്	ആഗസ്റ്റ്	സപ്തം.	ഒക്ടോ.	നവം.	ഡിസം.
2.3 മി.മീ	0.3	.....	133	250.8	761.8	1062	619	283	2074	122.8	.....

ജനപ്രകൃതി:

1991 സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 27805 ആണ്. ഇതിൽ 13756 പുരുഷന്മാരും 14049 സ്ത്രീകളുമാണ്. ജനസംഖ്യയിൽ സ്ത്രീകളാണ് കൂടുതൽ. അഭ്യസ്ത വിദ്യരായയുവാക്കൾ ഏറെയുണ്ട്. കാർഷികമേഖലയിലേക്ക് പുതുതായിയുവാക്കൾ കടന്നുവരുന്നില്ല. നിർമ്മാണമേഖലയിലേക്കാണ് നാമമാത്രമായെങ്കിലും യുവാക്കൾ പുതുതായി കടന്നു വരുന്നത് തൃപ്തികരമായ സാമ്പത്തിക നേട്ടമില്ലെങ്കിലും സമാന്തര വിദ്യാഭ്യാസ രംഗത്ത് ഏറെ അഭ്യസ്ത വിദ്യരായയുവാക്കൾ കേന്ദ്രീകരിച്ചിരിക്കുന്നു.

വാർഡ് തല ജനസംഖ്യാ വിവര പട്ടിക.

(അവലംബം 1991ലെ സെൻസസ് റിപ്പോർട്ട്)

വാർഡ്	പുരുഷൻ	സ്ത്രീകൾ	ആകെ	പട്ടിക ജാതി		സാക്ഷരർ	
				പുരു.	സ്ത്രീ.	പുരു.	സ്ത്രീ.
1	1485	2968	225218	1258	1126		
2	1808	1687	3495	356	314	1506	1264
3	1048	1082	2130	166	168	887	812
4	1520	1548	3068	120	142	1287	1187
5	1326	1405	2731	179	192	1106	1062
6	1083	1017	2100	68	60	922	804
7	1104	1152	2256	156	167	925	900
8	871	980	1851	172	179	741	708
9	1454	1498	2952	129	157	1254	1107
10	1140	1226	2366	176	182	962	918
11	919	969	1888	81	86	775	730

ഭാവിതലമുറയുടെ
ഐശ്വര്യത്തിനായി
മണ്ണിനേയും
മനുഷ്യനേയും
സസ്യങ്ങളെയും
ജന്തുജാലങ്ങളെയും
പരിപോഷിപ്പിക്കുക.

കൃഷി ജലസേചനം

നമ്മുടെ പഞ്ചായത്തിന്റെ ഏതാണ്ട് 14 കി.മി കോര പ്പുഴയുടെ (എലത്തൂർ പുഴ) തീരദേശമാണ് ഈ പുഴ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളുമായി ബന്ധപ്പെട്ട് ാമൻ പുഴ, അയനിക്കാട് പുഴ, ഒള്ളൂർ പുഴ, തോരാ യിമുട്ട് എന്നീ പേരുകളിൽ അറിയപ്പെടുന്നു. മേടക്കുന്ന്, ക്കാട് മല കോട്ടക്കുന്ന്, വെങ്കൽകുന്ന്, എളങ്ങോട്ട്മ ി. പാലോറമല, അരിയാട്ടുമ്മൽ, നൂഞ്ഞിലക്കുന്ന് തോന്ന്യൻമല, തണ്ണീരിയൻ മല, കൊലയാൻ മല, കൈപ്രം കുന്ന്, ചമ്മുങ്കര, ഒയലമല, മൊടാലത്ത് കുന്ന്, ങ്ങരം കുന്ന്, തുടങ്ങിയ ചെറുതും വലുതുമായ ഏതാണ്ട് 42ഓളം കുന്നുകളും, മഞ്ചായക്കൽ മുട്ട്, ക ടുക്കയി മുട്ട് പുത്തഞ്ചേരി കെട്ട് , കുന്നത്തറ ബണ്ട് എന്നീ വെള്ളക്കെട്ട പ്രദേശവും ഉൾപ്പെടുന്നതാണ് നമ്മുടെ ഗ്രാമം. കേരളത്തിന്റെ പൊതുഭൂപ്രകൃതിയുടെ ഒരു തനത് പരിഛേദമാണ് ഇവിടുത്തെ ഭൂവിഭാഗം. മല നാട്, ഇടനാട്, തീരദേശം എന്നിങ്ങനെ.

ഒരു കാലത്ത് കാർഷിക രംഗത്ത് ഏറെ സമ്പന്നവും ഏറെക്കുറെ സ്വയം പര്യാപ്തവുമായിരുന്നു ഇവിടം, നല്ലും നാളീകേരവും കൂടാതെ കാച്ചിൽ, ചെറുകിഴങ്ങ്, വാഴ, മരച്ചീനി തുടങ്ങിയ ഇടവിളകളും പ്രധാനപ്പെട്ട മറ്റു പല പച്ചക്കറികളും ഏതാണ്ടെല്ലാ പുരയിടങ്ങളെയും സമൃദ്ധമാക്കിയിരുന്നു. തെല്ലൊരു അതിശയോക്തിയായി തോന്നാമെങ്കിലും മിക്ക കുടുംബങ്ങളും ആണ്ടിൽ പകുതിയിലേറെ കാലത്തേയ്ക്കെങ്കിലും ആവശ്യമുള്ള പച്ചക്കറികളും മരച്ചീനി പോലുള്ള മറ്റു നാടൻ ഭക്ഷ്യവിളകളും സ്വന്തമായി ഉണ്ടാക്കിയിരുന്ന കാലം പഴമക്കാർ ഓർക്കുന്നു. പൊയ്പോയ സമൃദ്ധി യുടെ ആ നല്ല നാളുകളെയോർത്തുള്ള മൗന നൊമ്പ രങ്ങൾ, കർഷക കാരണവന്മാരുമായുള്ള സംഭാഷണ മദ്ധ്യേ ചിതറി വീഴുന്നത് ഞ്ങ്ങളോർക്കുന്നു. ചുളി വീണ് പ്രതീക്ഷയറ്റ അവരുടെ മുഖങ്ങൾ, നമ്മുടെ കാർഷിക മേഖലയെ ഓർമ്മിപ്പിക്കുന്നു. നടുവൊ ടിഞ്ഞു കിടക്കുന്ന നമ്മുടെ കാർഷികമേഖലയെ നേരെ യാക്കാൻ നമുക്കിനിയും അമാന്തിച്ചു കൂടാ എന്ന തിരി റിവ് നമ്മെ കർമ്മ നിരതരാക്കുന്നു. അതിനുള്ള ശ്രമ മാണ്, ഏറെ വൈകിയെങ്കിലും, ജനകീയാസൂത്രണ ത്തിന്റെ ഭാഗമായി ഇപ്പോൾ കേരളത്തിൽ നടന്നു കൊണ്ടിരിക്കുന്നത്.

നമ്മുടെ പഞ്ചായത്തിലെ 70 % ജനങ്ങളും കാർഷി കമേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നു. നമ്മുടെ ഭൂവിസ്തൃതി 6389.91 ഏക്കർ ആണ്. ഇതിൽ 85 ശത മാനവും കൃഷിയോഗ്യമാണ്. ഏതാണ്ട് 150 ഏക്കറോളം ഭൂമി ഓരു ജല ശല്യം നിമിത്തം കൃഷിക്ക് ഉപയോഗ പ്പെടുത്താൻ കഴിയാതെ കിടക്കുന്നു. മുഖ്യ വിളകളായ നെല്ല്, തെങ്ങ്, കവുങ്ങ് എന്നിവ കൂടാതെ കശുമാവ്, റബ്ബർ, വാഴ, കുരുമുളക്, മരച്ചീനി തുടങ്ങിയവയും ഇഞ്ചി മഞ്ഞൾ തുടങ്ങിയ സുഗന്ധ വിളകളും, വിവിധ യിനം പച്ചക്കറികളും മറ്റുനാട്ടുവിളകളും നാമമാത്രമെ ങ്കിലും കൃഷി ചെയ്തു വരുന്നു. പഞ്ചായത്തിലെ പ്രധാ നപ്പെട്ട ജലനിർഗമന തോടുകളെല്ലാം കോരപ്പുഴയുടെ വിവിധ ഭാഗങ്ങളിൽ പതിക്കുന്നു. വില്ലേജ് ഓഫീസിലെ 'എ' രജിസ്ററർ പ്രകാരം 21.47 ഏക്കർ ഭൂമി തരിശായി കിടക്കുന്നു. പഞ്ചായത്ത് ഓഫീസിലെ ബേസിക് ഡാറ്റാ റജിസ്റ്റർ പ്രകാരം മൊത്തം 287.55 ഏക്കർ പുറമ്പോക്ക് ഭൂമിയുണ്ട്.

പട്ടിക I

ഭൂമി സംബന്ധിച്ച വിവരങ്ങൾ

വിസ്തീർണ്ണം ഏക്കറിൽ				
പുരയിടം	നിലം	പുറംമ്പോക്ക്	തരിശ്	ആകെ
4672.31	1381.87	287.55	21.47	6363.2

പട്ടിക II

പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ

വിസ്തീർണ്ണം ഏക്കറിൽ				
റോഡ്	തോട്	കുളം	പുഴ	മറ്റുള്ളവ
45.77	6.4	7.4	221.5	6.48

നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും ഒരു ഏക്കറിൽ താഴെ ഭൂമി കൈവശമുള്ള നാമമാത്ര കൃഷി ക്കാരാണ്. കൈവശക്കാർ കൂടുകയും കൈവശ ഭൂമി ചുരുങ്ങിവരികയും ചെയ്യുന്ന സ്വാഭാവിക പ്രക്രിയ കാർഷികോല്പാദനരംഗത്തെ സാരമായി ബാധിച്ചി

ട്ടുണ്ട്. പ്രതീക്ഷക്ക് വിപരീതമായി ഇത് തികച്ചും പ്രതികൂലമായാണ് അനുഭവപ്പെട്ടത് എന്നതാണ് വസ്തുത. ഭൂമി കൂടുതൽ വീതിക്കപ്പെട്ടത് കൊണ്ടല്ല, മറിച്ച് തുണ്ടുകളാക്കപ്പെട്ട ഭൂമി ഫലപ്രദമായി വിനിയോഗിക്കാൻ കർഷകനെ പ്രാപ്തനാക്കാൻ ബോധപൂർവ്വം കാലാകാലങ്ങളിൽ പരിപാടികൾ തയ്യാറാക്കിയില്ല എന്നതാണ് ഈ അപചയത്തിന് ഒരു പ്രധാന കാരണമായി ചൂണ്ടിക്കാട്ടാവുന്നത്. ഓരോ കർഷകകുടുംബവും അവരവരുടെ സ്വകാര്യ ദുഃഖവും പേറി ഒറ്റപ്പെട്ട തുരുത്തുകളായി സമൂഹത്തിന്റെ മുഖ്യ ധാരയിൽ നിന്നും മാറി നിന്നപ്പോൾ കൂട്ടായ്മയുടെ പകൽ വെളിച്ചത്തിലേക്ക് അവരെ നയിക്കാൻ നമുക്ക് പദ്ധതികൾ ഉണ്ടായില്ല. ഇതിന്റെ ഫലമായി സാധാരണ കൃഷിക്കാർക്ക് ഫലപ്രദമായി മണ്ണിലിടപെടാൻ കഴിഞ്ഞില്ല. ഇതിനെ തുടർന്ന് കാർഷികോല്പാദനം കുത്തനെ ഇടിയുകയും ചെയ്തു.

പട്ടിക 3

കൈവശ ഭൂമി വിസ്തീർണ്ണം.

ഇനം	1ഏക്കറിൽ താഴെ	1ഏക്കറിനും 2ഏക്കറിനും ഇടയിൽ	2ഏക്കറിനും 5ഏക്കറിനും ഇടയിൽ	5ഏക്കറിന് മേൽ
കൃഷിക്കാരുടെ എണ്ണം.	9373	377	177	26

നെൽ കൃഷി

കാർഷിക തകർച്ചയുടെ ഏറ്റവും കൂടിയ ദുരന്തം ഏറെ ബാധിച്ചത് നെൽ കൃഷിയേയാണ്. കേരളത്തിൽ എഴുപതുകളിൽ 8.8ലക്ഷം ഹെക്ടർ നിലത്തിൽ നിന്ന് 13.5 ലക്ഷം ടൺ അരി ഉല്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് നിലം 5 ലക്ഷം ഹെക്ടർ ആയും അരി ഉത്പാദനം 10 ലക്ഷം ടൺ ആയും ചുരുങ്ങി. കേരളത്തിന്റെ ആവശ്യം പ്രതിവർഷം 36 ലക്ഷം ടൺ അരിയാണെന്നിരിക്കെ ഇതിന്റെ അപകടാവസ്ഥ ഊഹിക്കാമല്ലോ. കേരളത്തിന്റെ ഈ പൊതു സ്ഥിതിയുടെ ഒരു പ്രതിചിത്രം നമ്മുടെ ഗ്രാമത്തിലും കാണാം.

മുൻ കാലങ്ങളിൽ നെൽ കൃഷിക്ക് നൽകിയിരുന്ന പ്രാധാന്യവും പരിഗണനയും പരിചരണവും വിവിധങ്ങളായ കാരണങ്ങളാൽ ഇന്ന് നൽകുന്നില്ല. ഒരു കർഷക കാരണവരുടെ അഭിപ്രായത്തിൽ, പണ്ടൊക്കെ നെൽകൃഷി ഒരു തപസ്യയായിരുന്നു എന്ന് കാണാം പണ്ടത്തെ പൊന്നാര്യൻ, ഇട്ടിക്കണ്ടപ്പൻ ചെറുചിറ്റേനി, രാമൻകാരി, ഓരുപാണ്ടി, ചോമാല, നകരപള്ള്യാരൽ, തവളക്കണ്ണൻ തുടങ്ങിയ നെല്ലിനങ്ങൾ നമ്മുടെ പത്തായങ്ങളെ സമ്പന്നമാക്കുന്നവയായിരുന്നു. യുവ തലമുറയ്ക്ക് ഇന്നവയെല്ലാം വെറും കൗതുക നാമങ്ങൾ മാത്രമായി മാറിപ്പോയിരിക്കുന്നു. പഴയകാലത്ത് നമ്മുടെ നാട്ടിലും സർവ്വസാധാരണമായിരുന്ന ജലസേചന രീതികളായ ചക്രം, ചവിട്ടൽ, ഏത്തം, കയറ് കൊട്ട എന്നിവയും കീടനിയന്ത്രണത്തിനുള്ള മുളം കുറ്റി കെണി, മുറം വീശൽ, വെണ്ണീർ പറപ്പിക്കൽ എന്നിവ ഇന്ന് വെറും കടം കഥകളായിതോന്നാം. ഈ രംഗത്തെ തൊഴിലാളികളുടെ ദൗർലഭ്യവും ഒരു പ്രധാന പ്രശ്നമാണ്. ഈ മേഖലയിലെ ജോലിക്കാർ ആകർഷകമായ മറ്റു മേഖലകൾ തേടിപ്പോകുന്നതിന് പ്രധാന കാരണം, കുറഞ്ഞു വരുന്ന തൊഴിലവസരങ്ങളും താരതമ്യേന കുറഞ്ഞ സേവന വേതന വ്യവസ്ഥകളുമാണ്.

വയൽ നിലങ്ങൾ മണ്ണിട്ട് നികത്തി മറ്റു കൃഷിക്കുപയോഗപ്പെടുത്തുന്നതിനെപ്പറ്റി സൂചിപ്പിച്ചുവല്ലോ. നെൽകൃഷി കുറയുന്നുവെന്നുള്ളത് മാത്രമല്ല ഇതിന്റെ ദൂഷ്യം. അതിനപ്പുറം പ്രകൃതിയുടെ സമതുലിതാവസ്ഥയ്കും, പരിസ്ഥിതിയ്ക്കും ഇത് ഭീഷണിയാവുന്നു. വയൽ നിലങ്ങൾ തെങ്ങിൻ തോപ്പുകളും, കോൺക്രീറ്റ് കാടുകളും മറ്റുമായി മാറുമ്പോൾ ഭൂമിയുടെ ജല സംഭരണശേഷി കുറയുകയും പ്രകൃതിദത്ത നീരൊഴുക്കുകൾ വഴിമാറ്റപ്പെടുകയോ തടയപ്പെടുകയോ ചെയ്യുന്നു. മറുവശത്ത് നികത്താനുള്ള മണ്ണിന് വേണ്ടി കുന്നിൻ മണ്ടകളെയും, മറ്റു കരഭൂമികളിലെ ഫലഭൂയിഷ്ടമായ മേൽമണ്ണിനേയും മാന്തിപ്പൊളിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ, ഭൂമിയിന്മേലുള്ള അനിയന്ത്രിതമായ ഇടപെടലിനെ കണിശമായും നിയന്ത്രിക്കേണ്ടുന്ന സമയം വൈകിയിരിക്കുന്നു എന്നു പറയാം.

പഴയ കൃഷി സമ്പ്രദായങ്ങൾ നമ്മുടെ ഗ്രാമത്തിൽ തിരിച്ചുകൊണ്ടുവരിക പ്രായോഗികമല്ലെങ്കിലും രാസവള കീടനാശിനി പ്രയോഗങ്ങളിൽ ഒരു വിചിന്തനം ആവശ്യമാണ്. വയൽ നികത്തുന്നത് കൊണ്ട് തൊട്ടടുത്ത നിലക്കാരന് കൃഷിക്ക് നേരിടുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് നമ്മുടെ പല ഗ്രാമ സഭകളിലും ഉയർന്നു വന്ന പരാതികൾ ഇവിടെ പ്രത്യേകം ഓർക്കേണ്ടതുണ്ട്.(പട്ടിക IV കാണുക)

തെങ്ങ് കൃഷി: മുൻകാലങ്ങളിൽ നെൽ കൃഷിയോടുണ്ടായിരുന്ന ആഭിമുഖ്യം കുറയുകയും, തെങ്ങ് കൃഷിയിൽ കൂടുതൽ താല്പര്യം കാണിക്കുകയും ചെയ്ത ഘട്ടം മുതൽ നാളീകേര ഉല്പാദനത്തിൽ വമ്പിച്ച പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിരുന്നു. എന്നാലീ കഴിഞ്ഞ ഒരു പതിറ്റാണ്ടിനിങ്ങോട്ട് പരിശോധിച്ചാൽ തളർച്ചയുടെയും തകർച്ചയുടെയും ചിത്രം ഇവിടെയും കാണാം. തെങ്ങ് കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി ചുരുങ്ങിയ തോതിലെങ്കിലും കൂടിക്കൊണ്ടിരിക്കുന്നു. നമ്മുടെ ഗ്രാമത്തിന്റെ പല ഭാഗങ്ങളിലും നെൽവയലുകൾ ക്രമേണ തെങ്ങിൻ തോപ്പുകളായി മാറിവരുന്നത് ഒരു നിത്യക്കാഴ്ചയാണ്. പക്ഷെ ഉല്പാദനക്ഷമത കുറഞ്ഞുവരുന്നത് കാരണം മൊത്തം ഉൽപാദനം പിറകോട്ട് തന്നെയാണ്. നാളീകേര ഉല്പാദനത്തിൽ

പട്ടിക IV

വിള വിസ്തീർണ്ണവും ഉല്പാദനവും

(ബേസിക് ഡാറ്റ രജിസ്റ്റർ, കൃഷിഭവൻ)

നമ്പർ	വിള	വിസ്തീർണ്ണം ഏക്കർ	മൊത്തം ഉൽപാദനം	ഉൽപാദന ക്ഷമത
1	നെല്ല് (ഒന്നാം വിള)	--	--	--
2	നെല്ല് (രണ്ടാം വിള)	190	30,4000Kgs	1600Kgs
3	നെല്ല് (മൂന്നാ വിള)	180	32,4000Kgs	1800Kgs
4	തെങ്ങ്	2200	12,1000	55/തെങ്ങ്/വർഷം
5	കവുങ്ങ്	17	--	--
6	വാഴ	25	--	8Kgs
7	മരച്ചീനി	5	--	--
8	കുരുമുളക്	20	--	--
9	കശുമാവ്	38	--	--
10	മാവ്	5	--	--
11	പ്ലാവ്	3	--	--
12	റബ്ബർ	22	--	--
13	പച്ചക്കറി	10	--	--
14	പയർ	5	4000Kgs	800Kgs

തമിൾനാടും, കർണ്ണാടകവും അതിശീഘ്രം മുന്നേറിക്കൊണ്ടിരിക്കുമ്പോൾ കേരളം പിന്നോക്കം പോവുകയാണ്. ഇത് തൊട്ടറിയുന്നവരാണ്. നമ്മൾ, ഉല്പാദന ക്ഷമതയുടെ കാര്യത്തിൽ തമിൾനാടും, കർണ്ണാടകവും കേരളത്തേക്കാൾ ബഹുദൂരം മുന്നിലെത്തിക്കഴിഞ്ഞിരിക്കുന്നു. കർണ്ണാടക/തമിൾനാട് 11,000 നാളീകേരം/ഹെക്ടർ കേരളം 6,000 നാളീകേരം / ഹെക്ടർ ആണ് എന്ന വസ്തുത ഒരു ഞെട്ടലോടെ നാമറിയുന്നു. ഇങ്ങനെ പോയാൽ കേരത്തിന്റെ നാട് എന്ന പേരു പോലും നമുക്ക് നഷ്ടപ്പെടുമോ എന്ന് നാം ഭയക്കേണ്ടിയിരിക്കുന്നു. ഈ സ്ഥിതി മാറിയെടുക്കാൻ നാം അടിയന്തിരമായും ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. നമ്മൾ ഈ ഗ്രാമവാസികൾ; ഈ ഗ്രാമപഞ്ചായത്തിൽ എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് പരിപാടിയിടുന്നതോടൊപ്പം തന്നെ. നഷ്ടപ്പെട്ട് പോയ ഇറക്കുമതിയിൽ നിന്നുള്ള ദേശീയ സംരക്ഷണം പുനഃസ്ഥാപിക്കാൻ ബന്ധപ്പെട്ടവരിൽ സമ്മർദ്ദം ചെലുത്തുകയും വേണം.

പട്ടിക V

തെങ്ങ് കൃഷിസംബന്ധിച്ച വിവരങ്ങൾ

(Ref: കൃഷിഭവൻ)

1 മുതൽ 11–ാം വാർഡ് വരെ

തെങ്ങ് കൃഷി വിസ്തീർണ്ണം	22,00 ഏക്കർ
തെങ്ങ്	
കായ്ക്കാത്തത്	40,000
കായ്ക്കുന്നത്	4,00,000
ആകെ	4,40,000
രോഗം ബാധിച്ചവ	
റൂട്ട് വിൽറ്റ്	–
ലീഫ് റൂട്ട്	–
ബഡ് റൂട്ട്	1,000
സ്റ്റെം ബീഡിംഗ്	5,000
മറ്റുള്ളവ	–
ആകെ	6,000

മറ്റു വിളകൾ

നെല്ല്, നാളീകേരം എന്നീപ്രധാന വിളകൾ നമ്മുടെ പഞ്ചായത്തിൽ സർവ്വസാധാരണമായ ഒന്നാണ് കവുങ്ങ് കാര്യമായ ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ നിലനിന്നു പോരുന്ന ഒരു കൃഷിയാണ്. പരിചരണ ചിലവ് കുറഞ്ഞ്ത് കൊണ്ടും, മാർക്കറ്റിൽ അടയ്ക്കയ്ക്ക് തീരെ

മോശമല്ലാത്ത വില ലഭിച്ചുവരുന്നതുകൊണ്ടും താരതമ്യേന ആകർഷകമാണ് കവുങ്ങ് കൃഷി. നാടൻ കവുങ്ങിനോടൊപ്പം അത്യുല്പാദനശേഷിയുള്ള മംഗള, കാസർഗോടൻ, സുമംഗള, മൊഹിത്നഗർ, എന്നീ ഇനങ്ങളും ഇവിടെ വെച്ചു പിടിപ്പിച്ചുകൊണ്ടിരിക്കുന്നു. എങ്കിലും സാദ്ധ്യതകൾ മുഴുവനും ഉപയോഗപ്പെടുത്തിയെന്ന് പറയാൻ കഴിയില്ല.

പഞ്ചായത്തിൽ ഏതാണ്ട് 30 ഏക്കറിൽ കശുമാവ് കൃഷിചെയ്യുന്നു. ഏറെ ലാഭകരവും ആകർഷകവുമായ ഈ കൃഷി വികസിപ്പിക്കാൻ പഞ്ചായത്തിൽ ഒട്ടേറെ സാദ്ധ്യതകളുണ്ട്. ആവശ്യമായ സാമ്പത്തിക സഹായവും പ്രോത്സാഹനവും ലഭിച്ചാൽ തരിശായി കിടക്കുന്ന നിരവധി കുന്നിൻ പ്രദേശങ്ങൾ ഉപയോഗപ്പെടുത്തി കശുമാവ് കൃഷി വിപുലപ്പെടുത്താൻ കഴിയും.

നമ്മുടെ പഞ്ചായത്തിൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഒരു പ്രധാന നാണ്യവിളയാണ് കുരുമുളക്. ഉല്പാദന ക്ഷമതകൂടിയ പന്നിയൂർ ഒന്ന് മുതൽ അഞ്ച് വരെ കരിമുണ്ട, ശ്യാമ, ശുഭകര തുടങ്ങിയ പുതിയ ഇനം ചെടികൾ ഇവിടെ പ്രചാരത്തിലുണ്ടെങ്കിലും, പൊതുവെ നമ്മുടെ പ്രദേശത്ത് കുരുമുളക് കൃഷിയുടെ സ്ഥിതി ആശാവഹമല്ല. പ്രത്യേക പരിഗണനയും, പരിചരണവും നൽകി ഈ കൃഷി പരിപോഷിപ്പിക്കാൻ പദ്ധതി തയ്യാറേക്കേണ്ടതുണ്ട്.

ഇഞ്ചി, മഞ്ഞൾ തുടങ്ങിയ സുഗന്ധവിളകളും, വാഴ, മരച്ചീനി എന്നിവയും ചേന, ചേമ്പ്, കാച്ചിൽ വിവിധ ഇനം കിഴങ്ങുകൾ തുടങ്ങിയ നാട്ടുവിളകളും നമ്മുടെ പുരയിടങ്ങളിൽ നിന്നും ക്രമേണ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇവയെല്ലാം തിരിച്ചുകൊണ്ടുവന്ന് നമ്മുടെ പുരയിടങ്ങളെയും ഗ്രാമത്തെയും സമ്പന്നമാക്കാൻ, കൃഷി വകുപ്പിന്റെയും, ഗ്രാമപഞ്ചായത്ത് ഭരണസമിതികളുടെയും ബോധപൂർവ്വമായ ഇടപെടലുകൾ ആവശ്യമായിരിക്കുന്നു.

പച്ചക്കറി: നേരത്തെ സൂചിപ്പിച്ചതുപോലെ പച്ചക്കറികൃഷിയുടെ സ്ഥിതിയാണ് ഏറെ ദയനീയം നമ്മുക്ക് ആവശ്യമുള്ള പച്ചക്കറികൾ ഏതാണ്ടു മുഴുവനായും നമ്മളിപ്പോൾ മാർക്കറ്റിൽ പോയി വാങ്ങുകയാണ്. മാർക്കറ്റിലെത്തുന്നതോ അയൽ സംസ്ഥാനങ്ങളിൽ നിന്നും. ഇവയിൽ മിക്കപച്ചക്കറികളും രാസവളത്തിന്റെ കൃത്രിമത്വം നിറഞ്ഞതാണെന്നുള്ളതാണ് അപകടകരവും ദുഃഖകരവുമായ മറ്റൊരു വസ്തുത ചുരുക്കത്തിൽ നാം പണംകൊടുത്ത് വിഷം വാങ്ങി നമ്മളും നമ്മുടെ കുഞ്ഞുങ്ങളും ഭക്ഷിക്കുന്നു എന്നർത്ഥം. വളരെ അടിയന്തിരമായി ഇതിനൊരു പരിഹാരം ഉണ്ടായെ മതിയാവൂ. അതിനുള്ള അടയന്തിരവും ഊർജ്ജിതമവുമായ പരിപാടികൾക്ക് ഗവണ്മെന്റും പഞ്ചായത്തീരാജ് സ്ഥാപനങ്ങളും തുടക്കംകുറിച്ചുകഴിഞ്ഞു.

വളങ്ങൾ

രാസവളത്തിന്റെ അമിതപ്രയോഗം നമ്മുടെ പ്രദേശത്തെ മണ്ണിന്റെ ഘടനയിൽ സാരമായ മാറ്റം വരുത്തിയിരിക്കുന്നതായി വിദഗ്ദർ സൂചിപ്പിക്കുന്നു. ജൈവ വളത്തിന്റെ ദൗർലഭ്യം ഒരു പ്രധാന പ്രശ്നമാണ്. രാസവളത്തിന്റെ പ്രയോഗം തന്നെ മണ്ണിനെ മനസ്സിലാക്കിയോ, ശാസ്ത്രീയമായ രീതിയിലോ അല്ല മണ്ണുപരിശോധന വളരെ അപൂർവ്വമായേ നടത്തുന്നുള്ളു. നമ്മുടെ നാട്ടിൽ കണ്ടുവരുന്ന മത്സ്യരോഗത്തിന് കാരണം രാസവളവാഹിയായ നീരൊഴുക്കാണ് എന്ന ഇത് വരെ സ്ഥിരീകരിച്ചിട്ടാല്ലാത്ത ഒരു റിപ്പോർട്ടുണ്ട്. രാസവളപ്രയോഗം കുറച്ച് ജൈവവളം കൂടുതലായി ഉപയോഗിക്കാൻ കർഷകർക്ക് പ്രോത്സാഹനവും സഹായവും നൽകേണ്ടതാണ് വിവിധതരം ജൈവവള നിർമ്മാണവും (കമ്പോസ്റ്റ് ഉൾപ്പടെ) കന്നുകാലിവളർത്തലിന്റെ വ്യാപനവും ഇതിനു പരിഹാരമാവും. നമ്മുടെ പഞ്ചായത്തിൽ വളം ഡിപ്പോകളുണ്ട്. (പട്ടിക VI കാണുക)

പട്ടിക VI

ഉള്ളേര്യരി പഞ്ചായത്ത്

രാസവളകീടനാശിനി വിപണനം

നമ്പർ	സ്ഥാപനത്തിന്റെ പേര്	93 - 94			94 - 95			95 - 96		
		രാസവളം കി.ഗ്രാം.	കീടനാശിനി ദ്രവം	കീടനാശിനി ഖരം	രാസവളം കി.ഗ്രാം.	കീടനാശിനി ദ്രവം	കീടനാശിനി ഖരം	രാസവളം കി.ഗ്രാം.	കീടനാശിനി ദ്രവം	കീടനാശിനി ഖരം
1.	S.C.B ഉള്ളേര്യരി	1,43,650	-	-	1,04,430	-	-	1,05,300	-	-
2.	സഹകാര്യം	31,600	300ML	18½Kg	10,754	500ML	22.74Kg	9,995	300Ml	32.62Kg
3.	കൃഷി വകുപ്പ്	-	600ML	3 Kg	-	-	337Kg	-	1 Ltr.	336Kg

തൊഴിലാളികളും കാർഷിക ഉപകരണങ്ങളും

ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ കാർഷിക

രംഗത്ത് തൊഴിലാളികൾ കുറഞ്ഞുവരുന്ന ഒരു പ്രവണത നമ്മുടെ പഞ്ചായത്തിൽ കാണാം. സാമൂഹികവും സാമ്പത്തികവുമായ ഒട്ടവനധി കാരണങ്ങൾ ഇതിനുണ്ട്. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ കുറയുകയും മറ്റു തുറകളിൽ പ്രത്യേകിച്ച് നിർമ്മാണ മേഖലകളിൽ കൂടേക്കൂടി ആകർഷകമായ സേവന വേതന വ്യവസ്ഥകളോടുകൂടിയ തൊഴിലവസരങ്ങൾ കൂടുകയും ചെയ്തപ്പോൾ തൊഴിലാളികൾ സ്വാഭാവികമായും ആ മേഖലയിലേക്ക് ചേക്കേറി. പുതിയ തലമുറ ഈ രംഗത്തേക്ക് കടന്നുവരാൻ അറച്ചുനിൽക്കുകയും ചെയ്യുന്നു. ഇപ്പോൾ തുടർന്ന് വരുന്ന വിദ്യാഭ്യാസത്തിന്റെ വികലമായ മൂല്യബോധം യുവതലമുറയെ 'വൈറ്റ്കോളർ' മനോഭാവക്കാരായി മാറ്റിയിരിക്കുന്നു. കാർഷിക വൃത്തിയുടെ മഹത്വത്തേയും, സാദ്ധ്യതയേയും കുറിച്ച് പുതിയൊരവബോധം സൃഷ്ടിക്കാൻ സാധിക്കണം. കൂടാതെ കാർഷിക ജോലിക്കാവശ്യമായ ആധുനിക യന്ത്രസാമഗ്രികൾ വ്യാപകമാക്കുകയും വേണം.

പട്ടിക VII

കാർഷികോപകരണങ്ങൾ

ഉള്ളേര്യരി ഗ്രാമപഞ്ചായത്ത്

ഉഴുവുപകരണങ്ങൾ	
ട്രാക്ടർ	1
ട്രില്ലർ	3
നാടൻ കലപ്പ	5
മരുന്ന് തളി ഉപകരണങ്ങൾ	
റോക്കർ സ്പ്രേയർ	10
നാപ്സാക് സ്പ്രേയർ	15
മറ്റുള്ളവ	-
മെതി യന്ത്രം	2
തെങ്ങ് കയറ്റയന്ത്രം	-
പോർട്ടബിൾ പമ്പ്	18

കാർഷിക വായ്പാ സൗകര്യം

ഉള്ളിയേരി സർവ്വീസ് സഹകരണ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീണബാങ്കിന്റെ ഉള്ളിയേരി ശാഖ എന്നിവയാണ് നമ്മുടെ പഞ്ചായത്തിലുള്ള ബേങ്കുകൾ. കൂടാതെ SBT ബാലുശ്ശേരി ശാഖ, നടുവണ്ണൂർ റീജിനൽ കോ-ഓപ്പറേറ്റീവ് ബേങ്ക്, കൊയിലാണ്ടി കാർഷിക വികസന ബേങ്ക് എന്നിവയുടെ പ്രവർത്തന പരിധിയിലും ഉള്ളേര്യരി പഞ്ചായത്ത് ഉൾപ്പെടുന്നു. എങ്കിലും, അർഹരായ കൃഷിക്കാർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നില്ലെന്ന പരാതി വ്യാപകമാണ്.

കീടരോഗ ബാധകൾ

ഈ പ്രദേശത്ത് കണ്ട് വരുന്ന പ്രധാന കീട രോഗ ബാധകൾ:

ചെള്ള് (ചെല്ലി)	-	തെങ്ങ്
കൂമ്പ് ചീയൽ	-	"
കറവാർച്ച	-	തെങ്ങ്
കാറ്റുവീഴ്ച	-	"
തണ്ടുതുരപ്പൻ	-	നെല്ല്
ഇലചുരുട്ടി	-	"
ചാഴീച്ച	-	"
ദ്രുതവാട്ടം	-	കുരുമുളക്

കൃഷിഭവൻ

1987 ലാണ് പഞ്ചായത്തിൽ കൃഷിഭവൻ നിലവിൽവന്നത്. മൂന്ന് കൃഷി അസിസ്റ്റന്റുമാരും ഒരു കൃഷി ഓഫീസറും ഉള്ള കൃഷിഭവന്റെ പ്രവർത്തനത്തെപ്പറ്റി ഒട്ടേറെ പരാതികൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വരികയുണ്ടായി. കൃഷിഭവനുകളിലൂടെയുള്ള ആനുകൂല്യങ്ങളും സഹായങ്ങളും യഥാസമയം അർഹരായവർക്ക് ലഭിക്കുന്നത് ഉറപ്പ് വരുത്തേണ്ടതുണ്ട്.

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് ജലസേചനം നടത്തുന്ന ഈ പ്രദേശത്ത് ഉപയോഗപ്പെടുത്താവുന്ന നിരവധി കുളങ്ങളും തോടുകളും ഉണ്ട്. കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ടിന്റെ മെയിൻ കനാൽ പഞ്ചായത്തിലെ ഒന്ന്, നാല് എന്നീ വാർഡുകളിലൂടെ കടന്ന് പോകുന്നു. 6, 11 എന്നിവയൊഴിച്ച് മറ്റെല്ലാ വാർഡുകളിലും ഇതിന്റെ ശാഖകളുണ്ടെങ്കിലും ആവശ്യമുള്ള സമയത്ത് വെള്ളം ലഭിക്കാറില്ല. ചെറുതും വലുതുമായ ഏതാണ്ട് 78 ഓളം സ്വകാര്യ കുളങ്ങളും, പഞ്ചായത്തിന്റെയും മൈനർ ഇറിഗേഷന്റെയും ഓരോ പൊതുകുളങ്ങളും ഈ പഞ്ചായത്തിലുണ്ട്. കൂടാതെ ജലസേചനത്തിനും കുടിവെള്ളത്തിനമായി 3 കുളങ്ങൾ കുഴിക്കാൻ സ്ഥലവും സൗജന്യമായി ലഭ്യമാണ്. ഈ ജലസ്രോതസ്സുകൾ മുഴുവൻ ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ കാർഷിക രംഗത്ത് ഈ പഞ്ചായത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ സാധിക്കും.

[പട്ടിക VIII, IX]

ഭൂപ്രകൃതിയും മൺതരങ്ങളും:

നമ്മുടെ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 25.86 സ്കയർ കി. മീറ്റർ (6389.91 ഏക്കർ) ആണ്. ഇതിൽ പുഴ, തീരദേശം, സമതലം, ഉയർന്ന കുന്നിൻ പ്രദേശം എന്നിങ്ങനെ കാണാം. തീരദേശത്ത് പൂഴി

കലർന്ന മണ്ണും, സമതലങ്ങളിൽ ചരൽ കലർന്ന ചെമ്മണ്ണും ഉയർന്ന കുന്നിൻ പ്രദേശങ്ങളിൽ വെട്ടുകൽ മണ്ണും കാണപ്പെടുന്നു. കൃഷ്ണശിലാ ശേഖരങ്ങൾ ഉൾപ്പെടെ സമ്പന്നമായ ഒരു കരിങ്കൽ നിക്ഷേപവുമുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 100 ഏക്കറോളം ഓർ ജലം കയറുന്ന ഭൂമിയുണ്ട്.

കർഷക സമിതികൾ

പഞ്ചായത്തിൽ ചില കർഷക സമിതികൾ നിലവിലുണ്ടെങ്കിലും പലതും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. കുന്നത്തറ പാടശേഖര സമിതി, ചാലപ്പറ്റ പാടശേഖര സമിതി, പടിഞ്ഞാറേക്കര പാട ശേഖര സമിതി, ഒള്ളൂർ പാടശേഖരസമിതി, എന്നിവയാണ് നെൽകൃഷി രംഗത്ത് നിലവിലുള്ള സംരംഭങ്ങൾ. തെങ്ങ് കൃഷിയെ പരിപോഷിപ്പിക്കുന്നതിന് വേണ്ടി മുൻകാലത്ത് എല്ലാ വാർഡുകളിലും രൂപീകരിച്ചിരുന്ന കേര സംരക്ഷണ സമിതികൾ. കേര വികസനരംഗത്ത് ഈ സമിതികളായി അധ:പതിച്ചിരിക്കുന്നു. കേര വികസന രംഗത്ത് ഈ സമിതികൾ ഒട്ടേറെ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. ഇപ്പോൾ കൃഷിഭവൻ കേന്ദ്രീകരിച്ച് പഞ്ചായത്ത് തലത്തിൽ ഒരു കേരസംരക്ഷണസമിതിയാണ് നിലവിലുള്ളത്. നേരത്തെ വാർഡ് തലത്തിൽ നിലവിലുണ്ടായിരുന്ന കേരസംരക്ഷണസമിതികളാണ് ഏറെ അഭികാമ്യം. കൂടാതെ കുരുമുളക്, കശുമാവ്, റബ്ബർ, വിവിധസുഗന്ധ വിളകൾ എന്നീ കൃഷി വികസനത്തിനായും സംഘടനകൾ രൂപീകരിച്ച് ആവശ്യമായ ബോധവൽക്കരണവും പ്രോത്സാഹനവും നൽകാവുന്നതാണ്.

കാർഷിക വിപണനം

നമ്മുടെ കർഷകരുടെ മുമ്പിലെ മറ്റൊരു പ്രധാന പ്രശ്നമാണ് കാർഷികോല്പന്നങ്ങളുടെ വിപണനം സംബന്ധിച്ചിട്ടുള്ളത്. പലപ്പോഴും ഇടത്തട്ടുകാരുടെ ചൂഷണത്തിന് ഇടയാവുന്നത് കൊണ്ട്, കർഷകർ ന്യായമായും ലഭിക്കേണ്ടുന്ന വില ലഭിക്കുന്നില്ല. പ്രധാനമായും നാളീകേരം, അടയ്ക്ക, നേന്ത്രക്കായ നാടൻ കുലകൾ കുരുമുളക്, ഇഞ്ചി മുതലായവ മാർക്കറ്റിൽ എത്തിച്ചാൽ അവിടെയുള്ള മുതലാളിമാർ അതതവസരങ്ങളിൽ നിശ്ചയിക്കുന്ന വിലയ്ക്ക് വില്ക്കേണ്ടിവരുന്നു. ഫലത്തിൽ കർഷകന്റെ ഉല്പന്നത്തിന് വില നിശ്ചയിക്കാനുള്ള അധികാരം ഏതെങ്കിലും മാർക്കറ്റിലെ മുതലാളി കയ്യടക്കുന്നു. ഇതിനൊരുതി വരുത്തി കർഷകന് ആശ്വാസമേകാൻ വിപണനരംഗത്ത് ബോധപൂർവ്വം പഞ്ചായത്തീ രാജ് സ്ഥാപനങ്ങൾ ഇടപെടേണ്ടതുണ്ട്.

നടപ്പു പദ്ധതികളുടെ അവലോകനം

ഉള്ള്യേരി കൃഷിഭവൻ റിപ്പോർട്ട്.

CCDP പദ്ധതി: (സമഗ്ര നാളീകേര വികസന പദ്ധതി)

പേര് സൂചിപ്പിക്കുന്നത് പോലെ നാളീകേര കൃഷി വികസിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണിത്. 30സെന്റിൽ കൂടുതൽ ഭൂമി കൈവശമുള്ളവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുക. ഇത്പ്രകാരം കമ്മ്യൂണിറ്റി ഇറിഗേഷൻ, ഡ്രിപ് ഇറിഗേഷൻ എന്നീ വിഭാഗങ്ങളിലായി രണ്ടു പദ്ധതികൾ നടന്നു വരുന്നു. തെങ്ങുകയറ്റ യന്ത്രം, റോക്കർ സപ്രേയറുകൾ, പോർട്ടബിൾ പമ്പ് സെറ്റ് എന്നിവ വാങ്ങുന്നതിനും, ജലസേചനാവശ്യാർത്ഥം കിണറുകൾ കുഴിക്കുന്നതിനും സബ്സിഡി നൽകി വരുന്നു.

തെങ്ങു കൃഷി പുനരുദ്ധാരണ പദ്ധതി.

	93 – 94		94 – 95		95 – 96	
ഇനം	കിണർ	പമ്പ്	കിണർ	പമ്പ്	കിണർ	പമ്പ്
ഗുണഭോക്താക്കളുടെ എണ്ണം	–	–	38	42	40	40
സബ്സിഡി	–	–	9,5000	105000	100000	100000

സംയോജിത സുഗന്ധവിള വികസന പദ്ധതി (IPDS)

ഇഞ്ചി, മഞ്ഞൾ, കുരുമുളക് തുടങ്ങിയ സുഗന്ധ വിളകളെ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. ഇതിൽ ഇഞ്ചി, മഞ്ഞൾ എന്നിവയുടെ വികസനത്തിനായി കൃഷി സ്ഥല വിസ്തൃതി അനുസരിച്ച് സബ്സിഡി നൽകി വരുന്നു. കുരുമുളകിന്റെ കാര്യത്തിലാണ് ഈ പദ്ധതി പ്രത്യേക ശ്രദ്ധചെലുത്തുന്നത്. ദ്രുതവാട്ടത്തിന്റെ നിയന്ത്രണത്തിനായി തുരിശ്, കുമ്മായം, കോപ്പർ ഓക്സിക്ലോറൈഡ് എന്നിവ ഈ പദ്ധതി വഴി ലഭ്യമാകുന്നു.

പ്രത്യേക തൊഴിൽ ദാന പദ്ധതി (SEP)

സംസ്ഥാനത്തുടനീളം ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽ കിട്ടുന്നതിനായി നടപ്പിലാക്കു വരുന്ന പദ്ധതിയാണിത്. പഞ്ചായത്തിൽ 100 അംഗങ്ങളെ ലക്ഷ്യമിട്ട ഈ പദ്ധതിയിൽ 118 പേർ റജിസ്റ്റർ ചെയ്തിരുന്നു. പൂർണ്ണവരിസംഖ്യ അടച്ച 104 പേർ ഇപ്പോൾ അംഗങ്ങളായുണ്ട്.

പ്രത്യേക ഘടക പദ്ധതി (SCP)

പട്ടികജാതി പട്ടിക വർഗ്ഗ കോളനികളെ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. തെങ്ങ്, കവുങ്ങ്, കുരുമുളക്

എന്നിവയുടെ തൈകളും, മൺവെട്ടി, പിക്കാസ്, കൊടുവാൾ, അലുമിനിയ കുടം, നാപ്സാക് സ്പ്രെയർ, റോക്കർ സ്പ്രേയർ എന്നീ കാർഷികോപകരണങ്ങളും, വളങ്ങളും ഈ പദ്ധതിയിലൂടെ പൂർണ്ണ ധനസഹായത്തോടു കൂടി നൽകിവരുന്നു.

പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പദ്ധതി:

വെള്ളപ്പൊക്കം, വരൾച്ച, ഇടിമിന്നൽ, കൊടുങ്കാറ്റ് തുടങ്ങിയ പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിച്ചവർക്ക് വിളയുടെ ഇനവും പ്രായവും അനുസരിച്ച് നിശ്ചയിച്ചിട്ടുള്ള തുക ഈ പദ്ധതി പ്രകാരം ദുരിതാശ്വാസമായി നൽകുന്നു.

നീർമറി പ്രദേശ വികസന പദ്ധതി

ഉള്ളിയേരി പഞ്ചായത്തിലെ ഒന്ന്, നാല്, ഏഴ് എന്നീ വാർഡുകൾ ഉൾപ്പെടുന്നതാണ് പാലോറ നീർമറി പ്രദേശം. 'ഒപെക്'ന്റെ ധന സഹായത്തോടു കൂടിയുള്ളതാണ് ഈ പദ്ധതി ബാങ്ക് വായ്പ എടുക്കുന്നവർക്ക് മാത്രമേ ഈ പദ്ധതി പ്രകാരം സബ്സിഡി അനുവദിക്കാറുള്ളൂ. ധനസഹായം പ്രധാനമായും ഇടവിള കൃഷിക്കാണ്. കൂടാതെ ജലസേചനത്തനായി കിണറുകൾ കുഴിക്കുന്നതിനും പമ്പ്സെറ്റുകൾ സ്ഥാപിക്കുന്നതിനും, ജലം ശേഖരിക്കുന്നതിനും, കൃഷിയുടെ അനുബന്ധ മേഖലയായ പശുവളർത്തൽ, ആടുവളർത്തൽ, തേനീച്ച വളർത്തൽ, മുയൽ വളർത്തൽ, പട്ടുനൂൽ പുഴു വളർത്തൽ എന്നിവയ്ക്കും സബ്സിഡിനൽകാൻ ഈ പദ്ധതിയാൽ വിഹിതമുണ്ട്. മറ്റു പല പദ്ധതികളുമായി താരതമ്യം ചെയ്യുമ്പോൾ ഈ പദ്ധതിയുടെ സബ്സിഡി നിരക്ക് വളരെ കൂടുതലാണ്.

മേൽ വിവരിച്ചവ കൂടാതെ, വിള ഇൻഷുറൻസ് പദ്ധതി. നെല്ലുൽ പാദകൾക്കുള്ള ധനസഹായ പദ്ധതി, പ്രധാന മന്ത്രിയുടെ തൊഴിൽ ദാന പദ്ധതി. കണിക ജലസേചന പദ്ധതി (ഡ്രിപ് ഇറിഗേഷൻ) കശുവണ്ടി വികസന പദ്ധതി. ചെറിയ ഫാമുകളെ യന്ത്രവൽക്കരിക്കുന്നതിനുള്ള പദ്ധതി, വിത്തുകളുടെയും തൈകളുടെയും വിതരണം എന്നിവയും കൃഷിഭവനുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടപ്പുപദ്ധതികളായുണ്ട്.

ദുരിതാശ്വാസവിതരണം സംബന്ധിച്ച

പട്ടിക. IX

വർഷം	ഇനം	വെള്ളപ്പൊക്കം	വരൾച്ച	കാറ്റ്	ഉരുൾപൊട്ടൽ	ലഭിച്ചവർ	വിതരണം ചെയ്ത തുക
1993–94	തെങ്ങ്			145			
	വാഴ			169			
	കവുങ്ങ്			31	1	ഇല്ല	ഇല്ല
	കുരുമുളക്			13			
	നെല്ല്	25സെന്റ്					
1994–95	തെങ്ങ്			125			
	വാഴ			1597			
	കവുങ്ങ്			9	ഇല്ല	147	22,117
	കുരുമുളക്			6			
	കശുമാവ്			12			
	റബ്ബർ			5			
	നെല്ല്	05സെന്റ്					
1994–95	തെങ്ങ്			117			
	വാഴ			133	1	46	30,234
	കവുങ്ങ്			39			
	കുരുമുളക്			4			

പട്ടിക X

നെല്ല് സബ്സിഡി

	93-94	94-95	95-96
എണ്ണം	40	45	92
സംഖ്യ-രൂപ	3726.6	8155	8592

നടീൽ വസ്തു വിതരണം സംബന്ധിച്ച

പട്ടിക VIII

ഇനം	1993-94	1994-95	1995-96
തെങ്ങ്	831	305	786
കശുമാവ്	-	-	64
കുരുമുളക്	4200	3000	9000
കവുങ്ങ്	400	100	300
വാഴ	100	220	150
ജാതി	80	90	50
മാവ്	42	86	47
സപ്പോട്ട	15	5	15
പേര	5	20	20
ഒട്ട്പ്ളാവ്	5	-	25
നാരകം	-	20	-

പഞ്ചായത്തിലെ പ്രധാനപ്പെട്ട കുളങ്ങളെ സംബന്ധിച്ച വിവരങ്ങൾ:

കുളത്തിന്റെ പേര്	വാർഡ്
ഒറവിൽ കുളം	I
മൊകേരിക്കുളം	I
അരുമ്പയിൽ ക്ഷേത്രക്കുളം	I
കാരടിക്കുളം	II
ചെറിയപുറത്ത് കുളം	II
ആനകശ്ശേരിക്കുളം	II
നെരോത്ത് താഴെകുളം	II
കൂടത്തിൽ കുളം	II
വലിയകുന്നോത്ത് പാറോൽ കുളം	II
പെരുമ്പത്തിക്കൽ കുളം	II
കടിക്കാട് കുളം	II
കരിങ്ങാളി കുളം	II
ആറങ്ങാട്ട് കുളം	II
പെരുന്തോടിക്കുളം	II
ചെറുവാട്ട് കുളം	II
പാറച്ചാൽ കുളം	II
പാണക്കാട്ട് കുളം	II
പൂക്കോട്ടേരി കുളം	II
നള്ളുവീട്ടിൽ കുളം	II
മഠത്തിൽ കുളം	II
ആനകശ്ശേരി അമ്പലക്കുളം	II
പള്ളിയിൽ കുളം	II
ഇല്ലത്ത് കുളം-(2എണ്ണം)	II
പാണ്ടിക്കൽ കുളം	II
തെഞ്ചിലേരിക്കുളം	III
മരുതൂർ കുളം	IV
നാരകശ്ശേരികുളം	IV
എടക്കോട് കുളം	IV
ഉള്ളിയേരിക്കുളം	IV
ചാലപ്പറ്റക്കുളം	IV
വെങ്ങിലോട്ട്കുളം	V
ചൂരക്കാട്ട് അമ്പലക്കുളം	VI
പാറയ്ക്കുതാഴെ പാറക്കുളം	VI
ആലങ്കോട്ട്	VI
നടുക്കണ്ടി പാറക്കുളം	VII
ഇല്ലത്ത് കുളം	VII
മുണ്ടോത്ത് അമ്പലക്കുളം	VII
കിഴക്കെകെരെക്കുളം	VII
കൊളോർത്ത്താഴെക്കുളം	VII
നരസിംഹക്ഷേത്രക്കുളം	VII
കുമുള്ളി ആകുൽകുളം	VII
കാരയാട്ട്കുളം(ബ്ളോക്ക് അധീനതയിൽ)	VII
കുന്നനാട്ട് കുളം	VII
നമ്പ്യാട്ടകുളം	VII
പുള്ളുണ്ണികുളങ്ങര	VII
വെളിയഞ്ചേരിക്കുളം	VII

പുതുകുളങ്ങരകുളം	VIII
തച്ചനാടത്ത്കുളം	VIII
കോഴികുളം	VIII
കരുമ്പാത്ത്കുളം	VIII
പാറക്കുളം	IX
ഒള്ളൂർമണമൽ കുളം	IX
മൊടാലത്ത്കുളം	IX
ചോയിക്കുളം	IX
തച്ചോറക്കുളം	IX
പീപ്പിരിക്കാട്ട് കുളം	IX
മഠത്തിൽകുളം	IX
വലിയമുറ്റത്തകുളം	IX
കണിയാർകണ്ടി നാറാംകുളങ്ങര കുളം	III
മരുതിയാട്ട്കുളം	III
എടമംഗലത്ത്കുളം	III
തേവർമഠത്തിൽകുളം	III
കുണ്ടുകുളം	IX
ഒതയോത്ത്കുളം	IX
കന്നൂര് തൃക്കോവിൻ അമ്പലക്കുളം	X
കുട്ടോത്ത് അമ്പലക്കുളം	X
ചാത്തൻ കുളം	XI
ചേരിയേൽകുളം	XI
കുട്ടിച്ചാത്തൻകുളം	XI
കുട്വാട്ടുകുളം	XI
നമ്പിശ്ശേരി താഴെകുളം (മൈനർ ഇരിഗേഷൻ)	II
പെരുവാണിയൻ വീട്ടിൽ കുളം	III
നെയ്തല്ലൂർ കുളം	III
നെയ്തല്ലൂർ താഴ കുളം(2)	III
ബ്രാപ്പറ്റില്ലം കുളം	III

കുളം കുഴിക്കാൻ സൗജന്യമായി ലഭ്യമാകാവുന്ന സ്ഥലങ്ങൾ

☞ ഒന്നാം വാർഡിൽ നളന്ദ ആശുപത്രിക്ക് സമീപം പാടശേഖര കമ്മറ്റിയുടെ കൈവശമുള്ള അഞ്ച് സെന്റ് സ്ഥലം.

☞ രണ്ടാം വാർഡിൽ ചമ്മുങ്കര ചമ്മ്, പന്നിക്കുത്തി വയൽ, കൊളക്കോട്ട്, പൂക്കോട്ടേരി .

☞ മൂന്നാം വാർഡിൽ കന്മനതാഴെ, പാറോൽതാഴെ മൂലയിൽ താഴെ, ഒതയോത്ത് ചമ്മ്.

☞ അഞ്ചാം വാർഡിൽ നൂഞ്ഞിങ്ങരമൂല, നന്താത്ത് താഴെ ചെറുവഞ്ചേരി താഴെ

☞ ഏഴാംവാർഡിൽ ശങ്കരൻകുഴിതാഴെ, പുളിക്കൂൽ

☞ ഒൻപതാം വാർഡിൽ കരിമ്പനയ്ക്കൽ താഴെ

☞ പത്താം വാർഡിൽ കപ്പറത്ത് കണ്ടി താഴെ

പഞ്ചായത്തിലുള്ള നീരുറവകളെ സംബന്ധിച്ച്

രണ്ടാം വാർഡിലെ (പുതിയോട്ടിൽ)	പാറച്ചാലിൽ നീരുറവ
	ചമ്മുങ്കര നീരുറവ
മൂന്നാം വാർഡിലെ	കക്കഞ്ചേരി പാറോൽ മൂലയിൽ ചമ്മ് നീരുറവ
	മാഷ്ണാംകോട്ട് നീരുറവ
നാലാം വാർഡിലെ	തട്ടിൻപുറം നീരുറവ
	ഇരുമ്പകചാലിൽ നീരുറവ
ആറാം വാർഡിലെ	പാത്തിക്കൽ മീത്തൽ നീരുറവ
	ചൂരക്കാട്ട് നീരുറവ
ഏഴാം വാർഡിലെ	നരസിംഹക്ഷേത്രത്തിനോടടുത്തുള്ള നീരുറവ.
ഒമ്പതാം വാർഡിലെ	കുണ്ടുകുളം നീരുറവ
പത്താം വാർഡിലെ	(ചമ്മിൽ മൂല) അരിയാട്ടുമ്മൽ താഴ നീരുറവ.

തോടുകൾ സംബന്ധിച്ച വിവരങ്ങൾ

"മാതാം തോട്" ഉള്ളിയേരി കുളത്തിൽ നിന്നുത്ഭവിച്ച് തെരുവത്തക്കടവ് പാലത്തിനടുത്ത് രാമൻ പുഴയിൽ പതിക്കുന്നു. നാല്, രണ്ട്,ഒന്ന് എന്നീ വാർഡുകളിലൂടെ കടന്ന്പോകുന്നു.

പാറഞ്ചേരി താഴെ മുതൽ മഞ്ചായക്കൽ പുഴവരെ എത്തുന്ന തോട് (രണ്ടാം വാർഡ്) ഉള്ളിയേരി ഭാഗത്ത് നിന്നു തുടങ്ങി കാരാടൻ വീട്ടിൽ താഴെ എത്തുന്ന തോട് (രണ്ടാം വാർഡ്)

മുണ്ടോത്ത് തട്ടാറക്കൽ താഴെതോട് മൂന്നാംവാർഡ്

പാറോൽ താഴെ മുതൽ മുള്ളിക്കൽ താഴെ വരെയുള്ള തോട് (മൂന്നാം വാർഡ്)

മൂലയിൽ താഴെ മുതൽ ഇല്ലത്ത് താഴെ വരെയുള്ള തോട് IVാം വാർഡ്

മരുതൂർ ക്ഷേത്രം മുതൽ ചാലപ്പറ്റ് താഴെവരെയുള്ള തോട് (നാലാം വാർഡ്)

ഇല്ലത്ത് താഴെ മുതൽ ചെറുവാച്ചേരി താഴെ കൂടി കരിമ്പനക്കൽ താഴെ പതിക്കുന്ന തോട്. വാർഡ് XI,V,X,IX എന്നിവയിലൂടെ

നായർകണ്ടി താഴമുതൽ – ചിറ്റാരി ചീർപ്പന്റടുത്ത് അവസാനിക്കുന്ന. (VIാം വാർഡ്)

കാരയാടുതാഴെ മുതൽ തൊണ്ടിപുറത്ത് വരെ എത്തുന്ന തോട്. (VIIാം വാർഡ്)

ഈന്താട്ട് താഴെ തുടങ്ങി കുന്നുമ്മൽ താഴെ കൂടി പാറകുളങ്ങര വഴി മഠത്തിൽ താഴെ അവസാനിക്കുന്ന (VII,II, വാർഡ്)

ചേനപൊയിൽ മുതൽ കല്ലാട്ട് താഴെ എത്തുന്ന തോട്.(VIIാം വാർഡ്)

നെട്ടൂളി താഴെ മുതൽ – പുഴവരെ എത്തുന്ന തോട്. (VIIIാം വാർഡ്)

ചാത്തോത്ത് താഴെ മുതൽ – പുഴവരെ എത്തുന്ന തോട്.(VIIIാം വാർഡ്)

മാവിടി താഴെ തുടങ്ങി പുത്തഞ്ചേരി കെട്ടിൽ പതിക്കുന്ന തോട്. (XI ാം വാർഡ്)

പുതിയ തോടുവെട്ടാനുള്ള സാദ്ധ്യത

കരീറ്റുംപുറത്ത് താഴെ നിന്നുതുടങ്ങി നായരുകണ്ടി തോട്മായി ബന്ധിപ്പിച്ചുകൊണ്ട്.

മേൽസൂചനകളിൽ നിന്നും നമ്മുടെ പഞ്ചായത്തിലെ കാർഷികരംഗത്തെ പ്രശ്നങ്ങളും താഴെ പറയുന്ന രൂപത്തിൽ സംഗ്രഹിക്കാം.

- ജലസേചനത്തിന്റെ അപര്യാപ്തത
- ആധുനിക കൃഷിരീതിയുടെ അശാസ്ത്രീയമായ പ്രയോഗവും, കൃഷി വിഷയങ്ങളിലുള്ള അജ്ഞതയും; പഞ്ചായത്തിന്റെ പലഭാഗത്തും കണ്ടു വരുന്ന നീർക്കെട്ട്;
- ജൈവവളത്തിന്റെ ദൗർലഭ്യം
- കാർഷികോല്പന്നങ്ങളുടെ വിലിയിടിവ്
- നല്ലയിനം വിത്തുകളുടെയും, തൈകളുടെയും ദൗർലഭ്യത
- ഓരു ജല ശല്യം
- കാർഷിക തൊഴിലാളികളുടെ അഭാവം
- സാമ്പത്തിക പരാധീനത

പരിഹാര നിർദ്ദേശങ്ങൾ

1. നമ്മുടെ പ്രദേശത്ത് ലഭ്യമായ മുഴുവൻ ജല സ്രോതസ്സുകളും ഉപയോഗപ്പെടുത്തി ജലസേചന സൗകര്യം പരമാവധി വർദ്ധിപ്പിക്കുക.

2. വില്ലേജിലെ എല്ലാ ജല നിർഗ്ഗമന തോടുകളും ആവശ്യമായ ചീർപ്പുകളും, തടയിണകളും നിർമ്മിച്ച് ശാസ്ത്രീയമായി പുനഃക്രമീകരിക്കുക.

3. പഞ്ചായത്തിലെ മൊത്തം കൃഷിയിടങ്ങളെ മൂന്നോ നാലോ മേഖലകളാക്കി തിരിച്ച്, അവിടെ ആവശ്യമായ പവർ ട്രില്ലർ ഉൾപ്പെടെയുള്ള അത്യാവശ്യയന്ത്രോപകരണങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കാൻ കാർഷിക ലോണുകൾ ഉൾപ്പെടെയുള്ള സഹായം നൽകുക.

4. കൃഷിഭവനുകൾ കൂടുതൽ ജനകീയമാക്കുകയും, ഈസ്ഥാപനം മുഖേനയുള്ള സഹായങ്ങളും, സൗജന്യങ്ങളും അർഹതപ്പെട്ടവർക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്നുറപ്പ് വരുത്തുക.

5. കൃഷിഭവൻ ഓഫീസ്, V.E.O ഓഫീസ് എന്നിവ ഭൂരിഭാഗം ആളുകൾക്കും സൗകര്യപ്രദമായ രൂപത്തിൽ ഉള്ളിയേരി ടൗണിലേക്ക് മാറ്റുക. പഞ്ചായത്ത് ഓഫീസിനോടനുബന്ധിച്ചാവുന്നത് അഭികാമ്യം.

6. ഉൽപാദന ക്ഷമത കൂടിയ നടീൽ വസ്തുക്കളും, വിത്തുകളും, തൈകളും ബന്ധപ്പെട്ട വകുപ്പുകളിലൂടെ യഥാസമയം നൽകുക.

7. മണ്ണ് പരിശോധന വ്യാപകവും ഫലപ്രദവും ആക്കുക.

8. കാർഷിക വിജ്ഞാന വ്യാപനത്തിനായി സമഗ്രമായ ബോധവൽക്കരണ പരിപാടികൾ തയ്യാറാക്കുക.

9. 30 സെന്റിൽ കുറഞ്ഞ ഭൂമിയുള്ളവർക്കും കാർഷികാവശ്യത്തിനുള്ള സഹായങ്ങളും ആനുകൂല്യങ്ങളും ലഭ്യമാക്കുക.

10. കാർഷിക ലോണിന്റെ കാലാവധി വർദ്ധിപ്പിക്കുക.

11. ഉള്ളിയേരി പഞ്ചായത്തിലെ മുഴുവൻ വാർഡുകളെയും ഉള്ളിയേരി ഗ്രാമീണ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി ബന്ധപ്പെട്ടവരിൽ സമ്മർദ്ദം ചെലുത്തുക.

12. നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ ഉല്പാദന ചെലവിന്റെ 50%സബ്സിഡി നൽകുക.

13. പാടങ്ങൾ നികത്തുന്നത് കർശനമായി തടയുക.

14. പാഴായി പോകുന്ന ജലസമ്പത്ത് സംരക്ഷിക്കാൻ ആവശ്യമായ പദ്ധതികൾ തയ്യാറാക്കുക.

15. നെൽകൃഷിക്ക് നൽകുന്ന വൈദ്യുതി നിരക്ക് ഇളവ് നാളീകേര കൃഷിക്കും ലഭ്യമാക്കുക.

16. തരിശ്ഭൂമിയിൽ കശുമാവ് കൃഷിചെയ്യാൻ പ്രോത്സാഹനം നൽകുക.

17. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.

18. പഞ്ചായത്തിൽ ഒരു വിപണന കേന്ദ്രം ഗ്രാമപഞ്ചായത്ത് മുൻകൈയ്യെടുത്ത് ഏർപ്പെടുത്തുക.

19. പഴയ കിണറുകൾ നവീകരിക്കാൻ ധന സഹായം നൽകുക.

20. പഞ്ചായത്തിൽ ഒരു കൊപ്ര സംഭരണ-സംസ്കരണ കേന്ദ്രം സ്ഥാപിക്കുക.

21. കൂടുതൽ വളം ഡിപ്പോകൾ സ്ഥാപിക്കുക.

22. ജൈവ വള കേന്ദ്രങ്ങൾ സ്ഥാപിക്കുകയും, കമ്പോസ്റ്റ് കുഴിക്കുള്ള സബ്സിഡി വർദ്ധിപ്പിക്കുകയും ചെയ്യുക.

23. ജൈവവള ലഭ്യത വർദ്ധിപ്പിക്കാൻ, പശുവളർത്തൽ പ്രോത്സാഹിപ്പിക്കുക.

24. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വ്യാപകമാക്കുക.

25. വൈദ്യുതി ലൈനുകളോട് തൊട്ടുള്ള വൃക്ഷലതാദികൾ വെട്ടിമാറ്റുമ്പോൾ, അനാവശ്യമായി വൃക്ഷക്കൊമ്പുകളും, തെങ്ങിന്റെ ഓലകളും നശിപ്പിക്കുന്നതിനെ സംബന്ധിച്ച K.S.E.B അധികൃതരുടെ ശ്രദ്ധക്ഷണിക്കണം

26. മെയിൻ വൈദ്യുതി ലൈനുകളോട് ചേർന്ന് തരിശായി കിടക്കുന്ന ഭൂമിയിൽ ഇടവിളകൾ കൃഷിചെയ്യാൻ അനുമതി ലഭിക്കുന്നതിനുള്ള സാദ്ധ്യത ആരായണം.

27. നെൽകൃഷിക്കാർക്കുള്ള പ്രോത്സാഹന ധനം വർദ്ധിപ്പിക്കുക.

സാദ്ധ്യതകൾ

☞ കമ്മ്യൂണിറ്റി - ഡ്രിപ്പ് ഇറിഗേഷൻ സ്കീമുകൾ വ്യാപകമാക്കാൻ സൗജന്യമായി ലഭ്യമാകാവുന്ന കുളങ്ങളും കിണറുകളും ഉപയോഗപ്പെടുത്താം.

☞ വീടുകളിലെയും, അങ്ങാടികളിലെയും പാഴ് വസ്തുക്കൾ ഉപയോഗപ്പെടുത്തി കമ്പോസ്റ്റ് വളം നിർമ്മിക്കാം.

☞ നമ്മുടെ പ്രദേശത്ത് ഇഷ്ടാനുസരണം ലഭ്യമാകുന്ന ചകിരിച്ചോറ് ജൈവ വളമാക്കുന്ന യൂനിറ്റ് തുടങ്ങാം.

☞ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ താഴെ പറയുന്ന പരിപാടകൾ സംഘടിപ്പിക്കാം.

- ♦ പഞ്ചായത്തിലെ വിവിധക്ളബ്ബുകളേയും മറ്റു സന്നദ്ധസംഘടനകളെയും പങ്കെടുപ്പിച്ചുകൊണ്ട് മത്സരാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്താം.
- ♦ സ്കൂളുകളിൽ മത്സരാടിസ്ഥാനത്തിൽ പച്ചക്കറി കൃഷിത്തോട്ടങ്ങൾ സംഘടിപ്പിക്കാം.
- ♦ ആവശ്യമായ വിത്തുകളും, വളവും സൗജന്യമായി നൽകി അടുക്കളത്തോട്ടങ്ങൾ വ്യാപകമാക്കാം.

☞ കാർഷിക വിദ്യാഭ്യാസം വ്യാപകമാക്കുന്നതിനായി ബോധവൽക്കരണക്ളാസുകളും സെമിനാറുകളും സംഘടിപ്പിക്കാം.

☞ കാർഷികരംഗത്തെ കൂട്ടയ്മ പ്രോത്സാഹിപ്പിച്ച്, ഗ്രൂപ്പ് ഫാമിഗ് വ്യാപകമാക്കാൻ കർഷക കൂട്ടങ്ങൾ സംഘടിപ്പിക്കാം.

☞ മണ്ണൊലിപ്പ് തടയണം, ജൈവവളസസ്യങ്ങൾ വർദ്ധിപ്പിക്കാനും സസ്യവേലികൾ വ്യാപകമാക്കി, കോൺക്രീറ്റ് വേലികൾ ഒഴിവാക്കാം.

☞ കാലിത്തീറ്റക്ക് വേണ്ടി തീറ്റപ്പുൽ കൃഷി വ്യാപകമാക്കാം.

☞ തൊഴിൽ രഹിതരായ യുവാക്കളെയും കർഷകരെയും ഉപയോഗപ്പെടുത്തി നഴ്സറികൾ സ്ഥാപിക്കാം.

☞ വനവൽക്കരണം വ്യാപകമാക്കാം.

മൃഗസംരക്ഷണം

പഞ്ചായത്തിലെ വിവിധ ദേശങ്ങളിൽ താമസക്കാരായ ജനങ്ങൾ കൃഷിയിലെന്നപോലെ കന്നുകാലി വളർത്തലിലും താല്പര്യമുള്ളവരാണ്. പൂർവ്വീക കർഷകർക്ക് പശു ഐശ്വര്യത്തിന്റെ പ്രതീകമായിരുന്നു. പഴയകാല കർഷകപ്രമാണിമാർ വീടിന് തൊട്ട് മുൻപിലായി ആല (തൊഴുത്ത്) നിർമ്മിച്ചിരുന്നത് കാലത്ത് ഉണെർന്നെണീറ്റ് പുറത്ത് വന്നാൽ തന്റെ ഇഷ്ടജീവിയായ 'കാമധേനു'വിനെ കണികാണാൻ വേണ്ടി ആയിരുന്നു എന്നാണ് പഴമക്കാർ പറയുന്നത്. കാളപൂട്ടിനും, ഉഴവിനും ഉപയോഗിച്ചിരുന്ന കാളകളും വ്യാപാര ഗതാഗത ആവശ്യത്തിനായി വളർത്തിയിരുന്ന വണ്ടിക്കാളകളും ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നു. ആട്, എരുമ, പോത്ത്, വിത്ത് കാള തുടങ്ങിയ മൃഗങ്ങളെ പഞ്ചായത്തിന്റെ പലഭാഗങ്ങളിലായി വളർത്തി വന്നിരുന്നു. ഇന്ന് കന്നുകാലി പരിപാലനം നിരവധി കർഷകരുടെ ഉപജീവന മാർഗ്ഗമാണ്. പശു,ആട് എന്നിവയാണ് പ്രധാന വളർത്തു മൃഗങ്ങൾ വളരെ പരിമിതമായ തോതിൽ ഉഴവുകാളകൾ, വിത്തുകാളകൾ, എരുമ, പോത്ത് എന്നിവ ഇവിടെയുണ്ട്. ഗജേന്ദ്രൻ, കുസുമ എന്നീ പേരുകളുള്ള രണ്ട് ആനകളും ഈ പഞ്ചായത്തിൽ വളർത്തപ്പെടുന്നു. നായ, പൂച്ച എന്നീ ജീവികൾക്ക് പുറമെ നാമമാത്രമായി കുരങ്ങ്, മുയൽ, മെരു എന്നിവയുമുണ്ട്. ഒട്ടേറെ ആളുകൾ വീടുകളിൽ നായ്ക്കളെ വളർത്തുന്നു. നാടൻ നായ്ക്കളുടെ എണ്ണം കൂടുതലായുണ്ട്. പുതിയ ഇനത്തിൽപെട്ട പോമറോനിയൻ, ഡോബർമാൻ, ആൾസേഷ്യൻ എന്നിവ കുറഞ്ഞ തോതിലും കാണപ്പെടുന്നു. വളർത്തു പക്ഷികളിൽ പ്രധാനപ്പെട്ടത് കോഴിയാണ്. നാടൻ കോഴികൾക്കൊപ്പം ബ്രോയിലർ, ലെഗോൺ എന്നീ ഇനങ്ങൾ വ്യാപാരാവശ്യാർത്ഥമായും വളർത്തപ്പെടുന്നു. താറാവ്, വെള്ളപ്രാവുകൾ, തത്ത, ലവ്ബേർഡ്സ്, ടർക്കിക്കോഴി, ഗിരിരാജ കോഴി എന്നിവയും ചുരുങ്ങിയ തോതിലുണ്ട്. ആട്, കോഴി, പശു എന്നിവയുടെ എണ്ണത്തോടൊപ്പം പാലിന്റെയും, മുട്ടയുടെയും ഉല്പാദനവും, ഉപഭോഗവും വർദ്ധിച്ചിരിക്കുന്നു. ഇറച്ചിയുടെ ഉപഭോഗത്തിലും ഗണ്യമായ വർദ്ധനവുണ്ട്. സമ്പദ്ഘടനയുടെ വളർച്ചയിൽ മൃഗസംരക്ഷണ മേഖല പ്രധാന പങ്ക് വഹിക്കുന്നതായി കാണാം. സ്ത്രീ പുരുഷ ഭേദമന്യേ നിരവധി കുടുംബങ്ങൾക്ക് തൊഴിലും, ജീവനോപാധിയും നല്കാൻ ഈ മേഖലക്ക് സാധിക്കുന്നു. പാൽ ,മുട്ട,മാംസം എന്നിവയുടെ ഉപയോഗം മനുഷ്യന്റെ ഊർജ്ജം കൂട്ടാനും ആരോഗ്യം വർദ്ധിക്കാനും ഇടയാകുമെന്ന് ജനങ്ങൾ വിശ്വസിക്കുന്നു. ഏറ്റവും നല്ല പോഷകാഹാരം എന്ന നിലയിൽ പാലും,മുട്ടയും ജനങ്ങളുടെ പ്രധാന ആഹാരപദാർത്ഥങ്ങളാണ്. പഞ്ചായത്തിൽ 2173 (നാടനും സങ്കരയിനവും) പശുക്കൾ, 3866 ആടുകൾ, 36 ഉഴവ് കാളകൾ, 7 വിത്ത്കാളകൾ, 6 എരുമകൾ, 487 നായ്ക്കൾ (നാടനും, വിദേശിയും), 2വീതം ആന, പന്നി, പോത്ത് എന്നീ വളർത്ത് മൃഗങ്ങളുണ്ട്.

വളർത്തുമൃഗങ്ങൾ

കാള		പശു										
ഉഴവ് കാള	വിത്ത് കാള	നാടൻ		സങ്കരം		എരുമ	പോത്ത്	പന്നി	ആന	ആട്	നായ	
		കറവ ഉള്ളത്	കറവ് ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്						നാടൻ	വിദേശി
36	7	582	449	653	489	6	2	2	2	3866	446	41

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കോഴിവളർത്ത് യൂണിറ്റുകളിലും വീടുകളിലുമായി 13,324 കോഴികളേയും 43 താറാവുകളേയും. 21 മുയലുകളേയും വളർത്തുന്നു. ഇതിന് പുറമെ വളർത്തു പക്ഷികളായി 184 ലവ്ബേർഡ്സും, 23 തത്തകളും, 29 വെള്ളപ്രാവുകളുമുണ്ട്.

റിച്ച് അറിവില്ലായ്മ, മിനിഡയറി തുടങ്ങുന്നതിനും, പശുവളർത്തലിനും ധനസഹായം ലഭിക്കുന്നതിനുള്ള തടസ്സം, ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ സ്കീമുകൾ ഉപയോഗപ്പെടുത്തുന്നതിൽ കർഷകർക്കുള്ള പരിചയക്കുറവ്, ആവശ്യമായ ചികിത്സാ സൗകര്യങ്ങളുടെ അഭാവം,

പൂവൻ കോഴി	വളർത്തു പക്ഷികൾ							
	പിടക്കോഴി		താറാവ്		മുയൽ	ലവ്ബേർഡ്സ് വെള്ളപ്രാവുകൾ		തത്തകൾ
	മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ				
4026	4985	4313	7	36	21	184	23	29

കാർഷിക രംഗത്തെ യന്ത്രവൽക്കരണവും, മറ്റും പ്രധാന വളർത്തു മൃഗങ്ങളുടെ എണ്ണം കുറയുന്നതിന് കാരണമായെങ്കലും പഞ്ചായത്തിൽ പശുക്കളുടെയും ആടുകളുടെയും എണ്ണം ഇപ്പോൾ തീരെ കുറവല്ല. പ്രതിദിനം 1380 ലിറ്റർ പാൽ ഉല്പാദിപ്പിച്ച് വിപണനം ചെയ്യപ്പെടുന്നു. പഞ്ചായത്തിൽ 4 മിൽമാ ഏജൻസികളുണ്ട്.

നാടൻ കോഴികളുടെ എണ്ണം വളരെ കുറയാനിടയായതിന് പ്രധാന കാരണം കോഴി വസന്തയും, കൈവശഭൂമിയുടെ അളവ് കുറഞ്ഞതുമാണെന്ന് കാണാം. എന്നാൽ കോഴിവളർത്ത് കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ പലഭാഗത്തായി ഉണ്ടാവുകയും പുതിയ ഇനം കോഴികളെ വളർത്തി വിപണനം ചെയ്യുന്നുമുണ്ട്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന കോഴികളുടെ വില്പനകേന്ദ്രങ്ങളുമുണ്ട്. 7 കേന്ദ്രങ്ങളിലായി 14 കോഴിവളർത്ത് യൂണിറ്റ്കളും 13 വിപണന കേന്ദ്രങ്ങളും പ്രവർത്തിയ്ക്കുന്നു.

പ്രശ്നങ്ങൾ

സങ്കരയിനം പശുക്കളുടെ കുറവ്, പച്ച പ്പുല്ലിന്റെയും വൈക്കോലിന്റെയും ദൗർലഭ്യം, കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും വിലവർദ്ധനവ്, ഉല്പാദിപ്പിക്കുന്ന പാൽ വിറ്റഴിക്കുന്നതിന് ഗുണപ്രദമായ സൗകര്യങ്ങൾ ഇല്ലാത്തത്, പാലിന്റെ വിലക്കുറവ്, ആദായകരമായ ക്ഷീരോല്പാദന രീതിയെക്കുറിച്ച് കർഷകർക്കുള്ള അജ്ഞത, ശാസ്ത്രീയമായ കന്നുകുട്ടി പരിപാലനത്തെക്കുറിച്ചുള്ള അജ്ഞത, ശാസ്ത്രീയമായ പശുപരിപാലനം, തീറ്റക്രമം എന്നിവയിലുള്ള അജ്ഞത, പോഷകാഹാരക്കുറവ് മൂലം കിടാരികൾ മദിലക്ഷണം കാണിയ്ക്കാൻ വൈകുന്നത്, ശാസ്ത്രീയമായ ബോധവൽക്കരണ രീതിയുടെ അപര്യാപ്തത തുടങ്ങി കർഷകരെ പ്രതികൂലമായി ബാധിക്കുന്ന ഒട്ടേറെ പ്രശ്നങ്ങളാണുള്ളത്.

പാലുല്പാദകർക്ക് അത്താണിയായി പഞ്ചായത്തിൽ രണ്ട് ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നു. 1981ൽ ആരംഭിച്ച ഉള്ളിയേരി ക്ഷീരവ്യവസായ സഹകരണസംഘവും, 1992ൽ ആരംഭിച്ച കുന്നത്തറ ക്ഷീരോല്പാദക സഹകരണസംഘവുമാണവ. പഞ്ചായത്തിലെ 1,2,4,7 വാർഡുകളുടെ പരിധിയിൽപെടുന്നതാണ് കൃഷിഭവന് സമീപത്തായി പ്രവർത്തിക്കുന്ന ഉള്ളിയേരി സംഘം. 6,9,10 വാർഡുകൾ പൂർണ്ണമായും 5,11 വാർഡുകൾ ഭാഗമായും ഒള്ളൂരിൽ പ്രവർത്തിക്കുന്ന കുന്നത്തറ സംഘത്തിന്റെ പരിധിയിൽപ്പെടുന്നു. ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളാണ് സംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്. ശ്രീ.ഇ.പി.ഗോപാലൻ മാസ്റ്റർ ഉള്ളിയേരി സംഘത്തിന്റേയും ശ്രീസുരേഷബാബു ആലംങ്കോട് കുന്നത്തറ സംഘത്തിന്റേയും പ്രസിഡണ്ടുമാരാണ്. കുന്നത്തറ സംഘത്തിൽ 857പേർക്കും, ഉള്ളിയേരി സംഗത്തിൽ 253പേർക്കും അംഗത്വമുണ്ട്. ക്ഷീര വികസന വകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന ഉള്ളിയേരി സംഘത്തിൽ പ്രതിദിനം 60ലിറ്റർ പാൽ സംഭരിച്ച് പ്രാദേശിക വില്പന നടത്തുന്നു. കുന്നത്തറ

സംഘം ആനന്ദ് മാതൃകയിൽ രൂപീകരിച്ചതും മിൽമയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതുമാണ്. ഇവിടെ പ്രതി ദിനം 80 ലിറ്റർ പാൽസംഭരിച്ച് 60 ലിറ്റർ മിൽമയ്ക്ക് അയയ്ക്കുകയും 20 ലിറ്റർ പാൽ പ്രാദേശിക വില്പന നടത്തുകയും ചെയ്യുന്നു. മിൽമാ ഫാക്ടറിയിൽ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റ കർഷകർക്ക് സബ്സിഡി നിരക്കിൽ സംഘത്തിലൂടെ വിതരണം ചെയ്യുന്നു. 1992ൽ ആരംഭിച്ച ഒരു കൃത്രിമ ബീജാദാന ഉപകേന്ദ്രം കുന്നത്തറ സംഘത്തിൽ പ്രവർത്തിക്കുന്നതോടൊപ്പം ആത്യാവശ്യമരുന്നുകളുടെ വിതരണവും നടക്കുന്നു. ആഴ്ചയിലൊരു ദിവസം മൃഗഡോക്ടറുടെ സേവനം സംഘത്തിലൂടെ കർഷകർക്ക് ലഭിക്കുന്നുണ്ട്. ക്ഷീര വികസന വകുപ്പ് സബ്സിഡി ഇനത്തിൽ നൽകുന്ന പുൽവിത്ത്, മീനെണ്ണ, കാറ്റിൽ മിൻ തുടങ്ങിയവ വിതരണം ചെയ്യുന്നുമുണ്ട്. ഒരു നാടൻ ക്ഷീരോല്പാദന നിർമ്മാണ യൂണിറ്റ് സംഘത്തിന് കീഴിൽ പ്രവർത്തന സജ്ജമാണ്.

1988 നവംബർ മാസത്തിൽ സർക്കാർ മൃഗാശുപത്രി മുണ്ടോത്ത് സ്ഥാപിക്കപ്പെട്ടു. എല്ലാഭാഗത്തുമുള്ള കർഷകർക്ക് എത്താവുന്ന സ്ഥലത്താണ് ആശുപത്രി പ്രവർത്തിക്കുന്നത്. ഒരു ഡോക്ടറും, ഒരു അറ്റൻഡറും മാത്രമുള്ള മൃഗാശുപത്രി ഒരു വാടകകെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. കൃത്രിമി ബീജസങ്കലന സൗകര്യങ്ങൾ വന്നതോട് കൂടി അത്യുല്പാദനശേഷിയുള്ള സങ്കരയിനം പശുക്കൾ പഞ്ചായത്തിൽ വ്യാപകമായി. മൃഗാശുപത്രിയിൽ നിന്നും, കുന്നത്തറ സംഘത്തിൽ പ്രവർത്തിക്കുന്ന കൃത്രിമ ബീജാദാന ഉപകേന്ദ്രം വഴിയും കർഷകർക്ക് ഏറെ പ്രയോജനം ലഭിയ്ക്കുന്നുണ്ട്.

പട്ടിക 1

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തു മൃഗങ്ങൾ	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു	1433	420	16
കിടാരി/ കന്നുകുട്ടി	740	223	48

80 പഞ്ച വത്സര പദ്ധതികാലത്ത് മൃഗസംരക്ഷണ വകുപ്പ്, ഒട്ടേറെ പരിപാടികൾ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. 1993–95കാലയളവിൽ 1000ൽ അധികം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. കന്നൂരിൽ പ്രവർത്തിക്കുന്ന എഗ്ഗർ നഴ്സറിയിൽ നിന്ന് വർഷം തോറും 3000 കോഴിക്കുഞ്ഞുങ്ങളെ ജില്ലയിലെ വിവിധ പദ്ധതികൾക്കായി നൽകി. കോളനി പ്രദേശങ്ങളിൽ ആട്ടിൻകുട്ടി വിതരണവും കീടാരി വിതരണവും നടത്തി. ബാക്ക് യാർഡ് പൗൾട്രി പദ്ധതി എളങ്കോട്ടുമ്മൽ കോളനിയിൽ നടപ്പിലാക്കി. കാലിവസന്ത നിർമ്മാർജ്ജന പദ്ധതി, പേവിഷബാധം നിർമ്മാർജ്ജന പദ്ധതി എന്നിവ നടപ്പിലാക്കി. കർഷകസംഗമം, സെമിനാർ, ഗോരക്ഷാ കേമ്പുകൾ എന്നിവ സംഘടിപ്പിച്ചു.

പട്ടിക 2

പേവിഷബാധ–പ്രതിരോധവും ചികിത്സയും 95–96 ||

വിവരം	പശു	എരുമ	ആട്	പട്ടി	മറ്റുള്ളവ
പ്രതിരോധ കുത്തിവെപ്പ് നൽകിയവയുടെ എണ്ണം	–	–	–	20	–
കടിയേറ്റതിന് ശേഷം കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം	4	–	3		–

പഞ്ചായത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും ആടുമാട് വളർത്തലിന് അനുയോജ്യമാണ്. ഭൂവിഭവങ്ങൾ പ്രയോജനപ്പെടുത്താൻ കർഷകർക്ക് കഴിയുന്നില്ല എന്നതാണ് വാസ്തവം. പാവപ്പെട്ട കുടുംബങ്ങളധികവും ആടുവളർത്തുമായി ബന്ധപ്പെടുന്നു. ദരിദ്രരുടെയും, തൊഴിൽ രഹിതരുടെയും പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്നാണ് ആടുവളർത്തൽ. തൊഴിൽ രഹിതരായ വീട്ടമ്മമാർ ഏറെയും ആടുവളർത്താൻ താല്പര്യമുള്ളവരാണ്. സമ്പന്നകർഷകരിൽ ഒരു വിഭാഗവും, ഇടത്തരക്കാരും, പശുവളർത്തുന്നതായി കാണാം. നാടൻ പശുക്കൾക്ക് പുറമെ സങ്കരയിനമായ ജഴ്സി, ജഴ്സിക്രോസ്സ്, ബ്രൗൺസ്വിസ്സ് ക്രോസ്സ്-ഹോസ്റ്റീൻ, സുനന്ദിനി എന്നീവർഗ്ഗത്തിൽപെട്ട പശുക്കളെയും കർഷകർ വളർത്തുന്നു. ഏകദേശം 70%വീടുകളിലും കോഴിവളർത്തലുണ്ട്. തൊഴിൽ രഹിതരായ ചെറുപ്പക്കാരിലൊരുഭാഗം കോഴിവളർത്തുയൂണിറ്റ് തുടങ്ങുന്നതിനും വിപണത്തിനുമായി തയ്യാറായിട്ടുണ്ട്.

രോഗങ്ങൾ

വളർത്ത് മൃഗങ്ങളിലും, പക്ഷികളിലും പ്രധാനമായി കണ്ട് വരുന്ന രോഗങ്ങൾ ദഹനസംബന്ധമായവ, പരാദരോഗങ്ങൾ, പ്രത്യുല്പാദ വ്യവസ്ഥയുമായി ബന്ധപ്പെട്ടവ, ധാതുലവണങ്ങളുടെ അഭാവം മൂലമുള്ളവ, ത്വക്രോഗങ്ങൾ, ശ്വാസകോശ സംബന്ധമായവ, അകിടുവീക്കം, മുടന്തൻ പനി, വന്ധ്യത, ഉപാപചയ സംബന്ധമായവ എന്നിവയാണ്.

പട്ടിക 3

വളർത്തു മൃഗങ്ങളുടെ രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പട്ടി	കോഴി	താറാവ്
1	ദഹനസംബന്ധമായവ	879	3	483	7	242	
2.	ശ്വാസകോശസംബന്ധം	213		43		289	3
3.	ഉപാപചയസംബന്ധം	39		17			
4.	ത്വക് രോഗങ്ങൾ	227		13			
5.	ധാതുലവണങ്ങളുടെ അഭാവം	386		174	2	21	
6.	പരാദരോഗങ്ങൾ	1071		43		12	
7.	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	438	2	32			
8.	വന്ധ്യത	21					
9.	അകിടുവീക്കം	139		27			
10.	മുടന്തൻ പനി	24					
11.	പകർച്ചവ്യാധികൾ					185	

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ ക്ഷീരസഹകരണസംഘങ്ങൾ ആരംഭിച്ച് ഉല്പാദന, വിപണന സൗകര്യം വർദ്ധിപ്പിക്കുക.

2. സംഘം രൂപീകരണത്തിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുക.

3. നിലവിലുള്ള സംഘങ്ങളുടെ കീഴിൽ മിൽക് കളക്ഷൻ സെന്ററുകൾ ആരംഭിക്കുക.

4. കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ വിവിധ ധനകാര്യ ഏജൻസികളിൽ നിന്നും (ബാങ്കുകൾ) ധനസഹായവും സബ്സിഡിയും ലഭ്യമാക്കുക.

5. പുൽകൃഷി വ്യാപിപ്പിക്കുന്നതിന് കൃഷിഭവൻമുഖേന പദ്ധതി തയ്യാറാക്കി കർഷകർക്ക് പരിശീലനവും, സൗകര്യവും ഏർപ്പെടുത്തുക.

6. ജില്ലയിൽ സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ കോഴിത്തീറ്റ ഫാക്ടറികൾ സ്ഥാപിച്ച് കർഷകർക്ക് കുറഞ്ഞവിലക്ക് തീറ്റ ലഭ്യമാക്കുക.

7. ക്ഷീര വികസന വകുപ്പിന്റെ ബ്ളോക്ക് തല ഓഫീസിൽ നിന്നുള്ള സേവനം ഫലപ്രദമായ രീതിയിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൈക്കൊള്ളുക.

8. മുഴുവൻ കർഷകരെയും സഹകരണസ്ഥാപനങ്ങൾക്ക് കീഴിൽ കൊണ്ട് വന്ന് മിൽമയും ക്ഷീരവികസനവകുപ്പും നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രയോജനം അവർക്ക് ലഭ്യമാക്കുക.

9. മൃഗാശുപത്രി സബ്സെന്റർ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി രോഗപ്രതിരോധ നടപടികൾ ഊർജ്ജിതമാക്കുക. ആവശ്യമുള്ള സ്ഥലത്ത് പുതിയ സബ്സെന്റർ തുടങ്ങുക.

10. സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കി സങ്കരയിനം കന്നുകുട്ടി വിതരണം, തീറ്റപ്പുൽ വിത്ത് വിതരണം, പോഷകാഹാര വിതരണം, കാലിത്തീറ്റ വിതരണം, അത്യാവശ്യ മരുന്നുകളുടെ വിതരണം തുടങ്ങിയവ സംഘങ്ങളിലൂടെ നടത്തുക.

11. ഓരോ വർഷവും ക്ഷീരവികസന രംഗത്തെ നൂതന പ്രവണതകൾ ചർച്ചചെയ്യുന്നതിന് സെമിനാറുകൾ സംഘടിപ്പിക്കുകയും ബോധവൽക്കരണ ക്ളാസുകൾ നൽകുകയും ചെയ്യുക.

12. സഹകരണസംഘങ്ങളുടെ ആഭിമുഖ്യത്തിൽ കന്നുകാലിച്ചന്തയും കന്നുകാലി കന്നുകുട്ടി പ്രദർശനവും മത്സരങ്ങളും സംഘടിപ്പിക്കുക.

13. കന്നുകാലികൾക്കും കർഷകർക്കും ഇൻഷൂറൻസ് സൗകര്യം വ്യാപകമായി ലഭ്യമാക്കുക.

14. സംഘങ്ങളിൽ രണ്ടുവർഷത്തിലധികം തുടർച്ചയായി പാലളക്കുന്ന കർഷകർക്ക് പെൻഷൻ അനുവദിക്കുക.

15. മൂന്നുമാസത്തിലൊരിക്കൽ കർഷകസംഗമം നടത്തി വിവിധ പ്രശ്നങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തുക.

16. കൃത്രിമ ബീജദാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. മൃഗാശുപത്രിക്കും ബീജധാന ഉപകേന്ദ്രത്തിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ കെട്ടിടം പണിയുക.

17. കന്നുകുട്ടി പരിപാലന പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുക.

18. നാടൻ പശുക്കളുടെ പ്രജനനം ത്വരിതപ്പെടുത്തുക. കർഷകർക് കറവ പരിശീലനം നൽകുക.

19. മിനി ഡയറി യൂണിറ്റുകൾ ആരംഭിക്കുക.

20. പാലിന്റെയും ഉപോല്പന്നങ്ങളുടേയും വില വർദ്ധിപ്പിക്കുക.

21. ചാണക സംഭരണ സംസ്കരണ വിപണന യൂണിറ്റ് ആരംഭിക്കുക.

22. ഗോരക്ഷാ ക്യാമ്പുകൾ വാർഡുകൾ തോറും സംഘടിപ്പിക്കുക.

23. ആഴ്ചയിൽ ഒരു നിശ്ചിത സമയത്ത് സംഘങ്ങളിലൂടെ മൃഗഡോക്ടറുടെ സേവനം കർഷകർക്ക് ലഭ്യമാക്കുക.

24. ഓരോ കുടുംബത്തിനും പത്തുവീതം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത് അടുക്കളമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക.

25. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ വിരിയിക്കുന്ന ഹാച്ചറി ബ്ളോക്കടിസ്ഥാനത്തിലെങ്കിലും സ്ഥാപിക്കുക.

26. അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതിചെയ്യുന്ന ചണ്ടിക്കോഴിവിതരണം നിരോധിക്കുക.

27. ഇറക്കുമതി ചെയ്യുന്ന കോഴികൾക്ക് നികുതി വർദ്ധിപ്പിക്കുക.

28. കോഴിത്തീറ്റ നികുതി കുറക്കുക.

29. കോഴിത്തീറ്റ നിർമ്മാണ കേന്ദ്രം ബ്ളോക്കടിസ്ഥാനത്തിൽ ആരംഭിക്കുക കുറഞ്ഞ വിലക്ക് തീറ്റലഭ്യമാക്കുക.

30. മുയൽ വളർത്തൽ, പന്നിവളർത്തൽ, താറാവ് വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുക.

31. സമ്മിശ്ര കൃഷിരീതി നടപ്പിലാക്കുക.

32. മൃഗചികിത്സയിലെ നാട്ടറിവ് ഉപയോഗപ്പെടുത്തുക.

33. സങ്കരയിനം പശുക്കളുടെ ഉല്പാദനക്ഷമത കൂട്ടുവാൻ പ്രീമിയം ബുൾ സെമൻ പദ്ധതി മൃഗാശുപത്രിയിലൂടെയോ സംഘങ്ങളിലൂടെയോ കർഷകന് സൗജന്യമായി വിതരണം ചെയ്യുക.

34. മൃഗാശുപത്രിയിലൂടെ ലാഭകരവും പ്രയോജനപ്രധവുമായ സമ്പ്രദായങ്ങൾ ശാസ്ത്രീയ രീതികൾ എന്നിവ സംബന്ധിച്ച് ലഘുപുസ്തകങ്ങളും വിവരണങ്ങളും കർഷകന് സൗജന്യമായി വിതരണം ചെയ്യുക.

35. വൈക്കോൽ സംപുഷ്ടീകരണം വ്യാപകമാക്കുക.

36. പേപ്പട്ടി വിഷബാധ തടയാൻ നടപടി ഊർജ്ജിതമാക്കുക.

37. അലഞ്ഞ് തിരിയുന്ന പട്ടികളെ കൊന്ന് കുഴിച്ച് മൂടുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുക.

38. നായകൾക്ക് നിർബന്ധമായും ലൈസൻസ് ഏർപ്പെടുത്തുക.

39. ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റുകൾ

തുടങ്ങാൻ ധനസഹായവും, സബ്സിഡിയും നൽകുക.

40. മൃഗാശുപത്രി, സബ്സെന്റർ, സഹകരണ സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ഫർണ്ണിച്ചറും ഉപകരണങ്ങളും നൽകുക. ആവശ്യമുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് ഫലപ്രദമായ സേവനം കർഷകർക്ക് ലഭ്യമാക്കുക.

സാദ്ധ്യതകൾ

■പഞ്ചായത്തിലെ മുണ്ടോത്ത്, തെരുവത്ത് കടവ്, കുന്നത്തറ, പുത്തഞ്ചേരി, ഉള്ളിയേരി 19 എന്നീസ്ഥലങ്ങളിൽ ക്ഷീരസഹകരണ സംഘങ്ങൾ തുടങ്ങാവുന്നതാണ്.

■കുറ്റിച്ചെടികളും, പുല്ലും, വള്ളിപ്പടർപ്പുകളും നിറഞ്ഞവിശാലമായ കുന്നിൻ മണ്ടകളും, ചെറിയ ചെരിവുകളുമുള്ള ഭൂപ്രകൃതിയും, വിഭവങ്ങളും ആട്മാട് വളർത്തലിന് ഉപയോഗിക്കാവുന്നതാണ്.

■നെൽകൃഷിക്ക് അനുയോജ്യമല്ലാത്ത പാഴ് നിലങ്ങളിൽ പുൽകൃഷി നടത്താവുന്നതാണ്.

■ജില്ലയുടെ കേന്ദ്രബിന്ദുവും രണ്ട് സ്റ്റേറ്റ് ഹൈവേകൾ സംഗമിക്കുന്നതുമായ ഉള്ളിയേരിയിൽ ജില്ലാതലത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന മൃഗപരിപാലന പരിശീലനകേന്ദ്രം സ്ഥാപിക്കാവുന്നതാണ്.

■ ജില്ലാതലത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സഹകരണമേഖലയിൽ ഉള്ളിയേരിയിൽ തുടങ്ങാവുന്നതാണ്.

■നിലവിലുള്ള സംഘങ്ങളുടെ പരിധിയിൽപ്പെടുന്ന കന്നൂർ, ആനവാതിൽ, ഉള്ളിയേരി 19, തെരുവത്ത് കടവ് എന്നീ സ്ഥലങ്ങളിൽ മിൽക്ക് കളക്ഷൻ സെന്ററുകൾ ആരംഭിക്കാവുന്നതാണ്.

■1,2,4 വാർഡുകളിലെ കർഷകർക്ക് ഉപകാരപ്രദമാക്കുവാനായി ഉള്ളിയേരി U.Pസ്കൂളിന് സമീപം ഒരു സബ്സെന്റർ തുറക്കാവുന്നതാണ്.

■ശാസ്ത്രീയമായ ബീജസങ്കലന പരിപാടി നടപ്പിലാക്കുന്നതിനും, കർഷകരെ ബോധവൽക്കരിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട അഭ്യസ്തവിദ്യരും, തൊഴിൽ രഹിതരുമായ യുവാക്കൾക്ക് പരിശീലനം നൽകാവുന്നതാണ്.

■ബാങ്ക് വായ്പാ, സർക്കാർ ധനസഹായം, ഗുണഭോക്താവിന്റെ വിഹിതം,എന്നിവ ചേർത്ത് കുറഞ്ഞത് 3 പശുക്കളെങ്കിലുമുള്ള മിനിഡയറി യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

■പാവപ്പെട്ടവന്റെ പശുവായി അറിയപ്പെടുന്ന ആടിനെ കോളനികളിൽ തീമസക്കാരായ തൊഴിൽ രഹിച സ്ത്രീകൾക്കും, മറ്റ് ഭാഗങ്ങളിലുള്ള പാവപ്പെട്ട സ്ത്രീകൾക്കും നൽകി ജീവനോപാധി വർദ്ധിപ്പിക്കാവുന്നതാണ്.

■കോഴി വളർത്തലും, മുട്ട ഉല്പാദനവും കൂട്ടുവാൻ തെരഞ്ഞെടുക്കപ്പെടുന്ന തൊഴിൽ രഹിത യുവാക്കൾക്ക് എഗ്ഗർ നഴ്സറിയും കോഴി വളർത്ത് യൂണിറ്റും തുടങ്ങാൻ ധനസഹായം ലഭ്യമാക്കാവുന്നതാണ്.

■പ്രത്യുല്പാദന നിരക്ക് കൂടുതലായ മുയൽ വളർത്തലും പന്നിവളർത്തലും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

■പഞ്ചായത്തിന്റെ ഏകദേശം 3 ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടിരിക്കുന്നതിനാൽ താറാവ് വളർത്തൽ വളരെ ആദായകരമാണ്. പുത്തഞ്ചേരി,ഒള്ളൂർ,കണയങ്കോട്,ചിറ്റാരിക്കടവ് തുടങ്ങിയ പ്രദേശങ്ങളിൽ താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതും, ആവശ്യമായ പരിശീലനവും, സൗകര്യങ്ങളും നൽകേണ്ടതുമാണ്.

■ഓരോ കുടുംബത്തിനും 5 വീതം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ നൽകി അടുക്കളമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കാൻ സാധിക്കുന്നതാണ്.

■ സഹകരണാടിസ്ഥാനത്തിൽ ആട് വളർത്തൽ യൂണിറ്റ് തുടങ്ങി മാംസ സംസ്ക്കരണ വിപണനസംഘങ്ങൾ ഉണ്ടാക്കാം.

■ശുദ്ധമായ മാംസം ലഭ്യമാക്കാൻ ശാസ്ത്രീയമായ അറവ് സമ്പ്രദായം നടപ്പിലാക്കാവുന്നതും, അനധികൃത കശാപ്പ് നിർത്തൽ ചെയ്യാവുന്നതുമാണ്.

■ഉള്ളിയേരി ബസ് സ്റ്റാന്റിൽ ഒരു മിൽമാ മിൽക് പാർലർ തുടങ്ങാവുന്നതാണ്.


■അലഞ്ഞുതിരിയുന്ന നായ്ക്കളെ കൊന്ന് കുഴിച്ചുമൂടുന്നതിന് തൽപരരായ നാലോ അഞ്ചോ അംഗങ്ങൾക്ക് പരിശീലനം നൽകി ദിവസക്കൂലിക്ക് നിശ്ചയിക്കാവുന്നതാണ്.

■മിണ്ഡാപ്രാണികളായ വളർത്തുമൃഗങ്ങളോടുള്ള ക്രൂരത അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

■ഒരു ജൈവ വള നിർമ്മാണ യൂണിറ്റ് തുടങ്ങാവുന്നതാണ്.

■സ്ത്രീപുരുഷ ഭേദമന്യേ അനന്തമായ തൊഴിൽ സാദ്ധ്യതയുള്ളതും സമ്പദ്ഘടന പുഷ്ടിപ്പെടുത്താൻ പ്രദാന പങ്കുവഹിക്കുന്നതുമായ മൃഗസംരക്ഷണമേഖലയ്ക്ക് ഊന്നൽ നൽകി വികസനരംഗത്ത് ഒരു കുതിച്ചുചാട്ടം നടത്താൻ ഒമ്പതാം പദ്ധതികാലത്ത് പഞ്ചായത്തിൽ ' ധവള വിപ്ലവം ആരംഭിക്കാവുന്നതാണ്'

മത്സ്യബന്ധനം



ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ ഭൂപ്രകൃതിപോലെ, നമ്മുടെ പഞ്ചായത്ത് മൂന്ന് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്നു. ഏതാണ്ട് 14 കീമി. നീളത്തിൽ നമ്മുടെ ഉള്ളിയേരി പഞ്ചായത്ത് കോരപ്പുഴയുടെ വിവിധ ഭാഗങ്ങളോട് തൊട്ട് കിടക്കുന്നു. ഈ പുഴ ഉള്ളോട്ട് കയറിക്കിടക്കുന്ന കുന്നത്താംബണ്ട് പ്രദേശം, പുത്തഞ്ചേരി കെട്ട് കടുക്കേയിമുട്ട്, തട്ടാറക്കൽ താഴ, ചുള്ളിക്കൽ താഴ, കരിമ്പനക്കൽ താഴ എന്നീ പ്രദേശങ്ങളും 78 ഓളം കുളങ്ങളും അടങ്ങുന്നതാണ് നമ്മുടെ ജലസമ്പത്ത് ഇതിൽ പുഴമാത്രം 221.8 ഏക്കർ ഉണ്ട്.

ആഴക്കടൽ മത്സ്യബന്ധനത്തിന് കമ്പ്യൂട്ടറുകളുടെ സഹായത്തോടെയുള്ള ആധുനിക സജ്ജീകരണങ്ങൾ വികസിച്ച് വന്നിട്ടുണ്ടെങ്കിലും, നമ്മുടെ ഉൾനാടൻ മത്സ്യബന്ധന രീതിചെറിയ ചില പരിഷ്ക്കാരങ്ങളോടെ പരമ്പരാഗത രീതിയിൽ തന്നെയാണ്. വെള്ളക്കയർ, വെശകെട്ടൽ, ചളിവാരിയെറിഞ്ഞ് തപ്പിപ്പിടിക്കൽ, ഓറാൽ ഉപയോഗിച്ച് മീൻ പിടിക്കൽ, വീശുവല ഉപയോഗിച്ചുള്ളത്, പിടിവല, ചൂണ്ടൽ, കണ്ടാടി എന്നീ രീതികൾ വ്യാപകമായില്ലെങ്കിലും ഇപ്പോഴും തുടരുന്നു. മുമ്പ്കാലത്ത് നഞ്ച്കലക്കിയും, തോട്ടത്തിര പൊട്ടിച്ചും മീൻ പിടിക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. മത്സ്യസമ്പത്തിന്റെ നാശത്തിന് കാരണമാവുന്നതുൾപ്പെടെ ഒട്ടേറെ ദൃഷ്യവശങ്ങൾ ഇതിനുണ്ടായിരുന്നു. ബഹുജനങ്ങളുടെ ജാഗ്രതമൂലം ഈ ഏർപ്പാട് അവസാനിച്ചിരിക്കുകയാണ്. പുതിയ സമ്പ്രദായം എന്ന് പറയാവുന്നത് വിവിധതരം കോരുവല ഉപയോഗിച്ചുള്ള മത്സ്യബന്ധനമാണ്.

മുമ്പ്കാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ രാത്രികാലങ്ങളിൽ മീൻപിടിച്ച്, പിറ്റേന്ന് കാലത്ത് ഇതിൽ നല്ല മത്സ്യങ്ങൾ നാട്ടുപ്രമാണിമാരുടെ പടിക്കൽ കാഴ്ചവെക്കണമായിരുന്നു. ഇതിന് പ്രതിഫലമായി കിട്ടുക എന്തെങ്കിലും തുച്ഛമായ ഉല്പന്നങ്ങളായിരുന്നു. മുമ്പ് കാലത്ത് ഒരു കുലത്തൊഴിൽ എന്നനിലയ്ക്ക് 'മുകയ' സമുദായക്കാരും ചുരുക്കം ചില പട്ടിക ജാതിക്കാരായ തൊഴിലാളികളും ആയിരുന്നു ഈ രംഗത്ത് ഉണ്ടായിരുന്നത്. ഇന്ന് ഏറെക്കുറെ എല്ലാ വിഭാഗങ്ങളിൽ പെട്ടവരും ഈ രംഗത്ത് ജോലി ചെയ്യുന്നുണ്ട്.

ഇരമീൻ (കരിമീൻ, ചിറാൻ), മാലാൻ, വരട്ട, ചെമ്പല്ലി, പൂമീൻ, ഏരി, വാഴപൊത്തൻ, കണ്ടങ്കോലി, ക്രൂരാൻ, ഏട്ട (വെള്ള, മഞ്ഞ) ആരൽ, മണിഞ്ഞിൽ, പുശാൻ, മാന്തള്, കൊഞ്ചൻ, ഞെണ്ട്, ഇരുന്ത് എന്നിവയാണ് നമ്മുടെ നാട്ടിൽ കണ്ടുവരുന്ന ഓരു ജല മത്സ്യങ്ങൾ. ഇതിൽ പൂമീൻ എന്ന ഇനം ഇപ്പോൾ കാണാനില്ല. മുമ്പ് കാലത്ത് പുതുമഴക്ക് പുഴയിൽ വെള്ളമെത്തുമ്പോൾ പൂമീൻ ചാട്ടം ഒരു രസകരമായ കാഴ്ചയായിരുന്നു. ഇവ കൂടാതെ മത്സ്യങ്ങളെ തിന്ന് ജീവിക്കുന്ന നീർനായയെയും ഇപ്പോൾ വിരളമായേ കാണുന്നുള്ളൂ. ശുദ്ധ ജലമത്സ്യങ്ങളായി നമ്മുടെ പ്രദേശത്തെ കുളങ്ങളിൽ പ്രധാനമായി കണ്ടുവരുന്നവയാണ് ബ്രാൽ, കടു, മുഴു എന്നിവ. നമ്മുടെ പ്രദേശത്ത് സാധാരണയായി കിട്ടിക്കൊണ്ടിരിക്കുന്ന പ്രധാന കടൽ മത്സ്യങ്ങൾ അയില, മത്തി, മുള്ളൻ, മാന്തൾ, ചെമ്മീൻ, തെരണ്ടി, സ്രാവ്, കോര, ചൂള, അയക്കൂറ ആകോലി; എട്ട തുടങ്ങിയവാണ്. അടുത്തകാലത്ത് കേരളത്തിന്റെ പലയിടങ്ങളിലും വ്യാപിച്ചിരുന്ന ഒരു പ്രത്യേകതരം രോഗം നമ്മുടെ പ്രദേശത്തെ ജലാശയങ്ങളിലെ മത്സ്യങ്ങൾക്കും ബാധിച്ചിരുന്നു.

നമ്മുടെ നാട്ടിലെ മാംസഭുക്കുകളുടെ ഒരു പ്രിയപ്പെട്ട ആഹാരം എന്ന നിലയ്ക്ക് പുഴമത്സ്യങ്ങളുടെ വിപണനത്തിന് പ്രശ്നങ്ങളൊന്നുമില്ല. വിദേശ മാർക്കറ്റിൽ വൻഡിമാന്റുള്ള ചെമ്മീൻ ഇനങ്ങൾ നാട്ടുമ്പുറങ്ങൾക്ക് അന്യമായിക്കൊണ്ടിരിക്കുകയുമാണ്. പഴയകാലത്ത് കടൽ മത്സ്യങ്ങൾ മാത്രമായിരുന്നു ഈ രംഗത്തുണ്ടായിരുന്നത്. ഇന്നാവട്ടെ കാവണ്ടത്തിന്റെ സ്ഥാനത്ത് ടുവീലറുകളും, മാരുമോട്ടോർ വാഹനങ്ങളും വ്യാപകമായി ഉപയോഗിക്കുന്നു. മാത്രമല്ല എല്ലാ വിഭാഗം ആളുകളും ഇരംഗത്തു

ണ്ടതാനും.

ഉൾനാടൻ പ്രകൃതിദത്ത മത്സ്യസമ്പത്ത് ക്രമാനുഗതമായി കുറഞ്ഞുവരുന്നതായിക്കാണാം. എന്നാൽ ഏറെ സാദ്ധ്യതകളുള്ള വിവിധതരം മത്സ്യകൃഷി വേണ്ടത്ര വളർന്നു വരുന്നില്ല. ഇവിടെയാണ് മത്സ്യകൃഷിവ്യാപകമാക്കേണ്ടതിന്റെ ആവശ്യകത ഉയർന്ന് വരുന്നത്. നമ്മുടെ പഞ്ചായത്തിൽ ഓരു ജലമത്സ്യകൃഷിക്കും, ശുദ്ധജല മത്സ്യകൃഷിക്കും പറ്റിയ നിരവധി ജലശേഖരങ്ങളുണ്ട്. അവ ഉപയോഗിച്ച്, നടപ്പിലാക്കിയാൽ, മത്സ്യസമ്പത്ത് വർദ്ധിക്കുകയും, മത്സ്യത്തൊഴിൽ രംഗത്തെ മാന്ദ്യം അവസാനിപ്പിക്കാൻ കഴിയുകയും ചെയ്യുന്നതോടൊപ്പം പഞ്ചായത്തിന് സാമ്പത്തികമായ മുതൽകൂട്ടുണ്ടാക്കുവാനും കഴിയും.

നിർദ്ദേശങ്ങളും സാദ്ധ്യതകളും:

- കുന്നത്തറ, പുത്തഞ്ചേരികെട്ട് (20 ഏക്കർ മിച്ചഭൂമി), കടുക്കേയിമുട്ട്, കരിമ്പനക്കൽ താഴ, തട്ടാറക്കൽ താഴ, മഞ്ചായക്കൽ എന്നീ ഭാഗങ്ങളിൽ ഓരു ജല/ശുദ്ധജല മത്സ്യകൃഷിക്ക് വൻസാദ്ധ്യതയുണ്ട്.
- പഞ്ചായത്തിൽ ഉള്ള ചെറുതും വലുതമായ 78 ഓളം കുളങ്ങളിൽ ശുദ്ധജലമത്സ്യകൃഷി പ്രോത്സാഹിപ്പിക്കണം. ഉള്ളിയേരി പഞ്ചായത്തിലുള്ള 200-ൽ പരം വരുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിത സൗകര്യം മെച്ചപ്പെടുത്താൻ സാമൂഹ്യക്ഷേമവകുപ്പ് ഉൾപ്പെടെയുള്ളവരും ബന്ധപ്പെട്ടവകുപ്പ് അധികൃതരും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.
- വംശനാശം വരുന്ന രീതിയിലുള്ള കൃത്രിമവല ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതികളെ കർശനമായും നിയന്ത്രിക്കണം.
- സർക്കാരും, പഞ്ചായത്തും ജനപങ്കാളിത്തത്തോടെ മത്സ്യകൃഷിരംഗത്ത് നേരിട്ട് ഇടപെടണം. ഇത് വഴി വിവിധ മത്സ്യകൃഷി വികസന ഏജൻസികളുടെ പദ്ധതികളിൽ കുടി സ്വകാര്യ വ്യക്തികൾ കയ്യടക്കുന്ന കോടിക്കണക്കിന് രൂപ യഥായോഗ്യം തിരിച്ചുവിടാൻ കഴിയും.
- കന്നൂരിലും, തെരുവത്ത് കടവിലും ഓരോ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കണം.
- മത്സ്യവിപണന രംഗത്തെ തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യം വെച്ച്കൊണ്ട് ഉള്ളിയേരി കേന്ദ്രമായി, രൂപീകരിച്ച മത്സ്യവിപണന സഹകരണ സംഘത്തിന് ആവശ്യമായ ധനസഹായം ലഭ്യമാക്കണം.
- ഉൾനാടൻ കായലിലെ മത്സ്യത്തൊഴിലാളികൾക്ക് സ്വന്തമായി തോണിയും വലയും വാങ്ങാൻ സബ്സിഡിയോടെ ധനസഹായം നൽകണം.
- മത്സ്യകൃഷി വ്യാപകമാക്കാൻ മത്സ്യക്കുഞ്ഞുങ്ങളെ യഥേഷ്ടം ലഭ്യമാക്കാൻ ബ്ലോക്ക് തലത്തിലെങ്കിലും ഒരു 'ഹാച്ചറി' സ്ഥാപിക്കണം.

പഞ്ചായത്തിൽ മത്സ്യസംഭരണ-സംസ്ക്കരണ കേന്ദ്രം സ്ഥാപിക്കാം.

ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിലാണ്
കുടികൊള്ളുന്നത്

-ഗാന്ധിജി.

വ്യവസായ മേഖല

നമ്മുടെ ഗ്രാമപഞ്ചായത്ത് വ്യാവസായിക മേഖലയിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ്. പൊതുമേഖലയിലോ, സ്വകാര്യ മേഖലയിലോ എടുത്ത് പറയത്തക്ക സ്ഥാപനങ്ങളില്ല. പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളും കുടിൽ വ്യവസായങ്ങളും തകർച്ചയെ നേരിട്ട് കൊണ്ടിരിക്കുന്നു. ഇന്ന് പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം 1976 ൽ കോസ്മോസ് എന്ന ഒരു വ്യവസായ സ്ഥാപനമായിരുന്നു. കന്നൂരിൽ ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ഒരു തീപ്പെട്ടി വ്യവസായ യൂണിറ്റും വനിതാ വ്യവസായ സംരംഭം എന്ന നിലയിൽ സഹകരണ മേഖലയിൽ പ്രവർത്തിച്ചിരുന്ന ഒരു റെഡിമെയ്ഡ് യൂണിറ്റ് തെരുവത്ത് കടവിലും ഉണ്ടായിരുന്നു. ഈ സ്ഥാപനങ്ങൾ എല്ലാം കെടുകാര്യസ്ഥത മൂലം തകർന്നുപോയി. പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ വേണ്ടി ശനിയാഴ്ച തോറും തെരുവത്ത് കടവിൽ നടന്നിരുന്ന ഗ്രാമീണ ചന്ത ഇന്ന് ഒരു ഗതകാല സ്മൃതിയായി മാറി. വ്യാവസായിക രംഗത്ത് സമൂലമായ പരിവർത്തനത്തിന് അടിയന്തിരമായും തുടക്കം കുറിക്കേണ്ടതായിട്ടുണ്ട്. സഹകരണ രംഗത്ത് നിലനിൽക്കുന്ന പരമ്പരാഗത വ്യവസായങ്ങൾ മാത്രമാണ് നമ്മുടെ പഞ്ചായത്തിന്റെ വ്യാവസായിക ഭൂപടത്തിൽ ആകെയുള്ളത്.

വ്യവസായ രംഗത്ത് പരമ്പരാഗതമായ വ്യവസായമായ കയർ മേഖലയിലെ പ്രധാന സ്ഥാപനങ്ങൾ ഇവയാണ്. നടുവണ്ണൂർ കയർ സൊസൈറ്റി, കുന്നത്തറ കയർ സഹകരണ സംഘം, പുത്തഞ്ചേരി കയർ സഹകരണ സംഘം കണയങ്കോട് കയർ വ്യവസായ കോ. ഓപ് സൊസൈറ്റി. ഈ മേഖലയിൽ 1000ത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്നു. തൊണ്ടഴുക്കുക, തൊണ്ട് തല്ലുക, കൈകൊണ്ട് ചൂടി പിരിക്കുക തുടങ്ങിയവയാണ് ഈ മേഖലയിലെ പ്രവർത്തനങ്ങൾ. ജോലി ഭാരത്തിനനുസരിച്ച് കൂലി ലഭിക്കാത്തതുകൊണ്ട് ഒട്ടേറെ തൊഴിലാളികൾ ഈ തൊഴിൽ മേഖലയിൽ നിന്ന് വിട്ടു പോകുന്നുണ്ട്. കുന്നത്തറ,കണയങ്കോട് എന്നീ സഹകരണസംഘങ്ങളിൽ ഈ അടുത്ത കാലത്ത് 100 വീതം പവർ ലൂമുകളുള്ള രണ്ട് സ്പിന്നിംഗ് യൂണിറ്റുകൾ സജ്ജമായി വരുന്നു. ഈ രംഗത്ത് പുത്തൻമാർക്കറ്റ് കണ്ടുപിടിക്കുന്നതിന്നും ആധുനിക അഭിരുചികൾക്കനുസരിച്ച് ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിനു വേണ്ടി കയർ സഹകരണ സംഘങ്ങൾ ശ്രമിക്കണം. ആധുനികവൽക്കരണം ഈ രംഗത്ത് അത്യാവശ്യമാണ്. നാറാത്ത് 4 പേർ ജോലി ചെയ്യുന്ന ഒരു കയർ ഉൽപ്പന്ന യൂണിറ്റുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായ പായ, കുട്ട നെയ്ത്ത് എന്നിവ വളരെ ചെറിയ തോതിൽ നടക്കുന്നുണ്ട്. പരമ്പരാഗത വൈദഗ്ധ്യം ആവശ്യമായ ഈ മേഖലയിലേക്ക് പുതിയ തലമുറ കടന്നുവരുന്നില്ല. കൈതോല, ഈറ മുള തുടങ്ങിയ അസംസ്കൃതവസ്തുക്കൾ വെട്ടി നശിപ്പിക്കുന്നത് മൂലം ഈ മേഖല പ്രയാസം നേരിടുന്നു. കൈതോല നശീകരണത്തിനെതിരെ പഞ്ചായത്തിൽ ബഹുജന സമരങ്ങൾ നടന്നിട്ടുണ്ട്.

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസിന്റെ നേതൃത്വത്തിൽ തെരുവത്ത് കടവിലുള്ള ഓട് നിർമ്മാണ യൂണിറ്റിൽ 40 തൊഴിലാളികൾ ഉണ്ട്. ഈ സ്ഥാപനം കാലാകാലങ്ങളിൽ അറ്റകുറ്റ പ്പണി നടക്കാത്തത് മൂലം ഉത്പാദനം മന്ദീഭവിച്ച അവസ്ഥയിലാണ്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വിപണി കണ്ടെത്താൻ കഴിയാത്തതുകൊണ്ടും തെരുവത്ത് കടവിലെ മൺപാത്ര നിർമ്മാണ യൂണിറ്റ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. D.W.C.R.A യുടെ നേതൃത്വത്തിൽ മുണ്ടോത്തുള്ള സ്ത്രീകൾ തൊഴിലെടുക്കുന്ന നോട്ട്

ബുക്ക് ബൈന്റിംഗ് യൂണിറ്റും ഗാർമെന്റ് യൂണിറ്റും എടുത്ത് പറയാവുന്നതാണ്. നാമമാത്രമായ രീതിയിൽ സോഡാ നിർമ്മാണം കോഴിവളർത്തൽ, ചെമ്മീൻ കൃഷി, ചെമ്മീൻ പീലിംഗ്, ചെരുപ്പ് നിർമ്മാണം എന്നിവ നമ്മുടെ പഞ്ചായത്തിലുണ്ട്. കുടിൽ വ്യവസായമായ പപ്പട നിർമ്മാണം മൺപാത്ര നിർമ്മാണം, ഓട്ടുപാത്രനിർമ്മാണം എന്നീ യൂണിറ്റുകൾ ഒറ്റപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

തൊഴിലാളികളുടെ കൂട്ടായ്മയിലൂടെ നടത്തുന്ന ഉള്ളിയേരിയിലെ "S" മാർക്ക് ബീഡിയിൽ 20 പേർ ജോലിചെയ്യുന്നു. ഈ സ്ഥാപനത്തിന്റെ ഉല്പന്നങ്ങൾ കമ്പോള മത്സരത്തിൽ പിടിച്ചു നിൽക്കാൻ പ്രയാസപ്പെടുന്നു.

കെട്ടിട നിർമ്മാണത്തിനാവശ്യമായ സിമന്റ് കട്ട ഉണ്ടാക്കുന്ന ഒരു യൂണിറ്റ് മുണ്ടോത്ത് പ്രവർത്തിക്കുന്നു. കുന്നത്തറയിൽ 8 തൊഴിലാളികൾ ഉള്ള ഒരു കരകൗശലനിർമ്മാണ യൂണിറ്റ് ഉണ്ട്. ഉള്ളിയേരി മുക്കിൽ പേപ്പർ കവർ, റെക്സിൻ ബേഗ്, സോഫാ കം ബെഡ്, ബേക്കറി ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്നുണ്ട്.

ഉള്ളിയേരിയിലും തെരുവത്തക്കടവിലും ഖാദി ബോർഡിന്റെ കീഴിലുള്ള നൂൽ നൂൽപ്പ് കേന്ദ്രങ്ങളിൽ തൊണ്ണൂറ് വനിതാ തൊഴിലാളികൾ പ്രവർത്തിച്ചു വരുന്നു. ജോലി ഭാരത്തിനനുസരിച്ച് വേതനം ലഭിക്കുന്നില്ല.

ഉള്ളിയേരി ഗ്രാമപഞ്ചായത്തിലെ വളരെ പ്രധാനമായ ഒരു വ്യവസായമാണ് തടി വ്യവസായം. ഇതിന്റെ അനുബന്ധ വ്യവസായങ്ങളും ഈ മേഖലയിലുണ്ട്. ഒരു ചകരി ഡീ ഫൈബറിംഗ് യൂണിറ്റും അതിനോടനുബന്ധിച്ച് ഒരു ജൈവവള നിർമ്മാണ ശാലയും, സ്വകാര്യ വ്യക്തിയുടെ കീഴിൽ കണയങ്കോട് പ്രവർത്തിക്കുന്നു. ഉള്ളിയേരി മുക്കിനെ കേന്ദ്രീകരിച്ച്കൊണ്ട് 7 മെറ്റൽ ഇൻഡസ്ട്രീയൽ സ്ഥാപനങ്ങളുണ്ട്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി കരിങ്കൽ ജെല്ലി നിർമിക്കുന്ന ഒട്ടേറെ യൂണിറ്റുകളുമുണ്ട്. ഈ രംഗത്ത് സ്ത്രീ തൊഴിലാളികൾ ആധിപത്യം പുലർത്തുന്നു. ചെറുകിട മേഖല പ്രാഥമിക മേഖലയായ നാളീകേരം, മരം, കയർ എന്നിവയെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്.

ആധുനിക വ്യവസായ യൂണിറ്റായ P.V.C പൈപ്പ് നിർമ്മാണം സ്വകാര്യ മേഖലയിൽ മുണ്ടോത്ത് പ്രവർത്തിക്കുന്നു. ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന യൂണിറ്റിൽ 3 തൊഴിലാളികളേയുള്ളു.

ഏതാണ്ട് 600 ൽ പരം തൊഴിലാളികൾ ജോലിചെയ്യുന്ന കുന്നത്തറ ടെക്സ്റ്റൈൽസ് അത്തോളി പഞ്ചായത്തിലാണെങ്കിലും തൊഴിലാളികൾ ഏതാണ്ട് പകുതിപേരും ഉള്ളിയേരി പഞ്ചായത്തുകാരാണ്. 3 വർഷമായി കമ്പനി പൂട്ടിക്കിടക്കുന്നു.

ഈ പഞ്ചായത്തിൽ I.R.D.P ഗുണഭോക്താക്കളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരുന്നതായി കാണുന്നു. 93-94 ൽ എൺപത്താറ് കുടുംബങ്ങൾക്ക് സഹായം ലഭിച്ചപ്പോൾ തുടർന്നു വന്ന വർഷങ്ങളിൽ ഗുണഭോക്താക്കളുടെ എണ്ണം പകുതിയായി കുറഞ്ഞു. 95-96 ൽ നാൽപത്തിനാല് കുടുംബങ്ങൾക്ക് മാത്രമാണ് ധനസഹായം ലഭിച്ചത്. I.R.D.P സഹായം നേടി വ്യവസായ രംഗത്തേക്ക് വരാനുള്ള ഗുണഭോക്താക്കളുടെ വിമുഖതയാണ് ബന്ധപ്പെട്ട സർക്കാർ ഏജൻസികൾ ചൂണ്ടിക്കാണിക്കുന്നത്. ഗ്രാമീണ ജനങ്ങൾക്കുള്ള സ്വയം തൊഴിൽ പദ്ധതി പ്രകാരം കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ആർക്കും തൊഴിൽ പരിശീലനം ലഭിച്ചതായോ, തൊഴിൽ കണ്ടെത്തിയതായോ കാണുന്നില്ല. ഇത് ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഗ്രാമീണ പരമ്പരാഗത കൈത്തൊഴിൽ നവീന ഉപകരണപദ്ധതി പ്രകാരം സഹായം കിട്ടുന്ന കുടുംബങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണുന്നു.

പഞ്ചായത്തിന്റെ മൂന്ന് ഭാഗത്ത് പുഴയും ഹൃദയഭാഗത്തിലൂടെ കടന്നുപോവുന്ന രണ്ട് സംസ്ഥാന ഹൈവേകളും ഉണ്ടായിട്ടും വ്യാവസായിക പുരോഗതി കൈവരിക്കാത്തതിന് ഒട്ടേറെ പ്രയാസങ്ങൾ നേരിടുന്നു. 25.6 ചതുരശ്ര കിലോ മീറ്റർ വിസ്തീർണ്ണവും 27805 ജനസംഖ്യയും 5233 വീടുകളും ഉള്ള പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിപണി ഉണ്ടായിട്ടും പ്രസ്തുത ഉൽപന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്ന ഒരു വ്യവസായ യൂണിറ്റു പോലും വളർന്ന് വരാത്തത് ഗൗരവമായി നാം പരിശോധിക്കണം. സാംസ്ക്കാരിക

വിദ്യാഭ്യാസരംഗത്തെ ഉയർന്ന ബോധവും മനുഷ്യ വിഭവശേഷിയും ആധുനികശാസ്ത്ര സാങ്കേതിക നേട്ടങ്ങളും വാർത്താവിനിമയരംഗത്തെ കുതിച്ചു ചാട്ടവും യാത്രാസൗകര്യങ്ങളും ഉയർന്ന ജീവിത മൂല്യബോധവും വ്യവസായ വളർച്ചയ്ക്കുള്ള അനുകൂല ഘടകങ്ങളാണ്. ഈ അനുകൂലമായ കാലാവസ്ഥയിലും നമ്മുടെ ഗ്രാമപഞ്ചായത്തിന് വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്തത് പ്രധാനമായും താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

★ വർഷത്തിൽ നാളീകേര ഉൽപാദനം നല്ല രീതിയിൽ ഉണ്ടായിട്ടും വ്യാവസായിക രംഗത്ത് അവ ഉപയോഗപ്പെടുത്തുന്നില്ല.

★ ചക്ക, മാമ്പഴം, വാഴക്കുല, പറങ്കിമാങ്ങ തുടങ്ങിയവ സുലഭമായിട്ടുപോലും ഇവ സംസ്കരിച്ചെടുക്കാനുള്ള യൂണിറ്റുകളില്ല.

★ കയർ, ഖാദി തുടങ്ങിയ മേഖലയിലെ കുറഞ്ഞ കൂലി നിരക്ക്

★ വൈദ്യുതി ലൈനുകളില്ലാത്ത സ്ഥലങ്ങളും വോൾട്ടേജ് ക്ഷാമവും

★ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും അവയുടെ ക്രമാതീതമായ വില വർദ്ധനവും.

★ ബാങ്ക് മുഖാന്തിരമുള്ള ധനസഹായം കിട്ടാനുള്ള ബുദ്ധിമുട്ട്.

★ വിപണന സാധ്യതകുറവ്.

★ പരമ്പരാഗത വ്യവസായങ്ങളോട് പുത്തൻ തലമുറയ്ക്കുള്ള വിമുഖത.

★ സാമ്പത്തികമായ പിന്നോക്കാവസ്ഥ

★ പ്രോത്സാഹനത്തിന്റെയും മാർഗ നിർദ്ദേശനത്തിന്റെയും അഭാവം

★ മാതൃകയാക്കാൻ കഴിയുന്ന യൂണിറ്റുകളുടെ അഭാവം.

★ വ്യാവസായിക രംഗവുമായുള്ള പരിചയക്കുറവ്.

★ വിവിധ രീതിയിലുള്ള സർക്കാർ സഹായ പദ്ധതികളെക്കുറിച്ചുള്ള അജ്ഞതയും ബോധവൽക്കരണത്തിന്റെ അഭാവവും.

★ ജനങ്ങളുടെ കൂട്ടായ്മയുടെ അഭാവം.

★ സാങ്കേതിക പരിജ്ഞാനക്കുറവ്. തൊഴിൽ സംരംഭകർക്ക് ഉള്ള പരിശീലനത്തിന്റെ അഭാവം.

★ വനിതാ സംരംഭകർക്ക് പ്രത്യേകമായി പ്രോത്സാഹനം കൊടുക്കാത്തതും അവരുടെ താല്പര്യക്കുറവും.

★ സാധുവായ പ്രൊജക്ടുകളുടെ അഭാവം.

അഭ്യസ്ത വിദ്യരായ ഒട്ടേറെ തൊഴിൽന്വേഷകരുള്ള നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഒട്ടേറെ സാധ്യതകളുണ്ട്. വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും ബോധവും ശരിയായി പകർന്നുകൊടുക്കാനും കൂട്ടായ്മവളർത്താനും വിവിധ ഏജൻസികളെ തമ്മിലിണക്കാനും കഴിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ വ്യാവസായിക മേഖലക്ക് വളർച്ചയുടെ ഒരു നൂതന അദ്ധ്യായം കുറിക്കാൻ കഴിയും.

a. പരമ്പരാഗതമായ കുടിൽ വ്യവസായ ഉൽപ്പന്നങ്ങളായ പായ കൊട്ട, തവി എന്നിവ നമ്മുടെ പഞ്ചായത്തിൽ മറ്റു സ്ഥലങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്. ഈ സാധ്യത നമുക്ക് ഉപയോഗപ്പെടുത്താം. പഞ്ചായത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ വിഭാഗക്കാരെ സംഘടിപ്പിച്ച് സൊസൈറ്റി രൂപീകരിക്കുവാനും അവരുടെ ഉൽപ്പന്നങ്ങൾക്ക് നമ്മുടെ പഞ്ചായത്തിൽ മാർക്കറ്റ് കണ്ടെത്താനും സാധിക്കും. ഇവയുടെ അസംസ്കൃതവസ്തുവായ കൈതോല പുറമ്പോക്ക് ഭൂമിയിലും മറ്റും വച്ചുപിടിപ്പിക്കാവുന്നതാണ്.

b. ഇപ്പോഴുള്ള കയർ സൊസൈറ്റികൾക്ക് ആവശ്യമായ അത്രയും തൊണ്ട് ലഭിക്കുന്നില്ല. മറ്റു പഞ്ചായത്തുകളെ ആശ്രയിക്കേണ്ടി വരുന്നു. പഞ്ചായത്തിലെ മുഴുവൻ തൊണ്ടുകളും സംഭരിക്കാനുള്ള ഏജൻസികൾ രൂപീകരിക്കാവുന്നതാണ്. കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റിംങ്ങ് സൊസൈറ്റി രൂപീകരിക്കാവുന്നതാണ്. ഉള്ളിയേരിമുക്കിൽ ഒരു ഷോറൂമിന് സാധ്യതയുണ്ട്. കയർ രംഗത്തെ കൂലിക്കുറവ് പരിഹരിക്കാൻ യന്ത്രവ

ത്ക്കരണത്തിനും വിപണന സാധ്യത മനസ്സിലാക്കി ഉൽപ്പാദനത്തിനും സാധ്യതയുണ്ട്.

c. പഞ്ചായത്തിലെ 5233 വീടുകൾ കണക്കാക്കി ഉപഭോഗം തിട്ടപ്പെടുത്തി പപ്പടം, അച്ചാർ, സോപ്പ്, റെഡിമെയ്ഡ് ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിച്ച് വാർഡ് അടിസ്ഥാനത്തിൽ വനിതകളുടെ ഗൃഹസന്ദർശന സ്കോഡുകൾ ഉപയോഗപ്പെടുത്തി വിപണനം നടത്തി ചെറുകിട കുടിൽ വ്യവസായ യൂണിറ്റുകൾ പുഷ്ടിപ്പെടുത്താവുന്നതാണ്.

d. പഞ്ചായത്തിലെ വിദേശത്തു ജോലിചെയ്യുന്ന ആളുകളെക്കൊണ്ട് അവരുടെ സമ്പാദ്യം മൂലധനമായി ഉപയോഗപ്പെടുത്തി വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ചാൽ പഞ്ചായത്തിലെ വ്യാവസായിക പിന്നോക്കാവസ്ഥ മാറ്റാവുന്നതാണ്.

e. ധനസഹായത്തിന്റെ കാലതാമസവും സാങ്കേതിക ബുദ്ധിമുട്ടുകളും ഒഴിവാക്കാവുന്നതാണ്.

f. ഫർണീച്ചർ രംഗത്ത് കയറ്റുമതി സാദ്ധ്യതയുള്ള ഉൽപ്പന്നങ്ങൾ യന്ത്രസഹായത്തോടെ നിർമ്മിച്ചാൽ വിപണി സാധ്യതയുണ്ട്.

g. ഉള്ളൂരിൽ ലഭ്യമാവുന്ന കക്ക മറ്റു പഞ്ചായത്തുകളിലേക്ക് കയറ്റുമതി ചെയ്യുന്നു. ഇവ സംഭരിച്ച് പഞ്ചായത്തിൽ കുമ്മായ നിർമ്മാണ യൂണിറ്റ് തുടങ്ങാവുന്നതാണ്.

h. 14 സ്കൂളുകളിലായി 4836 വിദ്യാർത്ഥികൾ പഠിക്കുന്ന നമ്മുടെ പഞ്ചായത്തിൽ നോട്ടു ബുക്ക് ഉൽപാദിപ്പിക്കാനും വിപണനം ചെയ്യാനുമുള്ള സാദ്ധ്യതകളുണ്ട്. ഈ രംഗത്ത് ഇപ്പോൾ ഒരു യൂണിറ്റ് മാത്രമെ ഉള്ളൂ. സഹകരണപ്രസ്ഥാനങ്ങൾക്ക് വേരോട്ടമുള്ള നമ്മുടെ പഞ്ചായത്തിൽ വ്യവസായ മൂലധനം സമാഹരിക്കാൻ സാധ്യതകൾ ഏറെയുണ്ട്.

i ടൂറിസം ഒരു വ്യവസായ മേഖലയാണ്. ഉള്ളിയേരി ഗ്രാമപഞ്ചായത്തിലെ ടൂറിസ്റ്റ് സാദ്ധ്യതയുള്ള പ്രദേശങ്ങൾ വികസിപ്പിച്ചാൽ കൂടുതൽ പേർക്ക് തൊഴിൽ നൽകാനും പഞ്ചായത്തിന് വരുമാനം വർദ്ധിക്കാനും സാധ്യതയുണ്ട്.

★ കൊയിലാണ്ടി – താമരശ്ശേരി സ്റ്റേറ്റ് ഹൈവേക്ക് സമീപമായി പ്രകൃതിയാൽ അനുഗ്രഹീതമായ 'കടുക്കയിൽ മുക്ക് ' കരയിലേക്ക് തള്ളിക്കയറി നിൽക്കുന്ന ജലാശയമാണ്. തീരം കരിങ്കൽ കെട്ടി മണൽ വിരിച്ച് അവിടെ ശീതള പാനീയ പാർലറുകളും, പെഡൽ ബോട്ടുകളും,മത്സ്യഭോജന ശാലകളും ഏർപ്പെടുത്തിയാൽ ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള സാധ്യതയുണ്ട്.

★ ചേരമാൻ പെരുമാളുടെ പടയോട്ട കഥകളുടെ ചരിത്രം ഉറങ്ങുന്ന കോട്ടക്കുന്നു മലയും പുത്തഞ്ചേരിക്കെട്ടും വിനോദ സഞ്ചാര കേന്ദ്രമാക്കാവുന്നതാണ്.

j പെരുന്തല്ലി ഭാഗവും, പുത്തഞ്ചേരിക്കെട്ടിലെ പുറമ്പോക്കും ശുദ്ധജല മത്സ്യകൃഷിക്കും ഓരു ജല മത്സ്യകൃഷിക്കും പറ്റിയതാണ്.

k ഖാദിബോർഡിലെ തൊഴിലാളികളുടെ കൂലി പ്രശ്നം പരിഹരിച്ചാൽ ആ മേഖലയിൽ ഉണർവുണ്ടാക്കാൻ സാധിക്കും. നൂലുൽപാദനത്തിനു ശേഷം ബാക്കി വരുന്ന പരുത്തി ഉപയോഗപ്പെടുത്തി കിടക്കയും തലയിണയും നിർമ്മിക്കുന്ന യൂണിററുകൾക്ക് സാധ്യതയുണ്ട്.

നിർദ്ദേശങ്ങൾ

◆ നവീന രീതിയിലുള്ള തൊണ്ടഴുക്കൽ സമ്പ്രദായം നടപ്പിലാക്കുക. കയർസംഘങ്ങൾക്കാവശ്യമായ തൊണ്ടിന്റെ ലഭ്യത ഉറപ്പാക്കുക. ചൂടികൊണ്ടുള്ള വൈവിധ്യങ്ങളോട് കൂടിയ ഉൽപന്നങ്ങൾ നിർമ്മിക്കാനുള്ള പരിശീലനം നൽകുക.

◆ പഞ്ചായത്തിൽ വ്യവസായം ആരംഭിക്കാൻ താല്പര്യമുള്ള തൊഴിൽ സംരംഭകരെ വിളിച്ചുചേർക്കുകയും ഉദ്യോഗസ്ഥന്മാരെ ഉപയോഗപ്പെടുത്തി പരിശീലനം നൽകുകയും വേണം.

◆ കരകൗശല രംഗത്ത് വിദഗ്ധ പരിശീലനം നൽകുക. യുവതികളെ ഈ രംഗത്ത് കൂടുതൽ ഉപയോഗപ്പെടുത്താവുന്നതാണ്. നാളീകേരത്തെ അടിസ്ഥാനമാക്കിയുള്ള മിഠായി, ബിസ്ക്കറ്റ്, ശീതള പാനീയങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾ വേണം.

◆ തയ്യൽ പരിശീലനം സിദ്ധിച്ചവരെ ഉപയോഗപ്പെടുത്തി ഗാർമെന്റ്സ് ഉൽപാദനം നട

ത്തണം. അവർക്ക് കാലാകാലങ്ങളിൽ മാറി വരുന്ന ഡിസൈനിങ്ങിൽ പരിശീലനം കൊടുക്കണം.

◆കോൺക്രീറ്റ് ജനൽ, വാതിൽ എന്നിവ നിർമിക്കാനും, ഹോളൊബ്രിക്സ് ഉണ്ടാക്കാനും സഹകരണാടിസ്ഥാനത്തിൽ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. ഇത് പ്രോത്സാഹിപ്പിക്കപ്പെട്ടാൽ അനാവശ്യമായ മരം മുറി ഒരു പരിധി വരെ തടയാവുന്നതാണ്.

◆നിലവിലുള്ള ഫ്ളോർ മില്ലുകളിൽ കറി പൗഡർ, ഗോതമ്പ് റവ എന്നിവ നിർമ്മിക്കാവുന്നതാണ്. അവിൽ നിർമ്മാണവും നടത്താവുന്നതാണ്.

◆വ്യവസായ സംരംഭങ്ങളിലെ വളർച്ചാ നിരക്കുകളുടെ മോണിറ്ററിങ്ങ് ആറു മാസത്തിലൊരിക്കൽ നടത്തണം.

◆ തേനീച്ചയെ വളർത്തുകയും തേൻ സംസ്കരണം നടത്തുകയും വേണം.

◆വ്യവസായ സംരംഭങ്ങൾക്ക് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാനുള്ള അവസരം ഉണ്ടാക്കണം.

◆ജൈവവള നിർമ്മാണ യൂണിറ്റ് ആരംഭിക്കണം.

◆ക്ഷീര ഉൽപ്പന്നങ്ങൾ (മിഠായിയും മറ്റും.) നിർമ്മിക്കണം.

◆സഹകരണാടിസ്ഥാനത്തിൽ സ്ത്രീകൾക്ക് പ്രാധാന്യം കൊടുത്തു കൊണ്ട് ഒരു സഹകരണ പ്രസ്സ് ആരംഭിക്കണം.

◆വിദ്യാർത്ഥികളിൽ വ്യവസായിക അവബോധം സൃഷ്ടിക്കാൻ സ്കൂൾ തലത്തിൽ പാഠ്യ പാഠ്യേതര പ്രവർത്തനം നടത്തണം. സമീപ പ്രദേശങ്ങളിലെ ചെറുകിട വ്യവസായ യൂണിറ്റുകൾ അവർ സന്ദർശിക്കട്ടെ.

◆'വ്യവസായ കേരളം' ലൈബ്രറികളിൽ വരുത്തണം.

◆ഉള്ളിയേരി മുക്കിൽ ആഴ്ചച്ചന്ത വേണം.

◆വർഷം തോറും ഉള്ളിയേരി കേന്ദ്രീകരിച്ച് വിദ്യാഭ്യാസ ആരോഗ്യ വ്യവസായ പ്രദർശനം സംഘടിപ്പിക്കണം.

◆പുരുഷൻമാർക്കും സ്ത്രീകൾക്കും ആരംഭിക്കാവുന്ന വ്യവസായ സംരംഭങ്ങളെക്കുറിച്ചും, സഹകരണ മേഖലയിൽ ആരംഭിക്കാവുന്ന വ്യവസായങ്ങളേക്കുറിച്ചും നമ്മുടെ പഞ്ചായത്തിൽ ലഭ്യമാവുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കാവുന്ന വ്യവസായങ്ങളെക്കുറിച്ചുമുള്ള പട്ടിക അന്യത്രചേർത്തിരിക്കുന്നു.

സഹകരണമേഖലയിൽ തുടങ്ങാവുന്ന യൂണിറ്റുകൾ

വനിത

1	കുട, നോട്ട്ബുക്ക് നിർമ്മാണം.
2	ബാഗ്, റെയിൻകോട്ട് മുതലായ റെക്സിൻ ഉൽപ്പന്നങ്ങൾ
3	കറി പൗഡർ & ഓയിൽ യൂണിറ്റ്.
4	കരിങ്കൽ ഉടച്ച് ജല്ലിയറക്കൽ.

ജനറൽ

1	സിമെന്റ് കൊണ്ടുള്ള ജനാല, വാതിൽ കട്ടില നിർമ്മാണം.
2.	ഹോളോ ബ്രിക്സ്
3.	നെയ്ത്ത്
4.	പ്രസ്സ് 5.കിടക്കനിർമ്മാണം
6.	ഹോട്ടൽ
7.	ബേക്കറി.

ഇവിടെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കാൻ സാധ്യതയുള്ള യൂണിറ്റുകൾ

നമ്പർ	ഇനം.
1	നവീന രീതിയിലുള്ള തൊണ്ടഴുക്കൽ
2	ചെമ്മീൻ കൃഷി
3	യന്ത്രവൽകൃത ചൂടി നിർമ്മാണം
4	ചവിട്ടി–ചൂടിപ്പടം. ചകിരിനാരിന്റെ കിടക്ക. തലയിണ.
5	ചകരിച്ചോറ് ഉപയോഗിച്ച് വളം നിർമ്മാണം.
6	തെങ്ങ് കൊണ്ടുള്ള കെട്ടിട നിർമ്മാണ സാമഗ്രികളും ഫർണീച്ചറും.
7	ചിരട്ടപ്പൊടി.
8	തേങ്ങാപൗഡർ, ക്രീം.
9	വെളിച്ചണ്ണ
10	തേങ്ങാ വെള്ളം ഉപയോഗിച്ച് ശീതള പാനീയം
11	ചിപ്പ്സ് നിർമ്മാണം – നേന്ത്രക്കായ–ഉരുളക്കിഴങ്ങ്.
12	കൗതുക–കരകൗശല വസ്തുക്കൾ
13	ജാമുകൾ–കൈതച്ചക്ക–നേന്ത്രപ്പഴം –ചക്ക–മാങ്ങ
14	അവിൽ
15	കുമ്മായ നിർമ്മാണം.
16	ഇളനീർ പാർലറുകൾ

വിവിധ മേഖലകളിലെ കൂലി നിരക്ക്

ക്രമനമ്പർ	ഇനം	കൂലിനിരക്ക് (രൂപ)	
		പു.	സ്ത്രീ
1	കൊപ്രസംസ്കരണം	200 (1000 തേങ്ങ	–
2	കയർ	40	24
3	തടിവ്യവസായം	90	
4	അച്ചടി	40	20
5	ബേക്കറി	85	–
6	ഓയിൽമിൽ	60	–
7	ഭക്ഷ്യധാന്യം പൊടിക്കൽ	75	–
8	സോഡാനിർമ്മാണം	150	–
9	ബീഡി	43(100ബീഡി)	40
10	പടക്കനിർമ്മാണം	70	50
11	കല്ലുവെട്ട്	375(100കല്ലിന്)	–
12	ഹോട്ടൽ തൊഴിലാളി	70	55

അവലംബം ഗ്രാമസഭാ റിപ്പോർട്ട്

ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ

1 ശാസ്ത്രീയ കോഴിവളർത്തൽ
2 മരം ഫർണിച്ചർ
3 ഹവായ് ചെരുപ്പ്
4 ഫേൻസി.ലതർ. ഗുഡ്സ്
5. സ്കൂൾ ബേഗ്
6. ക്ലീനിംഗ് പൗഡർ
7. ചെറിയ പ്ലാസ്റ്റിക്ക് ബോട്ടിലുകൾ
8. ഓട്ടോ ഇലക്ട്രിക്ക് ഷോപ്പ്
9. ഇലക്ട്രിക്കൽ ജനറൽ വർക്ക ഷോപ്പ്
10. ജനറൽ– എൻജിനിയറിംഗ്
11 ഇരുചക്രവാഹനങ്ങളുടെ വർക്ക്ഷോപ്പ്
12. ഇലക്ട്രോണിക് ചോക്ക് നിർമ്മാണം.
13. എമർജൻസി ലാമ്പ്.
14 സ്വിച്ച് ബോർഡ്
15 സിന്തറ്റിക്ക വിനാഗിരി

1 റെഡിമെയ്ഡ് ഉൽപ്പന്നങ്ങൾ
2. അലക്ക് സോപ്പ്
3. സോപ്പ് പൊടി നിർമ്മാണം.
4. പേപ്പർ കവർ നിർമ്മാണം.

ടൂറിസം

വിനോദസഞ്ചാരം ഏറെ വികസന സാദ്ധ്യതകളുള്ള ഒരു മേഖലയാണിന്ന്. അടുത്തകാലം വരെ ടൂറിസമെന്നാൽ വിദേശസഞ്ചാരികൾകുള്ള ഒരു വിനോദ പരിപാടിമാത്രമായാണ് കണ്ടു വന്നിരുന്നത്. എന്നാൽ ആധുനിക ജീവിതത്തിലെ പിരിമുറുക്കവും ബദ്ധപ്പാടുകളും നിമിത്തം സാധാരണക്കാർ പോലും ജീവിത ബഹളത്തിനിടയിൽ വീണു കിട്ടുന്ന ഒഴിവുകാലം വിനോദത്തിനു വേണ്ടി വിനിയോഗിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുന്നതായി കാണാം. എന്നാൽ ചെലവു കുറഞ്ഞവിനോദ സഞ്ചാര കേന്ദ്രങ്ങൾ നമ്മുടെ നാട്ടിൽ വളരെ കുറവാണ്. വിനോദസഞ്ചാരത്തെക്കുറിച്ചുള്ള നമ്മുടെ സങ്കൽപങ്ങൾ തന്നെ വളരെ വിലപിടിച്ചവയാണ്. നക്ഷത്ര ഹോട്ടലുകളും, സമൃദ്ധമായ സദ്യയും സാധാരണക്കാരന്റെ പരിധിയക്കുപുറത്തായതിനാൽ ഈ രംഗത്ത് ചെലവ്കുറഞ്ഞ സംവിധാനങ്ങൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ നാളിതുവരെ ഈ രംഗത്ത് യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. എന്നാൽ വികസനത്തിനു കാത്തുകിടക്കുന്ന ഒന്നിലേറെ കേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പുത്തഞ്ചേരിയിലുള്ള കോട്ടക്കുന്നും വെള്ളക്കെട്ടും ഇതിൽ പ്രധാനപ്പെട്ടതാണ്. ചേരമാൻ പെരുമാളിന്റെ പടയോട്ടക്കാലത്ത് അദ്ദേഹത്തിന്റെ ഇടത്താവളമായി ഉപയോഗിക്കപ്പെട്ട കോട്ട സ്ഥിതി ചെയ്തിരുന്നത് ഇവിടെയായിരുന്നു എന്നാണ് നാട്ടറിവ്. ഇതിന് തെളിവായി അവർ പറയുന്നത് കുന്നിന്റെ താഴ്വരയിലുള്ള കൂറ്റൻ കിടങ്ങാണ്. മൂന്നുഭാഗവും വെള്ളവും ഒരു ഭാഗത്ത് കിടങ്ങും ഈ കുന്നിന്റെ യുദ്ധ തന്ത്ര പ്രാധാന്യം വെളിവാക്കുന്നു. അതിനാൽ പഴമക്കാരുടെ വിശ്വാസം പാടെ തള്ളിക്കളയാൻ വയ്യ. കുന്നിനോടു ചേർന്ന് 22 ഏക്കറോളം വരുന്ന ജലാശയം ഇപ്പോൾ സർക്കാർ ഉടമസ്ഥതയിലാണുള്ളത്. അതിനാൽ കളിപ്പൊയ്കയുടെ മാതൃകയിൽ ഒരു വിനോദ കേന്ദ്രം വികസിപ്പിക്കാനുള്ള എല്ലാസാധ്യതകളും ഇവിടെയുണ്ട്.

മറ്റൊരു പ്രധാന കേന്ദ്രം കണയങ്കോട് ആണ്. അണേലപുഴ എലത്തൂർ പുഴയുമായി ചേരുന്ന ഈ സംഗമസ്ഥാനത്ത് കിഴക്കോട്ട് കരയിലേക്ക് വ്യാപിച്ചുകിടക്കുന്ന'കടക്കുയിമുട്ട്' എന്ന ജലാശയവും ടൂറിസ്റ്റുകളെ ആകർഷിക്കാൻ പോന്നതാണ്. ഇവിടെ കരയിൽ മണൽ വിരിച്ച് ശീതളപാനീയശാലകളും മത്സ്യഭോജനശാലകളും സ്ഥാപിക്കുകയും വിനോദസഞ്ചാരത്തിനുവേണ്ടി പെഡൽബോട്ടുകളും സ്പീഡ്ബോട്ടുകളും ഏർപ്പെടുത്താവുന്നതുമാണ്. താമരശ്ശേരി കൊയിലാണ്ടി സ്റ്റേറ്റ് ഹൈവേയോട് തൊട്ടുകിടക്കുന്ന ഇവിടേയ്ക്ക് വാഹനസൗകര്യം ഏറെയുണ്ട്.

ഈ രണ്ടു പ്രദേശങ്ങളും വികസിപ്പിച്ചെടുത്താൽ അത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കരകൗശല വസ്തുക്കൾ, അലങ്കാര മത്സ്യങ്ങൾ, അലങ്കാരച്ചെടികൾ എന്നിവയുടെ വിപണനത്തിനും ഏറെ പ്രയോജനം ചെയ്യും.

മാർക്കറ്റ്

ഉള്ളിയേരി ഗ്രാമപഞ്ചായത്തിന്റെ വ്യാപാര ചരിത്രത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് കണ്ടുവരുന്ന വ്യാപാര സ്ഥാപനങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് ജനങ്ങൾ പ്രധാനമായും ആശ്രയിച്ചിരുന്നത് തെരുവത്ത് കടവിലുണ്ടായിരുന്ന ആഴ്ച ചന്തയെ ആയിരുന്നു. ഗ്രാമീണ ജനങ്ങൾ ഉല്പാദിപ്പിച്ചിരുന്ന കൊപ്ര, അടക്ക, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ ഉല്പന്നങ്ങളും, കുടിൽ വ്യവസായ ഉല്പന്നങ്ങളായ പായ, കുട്ട, എന്നിവയും ചുണ്ണാമ്പ് മുതലായവയും വിപണനം നടത്തുന്നതിന് ആശ്രയിച്ചിരുന്നത് പ്രധാനമായും ഗ്രാമചന്തയെ ആയിരുന്നു. മുമ്പ്കാലത്ത് ഗ്രാമീണജനതയുടെ കൂടിച്ചേരലിന് വേദിയൊരുക്കിയ നമ്മുടെ പ്രദേശത്തുണ്ടായിരുന്ന ആഴ്ച ചന്ത നടുവണ്ണൂർ ചന്തയുടെ ഭാഗമായി സംഘടിപ്പിച്ചതായിരുന്നു. ജനജീവിതം തിരക്കുപിടിച്ചതാവുകയും, സംഘടിത വ്യാപാര സ്ഥാപനങ്ങൾ ഉയർന്ന് വരികയും ചെയ്തതോടെ ആഴ്ച ചന്തകൾ ഓർമ്മകളിൽ മാത്രം നിലനിൽക്കുന്നു.

വിശേഷ അവസരങ്ങളിൽ ജനങ്ങൾക്ക് പല വ്യഞ്ജനങ്ങൾ വിലകുറച്ച് നൽകുന്നതിന് വേണ്ടി നമ്മുടെ പഞ്ചായത്തിൽ ഓണച്ചന്തകൾ സംഘടിപ്പിച്ച് വരുന്നു. കൂടാതെ ഇന്ന് നമ്മുടെ ഗ്രാമത്തിൽ 11 റേഷൻ ഷാപ്പുകളും, ഒരു മാവേലി സ്റ്റോറും പ്രവർത്തിച്ച് വരുന്നുണ്ട്. ഇത് കൂടാതെ ഒരു മത്സ്യമാർക്കറ്റും ഇവിടെ നിലവിലുണ്ട്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഇന്ന് നിലവിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിക്കുന്ന പട്ടിക ചുവടെ കൊടുത്തിരിക്കുന്നു.

S.N	വാണിജ്യസ്ഥാപനങ്ങൾ	എണ്ണം
1.	പലചരക്ക്	121
2.	സ്റ്റേഷനറി	63
3.	പച്ചക്കറി	40
4.	ചായക്കട, ഹോട്ടൽ	33
5.	ടൈലറിംഗ്	35
6.	ആയുർവേദം	17
7.	പ്രസ്സ്	6
8.	പുകയില	5
9.	ചെരുപ്പ്	15
10.	ഫാൻസി	6
11.	റെഡിമെയ്ഡ് ഉല്പന്നങ്ങൾ	5
12.	ഇലക്ട്രോണിക്സ്	6
13.	അലോപ്പതി	5
14.	തുണിക്കട	7
15.	ഇലക്ട്രിക്ക്	1
16.	ബേക്കറി	20
17.	ജ്വല്ലറി	8
18.	STD Booth	4
19.	ഫ്ളോർമില്ല്	7
20.	ഫർണിച്ചർ	6
21.	സിമന്റ്	5
22.	കോഴിക്കച്ചവടം	13
23.	സ്റ്റുഡിയോ	4
24.	ഓയിൽ	2
25.	ഹാർഡ്വേയർ	4
26.	വാടകസാധനം	6
27.	കൂൾബാർ	13
28.	സൈക്കിൾ ഷാപ്പ്	4
29.	കൊപ്ര, മലഞ്ചരക്ക്	8

നിർദ്ദേശങ്ങൾ സാദ്ധ്യതകൾ

1 വിവിധയിനം വാണിജ്യ വിളകളും, മലഞ്ചരക്കുകളും, പച്ചക്കറികളും, മറ്റ് കൈത്തൊഴിലുല്പന്നങ്ങളും വളരെയധികം ഉല്പാദിപ്പിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ഇവ വിപണനം ചെയ്യുന്നതിന് ഒട്ടേറെ കേന്ദ്രങ്ങളിൽ പോകേണ്ടി വരുന്നു. ഇവിടെ ഒരു ആഴ്ച ചന്ത സംഘടിപ്പിക്കുന്നതിലൂടെ ഇത്തരം പ്രശ്നങ്ങൾക്ക് ഒരളവോളം പരിഹാരമാകും.

2 കാർഷിക ഉല്പന്നങ്ങളുടെ സംഭരണവും വിപണനവും ഒരു സഹകരണ സംഘത്തിനു കീഴിൽ ആഴ്ചചന്തയിലൂടെ സംഭരിക്കുക.

3 IRDPവിപണനമേളകൾപോലെ വർഷത്തിലൊരിക്കൽ പഞ്ചായത്ത് കേന്ദ്രങ്ങളിലും ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കുക. ഇതിലൂടെ വിവിധകായിക കലാപ്രകടനങ്ങളും അവതരിപ്പിക്കാവുന്നതാണ്.

4 ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്പെടുന്ന രീതിയിൽ ഒരു മാവേലി സ്റ്റോറുകൂടി പഞ്ചായത്തിൽ ആരംഭിക്കുക.

5 നിലവിലുള്ള മത്സ്യമാർക്കറ്റിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കോഴി, ആടുമാടുകൾ എന്നിവയുടെ മാംസ വില്പനയും ഒരു കേന്ദ്രത്തിലൂടെ നടത്തുക.

ജനങ്ങൾക്ക് ദൈനംദിനമാവശ്യമുള്ള സാധനങ്ങൾ എല്ലാം ഒരു സ്ഥലത്ത് നിന്ന് വാങ്ങത്തക്കരീതിയിൽ ഒരു മിനിസൂപ്പർ മാർക്കറ്റ് പഞ്ചായത്ത് കേന്ദ്രത്തിൽ ആരംഭിക്കുക. ഇത് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനും, മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകാനും സഹായിക്കും.



വിദ്യാഭ്യാസം

സമൂഹത്തിന്റെ സർവതോമുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിജ്ഞാബദ്ധമായ തല മുറയെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ എക്കാല ത്തെയും ലക്ഷ്യം ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ നമ്മുടെ ഗ്രാമപഞ്ചായത്തിലും പതിറ്റാണ്ടുകൾക്ക് മുമ്പു തന്നെ ഒറ്റക്കും കൂട്ടായും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്നുവന്നിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ ഒട്ടേറെ സംഭാവനകൾ നൽകിയ ഏറെ പഴക്കമുള്ള വിദ്യാലയങ്ങൾ ഉള്ള പ്രദേശമാണ് നമ്മുടെ ഗ്രാമപഞ്ചായത്ത് 1912ൽ നിലവിൽ വന്ന ഒളപ്പുരിലെ എലിമെന്ററി സ്കൂളാണ് പഞ്ചായത്തിലെ പ്രഥമ വിദ്യാലയം. കക്കഞ്ചേരി ഗവഃ എൽ. പി. സ്ക്കൂൾ, നാറാത്ത് എയു.പി. സ്ക്കൂൾ എന്നീ സ്ക്കൂളുകൾ 1920ന് മുമ്പ് നിലത്തെഴുത്ത് പള്ളികളായി സ്ഥാപിതമായവയാണ്. ഇത് കൂടാതെ പഴയകാലത്ത് കൊയക്കാട് ഭാഗത്ത് ഹരിജൻ വെൽഫെയർ സ്കൂൾ സ്ഥാപിതമായിരുന്നു. പിന്നീട് പ്രസ്തുത സ്കൂൾ എടുക്കപ്പെട്ടു പോകുകയാണുണ്ടായത്. കൊയക്കാട്, മുണ്ടോത്ത് ഭാഗങ്ങളിൽ ഏകാധ്യാപക സ്കൂളുകൾ നിലവിലുണ്ടായിരുന്നു. ഇതിൽ രണ്ടും തുടർന്നു നടത്താതെ എബോളിഷ് ചെയ്യപ്പെടുകയുണ്ടായി.

എഴുപത് വർഷത്തിലധികം ദൈർഘ്യമുള്ള ഉള്ളിയേരിയിലെ വിദ്യാഭ്യാസ പ്രവർത്തന ചരിത്രത്തിൽ ഒട്ടേറെ അധ്യാപകരും സാമൂഹ്യ പ്രവർത്തകരും ക്രിയാത്മക സംഭാവനകൾ നൽകിയിട്ടുണ്ട്. അവരിൽ ചില പേരുകൾ പ്രത്യേകം സ്മരണീയമാണ്. പള്ളിയിൽ കുഞ്ഞിരാമൻ കിടാവ്, കൊയക്കാട് ഇല്ലത്ത് വാസുദേവൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, ബാപ്പറ്റില്ലത്ത് വാസുദേവൻ നമ്പൂതിരി, നാരായണൽ നമ്പൂതിരി, പൂക്കോട്ടേരിചോയി വൈദ്യർ, ഒതയോത്ത് കഞ്ഞിരാമൻ മാസ്റ്റർ, എടമംഗലത്ത് വാഴോത്ത് ശങ്കരൻ നായർ, കുഞ്ഞിരാമൻ നായർ നടുവിലക്കണ്ടി ഉണ്ണിനായർ, അപ്പുനായർ, കുമ്മായപ്പുറത്ത് കുഞ്ഞായി ഹാജി എന്നീ നാമധേയങ്ങൾ ഓർമ്മയിൽ തങ്ങിനിൽക്കുന്നു.

മത വിദ്യാഭ്യാസത്തിന് ഒട്ടേറെ സംഭാവനചെയ്ത സ്ഥാപനങ്ങളും മുൻകാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. മദ്രസ്സകൾ വരുന്നതിനുമുമ്പ് നിസ്ക്കാരപ്പള്ളി കളിലായിരുന്നു മതപഠനം. 1950കളിൽ ആണ് മദ്രസ്സകൾ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടത്. ഇന്ന് കൊയക്കാട് കക്കഞ്ചേരി ഭാഗത്ത് സ്ഥിതിചെയ്യുന്ന കക്കഞ്ചേരി എ. എൽ. പി. സ്കൂൾ മുൻപ് മുസ്ലീം ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി സ്ഥാപിക്കപ്പെട്ടതായിരുന്നു.

കക്കഞ്ചേരി ഗവ. എൽ. പി. സകൂൾ കേന്ദ്രമാക്കി അവിടുത്തെ അധ്യാപകരായ ഒ. ഗോവിന്ദൻ മാസ്റ്റർ. ഏ. രാമ്മരാർ എന്നിവർ നേതൃത്വം കൊടുത്തുകൊണ്ട് ഹിന്ദി വിദ്യാഭ്യാസ പ്രചാരണത്തിനും വയോജന വിദ്യാഭ്യാസത്തിനുംവേണ്ടി പ്രവർത്തനം നടത്തിയിരുന്നു. 1948-52 കാലഘട്ടത്തിൽ ഒളിവിൽ പ്രവർത്തിച്ചിരുന്ന കമ്മ്യൂണിസ്റ്റുകാർ വയോജന വിദ്യാഭ്യാസത്തിനും സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയിരുന്നു.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി കക്കഞ്ചേരി G.U.P. സ്ക്കൂളിൽ ചർക്ക ഉപയോഗിച്ചു നുൽനുൽപ്പ് അഭ്യസിപ്പിച്ചിരുന്നു. സ്വാതന്ത്ര്യസമരത്തിന്റെ പ്രചാരണത്തിനു കുടിയായിരുന്നു ഈ പ്രവർത്തനം.

വായനശാലാ രംഗത്ത് 1948 മുതൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നതാണ് ഉള്ളിയേരിയിലെ പൊതുജനവായനശാല ഇവിടെ 8000 പുസ്തകങ്ങളും 300 അംഗങ്ങളും നിലവിലുണ്ട്. 1950ൽ ചെങ്ങോ

ട്ടിൽ ബാലൻ നമ്പ്യാരുടെ നേതൃത്വത്തിൽ കൊയക്കാട് ഒരു വായനശാല പ്രവർത്തിച്ചിരുന്നു. ഇന്ന് അത് നിലവിലില്ല. ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പതിറ്റാണ്ടുകൾക്ക് മുമ്പേ ലൈബ്രറി പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടതായി കേട്ടറിവുകൾ സൂചന നൽകുന്നു.

ഇന്നത്തെ വിദ്യാഭ്യാസമെന്നത് പരീക്ഷ്യ്ക്കു വേണ്ടി കുട്ടികളെ ഒരുക്കിയെടുക്കാനുള്ള ഒരു ഉപാധിയാക്കി മാറ്റിയിരിക്കയാണ്. ഈ പരീക്ഷാകേന്ദ്രീകൃത വിദ്യാഭ്യാസം, കുട്ടികളുടെ സർവതോമുഖമായ വികാസം എന്ന ലക്ഷ്യത്തെ അട്ടിമറിക്കയാണ്. ഈയവസരത്തിലാണ് കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വിജ്ഞാനോത്സവങ്ങളുടെ പ്രാധാന്യമേറുന്നത്. 1996-97 വർഷത്തിൽ സ്കൂൾ അടിസ്ഥാനത്തിൽ നടത്തിയപ്പോൾ വിജ്ഞാനോത്സവ പരിപാടിയിൽ ഏറെ കുറെ മുഴുവൻ കുട്ടികളും പങ്കെടുക്കുകയുണ്ടായി.

വിദ്യാഭ്യാസത്തിന്റെ വികലമായ മൂല്യബോധം, വിദ്യാലയങ്ങളിൽ നിന്നും ബിരുദക്കടലാസുമായി പുറത്തു വരുന്ന യുവതലമുറയുടെ മൂല്യബോധം നഷ്ടപ്പെടുത്തുന്നു. ഈ യുവിതലമുറയ്ക്ക്, സമൂഹത്തിനാവശ്യമായ ക്രിയാത്മക പ്രവർത്തനങ്ങളിൽ ഇടപെടാൻ ഒട്ടുംതന്നെ കഴിയുന്നില്ല. ഇവർ വെറും സർവകലാശാലാ ഉൽപ്പന്നങ്ങൾ മാത്രമായി മാറിയിരിക്കയാണ്. ഇതാണ് വർത്തമാനകാല വിദ്യാഭ്യാസത്തിന്റെ ദുരന്തം. ഇത് മാറ്റാൻ ബോധപൂർവമായ ജനകീയ ഇടപെടൽ അനിവാര്യമാണ്. ഇത് ഉൾക്കൊണ്ട് ഒരു ജനകീയ വിദ്യാഭ്യാസത്തിൽ ഈ പഞ്ചായത്തിലും തുടക്കമിടേണ്ടതാണ്.

ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ ഒരു ഹൈസ്കൂളും (മാനേജ്മെന്റ്) സർക്കാർ മേഖലയിൽ 3-ഉം എയിഡഡ് മേഖലയിൽ രണ്ടും ഉൾപ്പെടെ അഞ്ച് യു. പി. സ്കൂളുകളും, എയ്ഡഡ് മേഖലയിൽ 3-ഉം സർക്കാർ മേഖലയിൽ അഞ്ചും അടക്കം എട്ട് എൽ. പി. സ്കൂളുകളും നിലവിലുണ്ട്. ഒരു മാതൃശിശു സംരക്ഷണ കേന്ദ്രം ഉൾപ്പെടെ 28 അംഗൺവാടികളും രണ്ട് ഇംഗ്ലീഷ് മീഡിയം നഴ്സറികളും ഒരു സർക്കാർ പ്രീ പ്രൈമറി സ്കൂളും കൂടാതെ ഏഴ് പാരലൽ കൊളജുകളും മൂന്ന് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും രണ്ട് സംഗീത നൃത്ത വിദ്യാലയങ്ങളും പുത്തഞ്ചേരിയിൽ ഒരു നൃത്ത വിദ്യാലയവും ഇന്ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പുത്തഞ്ചേരി സാംസ്കാരിക നിലയവും പുത്തഞ്ചേരി കന്നുര് ഭാഗങ്ങളിൽ രണ്ട് ജനവിദ്യാകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ ആകെ 182 അധ്യാപകരുണ്ട്. ഇതിൽ സർക്കാർ മേഖലയിൽ 62 അധ്യാപകരും എയ്ഡഡ് മേഖലയിൽ 120 അധ്യാപകരും പ്രവർത്തിക്കുന്നുണ്ട്. 71 അധ്യാപികമാരും 111 അധ്യാപകരുമാണുള്ളത്. 2246 പെൺകുട്ടികളടക്കം 4736 കുട്ടികൾ നമ്മുടെ ഗ്രാമപഞ്ചായത്തിൽ പഠിക്കുന്നുണ്ട്. ഇതിൽ 436 പേർ പട്ടിക ജാതി വിദാഗത്തിൽ പെട്ടവരാണ്. പട്ടിക 1 മുതൽ 4 വരെ)

ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ അധികവും മൂത്രപ്പുര കക്കുസ്, കുടിവെള്ളം, കളിസ്ഥലം തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ കുറഞ്ഞവയാണ്. ചാർട്ട്, ഗ്ലോബ് തുടങ്ങിയ പഠനോപകരണങ്ങൾ സ്കൂളുകളിൽ പരിമിത

പട്ടിക-1

പ്രൈമറി സെക്കൻററി വിഭാഗത്തിലെ പെൺകുട്ടികളുടെ കണക്ക്

ആകെ വിദ്യാർത്ഥികൾ	പ്രൈമറി			സെക്കൻററി		
	ആൺ.	പെൺ.	%	ആൺ.	പെൺ	%
4736	1767	1566	47	719	684	49

പട്ടിക-2

വിദ്യാർത്ഥികൾ, അധ്യാപകർ - വിവരണം

നമ്പർ	സ്കൂളിന്റെ പേർ	വിദ്യാർത്ഥികൾ				അധ്യാപകർ			വാർഡ്
		മാനേജ്മെന്റ്	ആൺ.	പെൺ.	ആകെ	പുരു.	സ്ത്രീ.	ആകെ	
1	G.L.P.S ഒറവിൽ	-	61	45	106	4	1	5	I
2	G.L.P.S മുണ്ടോത്ത്	-	38	57	95	5	0	5	II
3	G.L.P.S കക്കഞ്ചേരി	-	76	70	146	4	1	5	III
4	G.L.P.S പുത്തഞ്ചേരി	-	58	43	101	2	2	4	XI
5	G.L.P.S ഉള്ളിയേരി	-	82	67	149	2	2	4	I
6	G.U.P.S കന്നൂർ	-	286	200	486	11	11	22	X
7	G.U.P.S ഒള്ളൂർ	-	215	209	424	9	5	14	IX
8	G.U.P.S കക്കഞ്ചേരി	-	40	39	79	3	0	3	II
9	A.L.P.S കക്കഞ്ചേരി		18	103	221	6	3	9	II
10	A.M.L.P.S കുന്നത്തറ		31	39	70	4	1	5	VIII
11	A.U.P.S നാറാത്ത്		420	395	815	10	16	26	VII
12	A.U.P.S ഉള്ളിയേരി		272	215	487	10	10	20	I
13	A.M.L.P.S ഉള്ളിയേരി		74	80	154	3	4	7	IV
14	പാലോറഹൈസ്കൂൾ		719	684	1403	37	16	53	VII
	ആകെ		2490	2246	4736	111	71	182	

പട്ടിക-3

സർക്കാർ സ്കൂൾ - അധ്യാപകർ, വിദ്യാർത്ഥികൾ

നമ്പർ	സ്കൂളിന്റെ പേർ	വിദ്യാർത്ഥികൾ			പോസ്റ്റ് അനുവദിച്ചത്	അധ്യാപകർ			നിലവിലുള്ളത്
		ആൺ.	പെൺ.	ആകെ		പു.	സ്ത്രീ.	ആകെ	
1	G.L.P.Sഒറവിൽ	61	45	106	5	2	3	5	5
2	G.L.P.Sമുണ്ടോത്ത്	38	57	95	5	4	1	5	5
3	G.L.P.Sകക്കഞ്ചേരി	76	70	146	5	4	1	5	5
4	G.L.P.Sപുത്തഞ്ചേരി	58	43	101	4	2	2	4	4
5	G.L.P.Sഉള്ളിയേരി	82	67	149	5	2	3	5	5
6	G.U.P.Sകക്കഞ്ചേരി	40	39	79	3	3	0	3	3
7	G.U.P.Sഒള്ളൂർ	215	209	424	15	9	5	14	14
8	G.U.P.Sകന്നൂർ	286	200	486	20	11	11	22	22

പട്ടിക-4

എയിഡഡ് സ്കൂൾ - അധ്യാപകർ, വിദ്യാർത്ഥികർ

നമ്പർ	സകൂളിന്റെ പേര്	വിദ്യാർത്ഥികൾ			പോസ്റ്റ് അനുവദിച്ചത്	അധ്യാപകർ			നിലവിലുള്ളത്
		ആൺ.	പെൺ.	ആകെ		പു.	സ്ത്രീ.	ആകെ	
1	A.L.P.S. കക്കഞ്ചേരി	118	103	221	9	6	3	9	9
2	A.M.L.P.S. കുന്നത്തറ	31	39	70	5	4	1	5	5
3	A.M.L.P.S. ഉള്ളിയേരി	74	80	154	7	3	4	7	7
4	A.U.P.S. നാറാത്ത്	420	395	815	26	11	15	26	26
5	A.U.P.S. ഉള്ളിയേരി	272	215	487	20	10	10	20	20
6	പാലോറ ഹൈസ്കൂൾ	719	684	1403	52	37	15	52	52

മാണ്. ഇത് പഠന നിലവാരത്തെ ബാധിക്കുന്നുണ്ട്. പഞ്ചായത്തിലെ കന്നൂർ ഗവ: യു. പി. സ്കൂൾ, ഉള്ളിയേരി ജി. എൽ. പി. സ്കൂൾ, പുത്തഞ്ചേരി ജി. എൽ. പി. സ്കൂൾ മുണ്ടോത്ത് ജി. എൽ. പി. സ്കൂൾ കക്കഞ്ചേരി ഗവ: എൽ. പി. സ്കൂൾ എന്നിവ വാടകക്കെട്ടിടത്തിലാണ്. പ്രവർത്തിക്കുന്നത്. അറ്റകുറ്റപ്പണികൾ ഒന്നും വേണ്ടവിധം നടക്കുന്നില്ല. വിദ്യാലയ കെട്ടിടങ്ങളിൽ ചിലത് അടച്ചുറപ്പില്ലാത്തതിനാൽ അനാശാസ്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതായി ഗ്രാമസഭകളിൽ നിന്നുള്ള ചർച്ചകളിൽ ഉയർന്നു വന്നിട്ടുണ്ട്.

(അവലംബം ഒന്നാംവാർഡ് ഗ്രാമസഭാ റിപ്പോർട്ട്)

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പൊതുവെ പഠനനിലവാരം കുറവാണെന്നാണ് ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പരാതി. പല വിദ്യാലയങ്ങളിലും കുട്ടികൾ ക്രമാതീതമായി കുറഞ്ഞുവരുന്നു. ഇത് ഡിവിഷൻ കുറയുന്നതിനു കാരണമാവുന്നു. ദൂരസ്ഥലങ്ങളിലെ നിലവാരമുള്ള വിദ്യാലയങ്ങളെ അന്വേഷിച്ചു പോകുന്ന കുട്ടികളെയും ധാരാളം കാണാം. ഇതിലധികവും അൺ എയിഡഡ് വിദ്യാലയങ്ങൾ ആണെന്നതാണ് വസ്തുത. കുടുംബാസൂത്രണത്തിന്റെ ഫലമായി കുട്ടികൾ കുറയുന്നു എന്ന വസ്തുതയും കണക്കിലെടുക്കേണ്ടതാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ ഏക ഹൈസ്കൂൾ സഹകാര്യമേഖലയിൽ പ്രവർത്തിക്കുന്ന പാലോറ ഹൈസ്കൂളാണ്. 30%ത്തിൽ താഴെയാണ് ഇവിടത്തെ S.S.L.C. വിജയശതമാനം. പ്രസ്തുത ഹൈസ്കൂളിലെ S.S.L.C. വിജയശതമാനത്തെ അടിസ്ഥാനമാക്കി പഠനനിലവാരം പൊതുവെ മോശമാണെന്നാണ് ഗ്രാമസഭകളിലെ വിലയിരുത്തൽ. പഞ്ചായത്തിലെ പലഭാഗത്തുനിന്നും വളരെ കൂടുതൽ ദൂരം നടന്നാണ് കുട്ടികൾ അധികവും സ്കൂളുകളിൽ എത്തുന്നത്. 1991-92 മുതൽ 1995-96 വരെയുള്ള അക്കാദമിക് വർഷത്തെ വിജയശതമാനം സംബന്ധിച്ച വിവരം പട്ടിക 5-ൽ പതിപാദിച്ചിരിക്കുന്നു.

മിക്കസ്കൂളുകളിലും അക്കാദമിക് സൗകര്യങ്ങൾ കുറവാണ്. ഇതും പഠന നിലവാരത്തെ ബാധിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനായിമെച്ചപ്പെട്ട പഠനബോധന

പട്ടിക-5

S.S.L.C. പരീക്ഷാ വിജയ ശതമാനം 1990-91 to 1995-96

വർഷം	പരീക്ഷക്കിരുന്ന കുട്ടികളുടെ എണ്ണം	ശതമാനം
1990-91	111/322	34.4
1991-92	96/364	26.3
1992-93	87/380	22.8
1993-94	99/420	23.5
1994-95	95/390	24.4
1995-96	122/385	31.6

പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ട ഈ കാലഘട്ടത്തിൽ അക്കാദമിക് സൗകര്യങ്ങളുടെ അഭാവം തീർച്ചയായും പഠനനിലവാരത്തെ ബാധിക്കും എന്നത് പ്രത്യേകം ഓർക്കേണ്ടതാണ്. ക്ലാസ്സ് മുറിപ്രവർത്തനങ്ങൾ കുട്ടികൾക്ക് ഉന്മേഷം പകരുന്നതാകണമെങ്കിൽ കഴിയുന്നത്ര സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ, ശ്രാവ്യ ഉപകരണങ്ങൾ വലിപ്പമുള്ള ബോർഡുകൾ ഫർണിച്ചറുകൾ എന്നിവ ഒരു വിദ്യാലയത്തിന്റെ ഉന്നതമായ യോഗ്യതാ ചിഹ്നങ്ങൾ തന്നെയാണ്. എന്നാൽ നമ്മുടെ വിദ്യാലയ സൗകര്യങ്ങളുടെപരിമിതികൾ പട്ടിക 6-ൽ പ്രതിപാദിച്ചിരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത വിദ്യാഭ്യാസ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. പുത്തഞ്ചേരി ജി. എൽ. പി. എസ്, ഒറവിൽ ജി. എൽ. പി. സ്കൂൾ എന്നിവ തീർത്തും ഓലമേഞ്ഞവയാണ്. അഞ്ചോളം സ്കൂളുകളിൽ കക്കുസുകളില്ല. കുടിവെള്ള സൗകര്യമില്ലാത്ത സ്കൂളുകളും ഉണ്ട്. ഒമ്പതോളം പ്രൈമറി വിദ്യാലയങ്ങളിൽ സ്റ്റാഫ്റും ഇല്ല. ഭൗതിക സാഹചര്യങ്ങൾ സംബന്ധിച്ചുള്ള വിശദ വിവരം പട്ടിക ഏഴിൽ കൊടുത്തിട്ടുണ്ട്.

വിദ്യാർത്ഥികളുടെ പഠനനിലവാരം ഇനിയും ഉയരേണ്ടതായിട്ടാണ് ഉള്ളത്. 1995-96 വർഷത്തെ പാദവാർഷിക പരീക്ഷക്ക് ലഭിച്ചമാർക്ക് പട്ടികയായിതാഴെക്കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക. (പട്ടിക-8)

സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങളും പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്കും പട്ടികയായി ചേർത്തിരിക്കുന്നു. പട്ടിക 9 കാണുക.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിലുള്ള കക്കഞ്ചേരി ജി. യു. പി. സ്കൂൾ പ്രത്യേക പരിഗണന അർഹിക്കുന്നു. കുടിവെള്ളമടക്കമുള്ള ഭൗതിക സാഹചര്യങ്ങൾ ഒന്നുമില്ല. സ്കൂളിൽ എത്തിപ്പെടാൻ ശരിയായ വഴി പോലുമില്ല. ആവശ്യത്തിനുള്ള അദ്ധ്യാപകർ ഒരിക്കലും ഉണ്ടാകാറില്ല.

പത്താം വാർഡിലുള്ള ഏക ഗവഃ യു. പി. സ്കൂൾ (കന്നൂര്) വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് ഭീമമായതുക വാടകയിനത്തിൽ സർക്കാർ വർഷം തോറും കൊടുക്കുന്നുണ്ട്. അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നില്ല. സ്റ്റേറ്റ് ഹൈവേക്ക് തൊട്ടുകിടക്കുന്ന സ്കൂളിനു ചുറ്റുമതിലില്ല.

ഒള്ളൂർ ഗവഃ യു. പി. സ്കൂൾ അധിക ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്നതാണ്. മഴക്കാലത്ത് സ്കൂളിൽ എത്തിപ്പെടുന്നത് ഏറെ ക്ലേശകരമാണ്. അതുകൊണ്ട് തുരുത്തിയിൽ താഴെ നിന്നും ഒള്ളൂർ അങ്ങാടിയിൽ നിന്നും നടപ്പാതകൾ നിർമ്മിച്ച് സ്കൂളിൽ എത്തിപ്പെടാനുള്ള സൗകര്യം ഉണ്ടാക്കണം.. പലക്ലാസുകളിലും 60-70 കുട്ടികൾ ഒന്നിച്ചിരുന്നാണ് പഠിക്കുന്നത്. കളിസ്ഥലം തീരെയില്ല.

പതിനൊന്നാം വാർഡിലെ പുത്തഞ്ചേരി ജി. എൽ. പി. സ്കൂൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് ഓലമേഞ്ഞ ചോർന്നൊലിക്കുന്ന ഹാളിലാണ് സ്കൂൾ പ്രവർത്തനം നടത്തുന്നത് കുടി വെള്ളം അടക്കമുള്ള ഭൗതിക സൗകര്യങ്ങൾ പരിമിതമാണ്. വാട്ടർടേങ്ക് കക്കൂസ് എന്നിവയുടെ പണി സാമ്പത്തിക പ്രയാസം കൊണ്ട് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

കുന്നത്തറ എ. എം. എൽ. പി. സ്കൂൾ കന്നൂർ ജി. യു. പി. സ്കൂൾ, ഉള്ളേര്യരി എ. എം. എൽ. പി. സ്കൂൾ ഉള്ളേര്യരി എ. യു. പി. സ്കൂൾ സ്റ്റേറ്റ് ഹൈവേയുടെ അരികിലാണ് സ്ഥിതിചെയ്യുന്നത്. ഈ സ്കൂളുകൾക്ക് കമ്പതിലുകൾ ഇല്ലാത്തതിനാൽ സ്കൂൾ ഇടവേള സമയങ്ങളിൽ അപകടങ്ങൾ ഉണ്ടാകാറുണ്ട്

ഉച്ചക്കഞ്ഞി വിതരണത്തെപ്പറ്റി ഏറെപരാതികൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ഉച്ചഭക്ഷണം പാചകം ചെയ്യാനുള്ള പരിമിതികൾ, ശുചിയായും കാര്യക്ഷമമായും ഭക്ഷണം കൊടുക്കാൻ കഴിയാത്തത്, അതു സംബന്ധമായ സാമ്പത്തിക ബുദ്ധിമുട്ട് എന്നിവ പ്രശ്നങ്ങളായി ഉയർന്നു വന്നിട്ടുണ്ട്.

പഞ്ചായത്തിലെ 6,11 വാർഡുകളിലെ കുട്ടികൾ മൂന്ന് കി. മി. നടന്നാണ് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നത്. 6,11 വാർഡുകളിൽ ഓരോ അപ്പർ പ്രൈമറി വിദ്യാലയം ആവശ്യമാണ്.

മിക്കസ്കൂളുകളിലും പി. ടി. എ. പ്രവർത്തനം കാര്യക്ഷമമല്ല. എന്നാൽ സ്കൂളുകളിലെ പഠനനിലവാരം ഉയർത്താൻ പി. ടി. എ. ക്ക് ഉത്തരവാദിത്വം ഏറെയാണെന്നകാര്യം പലപ്പോഴും അവഗണിക്കുന്നതായികാണുന്നു (അവലംബം ഗ്രാമസഭ ചർച്ചകൾ)

വിദ്യാലയങ്ങളിലെ ശുചിത്വവും അവശ്യം ആവശ്യമായ കുടിവെള്ളത്തിന്റെ ലഭ്യതയും, മൂത്രപ്പുര, പഠനോപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവയുടെ പരിമിതികളും ഗ്രാമസഭാ ചർച്ചകളിൽ സജീവമായിത്തന്നെ ഉയർന്നു വന്നിരുന്നു. പ്രത്യേകം എടുത്തു പറഞ്ഞത് കക്ക

പട്ടിക-6

അക്കാദമിക്ക് സൗകര്യങ്ങൾ

നമ്പർ	സ്കൂളിന്റെ പേർ	ലൈബ്രറി	ലാബ്	പഠനോപകരണങ്ങൾ മാപ്പ്-ഗ്ലോബ്-ചാർട്ട്. ഉണ്ട്/ഇല്ല	റേഡിയോ	ടേപ്പ്	സിനിമാ പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	സൈഡ് പ്രൊജക്ടർ	ബ്ലാക്ക് ബോഡ്	
										ആവശ്യമുള്ളത്	നിലവിലുള്ളത്
1	G.L.P.S ഒറവിൽ	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	4	4
2	A.L.P.S കക്കഞ്ചേരി	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	8	8
3	G.L.P.S മുണ്ടോത്ത്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	5
4	G.U.P.S കന്നൂർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	20	20
5	A.M.L.P.S കുന്നത്തറ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	4
6	A.U.P.S നാറാത്ത്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	21	21
7	A.U.P.S ഉള്ളിയേരി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	14	14
8	G.L.P.S കക്കഞ്ചേരി	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	4
9	G.U.P.S ഒള്ളൂർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	20	20
10	G.L.P.S പുത്തഞ്ചേരി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	4
11	G.L.P.S ഉള്ളിയേരി	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	4
12	G.U.P.S കക്കഞ്ചേരി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	3	3
13	A.M.L.P.S ഉള്ളിയേരി	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	6	6
14	പാലോറ ഹൈസ്കൂൾ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	33	35

പട്ടിക-7

സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളുടെ വിവരം

സ്കുളിന്റെ പേർ	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങളുടെ എണ്ണം			മുറികളുടെ എണ്ണം			ഇനിമുറികൾ ആവശ്യമുണ്ടെങ്കിൽ	നിലവിലുള്ള മുറ്റപ്പുരകളുടെഎണ്ണം	ഇനി ആവശ്യമുള്ളതിന്റെ എണ്ണം	നിലവിലുള്ള കക്കൂസിന്റെഎണ്ണം	ഉപയോഗയുല്യമായ കക്കൂസുകളുടെഎണ്ണം	കുടിവെള്ളസംവിധാനം ഉണ്ട്/ഇല്ല	വൈദ്യുതീകരണം ഉണ്ട്/ഇല്ല	പാചകംമുറി	സ്റ്റാഫ്റൂം	നിലവിലുള്ളഫർണി ച്ചുകൾമതിയാകും/ഇല്ല	ഇനി ആവശ്യമുള്ളവയുടെ				
		സ്ഥിരം	അർദ്ധ സ്ഥിരം	താലക്കാരികം	സ്ഥിരം	അർദ്ധസ്ഥിരം	താലക്കാരികം											എണ്ണം				
																		ഡസ്ക്	ബഞ്ച്	മേശ	കസേര	ഓഫീസ് ഫർണിച്ചർ
G.L.P.S ഒറവിൽ	4	1	-	-	4	-	-	-	1	1	1	-	✓	X	X	X	✓	12	35	6	6	
A.L.P.S കക്കഞ്ചേരി	8	4	-	-	10	-	-	-	1	-	1	-	✓	X	✓	X	✓	-	-	-	-	
G.L.P.S മുണ്ടോത്ത്	4	1	-	-	4	-	-	-	1	2	X	-	✓	X	X	X	X	10	10	2	5	അലമാര
G.U.P.S കന്നൂർ	14	4	-	-	16	-	-	-	2	-	1	-	✓	✓	X	✓	X	20	20	3	3	അലമാര-1
A.M.L.P.S കുന്നത്തറ	4	1	1	-	4	-	-	3	1	1	-	-	✓	X	✓	X	X	14	-	2	3	അലമാര-1
A.U.P.S നാറാത്ത്	20	6	-	-	22	-	-	-	1	1	1	-	✓	X	✓	✓	X	-	-	-	-	അലമാര-1
A.U.P.S ഉള്ളിയേരി	8	4	-	-	15	-	-	-	2	-	1	-	✓	✓	✓	✓	X	-	-	-	-	1
G.L.P.S കക്കഞ്ചേരി	4	2	-	-	4	-	-	1	1	1	X	-	✓	X	X	X	X	10	25	1	6	അലമാര-2
G.U.P.S ഉള്ളൂർ	12	3	-	-	13	-	-	2	2	-	2	-	✓	✓	✓	X	X	10	10	3	3	അലമാര-3
G.L.P.S പുത്തൻഞ്ചേരി	4	1	-	-	1	-	-	2	1	1	X	-	✓	X	X	X	X	2	10	2	4	അലമാര-2
G.L.P.S ഉള്ളിയേരി	4	4	-	-	4	-	-	-	2	2	1	-	✓	✓	✓	X	X	-	-	-	4	അലമാര-1
G.U.P.S കക്കഞ്ചേരി	3	1	-	-	2	-	-	-	1	-	X	-	X	X	X	X	X	10	7	2	3	അലമാര-1
A.M.L.P.S ഉള്ളിയേരി	6	3	-	-	4	1	-	1	1	1	-	-	✓	X	✓	X	X	10	10	4	4	അലമാര-1
പാലോറ ഹൈസ്കൂൾ	33	7	-	-	39	-	-	2	3	-	2	1	✓	✓	X	✓	✓	-	-	-	-	1

പട്ടിക-8

പ്രൈമറിയിലെ പാദവാർഷിക പരീക്ഷാഫലം ശതമാനത്തിൽ

ക്ലാസ്സുകൾ	30% താഴെ മാർക്ക് ലഭിച്ചവർ	30%നും 40%നും ഇടയിൽ മാർക്ക് ലഭിച്ചവർ	40% to 50 നേടിയവർ	50 to 60 നേടിയവർ	60% മുകളിൽ നേടിയവർ
3	14	14	20	24	28
4	24	25	15	24	12
5	20	24	20	16	20
6	27	23	21	17	12
7	20	24	21	21	14

പട്ടിക-9

സമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

നമ്പർ	സ്കൂളിന്റെ പേര്	മെറിറ്റോറിയൽ	ലംപ്സംഗ്രാമന്റ്	മുസ്ലീം ഗേൾസ്	വികലാംഗർ	ബിഡിത്തൊഴിലാളി	മത്സ്യത്തൊഴിലാളി	പ്രതിമാസസ്റ്റൈപന്റ്
1	ഗവഃ എൽ. പി. സ്കൂൾ പുത്തഞ്ചേരി		20	-	-	-	-	-
2	A.M.L.P.S ഉള്ളിയേരി		9	-	-	-	-	-
3	G.L.P.S ഉള്ളിയേരി		26	-	-	-	-	-
4	A.U.P.S ഉള്ളിയേരി		52	60	-	-	-	-
5	G.L.P.S ഉള്ളിയേരി		27	-	1	-	-	-
6	A.M.L.P.S കുന്നത്താറ		13	-	-	-	-	-
7	A.U.P.S നാറാത്ത്		119	78	1	1	-	-
8	A.L.P.S കക്കഞ്ചേരി		30	18	-	-	-	-
9	G.U.P.S ഒള്ളൂർ		46	-	-	-	-	-
10	G.L.P.S മുണ്ടോത്ത്		06	-	-	-	-	-
11	G.U.P.S കന്നൂർ		49	-	-	-	-	-
12	G.L.P.S കക്കഞ്ചേരി		26	-	-	-	-	-
13	G.U.P.S കക്കഞ്ചേരി		13	-	-	-	-	-
14	H.S. പാലോറ		217	134	8	-	2	-
	ആകെ		653	290	10	1	2	-

ഞ്ചേരി ജി. എൽ. പി. സ്കൂൾ, നാറാത്ത് എ. യു. പി. സ്കൂൾ, പുത്തഞ്ചേരി ജി. എൽ. പി. സ്കൂൾ എന്നിവിടങ്ങളിലെ പ്രശ്നങ്ങൾ ആയിരുന്നു. മാനേജരും പി. ടി. എ.യും സത്വരശ്രദ്ധ പതിപ്പിക്കുകയാണെങ്കിൽ നാറാത്ത് എ. യു. പി. സ്കൂളിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാവുന്നതേയുള്ളൂ. ഈ സ്കൂളിൽ അവശ്യം പരിഹാരം കാണേണ്ടത് കുടി വെള്ളം എത്തിക്കുന്നതിലും, സ്കൂൾ പരിസര ശുചികരണത്തിലും, മൂത്രപ്പുര അടക്കമുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലുമാണ്. (അവലംബം 7-ാം വാർഡ് ഗ്രാമസഭ.)

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന 436 കുട്ടികൾ പട്ടിക ജാതിക്കാരാണ്. ഇതിൽ 214 പെൺകുട്ടികളും 22 ആൺകുട്ടികളുമാണ്. പട്ടികജാതി കുട്ടികൾക്ക് ലംപ് സംഗ്രാന്റ് ലഭിക്കുന്നുണ്ട്. S.S.L.C. പൂർത്തിയാക്കുന്നവരാണധികവും പക്ഷേ വിജയ ശതമാനം തുലോം കുറവാണ്. സമൂഹത്തിന്റെ പൊതുധാരയിൽ പട്ടികജാതി വിഭാഗക്കാരെ എത്തിക്കുന്നതിൽ വിദ്യാഭ്യാസത്തിന് കാതലായ പങ്കുണ്ടു. ഇത് നിറവേറ്റാൻ നാം ഇനിയും പരിശ്രമിക്കേണ്ടതായിട്ടുണ്ട്. S.S.L.C. പൂർത്തിയാക്കിയവരോ തോറ്റവരോ ആയ ഇത്തരം കുട്ടികൾക്ക് തുടർന്ന് വിദ്യാഭ്യാസത്തിനായുള്ള മതിയായ സാമ്പത്തിക സഹായങ്ങൾ നൽകേണ്ടത് അത്യാവശ്യമാണ്. പുതിയ തൊഴിൽ മേഖലകൾ കണ്ടെത്താൻ ഇവരെ പ്രാപ്തരാക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കാൻ വിദ്യാഭ്യാസത്തിന് കഴിയേണ്ടതാണ്. ഇതിനനുസൃതമായി വിദ്യാഭ്യാസ രീതികളിലും സമൂഹത്തിന്റെ മനോഭാവത്തിലും മാറ്റങ്ങൾ അത്യാവശ്യമാണ്.

അക്കാദമിക്ക് പ്രവർത്തനങ്ങൾക്കൊപ്പം തന്നെ പ്രാധാന്യം പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്കും നൽകേണ്ടതാണ്. വ്യക്തിത്വവികാസം, കലാസാഹിത്യാസ്വാദനം, വിവിധതരം നൈപുണികളുടെ വികാസം, സ്വയം പഠനത്തിനുള്ള കഴിവ്, നേതൃത്വശേഷി തുടങ്ങിയവ വിദ്യാർത്ഥികളിൽ വളർത്തുന്നതിനും വിദ്യാലയ പ്രവർത്തനങ്ങൾ കൂടുതൽ സജീവവും ആകർഷവുമാക്കുന്നതിനും പാഠ്യാനുബന്ധപ്രവർത്തനങ്ങൾ സഹായകമാക്കുന്നു.

വിദ്യാഭ്യാസരംഗത്ത് ഇടപെടുക എന്ന ഉദ്ദേശത്തോടെ, നമ്മുടെ ഗ്രാമപഞ്ചായത്ത്, 'എല്ലാവർക്കും വിദ്യാഭ്യാസം, ഗുണമേന്മയുള്ള വിദ്യാഭ്യാസം' എന്ന ജില്ലാ പഞ്ചായത്തിന്റെ പരിപാടി ഏറ്റെടുത്ത് നടത്തി വരികയാണ്. ആ പരിപാടി വിജയിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ടി. കെ. ഇന്ദിര ചെയർ പേഴ്സണും പാലോറ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ബാലകൃഷ്ണൻ നമ്പ്യാർ കൺവിനറുമായി ഒരു വിദ്യാഭ്യാസ സമിതിയും, ശ്രീ അസ്സൻകുട്ടി ഹാജി ചെയർമാനും ശ്രീ. എൻ. കെ. വിശ്വനാഥൻ മാസ്റ്റർ കൺവീനറുമായി ഒരു അക്കാദമിക് സമിതിയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ശ്രീ. പി. വി ഭാസ്കരൻകിടാവ് ഈ സമിതികളുടെ പഞ്ചായത്ത് തല കോ-ഓഡിനേറ്ററായി പ്രവർത്തിക്കുന്നു. പ്രൈമറി വിദ്യാഭ്യാസരംഗത്തെ അക്കാദമിക് പ്രവർത്തനങ്ങൾ സുഗമമാക്കാനും മെച്ചപ്പെടുത്താനുമായി ഒട്ടേറെ പ്രവർത്തനങ്ങൾ ഇതിനകം പ്രസ്തുത സമിതി നടത്തിയിട്ടുണ്ട്. ഒന്ന് രണ്ട് ക്ലാസ്സുകളിലെ ഭാഷ, ഗണിതം, പരിസരപഠനം അധ്യാപകർക്കായി വ്യത്യസ്ത ദിവസങ്ങളിലായി പരിശീലന ക്ലാസ്സുകൾ, 5-ാം ക്ലാസ്സിലെ ഇംഗ്ലീഷ് അധ്യാപകർക്കായി ഒരു ഏകദിന പരിശീലന ക്ലാസ്സ്, യു. പി. ക്ലാസ്സുകളിലെ ചരിത്രാധ്യാപകരുടെ ഒത്തുചേരൽ, 3,4 ക്ലാസ്സുകളിലെ ഗണിതാധ്യാപകർക്കായുള്ള ഏകദിന പരിശീലനം, 'കവിതകൾ ചൊല്ലി രസിക്കാം' എന്ന പരിപാടിയുടെ ഭാഗമായി നടത്തപ്പെട്ട ഏകദിന ശില്പശാല എന്നിവ ഇവയിൽ ചിലതാണ്. ഹൈസ്കൂൾ S.S.L.C. വിജയശതമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഡിസംബർ മുതൽ രാവിലെ 9.30 മുതലും വൈകിട്ട് 4.30 വരെയും പ്രത്യേക പരിശീലനത്തിന്റെ ഭാഗമായി ക്ലാസുകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ പ്രത്യേകമായെടുത്ത് പരിശീലിപ്പിക്കാനും തീരുമാനമെടുത്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുമായി പഞ്ചായത്തിലെ മുഴുവൻ അധ്യാപകരും നല്ല രീതിയിൽ സഹകരിച്ചു വരുന്നു.

ജില്ലയുടെ മറ്റു പലഭാഗങ്ങളിലും കാര്യക്ഷമമായി നടന്നുവരുന്ന സ്കൂൾ കോംപ്ലക്സ് പ്രവർത്തനം നമ്മുടെ പഞ്ചായത്തിലും നേരത്തേ നടന്നു വന്നിരുന്നു. പക്ഷേ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല. സ്കൂൾ കോംപ്ലക്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ മുഖ്യ ഉദ്ദേശ്യം വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുക എന്നതാണ്. പക്ഷേ ആ ഉദ്ദേശ്യം സഫലമാക്കാൻ പല കാരണങ്ങൾ കൊണ്ടും നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്. വിദ്യാർത്ഥികളുടെ പുരോഗതി, വിദ്യാലയ പുരോഗതി, വിദ്യാഭ്യാസ പുരോഗതി എന്നിവ യഥാസമയം വിലയിരുത്തപ്പെടേണ്ടതാണ്. ഓരോപ്രവർത്തന ഘട്ടത്തിലും ക്രമാനുഗതമായ മോണിറ്ററിംഗ് ദിശാഗതി നിർണയം, സമ്പ്രദായവും നടന്നിരിക്കണം. ഇവ സാധ്യമാവുന്ന രീതിയിൽ ചിട്ടപ്പെടുത്തിയിട്ടുള്ള സ്കൂൾ

കോംപ്ലക്സ് പ്രവർത്തനങ്ങൾ കൂടി ഏറ്റെടുത്തുകൊണ്ട് നമ്മുടെ പഞ്ചായത്തിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഏറെ മെച്ചപ്പെടുത്താനുള്ള ശ്രമം ഉണ്ടാവണം.

പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ എന്നനിലയിൽ ഒട്ടേറെ കാര്യങ്ങൾ സ്കൂളുകളിൽ സംഘടിപ്പിക്കാവുന്നതാണ്. സാഹിത്യസമാജം, ചുമർ/കൈയെഴുത്ത് മാസിക, പരിസ്ഥിതി/സയൻസ് ക്ലബ്ബ്, വായനാകോർണർ/സ്കൂൾ ലൈബ്രറി, പഠനയാത്ര, മാസ്ഡ്രിൽ, പരിസര ശുചീകരണം, യൂണിഫോം, അസംബ്ലി, ദേശീയ ദിനാചരണം എന്നിവ നമുക്ക് സ്വീകരിക്കാവുന്ന ചില പാഠ്യാനുബന്ധ പ്രവർത്തനങ്ങളാണ്.

ക്ലാസടിസ്ഥാനത്തിൽ ആഴ്ചയിലും മാസത്തിലൊരിക്കൽ പൊതുവിലും സാഹിത്യസമാജങ്ങൾ കൂടാവുന്നതാണ്. L. P. വിഭാഗത്തിൽ ആഴ്ചയിലൊരിക്കൽ ബാലസഭ എന്ന പേരിലും ഈ പരിപാടി നടത്താവുന്നതാണ്. വീടുകളിലും സ്കൂളുകളിലും തോട്ടങ്ങൾ വെച്ചുപിടിപ്പിക്കാനും കൃഷിയും ആധുനിക കൃഷി സമ്പ്രദായങ്ങളും പരിചയപ്പെടുത്താനും കൃഷിയോടുള്ള ആഭിമുഖ്യം വളർത്താനും പരിസ്ഥിതി സയൻസ് ക്ലബ്ബുകളെ സ്കൂളുകളിൽ ഉപയോഗപ്പെടുത്തേണ്ടതാണ്. പാഠഭാഗവുമായി ബന്ധപ്പെട്ട് അധ്യാപകർ സംഘടിപ്പിക്കുന്ന സമീപസ്ഥലയാത്രകൾ കുട്ടികൾക്ക് ഏറെ ഗുണകരവും അനുഭവപ്രദവുമായിരിക്കും.

സ്കൂളുകളിൽ ഇന്നു നടന്നുവരുന്ന മാതൃസംഗമങ്ങൾ കുറെക്കൂടി വിശാലമായ ലക്ഷ്യത്തോടെ നടത്തേണ്ടിയിരിക്കുന്നു. ഓരോ ക്ലാസിനും പ്രത്യേകം യോഗങ്ങൾ വിളിച്ചുചേർത്ത് കുട്ടികളുടെ പ്രശ്നങ്ങളെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചും ശരിയായി മനസിലാക്കാനുള്ള അവസരം സൃഷ്ടിക്കണം. രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും സഹകരണത്തോടെ പഠനോപകരണങ്ങൾ ചാർട്ട്, മേപ്പ് തുടങ്ങിയവ ഉണ്ടാക്കാവുന്നതാണ്. ഇത് പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്ക് ഉറപ്പുവരുത്താൻ സഹായകമാവും. മാത്രവുമല്ല അധ്യാപനവും പഠനവും ഏറെ കാര്യക്ഷമമാക്കാനും ഇതുപകരിക്കും. മിടുക്കരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും ഒപ്പം പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് തളരാതെ മുന്നേറാനുള്ള പ്രചോദനം നൽകുകയും ചെയ്യേണ്ടത് അധ്യാപകരുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും കടമയായി കാണണം. പി. ടി. എയ്ക് ഇക്കാര്യത്തിൽ ഏറെ പങ്കുവഹിക്കാൻ കഴിയും.

ഗ്രാമപഞ്ചായത്തിൽ നിന്നും 200-ഓളം കുട്ടികൾ വർഷം പ്രതി ഉപരിപഠനത്തിനായി ദൂരസ്ഥലങ്ങളിലേയ്ക്ക് പോവുന്നുണ്ട്. ഇവരിൽ അധികവും 20 കി.മീ. എങ്കിലും സഞ്ചരിച്ചാണ് ക്ലാസുകളിൽ എത്തിച്ചേരുന്നത്. ഇത് പലരുടേയും ഉപരിപഠനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഉള്ളിയേരിയിൽ ഒരു ഗവ: കോളേജ് വരേണ്ടുന്നതിലേയ്ക്ക് ആ പ്രശ്നം വിരൽചൂണ്ടുന്നു. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നപോലെ മറ്റ് സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളും നമ്മുടെ പഞ്ചായത്തിൽ ഇല്ല. (അവലംബം: ഗ്രാമസഭാറിപ്പോർട്ട്) കമ്പ്യൂട്ടർ ട്രെയിനിംഗ് ഉൾപ്പെടെയുള്ള സാങ്കേതിക പരിശീലന സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിലില്ല. ഒരു ഹയർ സെക്കൻററി കോഴ്സിനുള്ള സാധ്യതയും പഞ്ചായത്തിൽ ഉപയോഗപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലുള്ള 28 അംഗൺവാടികളിൽ 4-എണ്ണത്തിനുമാത്രമേ സ്ഥിരം കെട്ടിടമുള്ളൂ. ബാക്കിയുള്ളവ കെട്ടിടമില്ലാത്തതോ പണി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലാത്തതോ ആണ്. സ്വന്തമായി സ്ഥലമുള്ളതും കെട്ടിടമില്ലാത്തതുമായ അംഗൻവാടികളുമുണ്ട്. വിശദവിവരങ്ങൾക്ക് പട്ടിക-10 ശ്രദ്ധിക്കുക.

ചില നഴ്സറികളിൽ കുട്ടികൾക്ക് കൃത്യമായ ഭക്ഷണവും സത്വരമായ പരിരക്ഷയും ലഭിക്കുന്നില്ലെന്ന് ഗ്രാമസഭകളിൽ നിന്ന് പരാതി വന്നിട്ടുണ്ട്. അംഗൺവാടികളിൽ കുടിവെള്ളം, കളിക്കോപ്പുകൾ, കളിസ്ഥലം തുടങ്ങിയ ഭൗതിക സൗകര്യങ്ങൾ ഒന്നും തന്നെയില്ല. ചില അംഗൻവാടികൾക്ക് I.C.D.S.ൽ നിന്ന് കെട്ടിടനിർമാണത്തിനായി സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പണം കൊണ്ട് കെട്ടിടം പൂർത്തിയാക്കാൻ കഴിയാത്ത് അവസ്ഥയാണ്. ഇതിന് സർക്കാർ സഹായം കൂടിയേപറ്റൂ. സാമ്പത്തിക സഹായം ലഭിച്ചിട്ടും പണി പൂർത്തികരിക്കാൻ കഴിയാത്ത അംഗൺവാടികളുടെ വിവരം സംബന്ധിച്ച പട്ടിക അന്യത്ര ചേർത്തിട്ടുണ്ട്.

പഞ്ചായത്തിൽ ആറ് വായനശാലകളും രണ്ട് ജനവിദ്യാകേന്ദ്രങ്ങളും ഉണ്ട്. വായനശാലകളിൽ പലതും അസൗകര്യങ്ങളുടേയും പ്രയാസങ്ങളുടേയും നടുവിൽ നട്ടം തിരിയുകയാണ്. കൊയിലാണ്ടി താലൂക്കിലെ ഏറ്റവും മെച്ചപ്പെട്ട വായനശാലയായിരുന്നു ഉള്ളിയേരിയിലെ പബ്ലിക്ക് ലൈബ്രറി. എന്നാൽ ഇന്നതിന് പരാധീനതകൾ ഏറെയാണ്. പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള സൂരക്ഷിതമായ മുറിയോ ഷെൽഫുകളോ ഇവിടെയില്ല. പഞ്ചായത്തിന്റെ സാമ്പത്തിക സഹായം കൊണ്ടേ ഉള്ളിയേരി പബ്ലിക് ലൈബ്രറിയുടെ സാമ്പത്തിക പരാധീനതയ്ക്

പട്ടിക-10

അംഗൺ വാടികളെ സംബന്ധിച്ച വിവരം

വാർഡ്	എണ്ണം	സ്വന്തമായി കെട്ടിടം ഉള്ളവ	സ്ഥലം ഉണ്ട് കെട്ടിടം ഇല്ല	സ്ഥലമില്ല കെട്ടിടമില്ല	I.C.D.S സഹായം ലഭിച്ചു.	I.C.D.S സഹായം അനുവദിച്ചു.
I	4	-	1	3	1	-
II	3	-	2	1	-	2
III	3	1	2	-	-	2
IV	2	-	2	-	-	-
V	2	-	2	-	1	1
VI	2	-	1	1	-	-
VII	3	1	2	-	1	2
VIII	2	-	1	1	-	-
IX	3	-	2	1	1	-
X	3	-	2	1	2	-
XI	1	-	1	1	-	-

പരിഹാരം കാണാൻ കഴിയൂ.

പത്താം വാർഡിലെ കന്നൂരിലുള്ള പഞ്ചായത്ത് ലൈബ്രറി കെട്ടിടം നാശത്തിന്റെ വക്കിലാണ്. പുതിയ പുസ്തകങ്ങളും സ്ഥിരമായ ലൈബ്രേറിയനേയും ഇവിടെ ആവശ്യമാണ്. ഒന്നാം വാർഡിൽ തെരുവത്ത്കടവ് കോമ്പിൽ ഭാഗത്തും ആറാംവാർഡിൽ നോർത്ത് കന്നൂർ ഭാഗത്തും ഓരോ പുതിയ വായനശാലകൾ പുതുതായി അനുവദിക്കേണ്ടതാണ് (ഗ്രാമസഭാ റിപ്പോർട്ടിൽ നിന്ന്)

പഞ്ചായത്തിലെ 50-ഓളം വരുന്ന കലാസമിതികളും അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ഒട്ടും കുറവല്ലാത്ത പങ്കുവഹിച്ചു വരുന്നുണ്ട്.

സാക്ഷരതാപ്രവർത്തനം ആരംഭത്തിൽ ഊർജിതമായി നടന്നിരുന്നു. തുടർ സാക്ഷരതാപ്രവർത്തനം യഥായോഗ്യം നടന്നില്ല. പഞ്ചായത്തിന്റെ പലഭാഗങ്ങളിലും നിലനിൽകുന്ന നിരക്ഷരത, തുടർ സാക്ഷരതാപ്രവർത്തനത്തിന്റെ ആവശ്യകതയിലേയ്ക്ക് വിരൽ ചൂണ്ടുന്നു. തുടർസാക്ഷരതാപ്രവർത്തനങ്ങളിൽ ഒരെത്തിനോട്ടം നടത്താൻ ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾകൊണ്ട് പഞ്ചായത്തിൽ സാധിച്ചിട്ടുണ്ട്.

പരിഹാര നിർദേശങ്ങൾ

☆ പഞ്ചായത്തിലെ അംഗൺവാടികൾക്ക് സ്വന്തമായ കെട്ടിടം, കളിസ്ഥലം, കളിക്കോപ്പ്, കുടിവെള്ളം തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തണം.

☆ പഞ്ചായത്തിലെ ആറാം വാർഡിന്റെ ചിറാരിക്കടവ് ഭാഗത്ത് ഒരു G.L.P. സ്കൂൾ സ്ഥാപിക്കണം.

☆ പതിനൊന്നാം വാർഡിൽ നിലവിലുള്ള ജി. എൽ. പി. സ്കൂളിന് കെട്ടിടം ഉണ്ടാക്കുകയും അപ്ഗ്രേഡ് ചെയ്യുകയും വേണം.

☆ കന്നൂർ ഗവഃ യു. പി. സ്കൂളിന് സ്വന്തമായി കെട്ടിടം ഉണ്ടാക്കണം. സ്കൂളിനോടനുബന്ധിച്ച് പ്രീ പ്രൈമറിയും ആരംഭിക്കണം.

☆ പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ കൂടി ആരംഭിക്കണം.

☆ ഒറവിൽ ജി. എൽ. പി. സ്കൂളിൽ പ്രീ പ്രൈമറി സ്ഥാപിക്കണം.

★ സ്കൂളുകളിൽ ഫർണിച്ചർ, കുടിവെള്ളം, മൂത്രപ്പുര, പഠന ഉപകരണങ്ങൾ കളിസ്ഥാലം തുടങ്ങിയ ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കണം.

☆ കന്നൂർ ജി. യു. പി. എസ്, കുന്നത്തറ എ. എം. എൽ. പി. എസ്, ഉളളിയേരി എ. യു. പി. എസ് എന്നിവിടങ്ങളിൽ ചുറ്റുമതിൽ നിർമിക്കേണ്ടതാണ്.

☆ ഉച്ചക്കഞ്ഞി വൃത്തിയായും കാര്യക്ഷമമായും വിതരണം ചെയ്യാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം.

☆ നാടിന്റെ പലഭാഗത്തും ഉയർന്നു വരുന്ന അൺ-എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ നിയന്ത്രിക്കപ്പെടണം.

☆ സ്കൂളുകളിൽ അക്ഷര ക്ലബ്ബുകൾ സംഘടിപ്പിച്ച് കുട്ടികളുടെ പഠന നിലവാരം ഉയർത്താൻ ശ്രമിക്കേണ്ടതാണ്.

☆ കക്കഞ്ചേരി ഗവഃ യു. പി. സ്കൂളിന് സ്വന്തമായ കെട്ടിടവും മറ്റ് ഭൗതിക സൗകര്യങ്ങളും അനുവദിക്കണം.

☆ ഒളളൂർ ഗവഃ യു. പി. സ്കൂളിന് നടപ്പാതയും കളിസ്ഥലവും ചുറ്റുമതിലും രണ്ട് ക്ലാസ് മുറിക്കുള്ള കെട്ടിടവും നിർമിക്കണം.

☆ സ്കൂൾ ലാബുകൾ, ലൈബ്രറികൾ, എന്നിവ ഉറപ്പുവരുത്തുകയും വിപുലപ്പെടുത്തുകയും ചെയ്യണം.

☆ സ്കൂളുകളിലെ വിവിധ ക്ലബ്ബുകളെ പ്രവർത്തനക്ഷമമാക്കി കുട്ടികളിൽ കാർഷിക അഭിരുചി വർധിപ്പിക്കാനുതകുന്ന സാഹചര്യം ഉണ്ടാക്കണം.

☆ ഉളളിയേരിയിലെ പബ്ലിക് ലൈബ്രറി കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാനാവശ്യമായ സഹായം ചെയ്യണം.

☆ വായനശാല ഇല്ലാത്ത വാർഡുകളിൽ, വായനശാല സ്ഥാപിക്കണം.

☆ ഗ്രാമപഞ്ചായത്തിന്റെ കേന്ദ്രമായ ഉളളിയേരിയിൽ ഒരു ആർട്സ് അൻറ് സയൻസ് കോളേജ് സ്ഥാപിക്കണം.

☆ സ്കൂളുകളിൽ മാതൃസംഗമം കൃത്യമായി നടത്തുകയും പി. ടി. എ. പ്രവർത്തനം ശക്തമാക്കുകയും ചെയ്യണം.

☆ ഒരു സർവേയുടെ അടിസ്ഥാനത്തിൽ നിരക്ഷരരെ കണ്ടെത്തി അവരെ സാക്ഷരരാക്കാനുള്ള പ്രവർത്തനം നടത്തണം.

☆ I, II, III, IV വാർഡുകളെ ബന്ധപ്പെടുത്തി തെരുവത്ത് കടവിൽ ഒരു ജനവിദ്യാകേന്ദ്രം സ്ഥാപിക്കണം.

സാധ്യതകൾ

☆ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാൻ-പി. ടി. എ. യുടെ നേതൃത്വത്തിൽ മനുഷ്യാധ്വാനവും ഉപയോഗപ്പെടുത്തി-സാധിക്കും.

☆ ഒറവിൽ ജി. എൽ. പി. സ്കൂളിന് 93.സെൻറ്

സ്ഥലമുണ്ട്.

☆പി. ടി. എ. യുടെ ഇടപെടലുകളിലൂടെ സ്കൂളുകളിലെ കുടിവെള്ളം, മൂത്രപ്പുര തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താവുന്നതാണ്.

☆ഒളളൂർ യു. പി. സ്കൂളിന് കളിസ്ഥലത്തിന് ഒരേക്രവയൽ സ്കൂളിനുണ്ട് ഇത് ഉപയോഗപ്പെടുത്താവുന്നതാണ്.

☆പി. ടി. എ ശ്രദ്ധിച്ചാൽ ഉച്ചക്കഞ്ഞിവിതരണത്തിലെ അപകടങ്ങൾ പരിഹരിക്കാവുന്നതാണ്.

☆മാതൃഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് രക്ഷിതാക്കളെ ബോധ്യപ്പെടുത്തിക്കൊണ്ട് ഇംഗ്ലീഷ് മീഡിയം ഭ്രമം കുറയ്കാൻ കഴിയും.

☆വായനശാലകൾക്കാവശ്യമായ പുസ്തകങ്ങൾ കലാസാംസ്കാരിക സംഘടനകൾക്കും പ്രവർത്തകർക്കും ശേഖരിച്ച് നൽകാൻ സാധിക്കും.

☆ഉളളിയേരിയിൽ എഡുക്കേഷണൽ ഡവലപ്മെന്റ് സൊസൈറ്റി എന്ന സംഘടനയുടെ കൈവശം സംഭാവനയായി സ്വരൂപിച്ച 25 ഏക്കർ സ്ഥലം കോളേജിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

☆അംഗൺവാടി ബെറ്റർമെന്റ് കമ്മിറ്റികളുടെ പ്രവർത്തനം ശക്തമാക്കിക്കൊണ്ട് സൗകര്യങ്ങൾ വർധിപ്പിക്കാവുന്നതാണ്.



പൊതുജനാരോഗ്യം

ഏതൊരു നാടിന്റെയും സമ്പത്ത് ആരോഗ്യമുള്ള ജനതയാണ്. പഴമക്കാരിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് അന്നത്തെ ജീവിത രീതി രോഗവിമുക്ത മായിരുന്നു എന്നാണ്. കായികമായ അധ്വാനം. സാമൂഹ്യമായ അച്ചടക്കം, ഗ്രാമീണ അന്തരീക്ഷത്തിലെ ശുദ്ധമായ പരിസരമലിനീകരണമില്ലായ്മ ഇവയെല്ലാംമ ആരോഗ്യപരിപാലനത്തിന് ഗുണകരമായി ഭവിച്ചിട്ടുണ്ട്.

ഇന്നത്തെ അവസ്ഥ ഇതിൽ നിന്നും എത്രയോ വിഭിന്നമാണ്. നേരത്തെ ഉണ്ടായിരുന്ന ചികിത്സാരീതികൾ അല്ല ഇന്നുള്ളത്. പരിസരങ്ങൾ മലീമസമായിക്കൊണ്ടിരിക്കുന്നു. തന്നിമിത്തം മനുഷ്യന്റെ ആരോഗ്യനിലവാരത്തിനും മാറ്റം വന്നിരിക്കുന്നു. പഴയകാലത്ത് ഉണ്ടായിരുന്ന ചികിത്സാരീതികൾ അല്ല ഇന്നുള്ളത് ഇതിലും മാറ്റം വന്നിട്ടുണ്ട്. പോയകാലത്ത് ചികിത്സാരംഗത്ത് ഈ പഞ്ചായത്തിൽ ധാരാളം പേർ ഉണ്ടായിരുന്നു. ഇവരിൽ പുത്രമണ്ണിൽ കുടുംബാംഗങ്ങളായ ഗോവിന്ദൻ നായർ, രാമൻ നായർ, ഓശാമ്മ, കണാരൻ നായർ, കുഞ്ഞിക്കണ്ണൻ നായർ, എന്നിവർ പ്രധാനികളായിരുന്നു. ഇവർ എല്ലാം തന്നെ ബാലചികിത്സയിലും പേരുകേട്ടവരായിരുന്നു കൂടാതെ മൃഗചികിത്സയിലും കണ്ണുചികിത്സയിലും. പ്രശസ്തനായിരുന്നു. മരുതിയാട്ട് എമ്മക്കുറുപ്പ്. ഈ കുടുംബത്തിൽപ്പെട്ടവർ തന്നെയാണ് എടമംഗലത്ത് ഉണ്ണിനായർ, കുഞ്ഞികൃഷ്ണൻ നായർ. തിരുവോട്ട് കുഞ്ഞിരാമൻ നായർ, എന്നിവർ നാട്ടുചികിത്സാ വിദഗ്ധനായ കാരടിപ്പറമ്പത്ത് കേളുക്കുട്ടി വൈദ്യർ. അപസ്മാരരോഗചികിത്സകരായ കുഞ്ഞിരാരപ്പണിക്കർ, കൃഷ്ണപ്പണിക്കർ എന്നിവരും ഉണ്ടായിരുന്നു. വിഷചികിത്സാലരംഗത്ത് പേരുകേട്ടവരായിരുന്നു കടിക്കാട്ട് രാമുണ്ണി വൈദ്യർ. ബാലൻ വൈദ്യർ. കുന്നത്തറയിലെ മാത്യുതരകൻ. പുത്തഞ്ചേരിയിലെ ചാപ്പുണ്ണിനായർ മുതലായവർ. പഴയ മലബാർ പ്രദേശത്തെ പ്രഗത്ഭ നാട്ടുചികിത്സാ വിദഗ്ധർ ആയിരുന്നു അന്തരിച്ച പൂക്കോട്ടേരി ചോയി വൈദ്യർ ഇദ്ദേഹത്തിനും, എമ്മക്കുറുപ്പിന്നും ചികിത്സാരംഗത്ത്ള്ള നൈപുണ്യത്തിന് അംഗീകാരമായി അന്നത്തെ നാട്ടുരാജാക്കൻമാരിൽ നിന്ന് പട്ടും വളയും ലഭിച്ചിരുന്നു. പിൽക്കാലത്ത് അലോപ്പതി ചികിത്സ വ്യാപകമായി. അതോടൊപ്പം തന്നെ ആയുർവേദ ചികിത്സയിലും ഒട്ടനവധി മാറ്റം വന്നു. ആയുർവേദ ചികിത്സ സർക്കാർ അംഗീകരിച്ചതിന്റെ ഫലമായി ഈ പ്രദേശത്ത് ആയുർവ്വേദ ഡോക്ടർമാർ ചികിത്സാരംഗത്തേക്ക് കടന്നുവരാൻ തുടങ്ങി അതിൽ പ്രധാനിയാണ് ഈയിടെ സർവ്വീസിൽ നിന്നും റിട്ടെയർ ചെയ്ത ഡി.എം.ഒ (I.S.M)എം. കെ മാധവൻ നമ്പ്യാർ, അലോപ്പതി രംഗത്ത് പൂക്കോട്ടേരി ശ്രീനിവാസനും, ഹോമിയോപ്പതി രംഗത്ത് പൂക്കോട്ടേരി വിശ്വനാഥനും, OK ശ്രീനിവാസൻ തുടങ്ങി നിരവധിപേർ ഈ പഞ്ചായത്തിൽ ഉണ്ട്. 1980 ൽ കോളറ ബാധിച്ച സമയത്ത് പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ യുവജനസംഘടനകളും സന്നദ്ധസംഘടനകളും മറ്റും സംയുക്തമായി നടത്തിയ ശുചീകരണ പ്രവർത്തനങ്ങൾക്കും ബോധവൽക്കരണ പരിപാടികൾക്കും ജില്ലയിൽ രണ്ടാം സ്ഥാനം ലഭിക്കുകയും 501 രൂപ കേഷ് അവാർഡ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പഞ്ചായത്തിലെ ജനസംഖ്യ 27,805. ആണ് കേരളത്തിലെ ജനസാന്ദ്രത ചതുരശ്ര കി. മീറ്ററിന് 740 ആണെങ്കിൽ നമ്മുടെ പഞ്ചായത്തിലേത് 1069 ആണെന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതാണ്.

ഇന്ന് ഈ പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററും, മൂന്ന് ശിശു സംരക്ഷണ കേന്ദ്രങ്ങളും, ഒരു സർക്കാർ ആയുർവ്വേദ ആശുപത്രിയും പ്രവർത്തിക്കുന്നു. മാതൃശിശുസംരക്ഷണരംഗത്ത് ഐ.സി.ഡി.പി പദ്ധതി അനുസരിച്ച് ഇരുപത്തി എട്ട് അംഗൻവാടികൾ പ്രവർത്തിക്കുന്നു. ആരോഗ്യരംഗത്ത് സന്നദ്ധസംഘടനകളുടെയും, കലാസാംസ്കാരിക സംഘടനകളുടെയും പ്രവർത്തനഫലമായി ഒട്ടനവധി രോഗനിർണ്ണയ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. ഇതിൽ നിന്നും വിവിധതരം രോഗികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇവരെയെല്ലാം വിദഗ്ധ ചികിത്സയ്ക്ക് ബന്ധപ്പെട്ട ആശുപത്രികളിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. പോഷക ആഹാരക്കുറവുകൊണ്ട് രോഗം ബാധിച്ച ഒരു കുട്ടിയും ഈ പഞ്ചായത്തിൽ ഉണ്ടെന്ന് പ്രത്യേകം സൂചിപ്പിക്കട്ടെ. ഈ നിലയക്ക് പൊതുജനാരോഗ്യരംഗത്ത് ഒട്ടേറെക്കാര്യങ്ങൾ ഇനിയും നടപ്പിലാക്കേണ്ടതുണ്ട്.

നിലവിലുള്ള PHC 10 കിടക്കകളുള്ള ഒരു ആശുപത്രിയാണ്. കൂടാതെ കയർ തൊഴിലാളികൾക്കുവേണ്ടി അഞ്ച് കിടക്കകളുള്ള കയർവാർഡും ഇതോടനുബന്ധിച്ച് ഉണ്ട് എന്നിരുന്നാലും, രോഗികളെ കിടത്തി ചികിത്സിക്കുന്ന സ്ഥിതി ഈ ആശുപത്രിയിലില്ല എന്നുള്ളത് ഖേദകരമാണ്. ഒരു O.P വാർഡ് ഇല്ല എന്നുള്ള താണത്രെ ഇതിന് കാരണമായി പറയുന്നത്. ഇത് എത്രയും പെട്ടന്ന് പരിഹരിച്ച് കിടത്തി ചികിത്സ ആരംഭിക്കേണ്ടതാണ് ഈ ആശുപത്രിയ്ക്ക് സ്വന്തമായി കെട്ടിടവും കാമ്പൗണ്ടും, മറ്റും നിലവിലുണ്ട് സ്വന്തമായി സ്ഥലവും. കെട്ടിടവും ഉള്ള ഒരു ആയുർവേദ ആശുപത്രിയും നിലവിൽ ഉണ്ട്. ഇവയ്ക്ക് ആവശ്യമായ ഉപകരണങ്ങളിൽ ബഹുഭൂരിപക്ഷവും നാട്ടുകാരുടെ ശ്രമകരമായ പ്രവർത്തനം മൂലം സംഘടിപ്പിച്ചതാണ്. ഈ ആശുപത്രിയുടെ സേവനം കൂടുതൽ മെച്ചപ്പെടുത്താൻ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ യഥാസമയം ലഭ്യമാക്കണം.

സർക്കാർ ഉടമയിൽ ഒരു ഹോമിയോ ഡിസ്പൻസറിയും ഈ പഞ്ചായത്തിൽ ഉണ്ട്. ഇത് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് 10 സെന്റ് സ്ഥലം നാട്ടുകാരിൽനിന്ന് സംഭാവനയായി ലഭിച്ചിട്ടുണ്ടെങ്കിലും കെട്ടിടത്തിന്റെ പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ല. എത്രയും പെട്ടന്ന് ഇതിന്റെ പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

സ്വകാര്യരംഗത്ത് ഒരു അലോപ്പതി ആശുപത്രി പ്രവർത്തിക്കുന്നു, കൂടാതെ ഒരു ഡിസ്പൻസറിയുമുണ്ട്. ആയുർവേദരംഗത്ത് 3 ക്ലിനിക്കുകളും. ഏതാനും അലോപ്പതി ആയുർവ്വേദമരുന്നു കടകളും ഈ പഞ്ചായത്തിൽ ഉണ്ട്.

ആരോഗ്യ പരിപാലനത്തിന് രോഗ ചികിത്സയെ മാത്രം ആശ്രയിക്കുക എന്നത് മൂലം ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കാൻ കഴിയില്ലല്ലോ? ഇതിന് രോഗ പ്രതിരോധപ്രവർത്തനങ്ങൾ അനിവാര്യമാണ്. കൂടാതെ ശരിയായ പോഷണം. പരിസരശുചിത്വം, ശുദ്ധജലം, ശുദ്ധവായു എന്നിവയ്ക്ക് പ്രാമുഖ്യമുണ്ട്.ഇതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ എത്രയും പെട്ടന്ന് ആരംഭിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിലെ മാംസ, മത്സ്യവിൽപനശാലകൾ, ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമായല്ല പ്രവർത്തിക്കുന്നത്. എത്രയും പെട്ടെന്ന് ഈ രംഗത്ത് വേണ്ടത്ര ശ്രദ്ധ പതിയേണ്ടതുണ്ട്. ഒരു മുഴുവൻ സമയ പ്രവർത്തകൻ ഈ രംഗത്ത് അത്യാവശ്യമാണ്.

മാസത്തിൽ ഒരു ദിവസമെങ്കിലും എല്ലാ അംഗൻവാടികളിലും ഒരു ഡോക്ടറുടെ സേവനം നിർബ്ബന്ധമാക്കാനുള്ള നടപടി സ്വീകരിക്കണം. കൂടാതെ കോളനികളിലും മറ്റും ആരോഗ്യപ്രവർത്തകർ സന്ദർശിക്കുന്നതും, ഉപദേശനിർദ്ദേശങ്ങൾ നൽകി പരിസരശുചിത്വം പാലിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകണം. ഹോട്ടൽ, പലചരക്കുകട, ബേക്കറി, റോഡുവക്കിലെ രാത്രികാലകച്ചവടം എന്നിവിടങ്ങളിലെല്ലാം ഉണ്ടാകുന്ന മാലിന്യങ്ങൾ ഒഴിവു സ്ഥലങ്ങളിലും, ഓടകളിലും തള്ളുന്നതായി കാണുന്നു. ഇത് ഈച്ച, കൊതുക് എന്നിവയുടെ ഉല്പാദനകേന്ദ്രങ്ങളായി മാറുന്നു. തന്നിമിത്തം പകർച്ചവ്യാധികൾ ജനസമൂഹത്തെ ബാധിക്കുന്നു. മാത്രമല്ല ഇതിന്റെ പരിണതഫലമായി മത്സ്യങ്ങളും, തവളകളും ചത്തൊടുങ്ങുന്നു ഇത് തടയാനുള്ള എല്ലാ നടപടികളും ഉണ്ടാകണം.

മൂത്രപ്പുരകളും, കക്കൂസുകളും, ശരിയായും വ്യത്തിയായും ഉപയോഗിക്കാത്തതിന്റെ ഫലമായി പരിസരമലിനീകരണമുണ്ടാകുന്നു. ഇത് തടയാനും, കുടുംബത്തിന് ഒരു കക്കൂസ് എന്നത് നിർബ്ബന്ധമാക്കാനും ശ്രദ്ധിക്കണം. മുഴുവൻ കുടുംബങ്ങൾക്കും കക്കൂസുകൾ ഇല്ല എന്നതാണ് സത്യം. പഞ്ചായത്തിന്റെ പൊതുസ്ഥലങ്ങളിൽ മൂത്രപ്പുരകളും, കക്കൂസും നിർമ്മിക്കണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കാനുള്ള ധനസഹായം നൽകണം.

പരിസരശുചിത്വവും മലിനീകരണവും ഒരു വലിയ പ്രശ്നമാണ്. ജനശ്രദ്ധ ഈ വിഷയത്തിൽ അത്യാവശ്യമാണ്. നമ്മുടെ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് കൂടി ഒഴുകുന്ന തോട്. ഇന്ന് മാലിന്യങ്ങൾ ഒഴുക്കിവിടുന്ന ഒന്നായി മാറിയിരിക്കുന്നു. അത് എത്രയും പെട്ടന്ന് തടയണം. നൂറ് കണക്കിന് ആളുകൾ കുളിക്കാനും മറ്റും ഈ വെള്ളം ഉപയോഗിക്കുന്നു കൂടാതെ പുകവലി, മദ്യം , മയക്കുമരുന്ന് ഇവ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം. ആശുപത്രിയോടനുബന്ധിച്ച് മാലിന്യസംസ്കരണസംവിധാനവും, അഴുക്കുചാലുകളും നിർമ്മിക്കുക. ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് ആവശ്യമായ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുക. സബ്സെന്ററുകളുടെ ഇന്നത്തെ അവസ്ഥ മാറ്റി സ്ഥിരമായി പരിചാരകയെയും, മറ്റും നിയമിക്കണം അവർക്ക് താമസസൗകര്യ ഉണ്ടാക്കുകയും വേണം. ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഈ സെന്ററുകളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പ് വരുത്തുകയും അത്യാവശ്യമരുന്നുകളും, ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, ശിശുക്കൾക്കും, വേണ്ടി വരുന്ന പോഷകൗഷധങ്ങളും ലഭ്യമാക്കുക. മാതൃശിശു സംരക്ഷണത്തിന്റെ (ICDS) ഭാഗമായിപ്രവർത്തിക്കുന്ന അംഗൻവാടികൾ വ്യത്തിയുള്ളതാക്കി മാറ്റാനും കുട്ടികളെ പരിപാലിക്കാനും സാധിക്കുന്ന വിധത്തിലുള്ള കെട്ടിടങ്ങൾ ഉണ്ടാക്കാൻ ഇന്നു നൽകുന്ന സാമ്പത്തിക

സഹായം വർദ്ധിപ്പിക്കുക കെട്ടിടങ്ങൾ ഇല്ലാത്ത അംഗനവാടികൾക്ക് പുതിയ കെട്ടിടം സ്ഥാപിക്കുക. സ്ഥലം ലഭ്യമാക്കാത്ത അംഗൻവാടികൾക്ക് സ്ഥലം ലഭ്യമാക്കുക. കുട്ടികൾക്ക് അവരുടെ മാനസിക വളർച്ചക്ക് ആവശ്യമായ കളിക്കോപ്പുകൾ ലഭ്യമാക്കുക ആയുർവേദ രംഗത്ത് നിലവിലുള്ള ഡിസ്പൻസറി കിടത്തി ചികിത്സിക്കാൻ കഴിയുന്ന ഒരു ആശുപത്രിയായി ഉയർത്തുക. രോഗികൾക്ക് ആവശ്യമായ മുഴുവൻ മരുന്നുകളും ലഭ്യമാക്കുക. ഹോമിയോ ഡിസ്പൻസറിക്ക് കെട്ടിടം പണിത പ്രവർത്തനം കാര്യക്ഷമമാക്കുക.

ശുചീകരണത്തിന്റെയും ആരോഗ്യ പരിപാലനത്തിന്റെയും പ്രസക്തി പരിഗണിച്ച് സന്നദ്ധസംഘടനകളുടെയും യുവജനസംഘടനകളുടെയും, കലാസാംസ്കാരിക സംഘടനകളുടെയും മറ്റും സഹായത്തോടെ ഓരോ വാർഡിലും വർഷത്തിൽ 2 തവണ എങ്കിലും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. ഓടകൾ ഇല്ലാത്ത പൊതുസ്ഥലങ്ങളിൽ ഓടകൾ കെട്ടുക ദൈനംദിന ശുചീകരണത്തിന് ആവശ്യമായ ജോലിക്കാരെ നിയമിക്കുക. കക്കൂസുകൾ ഇല്ലാത്ത വീടുകൾക്ക് സൗജന്യമായി കക്കൂസ് വിതരണം ചെയ്യുക. ഹോട്ടലുകളോടനുബന്ധിച്ച് കക്കൂസും മൂത്രപ്പുരയും നിർബന്ധമാക്കുക. പൊതുസ്ഥലങ്ങൾ വൃത്തിയായി വെക്കുന്നതിൽ ശ്രദ്ധപതിപ്പിക്കുക. കച്ചവടക്കാർക്കും. ഹോട്ടലുകൾക്കും മറ്റും ശുചീകരണപവർത്തനത്തിൽ മത്സരം സംഘടിപ്പിച്ച് എറ്റവും വൃത്തിയുള്ള സ്ഥാപനങ്ങൾക്ക് അവാർഡ് നല്കുക. കച്ചവടക്കാർക്ക ലൈസൻസ് നൽകുമ്പോൾ കടകമ്പോളങ്ങളോടനുബന്ധിച്ച് മാലിന്യം നിക്ഷേപിക്കാനുള്ള സൗകര്യം ഉറപ്പുവരുത്തുക. പോഷകാഹാരങ്ങൾ സുലഭമായി കിട്ടാനുതകുന്ന അടുക്കളത്തോട്ട നിർമ്മാണവും പച്ചക്കറി കൃഷിയും വ്യാപകമായി സംഘടിപ്പിക്കുക. ഔഷധസസ്യങ്ങൾ നട്ടുവളർത്തുന്ന കേന്ദ്രങ്ങൾ പഞ്ചായത്തിൽ സംഘടിപ്പിക്കുക. പ്രൈമറി ഹെൽത്ത് സെന്ററുകളുടെ എണ്ണം വർദ്ധിപ്പിക്കുക.

പരിസരശുചീകരണ പ്രവർത്തനങ്ങളും ശുദ്ധജല ലഭ്യതയും ഉറപ്പുവരുത്തുക.

ഇന്നത്തെ രാസവള പ്രയോഗമില്ലാത്ത പച്ചക്കറികളും, മറ്റ് ഭക്ഷ്യവിഭവങ്ങളും നമ്മുടെ പഞ്ചായത്തിൽ സുലഭമായി കിട്ടാനുള്ള പ്രവർത്തങ്ങൾ സംഘടിപ്പിക്കുക. രോഗപ്രതിരോധ കുത്തിവെപ്പുകൾ സാർവ്വത്രികമായും, പൂർണ്ണമായും നടപ്പിലാക്കുക. എയ്ഡ്സ്, കാൻസർ, ഹൃദ്രോഗം തുടങ്ങിയ മാരകമായ രോഗങ്ങൾ കണ്ടുപിടിക്കാനാവശ്യമായ രോഗനിർണ്ണയ കേമ്പുകൾ നിർബന്ധമായും നടത്തുക.

രക്തദാനം, നേത്രദാനം തുടങ്ങിയവ പ്രോൽസാഹിപ്പിക്കുക.

I.C.D.S പ്രൊജക്ടിൽ നിന്ന് ലഭ്യമായ ആരോഗ്യരംഗത്തെ ഒരു സ്ഥിതി വിവരക്കണക്ക് അന്യത്ര ചേർത്തിരിക്കുന്നു.

ഉള്ള്യേരി പഞ്ചായത്ത് ജനസംഖ്യ

ജനസംഖ്യ (ആകെ)	29532
പുരുഷൻമാർ	14635
സ്ത്രീകൾ	14897
പട്ടികജാതി	3770
കുട്ടികൾ(0 - 6)	2220
ജനനം	392
മരണം	97
ഗുരുതരമായ പോഷകാഹാരക്കുറവുള്ളവർ	1

ജനന വിവരങ്ങൾ

വർഷം	ജനനം	ചാപിള്ള ജനനം
1993-94	231	ഇല്ല
1994-95	232	ഇല്ല
1995-96	249	2
1996-97	124(six month)	1

(അവലംബം സെക്കന്ററി ഡാറ്റാ)

പകർച്ച വ്യാധികൾ(PHC)

വർഷം	ജലജന്യം	വായുജന്യം	പ്രാണിജന്യം	മറ്റുള്ളവ
1995	336	ഇല്ല	7	ഇല്ല
1996 Sept 30	531	10	5	ഇല്ല

(അവലംബം സെക്കന്ററി ഡാറ്റാ)

ഗവ: ഹോമിയോ ആശുപത്രി രോഗവിവരം

വർഷം	ഔട്ട് പേഷ്ന്റ്
992-93	18492
1993-94	36259
1994-95	37967
1995-96	31269

രോഗവിവരം(P.H.C)

വർഷം	ഔട്ട്പേഷ്യന്റ്	തൊക്ക് രോഗം	പകർച്ചവ്യാധി	മറ്റുള
1992-93	30490	3%	26%	71%
1993-94	24322	4%	27%	69%
1994-95	30310	3.5%	22%	74.5%
1995-96	36610	3%	19%	78%
1996	39610 ഭാഗികം	3.5%	19%	77%

(അവലംബം സെക്കന്ററി ഡാറ്റാ)

രോഗത്തിന്റെ സ്വഭാവം സംബന്ധിച്ച വിവരങ്ങൾ

വാതരോഗികൾ	60%
തൊക്ക് രോഗികൾ	20%
പകർച്ച വ്യാധികൾ	5%
മറ്റുരോഗമുള്ളവർ	15%

ചികിത്സിച്ച രോഗികളുടെ എണ്ണം

സ്ത്രീകൾ	പുരുഷൻമാർ	കുട്ടികൾ	ആകെ	ശരാശരി മാസത്തിൽ	വർഷം
13006	4658	3160	20824	1735	1992-93
15917	4899	2432	23248	1937	1993-94
16028	5086	2575	23689	1974	1994-95
15513	5863	2501	23877	1989	1995-96

കുടിവെള്ളം

പൊതുജനാരോഗ്യത്തിന്റെ കാര്യത്തിൽ ഏറ്റവുംകൂടുതൽ പ്രാധാന്യമർഹിക്കുന്നതാണ് ശുദ്ധജലത്തിന്റെ ലഭ്യത. പകർച്ച വ്യാധികളിൽ മിക്കവാറും പടരുന്നത് മലിനജലത്തിലൂടെയാണെന്നറിയുമ്പോൾ ശുദ്ധജലത്തിന്റെ പ്രാധാന്യം നമുക്ക് മനസ്സിലാകും. എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ ഈ കാര്യത്തിൽ നമ്മുടെ നേട്ടം റോഡ്, പാർപ്പിടം എന്നീ മേഖലകളിൽ വികസനവുമായി താരതമ്യം ചെയ്യുമ്പോൾ തുലോം ചെറുതാണ്. നമ്മുടെ പഞ്ചായത്തിൽ 98% കുടുംബങ്ങളും ശുദ്ധജലത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ വേനലിൽ ഭൂരിഭാഗം കിണറുകളും വറ്റിപ്പോകുന്നവയാണ്. ഈ സമയങ്ങളിൽ ശുദ്ധജല ലഭ്യത ഏറെ പ്രയാസമുള്ളതാണ്.

പഞ്ചായത്തിന്റെ മിക്കവാറും ഭാഗങ്ങൾ വെള്ളത്താൽ ചുറ്റപ്പെട്ടതാണ്. നിരവധി കുന്നുകളും, മലകളും, ചതുപ്പുനിലങ്ങളും, വയലുകളും സമ്മിശ്രമായി കിടക്കുന്നു തന്നിമിത്തം കോളനികളിലും, മലഞ്ചരിവുകളിലും താമസിക്കുന്നവർക്ക് ശുദ്ധജലം എത്തിക്കുക എന്നത് ശ്രമകരമായ ഒരു ജോലിയാണ്. ഇതിനുവേണ്ടി നമ്മുടെ പഞ്ചായത്തിൽ 5 കുളങ്ങളും, 28 കിണറുകളും, 94 ടാപ്പുകളും, 2 കുഴൽ കിണറുകളും സ്ഥാപിച്ചിട്ടുണ്ട്. ഇത് വേണ്ട വിധത്തിൽ പ്രയോജനം ചെയ്യുന്നില്ല. ഏകദേശം 35% വീടുകളും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നവയാണ്. 1 കി.മി വരെ ദൂരം സഞ്ചരിച്ച് ശുദ്ധജലം ശേഖരിക്കുന്ന കുടുംബങ്ങളും പഞ്ചായത്തിൽ വിരളമല്ല. മഴയിൽ നിന്നും ലഭിക്കുന്ന വെള്ളത്തിന്റെ 99% വും ഉപയോഗശൂന്യമാകുന്നു. മഴയിൽ നിന്നു ലഭിക്കുന്ന ജലത്തിന്റെ കണക്ക് പട്ടികയിൽ ചേർത്തിരിക്കുന്നു.

വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ നമ്മുടെ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വെള്ളം എത്തിക്കുന്നതിന് ആറാം വാർഡിൽ തണ്ണീരിമലയിൽ ഒരു കൂറ്റൻ ടേങ്ക് സ്ഥാപിച്ച് പെരുവണ്ണാമുഴി മുതൽ കന്നൂർ ടാങ്ക് നില്ക്കുന്ന ഇടം വരെ പൈപ്പുകൾ ഇട്ടിട്ട് വർഷങ്ങളായി. എന്നാൽ ഈ പദ്ധതി എപ്പോൾ പൂർത്തിയാകുമെന്ന് പറയാൻ കഴിയില്ല.

ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾ

കൈപ്രം കുന്ന് ഹരിജൻ കോളനിയിലെ കുളത്തിൽ നിന്ന് പൊതു ടാപ്പുകൾ വെച്ച് ശുദ്ധജല വിതരണം നടത്തുന്നത് പഞ്ചായത്തിലെ ആദ്യത്തെ കുടിവെള്ള പദ്ധതിയാണ്. അരുമ്പമല ഹരിജൻ കോളനിയിൽ കുടി

വർഷം	മാസം	അളവ്	മാസം	അളവ്
1995	ജനുവരി	2.3	സപ്തംബർ	282.6
	ഫിബ്രവരി	3	ഒക്ടോബർ	207.4
	മാർച്ച്	ഇല്ല	നവംബർ	122.8
	ഏപ്രിൽ	133	ഡിസംബർ	ഇല്ല
	മെയ്	250.8		
	ജൂൺ	761.8		
	ജൂലായ്	1062.4		
	ഓഗസ്റ്റ്	618.5		

പഞ്ചായത്തിലെ വർഷത്തെ മഴ 3444.6 മില്ലീമീറ്റർ ആണ്.

വെള്ളം എത്തിക്കുന്നതിന് 1992 മുതൽ പ്രവർത്തനമാരംഭിച്ച പദ്ധതി പൂർത്തിയാകാതെ കിടക്കുന്നു. ചങ്ങരംകുന്ന് ഭാഗത്ത് വെള്ളം എത്തിക്കുന്നതിന്ന് വാട്ടർ ടേങ്ക്, പമ്പ് ഹൗസ്, എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കായപ്പറ്റ മലയിലേയും പൂക്കോട്ടേരി ലക്ഷം വീട് കോളനിയിലേയും ജല പ്രശ്ന പരിഹാരത്തിന് ടാങ്കും കിണറും സ്ഥാപിക്കുകയും മറ്റു പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു 13 സെന്റ് വരുന്ന ഇടത്തിൽ കുളത്തിലെ വെള്ളം ഉപയോഗിച്ച് കക്കഞ്ചേരി ലക്ഷം വീട് കോളനിയിലും അഞ്ജോനോർമല IHDPകോളനിയിലും കുടിവെള്ളം എത്തിക്കാൻ പദ്ധതി നടപ്പിലാക്കിയതിൽ ലക്ഷം വീട് കോളനിയ്ൽ മുഴുവനായും അഞ്ചുനോർ മലയിൽ ഭാഗികമായും കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പാലോറ മല ലക്ഷം വീട് കോളനിയിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന്ന് കിണർ മോട്ടോർ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് ഇത് പ്രവർത്തനം ആരംഭിക്കുമ്പോൾ തുടിയാടി മീത്തൽ ഭാഗത്ത് കുടിവെള്ള പ്രശ്നവും പരിഹരിക്കപ്പെടും. കക്കാട് മല കോളനിയിലെ കുടിനീർ പ്രശ്നം പരിഹരിക്കുനാന കിണറും ടാങ്കും സ്ഥാപിച്ചെങ്കിലും പണി പൂർത്തിയായിട്ടില്ല.

9, 10 വാർഡിൽ പെട്ട നുഞ്ഞിലക്കുന്ന് ചമ്മിൽ കുന്ന് ശുദ്ധജല വിതരണപദ്ധതി വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. 10 ാം വാർഡിലെ മഠത്തിൽ മീത്തൽ ഭാഗത്ത് പഞ്ചായത്തിന്റെ പദ്ധതി എന്ന നിലയ്ക്ക് കുടിവെള്ള പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിന്ന് ഒരു പൊതു അന്വോഷണം ഈ രംഗത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു. വാട്ടർ അതോറിറ്റിയുടെ ജല സംഭരണിയിൽ മാത്രമാണ് ശുദ്ധീകരിക്കുന്നതിന്നുള്ള സംവിധാനം നിലവിലുള്ളത്. പഞ്ചായത്തിന്റെ അധീനതയിലുള്ള പൊതു കിണറുകളുടേയും കുളങ്ങളുടെയും പട്ടികയും ഇതുവരെ പദ്ധതികളൊന്നും ആരംഭിക്കാത്തതും കുടിവെള്ള പ്രശ്നം രുക്ഷമായി അനുഭവപ്പെടുന്നതുമായ പ്രദേശങ്ങളെ സംബന്ധിച്ച പട്ടിക അന്യത്ര ചേർക്കുന്നു.

പരിഹാര നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. ബാലുശ്ശേരി പഞ്ചായത്തുമായി സഹകരിച്ച് പ്രസ്തുത പഞ്ചായത്തിൽപ്പെട്ട സ്ഥലത്ത് കിണർ കുഴിച്ചാൽ തട്ടും പുറത്തേക്കുന്ന് ഭാഗത്ത് കുടിവെള്ള പ്രശ്നം പരിഹരിക്കാം.

2. കിഴക്കും പുറത്ത് ഭാഗത്ത് ഒരു കുഴൽ കിണർ വേണം.

3. പാറക്കെട്ടിൽ ഭാഗത്ത് കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ഇപ്പോൾ മോട്ടോർ സ്ഥാപിക്കാൻ അനുമതി വാങ്ങിയ പാറക്കെട്ടിൽ മറിയം ഉമ്മയുടെ കിണർ പഞ്ചായത്തിനു വിട്ടുകിട്ടണം.

4. പൊതുകിണറുകളും കുളങ്ങളും സംരക്ഷിച്ച് ആവശ്യമായ അറ്റകുറ്റപണികളും ശുചീകരണപ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

5. മുണ്ടോത്ത് ആമ്പലക്കുളം പൊതു ആവശ്യത്തിന് കിട്ടുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുക.

6. സമീപ പഞ്ചായത്തുകളുമായി സഹകരിച്ച് നമ്മളുടെ അതിർത്തി പ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുക.

7. ഒയലമലയിൽ നിലവിലുള്ള ടാങ്ക് കാവോട്ട് എന്നീ ഭാഗങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുക.

8. നിലവിൽ, കിണറുകളില്ലാത്ത പ്രദേശത്ത് കിണറുകൾ കുഴിച്ച് ജലക്ഷാമം പരിഹരിക്കുക.

9. ഉപയോഗ ശൂന്യമായി കിടക്കുന്ന സ്വകാര്യ മേഖലയിലെ ജല ശ്രോതസ്സുകൾ പഞ്ചായത്ത് ഏറ്റെടുത്ത് ശുദ്ധജല വിതരണത്തിന് ഉപയോഗിക്കുക.

10. സാമൂഹിക വനവൽക്കരണ പരിപാടി സംഘടിപ്പിക്കുക.

11. പറമ്പുകൾ ബണ്ടുകെട്ടി സംരക്ഷിക്കുക.

12. ജലത്തിന്റെ ദുർവിനിയോഗം അവസാനിപ്പിക്കുക.

13. ഗുണ നിലവാരമുള്ള ടാപ്പുകൾ ഉപയോഗിക്കുക.

14. ഈ മേഖലയിൽ തുടർന്നു കൊണ്ടിരിക്കുന്ന അമിത ഉപഭോഗം നിയന്ത്രിക്കുക.

15. അമൂല്യമായ ഈ സ്രോതസ്സ് സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുക.

16. മലയരുവികൾ സംരക്ഷിച്ച് കുടിവെള്ളത്തിനായ് ഉപയോഗപ്പെടുത്തുക.

17. ജലസേചന മേഖലയിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

18. ശുദ്ധ ജല സ്രോതസ്സുകളിലേയ്ക്ക് മലിനജലം ഒഴുകി വരുന്നത് തടയുകയോ ശുദ്ധീകരിക്കുകയോ ചെയ്യുക.

പട്ടിക 2

ഉള്ളേരി പഞ്ചായത്തിലെ പൊതു കിണറുകളുടെയും കുളങ്ങളുടെയും വിവരം.

വാർഡ്	കിണർ	കുളങ്ങൾ
1	1 പഞ്ചായത്ത് ഓഫീസിനു ചേർന്നുള്ള കിണറുകൾ 2 ഒറവിൽ പ്രദേശത്തുള്ള കിണർ 3.ഒറവിൽ സ്കൂളിനടുത്തുള്ള കിണർ	
2	1. പൂക്കോട്ടേരി ലക്ഷം വീട് കോളനിയിൽ കിണറുകൾ 2.പൂക്കോട്ടേരി താഴെ ഒരു കിണർ രണ്ട് കുഴൽ കിണറുകൾ 3.വടക്കേടത്ത് മീത്തൽ കിണർ	കൈപ്രം കുന്ന് പ്രദേശത്ത് കുടിവെള്ള പദ്ധതിക്കുള്ള കുളം. ഇടത്തിൽ കുളം
3	1. പാലോറ മാതൃശിശുസംരക്ഷണ 2. കേന്ദ്രത്തിനടുത്തുള്ള കിണർ 3. കക്കഞ്ചേരി സബ് സെന്ററിനടുത്തുള്ള കിണർ 4. മനാട് ലക്ഷം വീട് കോളനിയ്ക്കടുത്തുള്ള കിണർ	
4	1. പഴയ പഞ്ചായത്ത് ഓഫീസിനടുത്തുള്ള കിണർ 2. PHC യോട് ചേർന്നുള്ള കിണർ 3. തട്ടും പുറം ഭാഗത്ത് ഒരു കുഴൽ കിണർ 4.വലയോട്ടിൽ താഴെ കിണർ 5. ഉള്ളേരി പള്ളിയ്ക്കു സമീപമുള്ള കിണർ	
		നെല്ലിക്കുന്ന് കോളനി ശുദ്ധജല വിതരണത്തിനുള്ള കുളം.
6	1. ചൂരക്കാട് മീത്തൽ 4 സെന്റ് കോളനിയിൽ ഒരു കിണർ 2. പുതിയോട്ടിൽ മീത്തൽ കിണർ 3. ശിശുമന്ദിരത്തിനുസമീപമുള്ള കിണർ	
7.		കരയാട്ടുകുളം
8.	1. കുന്നത്തറ 4 സെന്റ് കോളനിയിൽ ഒരു കിണർ 2. കക്കാട്ടു മല ഹരിജൻ കോളനിയിൽ ഒരു കിണർ	
9	1. ഒള്ളൂരങ്ങാടിയിലുള്ള ഒരു കിണർ 2. ലക്ഷം വീട് കോളനിയിലെ കിണർ 3. ഒള്ളൂർ GUP School നടുത്തുള്ള കുളത്തുള്ള കിണർ	നൂഞ്ഞിലക്കുന്ന് കോളനിയ്ക്ക് താഴെയുള്ള കുളം.
10	1. കണയങ്കോട്ട് വാട്ടർ സപ്ലൈ സ്കീമിലുള്ള കിണർ 2. ആനവാതുക്കൽ പൊതുകിണർ 3. തോന്ന്യോമ്മൽ കോളനിയിലുള്ള ഒരു കിണർ 4. കുളമുള്ളതിൽ താഴെ ഒരു കിണർ (ഉപയോഗശൂന്യം)	
11.	1. പുത്തഞ്ചേരി സാംസ്കാരിക നിലയത്തോട് ചേർന്നുള്ള ഒരു കിണർ.	

പഞ്ചായത്തിലെ കുടിവെള്ളപ്രശ്നം അനുഭവപ്പെടുന്ന കോളനിയേതര പ്രദേശങ്ങൾ വാർഡ് പ്രദേശം

I പൊയ്യേരി മീത്തൽ, പാറയ്ക്കു മീത്തൽ പ്രദേശം കൈപ്പേങ്കുഴി മീത്തൽ

II കൊയക്കാട് കുന്ന്, കായപ്പറ്റമല, കോളങ്ങോട്ട് മീത്തൽ, കുന്നോത്ത് പ്രദേശം, അയനിക്കാട് കുന്ന്,മണ്ണാർ കുഴി ഭാഗം. മഠത്തിൽ കുന്ന് ഭാഗം.

III ബാപ്പറ്റക്കുന്ന് കുരുപ്പറമ്പ്, കാരക്കാട്കുന്ന്, കാവോട്ട് മീത്തൽ, മാഷ്ണാങ്കോട്ട് ചെറിവോട്ട് മീത്തൽ

IV തട്ടും പുറം ഭാഗം, ഞാറമ്മൽ, പാലോറ മലക്കോളനിയ്ക്കു സമീപമുള്ള സ്ഥലങ്ങൾ (കരിമ്പാത്തി പാറക്കെട്ടിൽ ഭാഗം)

V പൊയിലുങ്കൽ ഭാഗം, പാറപ്പെട്ടി മഠത്തിൽ ഭാഗം, മഠത്തിൽ മീത്തൽ ഭാഗം, അടുമാണ്ടി മൂല, തൈക്കണ്ടി മീത്തൽ പള്ളിക്കുന്ന്, നാറാത്ത് വെസ്റ്റ് കീരിയോടു മല.

VI കുവിൽ മീത്തൽ, നാരാരോത്ത് മീത്തൽ, മൈക്കാട്ടേരി മീത്തൽ, വല്ലിപ്പടിക്കൽ മീത്തൽ, പുതിയേടത്ത് മീത്തൽ ഭാഗം, കൈപ്രം കുന്ന്. തിരുവോട്ട്, എരവട്ട്കണ്ടി പ്രദേശം.

VII അത്തോളി മീത്തൽ, നാനന്താത്ത് മീത്തൽ, കുറ്റ്യേരിപ്പറ്റ കുന്ന്, തിരുത്തോത്ത് മീത്തൽ കോളനി, മുല്ലപ്പള്ളി മീത്തൽ,എടക്കാട്ട് മീത്തൽ, കൈപ്രംകുന്ന്.

VIII കോട്ടക്കുന്ന് മല, മേടക്കുന്ന്, ചെങ്കുനിമല, നെച്ചിക്കുന്ന്, കക്കാട്ട് മല, മേക്കുന്നത്ത്

IX ആമ്പത്ത് കുന്ന് (ആശാരിക്കുന്ന്) പെരുന്തല്ലി ഒള്ളൂർക്കടവ് ലക്ഷം വീട് ഭാഗം, വള്ളിക്കുന്ന്, എടത്തിൽ കുന്ന്, കീരിയോടുമല.

X പറമ്പൻ കുഴി, പുളിയാറമീത്തൽ, ചമ്മിൽ മീത്തൽ, കുട്ടോത്ത് മീത്തൽ ഭാഗം, അരിയാടു മല, നെല്ലിക്കുന്ന് കോളനി, തോന്ന്യേമ്മല

XI കീരിയോട്ട് മല, എളങ്കോട്ട്മല, പുത്തഞ്ചേരി സ്കൂൾ പ്രദേശം, തേമ്പ്രമല.

സാമൂഹ്യക്ഷേമം

ഗ്രാമ പ്രദേശങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുക. പാവപ്പെട്ടവർക്ക് നേരിട്ടു പ്രയോജനം കിട്ടുന്ന സാമൂഹ്യ ആസ്തികൾ നിർമ്മിക്കുക അങ്ങനെ നാട്ടിൻ പുറത്തെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുക, എന്നീ ലക്ഷ്യങ്ങളോടെയാണ് സാമൂഹ്യക്ഷേമ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. ദാരിദ്ര്യ നിർമ്മാർജ്ജന തൊഴിൽ ദാന പദ്ധതികൾ, ജവഹർ തൊഴിൽദാന പദ്ധതികൾ, സംയോജിത ഗ്രാമവികസന പരിപാടി (IRDP), ഗ്രാമീണ യുവതീയുവാക്കൾക്ക് ചെറുകിട വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉതകുന്ന സാങ്കേതികവും ഭരണപരവുമായ വൈദഗ്ധ്യം വളർത്തിയെടുക്കുന്ന ട്രൈസം പദ്ധതി, പട്ടകജാതി പട്ടികവർഗ്ഗക്ഷേമ പദ്ധതികൾ, വനിതാക്ഷേമ പദ്ധതികൾ (ഗ്രാമീണ വനിതാ ശിശു വികസന പരിപാടി DWCRA) എന്നിവ ഈ പഞ്ചായത്തിൽ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

രണ്ടു തരത്തിലുള്ള സ്കീമുകൾ ഇന്ന് സംസ്ഥാനത്ത് നിലവിലുണ്ട്. ഒന്നാമത്തേത് പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് ഫണ്ടിനെ ആശ്രയിച്ചുള്ള അഗതി പെൻഷൻ വിധവാ പെൻഷൻ തുടങ്ങിയവയാണ്. രണ്ടാമത്തേതാകട്ടെ തൊഴിലുടമയുടെയും തൊഴിലാളികളുടേയും പങ്കാളിത്തത്തോടെ വിവിധ ബോർഡുകൾക്ക് കീഴിൽ നടപ്പാക്കപ്പെടുന്നവയാണ്. ഇത് കൂടാതെ കേരളാ ലേബർ വെൽഫെയർ ഫണ്ടും ആർടിസാൻസ് വർക്കേഴ്സ് വെൽഫയർ ഫണ്ടും, മറ്റു ഫണ്ടുകൾക്ക് കീഴിൽ വരാത്ത എല്ലാ വിഭാഗം തൊഴിലാളികൾക്കും അംഗത്വം എടുക്കാവുന്ന പൊതു നിധികളും ഉണ്ട്.

ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി 2640 പേരുണ്ട്. ഇവരിലധികം പേരും പല ക്ഷേമപദ്ധതികളും ക്രിയാത്മകമായി ഉപയോഗപ്പെടുത്തുന്നില്ല. ശരിയായ രീതിയിൽ പദ്ധതികളുടെ ഗുണഫലം മുഴുവൻ ഗുണഭോക്താക്കൾക്കും ലഭ്യമാക്കാൻ കഴിയുന്നില്ല. സാമ്പത്തിക പരാധീനതകാരണം തിരിച്ചടവ് വേണ്ട സമയത്ത് നടത്താൻ കഴിയാത്തതിനാൽ, അവർക്ക് നൽകപ്പെടുന്ന സബ്സിഡി, പലിശയിനത്തിൽ നഷ്ടപ്പെടുകയാണ്. ചെയ്യുന്നത്.

IRDP പോലുള്ള പദ്ധതികളെപ്പറ്റി വേണ്ടത്ര ബോധവാന്മാരല്ലാത്തത് കൊണ്ട് അത് അർഹതപ്പെട്ടവർക്ക് ലഭിക്കാത്ത ഒരവസ്ഥയുണ്ട്. അതിലുപരി ഇന്നത്തെ IRDP സർവ്വെ കുറ്റമറ്റതല്ല. നിർമ്മാണ മേഖലയിലും കർഷകത്തൊഴിലാളികളുടെ തൊഴിൽ മേഖലയിലും ഒട്ടേറെ പേർ ഈ പഞ്ചായത്തിൽ തൊഴിലെടുക്കുന്നവരായുണ്ട്. പക്ഷെ ഇവരിലധികം പേരും ദാരിദ്ര്യത്തിൽ നിന്ന് കരകയറിയവരുമല്ല. ഉല്പാദന മേഖലയ്ക്ക് ഉണർവില്ല. ഇതിലൂടെ ദാരിദ്ര്യനിർമ്മാർജ്ജനത്തിനായുള്ള പദ്ധതികളുടെ നടത്തിപ്പും ഗുണകരമാകുന്നില്ല.

1992-93 മുതൽ 95-96 വരെയുള്ള 4 വർഷക്കാലത്ത് പഞ്ചായത്തിലെ 226 കുടുംബങ്ങൾക്ക് IRDP സഹായം ലഭിച്ചിട്ടുണ്ട്. അതിൽ 191 കുടുംബങ്ങൾ പട്ടികജാതിക്കാരാണ്. 17,30794 രൂപ ഈയിനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. IRDP സഹായം ലഭിച്ച കുടുംബങ്ങളുടെ കണക്ക് പട്ടിക 1 ൽ നോക്കുക.

പട്ടിക 1

IRDP സഹായം ലഭിച്ച കുടുംബങ്ങൾ

വർഷം	പട്ടിക ജാതി	മറ്റു ള്ളവർ	ആകെ	ലോൺ	സബ് സിഡി	ആകെ
92–93	47	3	50	1,39439	135515	2,7,954
93–94	78	8	86	209552	204818,	414370
94–95	46	nil	46	260800	241,875	50,2675
95–96	20	24	44	385466	153329	538785

ട്രൈസം പദ്ധതി– സഹായ ലഭ്യത

ഈ പഞ്ചായത്തിൽ ഗ്രാമീണ ജനങ്ങൾക്ക് സ്വയം തൊഴിൽ പരിശീലനപദ്ധതി ട്രൈസം പ്രകാരം 1992–93, 1993–94 വർഷങ്ങളിൽ 7 പേർക്ക് തൊഴിൽ പരിശീലനം കൊടുത്തിട്ടുണ്ട്. പട്ടിക ജാതിക്കാരായ ഈ ഏഴ് പേരും സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട് പട്ടിക രണ്ട് കാണുക.

പട്ടിക 2

ട്രൈസം–ഗ്രാമീണ ജനങ്ങൾക്കുള്ള സ്വയം തൊഴിൽ പരിശീലന പദ്ധതി

വർഷം	പരിശീലനം നൽകിയവർ	പട്ടികജാതി	മറ്റുള്ളവർ	ആകെ	സ്ത്രീകൾ
1992–93	03	03	nil	3	3
1993–94	04	04	nil	4	3
1994–95	nil	–	–	–	–
1995–96	nil	–	–	–	–

1992–93 മുതൽ പരിശീലനം ലഭിച്ച ഏഴുപേരിൽ 2 പേർ ഖാദിവീവിങ്ങിലും 2 പേർ ഫുഡ് പ്രോസസ്സിങ്ങിലും ഹാന്റിക്രാഫ്റ്റ്, കാർപെന്ററി, വെൽഡിങ്ങ് എന്നിവയിൽ ഓരോരുത്തരും നിത്യക്കൂലി പ്രകാരം ജോലി ചെയ്തു വരുന്നുണ്ട്. വളരെ ചുരുക്കം പേർക്ക് മാത്രമെ ഇതുവരെ പരിശീലനം കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. ജോലിയില്ലാതെ കഷ്ടപ്പെടുന്ന നൂറുകണക്കിന് യുവതീയുവാക്കളുള്ള ഈ പഞ്ചായത്തിൽ മേൽ പറഞ്ഞ കണക്കുകൾ വളരെ അപര്യാപ്തമാണെന്ന് പ്രത്യേകം എടുത്തു പറയേണ്ടതാണ്. ഈ പദ്ധതിയിൽ വരുന്ന ഗുണഭോക്താക്കൾക്ക് ബോധവൽക്കരണം അത്യാവശ്യമാണ്.

DWCRA സഹായ ലഭ്യത

ഈ പദ്ധതിയിൽ പത്തോ അതിലധികമോ സ്ത്രീകൾക്ക് കൂട്ടായി ഏതെങ്കിലും തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടാവുന്നതാണ്. ഈ പഞ്ചായത്തിൽ പ്രസ്തുത പദ്ധതിപ്രകാരം 94–95 ലും 95–96 ൽ പത്തു വീതം ഗുണഭോക്താക്കളടങ്ങുന്ന ഓരോ ഗ്രൂപ്പ് ആവിഷ്ക്കരിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ 20 പേരിൽ 5 പേർ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരാണ്. പട്ടിക 3 ശ്രദ്ധിക്കുക.

പട്ടിക 3

ഗ്രാമീണ വനിതാ ശിശു ക്ഷേമപദ്ധതി (DWCRA)

ഗ്രൂപ്പ് ആവിഷ്ക്കരിച്ചത്	ഗുണഭോക്താക്കളു എണ്ണം		പട്ടിക ജാതി	മറ്റുള്ളവർ	ലോൺ	സബ് സ്ഡി	ആകെ
1994–95	1	10	2	8	182533	87667	269200
1995–96	1	10	3	7			

മുണ്ടോത്ത് പ്രവർത്തിക്കുന്ന സൂര്യാബുക്ക് ബൈന്റിംഗ്, ഹരിതാ ഗാർമെന്റ്സ് എന്നിവ ഈ പഞ്ചായത്തിലെ DWCRA സംരംഭങ്ങളാണ്. ഇതിൽ സൂര്യാബുക്ക് ബൈന്റിങ്ങിന് 1,04,533 രൂപ ലോണും 45,667 രൂപ സബ്സിഡിയും ലഭിച്ചിട്ടുണ്ട്. ഒട്ടേറെ സാധ്യതയുള്ള പ്രസ്തുത സംരംഭം ഇന്ന് വേണ്ടത്ര വിപണികിട്ടാതെ ഉഴലുകയാണ്.

ഹരിതാ ഗാർമെന്റ്സിന് 78000 രൂപ ലോണും 42000 രൂപ സബ്സിഡിയും ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ കൂട്ടായി സഹകരിച്ച് കൊണ്ട് ഈ ചെറുകിടവ്യവസായങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പക്ഷേ കാര്യമായ സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ ഇത് കൊണ്ട് ഗുണഭോക്താക്കൾക്ക് കഴിയുന്നില്ല. കാരണം മാർക്കറ്റിന്റെ അഭാവമല്ല മറിച്ച് ഉല്പാദന വർധനവ് വേണ്ട രീതിയിൽ സാധിക്കാത്തതാണ്. ഉല്പാദനം വർധിപ്പിക്കാനാവശ്യമായ സാമ്പത്തിക സഹായമെന്ന നിലക്ക് സബ്സിഡിയോട് കൂടി അഡീഷനൽ ലോൺ അനുവദിക്കേണ്ടതാണ്.

ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണിത്

92–93 ൽ ഏഴും 93–94 ൽ പന്ത്രണ്ടും 94–95 ൽ ആറും 95–96 ൽ നാലും കുടുംബങ്ങൾക്ക് ഈ പഞ്ചായത്തിൽ തൊഴിലുപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

മുഴുവൻ ഗുണഭോക്താക്കൾക്കും അർഹതയുടെ അടിസ്ഥാനത്തിൽ ടൂൾ കിറ്റ് ലഭ്യമാക്കേണ്ടതാണ്. സാധനങ്ങൾ യഥാസമയം വിതരണം ചെയ്യപ്പെടേണ്ടതുണ്ട്. ഈ പദ്ധതിയെ പ്പറ്റി മേഖലയിലെ തൊഴിലാളികളെ ബോധ്യപ്പെടുത്തേണ്ട വസ്തുതയും നിലനിൽക്കുന്നു. പ്രസ്തുത ഇനത്തിൽ 58000 രൂപ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ടൂൾ കിറ്റ് ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ കൊടുത്ത കണക്ക് പട്ടിക 4 വ്യക്തമാക്കുന്നു.

പട്ടിക 4

ഗ്രാമീണ പരമ്പരാഗത കൈത്തൊഴിലുകാർക്കുള്ള നവീന ഉപകരണ വിതരണ (R.A Tool kit)

വർഷം	സഹായം കൊടുത്ത കുടുംബാഗങ്ങളുടെ എണ്ണം	ചിലവായ സംഖ്യ
1992–93	7	14000
1993–94	12	24000
1994–95	6	12000
1995–96	4	8000

CRSP കക്കൂസുകൾ

കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി CRSP യുടെ ഭാഗമായി 93 –94 മുതൽ 95–96 വരെ 3 വർഷങ്ങളിലായി 48 കക്കൂസുകൾ അനുവദിച്ചു കിട്ടിയിട്ടുണ്ട്. 23 എണ്ണം പട്ടികജാതിക്കാർക്കും 25 എണ്ണം മറ്റുള്ളവർക്കുമാണനുവദിച്ചത്. മൊത്തം 96000 രൂപ ഈയിനത്തിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പട്ടിക 5 കാണുക.

പട്ടിക 5

കക്കൂസ് നിർമ്മാണം CRSP 1992–93

വർഷം	സഹായം ലഭിച്ചവർ	പട്ടിക ജാതി	മറ്റുള്ള വർ	ആകെ
1992–93	ഇല്ല	ഇല്ല	ഇല്ല	ഇല്ല
93–94	23	9	14	23
94–95	18	12	6	18
95–96	7	2	5	7

1992 ൽ സംയോജിത ഗ്രാമവികസന പരിപാടിക്ക് (IRDP) വേണ്ടി നടന്ന സർവ്വേ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ വിവരങ്ങൾ കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 6ൽ 1

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വെ 1992)

വാർഡ്	പട്ടിക ജാതി	മറ്റുള്ളവർ	ആകെ	സ്ത്രീനാഥയായകുടുംബം	അംഗവൈകല്യമുള്ളവർ
I	42	183	225	42	1
II	59	241	300	48	3
III	18	152	170	31	1
IV	11	215	226	39	3
V	41	243	284	62	8
VI	12	221	233	74	4
VII	42	206	248	79	1
VIII	52	210	262	92	1
IX	24	203	227	70	2
X	30	205	235	66	3
XI	16	214	230	69	6
Total	347	2293	2640	672	33

ദശലക്ഷം കിണർ പദ്ധതി

1992–93മുതൽ 95–96 വരെ പ്രസ്തുത പദ്ധതിയിൽ 12 ഗുണഭോക്താക്കൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. ഇവർ പട്ടികജാതിക്കാരാണ്. കണക്കുകൾ പട്ടികയിൽ സൂചിപ്പിക്കുന്നു. പട്ടിക 6 ൽ 2 കാണുക.

പട്ടിക 6 ൽ 2

ദശലക്ഷം കിണർ പദ്ധതി

വർഷം	ഗുണഭോക്താക്കളുടെ എണ്ണം	പട്ടികജാതി	മറ്റുള്ളവർ	ആകെ
1992–93	3	3	ഇല്ല	3
1993–94	4	4	ഇല്ല	4
1994–95	4	4	ഇല്ല	4
1995–96	1	1	ഇല്ല	1

അംഗൻ വാടി

സാമൂഹ്യക്ഷേമരംഗത്ത് ഒട്ടേറെ ഗുണപരമായ പ്രവർത്തനങ്ങൾ നടത്തിവരുന്ന അടിസ്ഥാനഘടകം എന്ന നിലക്ക് അങ്കണവാടികൾക്ക് പഞ്ചായത്തിൽ വളരെ പ്രാധാന്യമുണ്ട്. പതിനൊന്ന് വാർഡുകളിലായി 28 അംഗൺ വാടികൾ ഇന്ന് പ്രവർത്തിക്കുന്നു. 29532 ജനസംഖ്യയുള്ള പഞ്ചായത്തിൽ ആയിരത്തിന് ഒരു അംഗൻവാടി എന്ന ക്രമം വച്ചു നോക്കുമ്പോൾ ഇത് അപര്യാപ്തമാണ്. മുഴുവൻ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടമത്യാവശ്യമാണ്. കെട്ടിട നിർമ്മാണത്തിനായി പല അംഗൺ വാടികൾക്കും സഹായം ലഭിച്ചിട്ടുണ്ട്. സഹായം പര്യാപ്തമല്ല. ബലുശ്ശേരി കഇഉട ന്റെ കീഴിലാണ് ഇവ പ്രവർത്തിക്കുന്നത്. മിക്ക അംഗൺവാടികളിലും പ്രാഥമിക സൗകര്യങ്ങൾ ഒട്ടും തന്നെയില്ല. കളിക്കോപ്പ്, കുടിവെള്ളം, കക്കൂസ്, പഠനോപകരണങ്ങൾ എന്നിവ പഞ്ചായത്തിലെ എല്ലാ അംഗൺവാടികൾക്കും അത്യാവശ്യമാണ്. പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത ജീവനക്കാരിലും , കുട്ടികളിലും രക്ഷിതാക്കളിലും പ്രയാസവും അസന്തുഷ്ടിയും ഉണ്ടാക്കുന്നു.

വരും തലമുറയിലെ യഥാർത്ഥ പൗരന്മാരെ വാർത്തെടുക്കുന്ന കളരികളെന്ന നിലയിൽ പ്രവർത്തിക്കുന്ന അംഗൻവാടിയിലെ ജീവനക്കാരുടെ വേതനവും, തൃപ്തികരമല്ല. ഈ മേഖലയിൽ മാറ്റം വരുത്തണം.

28 അംഗൺ വാടികളിൽ 19 കേന്ദ്രങ്ങളിൽ IMK (ഇന്ദിരാ മഹിളാ കേന്ദ്ര) പ്രവർത്തനത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

10 അംഗൺ വാടികൾക്ക് കെട്ടിട നിർമ്മിക്കാനാവശ്യമായി ഭൂമി കിട്ടിയിട്ടില്ല. സ്ഥലം കിട്ടിക്കഴിഞ്ഞതിൽ തന്നെ മിക്കതിന്നും കെട്ടിടം ഉണ്ടാക്കിയിട്ടില്ല. ജനറൽ സെക്ടറിൽ നിലവിൽ അംഗൺവാടി കെട്ടിടം നിർമ്മിക്കുന്നതിന് 25000 രൂപയാണ് സർക്കാരിൽ നിന്ന് ലഭിക്കുന്നത്. സ്ഥലത്തിന് വേണ്ടി ജനങ്ങളുടെ സഹകരണം വേണ്ടിവരുന്നതിനാൽ കെട്ടിട നിർമ്മാണത്തിനുള്ള പണം സമാഹരിക്കാൻ വിഷമം നേരിടുന്നു. അതുകൊണ്ട് തന്നെ കെട്ടിടം പണി തീർക്കാൻ താമസം നേരിടുന്നു.

പൂർണ്ണമായും കെട്ടിടത്തിന്റെ പണി തീർത്തത് രണ്ടെണ്ണം മാത്രമാണ്. അതിൽത്തന്നെ ഒന്ന് കാലപ്പഴക്കമുള്ളതും പുതുക്കിപ്പണിയേണ്ടതുമാണ്.

അംഗൺ വാടികളിലൂടെ രജിസ്റ്റർ ചെയ്ത മഹിളാ സമാജ പ്രവർത്തകർക്ക് സ്വയംതൊഴിൽ പദ്ധതികൾ ഏറ്റെടുക്കുന്നതിന്നും IMK വഴി സഹായം ലഭ്യമാക്കേണ്ടതാണ്. പട്ടിക 7 ചില കണക്കുകളും സ്ഥിതിവിവരങ്ങളും സൂചിപ്പിക്കുന്നു.

ഭവന നിർമ്മാണമേഖല (IAY)

ഭവന നിർമ്മാണ മേഖലയിൽ മില്ല്യൺ വെൻ സ്കീം, ഇന്ദിരാ ആവാസ് യോജന എന്നിവയനുസരിച്ച് 1992–93 മുതൽ 95–96 വരെയുള്ള 4 വർഷക്കാലത്തിനുള്ളിൽ 69 വീടുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. 92–93 ൽ 4, 93–94 ൽ 19, 94–95 ൽ 20, 95–96 ൽ 26 എന്നീ ക്രമത്തിൽ വീടുകൾ അനുവദിച്ചു. പട്ടിക 8 കാണുക.

പട്ടിക 8

ഭവന നിർമ്മാണം (IAY) (MWS)

വർഷം	സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം		ആകെ
	IAY	MWS	
1992–93	4	nil	4
1993–94	12	7	19
1994–95	12	8	20
1995–96	26	nil	26

വില്ലേജ് ഓഫീസ് വഴിയുള്ള ക്ഷേമപദ്ധതികൾ

വികലാംഗപെൻഷൻ, വിധവാപെൻഷൻ വാർധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാവേതനം, സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷൻ എന്നിവയാണ് ഈ പഞ്ചായത്തിൽ വില്ലേജ് ഓഫീസ് വഴി ലഭിക്കുന്നുത്.

മേൽപ്പറഞ്ഞവയിൽ സ്വാതന്ത്ര്യ സമര പെൻഷൻ 95–96 വരെ ഈ പഞ്ചായത്തിൽ 12 പേർക്ക് ലഭിച്ചിട്ടുണ്ട്. വികലാംഗപെൻഷൻ 92–93 മുതൽ 95–96 വരെ 23 പേർക്കും വിധവാ പെൻഷൻ 55 പേർക്കും വാർധക്യകാല പെൻഷൻ 12 പേർക്കും കർഷകതൊഴിലാളി പെൻഷൻ 26

പേർക്കും തൊഴിലില്ലായ്മാവേതനം 76 പേർക്കും ലഭിച്ചതായി വില്ലജ് ഓഫീസ് കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് പൂർണ്ണമാകണമെങ്കിൽ കണക്കുകൾ ഇനിയും ലഭ്യമാകേണ്ടതുണ്ട്. പട്ടിക 9 കാണുക

പട്ടിക 9 ൽ 1

വികലാംഗപെൻഷൻ

വർഷം	സ്ത്രീകൾ	പുരുഷൻമാർ
92-93	3	9
93-94	1	3
94-95	0	1
95-96	1	5

പട്ടിക 9 ൽ 2

വിധവാ പെൻഷൻ

വർഷം	സ്ത്രീകൾ	പുരുഷൻമാർ
92-93	9	
93-94	18	
94-95	9	
95-96	19	

പട്ടിക 9ൽ 3

വാർദ്ധക്യകാല പെൻഷൻ

വർഷം	സ്ത്രീകൾ	പുരുഷൻമാർ
92-93	1	1
93-94	0	3
94-95	1	3
95-96	2	1

പട്ടിക9ൽ 4

കർഷകതൊഴിലാളി പെൻഷൻ

92-93 മുതൽ 95-96 വരെ അപേക്ഷകരുടെ എണ്ണം.	51	അനുവദിച്ചത്	26
		തള്ളിയത്	25

പട്ടിക 9ൽ 5

തൊഴിലില്ലായ്മ വേതനം

92-93 മുതൽ 95-96 വരെയുള്ള അപേക്ഷകരുടെ എണ്ണം	182	അനുവദിച്ചത്	76
		തള്ളിയത്	106

പട്ടിക 9 ൽ 6

സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ

അപേക്ഷകർ	12
അനുവദിച്ചത്	12

വിധവകളുടെ പെൺകുട്ടികൾക്ക് നൽകുന്ന വിവാഹധനസഹായം സുഗമമായ രീതിയിൽ സ്വീകരിക്കേണ്ടതുണ്ട്.. ചുവപ്പുനാടകളുടെ കുരുക്കുകളിൽ കുടുങ്ങി, പ്രസ്തുത ധനസഹായത്തിനുള്ള അപേക്ഷകൾ പലപ്പോഴും കെട്ടിക്കിടക്കുന്നതായാണ് കാണുന്നത്. ഇതിൽ അയവുവരുത്തി ഈ പെൻഷൻ പദ്ധതി ഗുണഭോക്താവിന് എളുപ്പത്തിലും വേഗത്തിലും ലഭ്യമാക്കാനുള്ള മാർഗ്ഗങ്ങൾ ആരായേണ്ടതുണ്ട്. അതുകൊണ്ട് തന്നെ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായ വിതരണത്തിനുള്ള ചുമതല ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്.

ക്ഷേമനിധികൾ സംബന്ധിച്ച്

കയർ തൊഴിലാളി ക്ഷേമനിധി :– 4 സഹകരണസംഘങ്ങളിലും സ്ഥിരമായി ജോലി ചെയ്യുന്ന മുഴുവൻ കയർ തൊഴിലാളികളുടെ ക്ഷേമനിധിയിൽ അംഗങ്ങളാണ്. ഇതിൽ പലർക്കും ക്ഷേമനിധിയിലെ വിവിധ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

കെട്ടിട നിർമ്മാണ ക്ഷേമനിധി :– 500 ഓളം തൊഴിലാളികൾ പ്രസ്തുത ക്ഷേമനിധിയിൽ

അംഗങ്ങളായുണ്ട്. 3 പേർ പെൻഷൻ വാങ്ങുന്നുണ്ട്. പ്രതിമാസം 150 രൂപ വീതം ഇവർക്ക് ലഭിക്കുന്നു. ചികിത്സക്കുള്ള സാമ്പത്തിക സഹായവും പെൺമക്കളുടെ വിവാഹത്തിനും മക്കളുടെ SSLC ക്ക് ശേഷമുള്ള പഠനത്തിനും സാമ്പത്തിക സഹായം ക്ഷേമനിധിയിൽ കൂടി നേടിയെടുത്തവരുണ്ട്.

കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമനിധി :- ആർട്ടിസാൻസ്, തയ്യൽ ബാർബർ, ബീഡി എന്നീ മേഖലകളിൽ തൊഴിലാളികൾ ജോലി ചെയ്യുന്ന വിവിധ ക്ഷേമനിധിയിൽ സഅംഗങ്ങളായിട്ടുണ്ട്.

പൊതുവിതരണം.

ജീവിത ഗുണ നിലവാരത്തിന്റെ ഒരു ചൂണ്ടു പലകയാണ് യഥാർത്ഥത്തിൽ പൊതുവിതരണ സമ്പ്രദായം. പൊതുവിതരണം കാര്യക്ഷമവും ആവശ്യാനുസരണവുമായാൽ ജനജീവിതം സമൃദ്ധവും ക്ലേശരഹിതവുമാകും. ഇതിന് ഗ്രാമീണ മേഖലയിൽ പൊതു വിതരണസമ്പ്രദായം ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ മാത്രമേയുള്ളൂ. മുപ്പതിനായിരത്തിൽ തൊട്ടു താഴെ ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിന് ഒരു മാവേലി സ്റ്റോർ എന്നത് തീർത്തും അപര്യാപ്തമാണ്. കന്നൂർ പ്രദേശത്ത് ഒരു മാവേലി സ്റ്റോർ സ്ഥാപിക്കേണ്ടതുണ്ട്. കുതിച്ചുയരുന്ന വിലക്കയറ്റത്തിൽ നിന്ന് ജനങ്ങൾക്ക് അൽപ്പമൊരാശ്വാസം നൽകാൻ പൊതുവിതരണ സമ്പ്രദായത്തിന് ഇന്ന് കഴിയുന്നുണ്ട്. കേരളത്തിന്റെ പൊതുവിതരണ സമ്പ്രദായം ലോകത്തിന് തന്നെ മാതൃകയാണെന്ന് കേന്ദ്രമന്ത്രി തന്നെ മുമ്പ് പ്രസ്താവിച്ചിരുന്നത് ഓർക്കുമല്ലോ?

റേഷൻ ഷാപ്പ് (പൊതുവിതരണ കേന്ദ്രം)

ഈ പഞ്ചായത്തിൽ 11 റേഷൻ കടകളുണ്ട്. കൂടാതെ 8 ാം വാർഡിലെയും 11ാം വാർഡിലെയും 500 ഓളം കുടുംബങ്ങൾ അത്തോളി പഞ്ചായത്തിലുള്ള 2 റേഷൻ കടകളാണ് ഉപയോഗപ്പെടുത്തുന്നത്. മൊത്തം 5021 കാർഡുടമകളുണ്ട്. പഞ്ചായത്തിൽ ഒരാഴ്ച ഉപയോഗിക്കുന്ന അരി 48282 കി ഗ്രാമാണ്. 19803.8 കി ഗ്രാം പഞ്ചസാരയാണ് ഒരു മാസം ഉപയോഗിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് പട്ടിക 10 നോക്കുക.

പട്ടിക 10

	ARD No	കാർഡുകളുടെ എണ്ണം	മുതിർന്നവർ	കുട്ടികൾ	യൂനിറ്റ്	വൈദ്യുതീകരിച്ചത്	വൈദ്യുതീകരിക്കാത്തത്	അരിഉപയോഗം ഒരാഴ്ച	പഞ്ചസാര ഒരു മാസത്തേക്ക്
1	144	469	2080	331	4491	228	241	4491 Kg.	1796.400
2	145	474	2104	362	4570	310	164	4570	1828.000
3	146	711	3151	543	6845	340	371	6845	2738.000
4	170	648	2789	425	5987	282	366	5987	2394.800
5	171	500	2171	381	4723	295	205	4723	1889.200
6	173	509	2188	372	4748	257	252	4748	1899.200
7	172	388	1831	425	4087	194	194	4087	1634.000
8	232	358	1608	338	3554	101	257	3554	1421.000
9	255	314	1410	249	3069	101	213	3069	1227.600
10	271	351	1472	282	3226	122	229	3226	1227.600
11	303	299	1388	206	2982	215	84	2982	1781.400

ഗ്രാമസഭയിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ ചില പരിഹാര നിർദ്ദേശങ്ങൾ

IRDP സർവ്വേ കാലാനുസൃതമായി പുനഃപരിശോധിക്കേണ്ടതാണ്. IRDP ഉപഭോക്താക്കളെ വാർഡ് തലത്തിൽ വിളിച്ച് കൂട്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ പങ്കെടുപ്പിച്ച് കൊണ്ട് ബോധവത്കരണം നടത്തേണ്ടതാണ്. DWCRA പദ്ധതിയനുസരിച്ച് നടത്തപ്പെടുന്ന ഗാർമെന്റ്സ് യൂണിറ്റിൽ ഉൽപാദനം വർദ്ധിപ്പിക്കാനാവശ്യമായ വിധത്തിൽ സബ്സിഡിയോട് കൂടി അഡീഷണൽ ലോൺ അനുവദിക്കേണ്ടതാണ്. പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലേക്കും ആവശ്യമായ നോട്ടുബുക്കുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബുക്ക് ബൈന്റിംഗ് സെന്ററുകളിൽ നിന്നു തന്നെ വാങ്ങിയിരിക്കണമെന്ന് ഡിപ്പാർട്ട്മെന്റ് തലത്തിൽ നിർദ്ദേശമുണ്ടായിരിക്കണം.

ബെറ്റർമെന്റ് കമ്മിറ്റികൾ ശക്തിപ്പെടുത്തി അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. അംഗൺവാടി കെട്ടിട നിർമ്മാണത്തന് നിർമ്മാണച്ചെലവിലുണ്ടാകുന്ന വർദ്ധനവിനനുസൃതമായി ഫണ്ട് വർധിപ്പിക്കേണ്ടതുണ്ട്. അംഗൺവാടി മേഖലയിൽ കണ്ടിജൻസിവകയിൽ ചെലവിടുന്ന 180 രൂപ 250 രൂപയാക്കി വർദ്ധിപ്പിക്കുക.

അംഗൺവാടി ജീവനക്കാർക്ക് ജീവിക്കാനാവശ്യമായ വേതനം നൽകണം. ഓരോ അംഗൺവാടിയിലും ആവശ്യമായ പ്ലേറ്റ്, ഗ്ലാസ് എന്നിവ നൽകണം.

അംഗൺവാടികളുടെ അടിസ്ഥാന സൗകര്യങ്ങളായ കളിക്കോപ്പുകൾ, കക്കൂസ്, പാചകശാല, കളിസ്ഥലം, ഫർണീച്ചർ എന്നിവ ഉറപ്പുവരുത്തണം. അംഗൺവാടി നിലവാരം ഉയർത്താനും കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിക്കാനും വാർഷിക കലാമേള സംഘടിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ കൂടി സ്ഥാപിക്കണം.

8,11 വാർഡുകളിൽ റേഷൻ ഷാപ്പില്ല. അടിയന്തിരമായി ഇത് അനുവദിക്കണം.

അഗതി പെൻഷൻ വിതരണത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം.

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ വിതരണ ചുമതല ഗ്രാമപഞ്ചായത്തിന് നൽകണം. പഞ്ചായത്തിൽ പൊതു ശ്മശാനം വേണം. പഞ്ചായത്തിൽ ഒരു വൃദ്ധ സദനം നിർമ്മിക്കുന്ന കാര്യം കൂടി പരിഗണിക്കണം. മദ്യവർജ്ജനത്തിനുവേണ്ടി സാമൂഹ്യബോധവൽക്കരണം ശക്തമാക്കി സമ്പൂർണ്ണ മദ്യനിരോധനത്തിന് സാഹചര്യം ഒരുക്കണം. 5,7,11 വാർഡുകളിലെ സൗകര്യത്തിനായി നാറാത്ത് കേന്ദ്രീകരിച്ച് ഒരു പോസ്റ്റോഫീസ് സ്ഥാപിക്കണം. ആനവാതിലിലുള്ള പോസ്റ്റോഫീസ് കന്നൂരിലേക്ക് മാറ്റി സ്ഥാപിക്കണം. പുത്തൂർവട്ടത്ത് (IX Ward) പുതുതായി ഒരു പോസ്റ്റോഫീസ് സ്ഥാപിക്കണം. സ്ത്രീധന സമ്പ്രദായത്തിനെതിരെ തീഷ്ണമായ പ്രചാരണ പ്രവർത്തനം നടത്തണം. സാമൂഹ്യ ബോധവൽക്കരണം അനിവാര്യമാണ്. വിവാഹത്തോടനുബന്ധിച്ചുണ്ടാകുന്ന അനാവശ്യച്ചെലവുകൾ ബോധവൽക്കരണത്തിലൂടെ നിയന്ത്രിക്കണം.

പട്ടിക 7

അംങ്കൺ വാടികളുടെ വിശദവിവരങ്ങൾ

SN.	C.N	Ward No.	അംഗൺവാടിയുടം പേര്	ഫണ്ട് പാസായ വർഷം	ഫണ്ടുകൾ മോഡൽ	SCP	GS	കെട്ടിടത്തിന്റെ ഘട്ടങ്ങൾ				IMK	Remarks
								1	2	3	4		
1	28	I	ഒറവിൽ		സ്ഥലം കിട്ടിയിട്ടില്ല	–	–	–	–	–	–	IMK	
2	29	I	ഉള്ളിയേരി 19	1995–96	–	–	–	✓	✓		–		
3	30	I	വളപ്പിൽ	–	സ്ഥലം കിട്ടിയിട്ടില്ല	–	–	–	–	–		–	
4	30	I	തെരുവത്ത് കടവ്	–	സ്ഥലം കിട്ടിയിട്ടില്ല			–		–	–	–	
5	31	I	കൊയക്കാട് I	–	സ്ഥലം കിട്ടിയിട്ടില്ല	–	–	–		–		–	
6.	33	II	കക്കഞ്ചേരി	1994–95		70000	–	–		–		IMK	
7	34	III	മനാട്	1993–94		20000	–	–		–		–	പണിതുടങ്ങിയിട്ടില്ല
8	35	III	ചാലോട്ട് മീത്തൽ	1994–95		20000	–	–	–	–	–	IMK	
9	36	III	മാമ്പൊയിൽ	–	സ്ഥലം കിട്ടി	ഫണ്ട് പാസ്സായിട്ടില്ല							
10	37	IV	ഉള്ളിയേരി 19	1994–95		–	–	✓	–	–		IMK	
11	38	VII	കുന്നാട്ട് താഴെ	1993–94	20000	–	–	✓	✓	✓	–	IMK	
12	39	III	കൊയക്കാട് II	1996–97	50000	–	–	–	–	–	–	IMK	ചുറ്റുമതിൽ കെട്ടണം
13	40	V	പുളിയേരിതാഴെ		സ്ഥലം കിട്ടിയിട്ടുണ്ട്							IMK	
14	41	V	പൊയിലിങ്കൽ	1994–95		20000						IMK	പണി തുടങ്ങിയിട്ടില്ല
15	42	VII	തേക്കാട് താഴെ	1993–94		20000	✓					IMK	
16	43	VI	ആനവാതിൽ		സ്ഥലം കിട്ടിയിട്ടുണ്ട്	പാസ്സായില്ല						–	ചുറ്റുമതിൽ കെട്ടണം
17	44	VI	ചിറ്റാരികടവ്		സ്ഥലം ഇല്ല								
18	45	VI	മുണ്ടോത്ത്	1995–96		25000						IMK	
19	46	III	പാലോറ	CDWD	ബിൽഡിംഗ്							IMK	
20	47	VIII	പൊയിൽക്കടവ്		സ്ഥലം കിട്ടിയിട്ടില്ല							IMK	ചുറ്റുമതിൽ വേണം
21	48	VIII	കുന്നത്തറ		സ്ഥലം കിട്ടിയിട്ടുണ്ട്							IMK	
22	49	IX	ഉള്ളൂർനോർത്ത്	1994–95		20000	✓						–
23	50	IX	ഉള്ളൂരങ്ങാടി		സ്ഥലം കിട്ടി							IMK	
24	51	X	കിഴക്കെച്ചാലിൽ	1993–94		20000	✓					IMK	
25	52	X	കണയങ്കോട്ട്		സ്ഥലം കിട്ടിയിട്ടില്ല							–	
26	53	X	ചെറുതിൽ	1995–96		25000	✓					IMK	
27	54	XI	[illegible]										

പാർപ്പിടം

മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഘടകമാണ് പാർപ്പിടം. പാർപ്പിട പ്രശ്നം പരിഹരിക്കാൻ പലപദ്ധതികളും നിലവിലുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഭവനരഹിതരുടെ എണ്ണംകൂടികൂടി വരികയാണ്. ഇതിന് ശാശ്വതമായ പരിഹാരം ഉണ്ടാവണമെങ്കിൽ ഒരു സമയബന്ധിത പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

കേരളത്തനിമയുടെ പരമ്പരാഗത വാസ്തുശില്പ മാതൃകയിലുള്ള ഭവനനിർമ്മാണ രീതിയുടെ ഒരു പ്രതി രൂപം തന്നെയായിരുന്നു നമ്മുടെ ഗ്രാമത്തിലെയും പഴകാല വീടുകൾ. 'കുടിൽ തൊട്ട് കൊട്ടാരം വരെ' എന്ന ശൈലീപ്രയോഗത്തെ അർത്ഥപൂർണ്ണമാക്കും വിധം ചെറ്റക്കുടിൽ, കളപ്പുര, കളപ്പുരയും കയ്യാലയും, പടിഞ്ഞാറ്റ, തെക്കിനി, കിഴക്കിനി, വടക്കിനി, ഇതിനാലും ഒന്നിച്ചുള്ള നാലുകെട്ടും നടുമുറ്റവും, എട്ട്കെട്ടും നടുമുറ്റങ്ങളും എന്നീരീതികളിലായിരുന്നു ഇവയുടെ സ്വഭാവം. ഇതിൽ പലവീടുകളുടെയും ഭിത്തി ഉമിചേർത്ത് ചവിട്ടിക്കുഴച്ചമണ്ണ് 'ഉരുട്ട് കട്ട' യാക്കി അട്ടിവെച്ച് 'ഇല്ലിക്കണ' ഇടയ്ക്കിടെ തിരുകി നിർമ്മിച്ചവയായിരുന്നു. അവയുടെ സ്ഥാനങ്ങൾ ഇന്ന് കോൺക്രീറ്റ് മന്ദിരങ്ങൾ കയ്യടക്കിക്കഴിഞ്ഞു. ചരിത്രസമാരകം പോലെ ചുരുക്കം ചിലത് ശേഷിച്ചിരിപ്പുണ്ട്. അന്നത്തെ വീടുകളിലെ മുറികൾ കാറ്റും വെളിച്ചവും വേണ്ടത്ര കടന്നുവരാൻ കഴിയാത്തവയായിരുന്നു എന്ന ഒരു ന്യൂനത ചൂണ്ടിക്കാട്ടാമെങ്കിലും ഒരു അടക്കവും ഒതുക്കവും ഉള്ളവയായിരുന്നു എന്നാണ് പഴമക്കാരുടെ അഭിപ്രായം. കുഴിമുറ്റവും, താണഇറയും, നിലനിരപ്പിൽ നിന്ന് താഴ്ന്ന് നിൽക്കുന്ന തറയും, കട്ടിലകളുടെ ഉയരക്കുറവും പഴയകാലവീടുകളുടെ ചില സവിശേഷതകളാണ്. ഈ സവിശേഷതകളുടെ വേരുകൾ അന്നത്തെ സാമൂഹ്യ ജിവിതത്തിലെ ചില ആചാരങ്ങളിലും വിശ്വാസ പ്രമാണങ്ങളിലും എത്തിനിൽക്കുന്നു. വഴിപോക്കർ ഉമ്മറക്കോലായിലേക്ക് കാണരുതെന്നതാണ് ഇതിന്റെ അടിസ്ഥാനം. വീട്ടിനകത്തേക്ക് കയറുമ്പോൾ തലകുനിച്ച് ബഹുമാനിച്ച് വേണം കയറാൻ എന്നതാണ് കട്ടിലയുടെ ഉയരക്കുറവിന് നിദാനമായുള്ളതെന്ന് കരുതാം. പഴയവീടുകളുടെ മരത്തൂണുകളുടെ മുകളിൽ, ഉത്തരത്തിന് കീഴെയായി ഒരു വെട്ടുകല്ല് വെക്കുന്ന പതിവുണ്ടായിരുന്നു. തീണ്ടൽ ജാതിക്കാരായ ആരെങ്കിലും വന്ന് തൂണ് തൊട്ട്പോയാൽ വീടിന് തീണ്ടൽ ഏൽക്കാതിരിക്കാനാണ് ഇതെന്ന് പറയപ്പെടുന്നു. അതുപോലെ തന്നെ 'കോലായി'യും മേലെ കോലായി, താഴെ കോലായി, എന്നീ രൂപത്തിലുള്ള തരം തിരിവുകളുണ്ടായിരുന്നു. ഫ്യൂഡൽ സംസ്കാരത്തിന്റെ യാഥാസ്തിക മനോഭാവമായിരുന്നു ഇത്തരം ആചാരാനുഷ്ടാന വിശ്വാസങ്ങളുടെ അടിസ്ഥാനമെങ്കിലും നമ്മുടെ ഭൂപ്രകൃതിയ്ക്കും കാലാവസ്ഥയ്ക്കും തികച്ചും അനുയോജ്യമായിരുന്നു പഴയവീടുകളുടെ നിർമ്മാണരീതി.

ഇന്ന് കേരളക്കരയുടെ മണ്ണിലും മനസ്സിലും നിറയെ കോൺക്രീറ്റ് കാടുകളാണ്. ചെറുതല്ലാത്ത അളവിൽ ഗൾഫ് പണം എത്തുന്ന ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. ഈ പണത്തിന്റെ ബാഹുല്യവും രമ്യഹർമ്മ്യങ്ങൾ പണിയാനാണ് ഉപയോഗിച്ച് വരുന്നത്. വിലകൂടിയ മാർബിളുകൾ, കടപ്പ, മൊസൈക്ക്, ടൈൽസ് തുടങ്ങിയവ ഉപയോഗിച്ച് നിർമ്മിച്ച വീടുകൾ നമ്മുടെ പഞ്ചായത്തിൽ ധാരാളം ഉണ്ട്. ഇതിനെ അനുകരിക്കാൻ ശ്രമിക്കുന്ന നമ്മുടെ നാട്ടിലെ ഇടത്തരക്കാർ സർവ്വസ്വവും വിറ്റ് ചിലവഴിക്കുന്നു എന്ന് മാത്രമല്ല കടക്കെണിയിൽ അകപ്പെടുകയും ചെയ്യുന്ന ഒരു പ്രവണത വ്യാപകമാണ്.

കോൺക്രീറ്റ് വീട് നിർമ്മാണ രീതി വ്യാപകമാവാൻ കാരണം മരത്തിന്റെ വില വർദ്ധനവാണെന്ന ഒരു വാദം നിലനിൽക്കുന്നുണ്ടെങ്കിലും, ഇതിന്റെ മോടികൂട്ടൽ, പിന്നീട് വരുന്ന അറ്റകുറ്റപണികൾ, പെയിന്റിംഗ് ഉൾപ്പടെയുള്ള മറ്റു റിപ്പേർചെലവുകൾ എന്നിവയെ സംബന്ധിച്ച് പലർക്കും മുൻധാരണയുണ്ടാവാറില്ല. വീടുകൾ നിർമ്മിക്കുവാൻ ചെലവഴിക്കുന്ന അത്രത്തോളം തന്നെ സംഖ്യഉപയോഗിച്ച് കമനീയമായ കരിങ്കൽ ഭിത്തികൾ (കോമ്പൗണ്ട് വാൾ) നിർമ്മിക്കുന്ന പ്രവണത സർവ്വസാധാരണമായി കണ്ടുവരുന്നു. ദുർവ്യയത്തിന്റെ മറ്റൊരു ദൃഷ്ടാന്തമാണിത്.

കഴിഞ്ഞ ഒരു പതിറ്റാണ്ട് കാലത്തെ അനുഭവം പരിശോധിച്ചാൽ കെട്ടിടനിർമ്മാണ വസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി കാണാം. ഇത്തരമൊരു സാഹചര്യത്തിൽ സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം വീട് നിർമ്മാണം താങ്ങാൻ പറ്റാത്ത ചുമടായി മാറുന്നു. മറ്റുമേഖലകളെ അപേഷിച്ച് നിർമ്മാണമേഖലയിലെ സേവന വേതന വ്യവസ്ഥ ആകർഷകമായതിനാൽ ഈ രംഗത്തേക്ക് കൂടുതൽ തൊഴിലാളികൾ കടന്നുവരുന്നുണ്ടെങ്കിലും പലസ്ഥലങ്ങളിലും തൊഴിലാളി ദാരിദ്ര്യ അവുഭവപ്പെടുന്നുണ്ട്. അത്യാവശ്യം യന്ത്രോപകരണങ്ങൾ ഉപയോഗിക്കപ്പെടുന്ന മാർബിൾ, മൊസൈക്ക്, ടൈൽ ഫിക്സിംഗ് തുടങ്ങിയ തൊഴിൽ രംഗത്തേക്കും വയറിംഗ്, പ്ലംബിംഗ്, പ്ലാസ്റ്ററിംഗ് എന്നീരംഗത്തേക്കും ധാരാളം യുവാക്കൾ കടന്നുവരുമ്പോൾ പാറപൊട്ടിക്കൽ, കരിങ്കൽകെട്ട്, ചെത്തിക്കെട്ട് എന്നീ രംഗത്തേക്ക് വേണ്ടത്ര ആളുകൾ കടന്നു വരുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഏറെയുണ്ട്. ചെങ്കൽ,കരിങ്കൽ എന്നിവ ധാരാളമുണ്ട്. പഞ്ചായത്തിൽ ഇഷ്ടികനിർമ്മാണരംഗത്ത് ഇപ്പോൾ ഉൽപാദനം നടക്കുന്നില്ല. സിമന്റ്, കമ്പി എന്നിവയുടെ വില്പന കേന്ദ്രങ്ങൾ ഉണ്ട്. മുമ്പ്കാലത്ത് ഭിത്തികെട്ടാനും തേയ്ക്കാനും സർവ്വസാധാരണമായി ഉപയോഗിച്ചിരുന്ന വെള്ളക്കുമ്മായം ഇപ്പോൾ ഈ ആവശ്യത്തിന് തീരെ ഉപയോഗിക്കുന്നില്ല. ജൈവളാവശ്യത്തിന് മാത്രമാണിത് ഇപ്പോൾ ഉപയോഗിച്ച് വരുന്നത്. പഴയകാലത്ത് സമ്പന്നമായൊരു കുടിൽ വ്യവസായമായിരുന്ന കുമ്മായ നിർമ്മാണം ഇന്ന് തകർച്ചയിലാണ്. കീട-പ്രാണികളെ പ്രതിരോധിക്കാൻ പര്യാപ്തമായിരുന്നവെള്ളക്കുമ്മായം, ചുണ്ണാമ്പ് എന്നിവയുടെ സ്ഥാനം സിമന്റ്, സൈം എന്നിവ കയ്യടിക്കിയിരിക്കുന്നു.

ചെലവ്കുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന സർക്കാർ ഏജൻസിയായ 'നിർമ്മിതി കേന്ദ്ര'ങ്ങളുടെ വീടുകൾ നമ്മുടെ പഞ്ചായത്തിൽ പ്രചാരത്തിലില്ല. ഇത്തരം വീടുകൾക്ക് ഗ്യാരണ്ടി കുറവാണെന്ന ഒരു ധാരണ നമ്മുടെ നാട്ടിൻപുറങ്ങളിൽ ബലമായുണ്ട്. നമ്മുടെ പഞ്ചായത്തിൽ 5474 വീടുകളാണ് മൊത്തം ഉള്ളത്. ഇതിൽ 592ഉം ഷെഡ്ഡു(കുടിൽ)കളാണ്. 1538എണ്ണം ഓലമേഞ്ഞതും 2661എണ്ണം ഓട് മേഞ്ഞതും 683എണ്ണം കോൺക്രീറ്റ് റൂഫ്ഡ് വീടുകളുമാണ്. ചിലവ് കൂടിയ ഭേദപ്പെട്ട വീടുകൾ കൂടുതലായി ഉയർന്ന് വരുന്നതിന് ആനുപാതികമായി താഴ്ന്ന് വരുമാനമുള്ള ആളുകളുടെ ചെലവ്കുറഞ്ഞ വീടുകൾ വർദ്ധിക്കുന്നില്ല. ദുർബ്ബല വിഭാഗങ്ങളുടെ സ്വന്തമായി ഒരുവീട് എന്ന സ്വപ്നം സ്വപന്മായി തന്നെ അവശേഷിക്കുകയാണ് എന്നാണ് ഇത് തെളിയിക്കുന്നത്. ഇവരുടെ സ്വപ്നം പൂവണിയിക്കാൻ ഫലപ്രദവും ബോധപൂർവ്വകവുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയേതീരൂ. ഈരംഗത്ത് നിലവിലുള്ള പദ്ധതികളിലൂടെയും ഏജൻസികളിലൂടെയും നൽകിയ സഹായങ്ങൾ തീരെ അപര്യാപ്തമാണ്. 1989-90 മുതൽ 95-96 വരെയുള്ള 7 വർഷംകൊണ്ട് വിവിധപദ്ധതികളിലൂടെ കേവലം 174 വീടുകൾക്ക് മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ ധനസഹായം നൽകിയത്.

പട്ടിക 1

വർഷം	പുനരധിവാസ ഭവന പദ്ധതി	അൺടൈഡ്	ജെ.ആർ.വൈ	ഐ.എ.വൈ	എം.ഡബ്ളിയു.എസ്സ്
89-90	50	NIL	NIL	NIL	NIL
90-91	15	NIL	NIL	NIL	NIL
91-92	NIL	3	12	NIL	NIL
92-93	7	NIL	NIL	4	NIL
93-94	NIL	NIL	13	12	7
94-95	NIL	NIL	NIL	12	8
95-96	NIL	NIL	5	26	NIL
ആകെ	72	3	30	54	15

മുമ്പ് മേപ്പയ്യൂർ ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തന പരിധിയിലായിരുന്നു നമ്മുടെ പഞ്ചായത്ത്. ഇപ്പോൾ ചേമഞ്ചേരി ഹൗസിംഗ് സൊസൈറ്റിയുടെ പരിധിയിലാണ് അവിടെ നിന്ന് ലോൺ കിട്ടാൻ വളരെ ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. മാത്രവുമല്ല പലിശ നിരക്ക് ഉപഭോക്താക്കൾക്ക് താങ്ങാൻ കഴിയാത്തതുമാണ്.

ഹഡ്കോ,എൽ.ഐ.സി. ഹൗസിംഗ് സൊസൈറ്റി തുടങ്ങി വിവിധ ഭവന നിർമ്മാണ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള സാമ്പത്തിക സഹായം ദുർബ്ബലവിഭാഗങ്ങൾക്ക് ഇപ്പോൾ അപ്രാപ്യമാണ്.

ഇന്ന് സർക്കാരിലെ വിവിധ പദ്ധതികളിലൂടെ ലഭിച്ചുകൊണ്ടിരിക്കുന്ന നാമമാത്രമായ സഹായധനം കൊണ്ട് (15,500രൂപ) വീട്, കക്കൂസ്, വയറിംഗ്, പുകയില്ലാത്ത അടുപ്പ് തുടങ്ങി എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തണമെന്നാണ് ബന്ധപ്പെട്ടവർ നിഷ്കർഷിക്കുന്നത്. ഇതെല്ലാം പൂർത്തിയായെങ്കിൽ മാത്രമെ ഈ സംഖ്യപൂർണ്ണമായും കിട്ടുകയുള്ളൂ. അത്യാവശ്യം സ്വന്തമായി ഒരു വീടുണ്ടാക്കാൻ സാമ്പത്തികശേഷിയുള്ള ആളുകൾക്ക് മാത്രമെ ഈ സംഖ്യ ഉപയോഗപ്പെടുത്താൻ കഴിയുകയുള്ളൂ.

നമ്മുടെ പഞ്ചായത്തിൽ 2 IHDP(ഐ.എച്ച്.ഡി.പി) ഉൾപ്പെടെ 24 കോളനികളും നാല് 3 സെന്റ് 4 സെന്റ് കോളനികളുമാണുള്ളത്. ഇവിടങ്ങളിലെ പാർപ്പിട സൗകര്യം മെച്ചപ്പെടുത്തുന്നതിന് ബഹുദൂരം മുന്നേറേണ്ടതുണ്ട്. 3സെന്റ് 4 സെന്റ് കോളനികളിൽ ഭൂമിപതിച്ചു കിട്ടിയവർ അവ വില്പന നടത്താൻ ശ്രമിക്കുന്നതായി ഗ്രാമസഭകളിൽ നിന്നും പരാതികൾ വന്നിട്ടുണ്ട്. ഇത് കർശനമായി തടയേണ്ടതാണ്. ഇതിൽ തന്നെ പലർക്കും പട്ടയം ലഭിച്ചില്ല. കിട്ടാത്തവർക്ക് പട്ടയം ഉടൻ വിതരണം ചെയ്യുകയും സ്ഥലം അളന്ന് തിട്ടപ്പെടുത്തിക്കൊടുക്കേണ്ടതുമാണ്. എങ്കിൽ മാത്രമെ ഇത്തരം ആളുകൾക്ക് ഏതെങ്കിലും ഏജൻസികളിലൂടെ വീടിനുള്ള ധനസഹായം ലഭിക്കുകയുള്ളൂ.

VIാം വാർഡിലെ കുവിൽ മീത്തൽ കോളനിയിൽ 91-92ൽ J.R.Y പദ്ധതിയനുസരിച്ച് 12 വീടുകൾക്ക് ധനസഹായം അനുവദിച്ചിരുന്നു. ബഹുജന പങ്കാളിത്തത്തോടെ ഭരണസമിതിയുടെ നേതൃത്വത്തിൽ വീട് നിർമ്മിച്ച് നൽകണമെന്നതായിരുന്നു തീരുമാനം. എന്നാൽ ബഹുജന പങ്കാളിത്തവും ഉപഭോക്താക്കളുടെ സഹകരണവും വേണ്ടത്ര ലഭിക്കാത്തത് കാരണം നീക്കിവെച്ച സംഖ്യമുഴുവൻ ചെലവഴിച്ചെങ്കിലും ഭിത്തി ഉയരം തീർക്കുവാൻ മാത്രമെ കഴിഞ്ഞിട്ടുള്ളൂ.

പാർപ്പിട രംഗത്തെ പ്രശ്നങ്ങളെ താഴെ പറയുന്ന രൂപത്തിൽ സംഗ്രഹിക്കാം.

ഭവന രഹിതരാമായ ദുർബ്ബല വിഭാഗങ്ങളുടെ എണ്ണത്തിനനുസരിച്ച് സാമ്പത്തിക സഹായം അനുവദിക്കപ്പെടുന്നില്ല.

നൽകുന്ന സഹായങ്ങൾ തീരെ അപര്യാപ്തമാണ്.

ഭവന നിർമ്മാണരംഗത്ത് ദുർവ്യയം വർദ്ധിച്ചുവരുന്നു. ചെലവ്കുറഞ്ഞ വീടുകൾ നിർമ്മിക്കാൻ പരിശീലനം ലഭിച്ച വിദഗ്ദ്ധ തൊഴിലാളി

കളുടെ അഭാവവും, ഗുണഭോക്താക്കളുടെ അജ്ഞതയും.

നിർമ്മാണ സാമഗ്രികളുടെ അനിയന്ത്രിതമായ വിലക്കയറ്റം.

ഭവനനിർമ്മാണ വായ്പാധന സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള നൂലാമാലകൾ.

കോളനികളിലെ പശ്ചാത്തല സൗകര്യമില്ലായ്മ.

ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

നിർദ്ദേശങ്ങളും സാദ്ധ്യതകളും

◆ദുർബ്ബല വിഭാഗങ്ങളിൽപ്പെടുന്ന എല്ലാ കുടുംബങ്ങൾക്കും പാർപ്പിടം ലഭിക്കാനാവശ്യമായ പദ്ധതി തയ്യാറാക്കണം.

◆തിരച്ചടക്കാൻ കഴിവുള്ളവർക്ക് ആവശ്യമായ ലോൺ സൗകര്യം ലഭ്യമാക്കണം.

◆ദുർബ്ബല വിഭാഗങ്ങൾക്ക് നിലവിലുള്ള പദ്ധതിയിലെ ധനസഹായം പ്രായോഗികമായ രീതിയിൽ വർദ്ധിപ്പിക്കുക.

◆ഇതിനുള്ള അപേക്ഷാഫോറങ്ങൾ പഞ്ചായത്ത് വഴി വിതരണം ചെയ്യുക.

◆പാർപ്പിട നിർമ്മാണ രംഗത്തെ ദുർവ്യയങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തണം.

◆നിർമ്മാണ ചെലവിനാനുപാതികമായി നികുതി വർദ്ധിപ്പിക്കുക.

◆പഞ്ചായത്ത് തലത്തിൽ നിർമ്മിതി കേന്ദ്രയുടെ യൂനിറ്റുകൾ സ്ഥാപിക്കുകയും നിലവിലുള്ള നിർമ്മാണത്തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്യുക.

◆ദുർബ്ബല വിഭാഗങ്ങൾക്ക് അനുവദിക്കുന്ന വീടുകൾ നിർമ്മിതി കേന്ദ്രയുടെ നേതൃത്വത്തിൽ നിർമ്മിച്ചു നൽകണം.

◆ഭവന നിർമ്മാണ വായ്പകളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുക.

◆ചെലവു കൂടിയ കരിങ്കൽ ഭിത്തികൾക്ക് പകരം ജൈവവേലികൾ വെച്ച് പിടിപ്പിച്ച് മണ്ണും, വായുവും സമ്പന്നമാക്കാൻ വ്യാപകമായ പ്രചാരണ പ്രവർത്തനവും ബോധവൽക്കരണവും നടത്തുക.

◆ഓലപ്പുര ഓടുമേയാൻ ധനസഹായവും ലഭ്യമാക്കുക.

◆കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സർക്കാർ ഏജൻസികൾ (സിവിൽ സപ്ലൈസ്) ഇടപെടുക.

◆ഹൗസിംഗ് സൊസൈറ്റിയുടെ ലോൺ ലഭിക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും, കൂടുതൽ ആളുകൾ സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യണം.

◆ഹൗസിംഗ് സൊസൈറ്റിയിലൂടെയുള്ള വായ്പയുടെ പലിശനിരക്ക് കുറയ്ക്കുക.

ഗതാഗതം

ഒരു നാട്ടിന്റെ വികസന പ്രക്രിയയുടെ മുൻ ഉപാധി എന്ന നിലക്ക് ഗതാഗത മേഖലക്ക് ഏറെ പ്രാധാന്യമുണ്ട്. എന്നാൽ ഗതാഗത രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിച്ചെങ്കിൽ മാത്രമെ മറ്റ് മേഖലകളിലും വികസനമുണ്ടാവുകയുള്ളൂ.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന് റോഡ് എന്ന് പറയാവുന്നത് ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച രണ്ട് റോഡുകളും പഴയ മലബാർ ഡിസ്ട്രിക് ബോർഡിന്റെ കാലത്ത് നിർമ്മിച്ച തെരുവത്ത് കടവ്, ഒറവിൽ, പറമ്പിന്റെ മുകൾ റോഡും, കൂനഞ്ചേരി കുന്നത്തറ വഴിയുണ്ടായിരുന്ന ഒരു റോഡുമാണ്. ഇതിൽ മലബാർ ഡിസ്ട്രിക് ബോർഡിന്റെ കാലത്ത് നിർമ്മിച്ച റോഡുകൾ ജനപങ്കാളിത്തത്തോടെയാണ് ഉണ്ടാക്കിയതെന്ന് പഴമക്കാർ പറയുന്നു. ഈ റോഡുകളെല്ലാം തന്നെ നമ്മുടെ പഞ്ചായത്തിന്റെയും സമീപ പഞ്ചായത്തുകളുടേയും വിവിധ തലങ്ങളിലൂളള വികസന പ്രക്രിയകൾക്ക് വേഗത പകർന്നിട്ടുണ്ട്. ഇത് മാതൃകയാക്കിയാണ് നമ്മുടെ പ്രദേശത്തെ സാമൂഹിക പ്രവർത്തകർ നേതൃത്വം നൽകികൊണ്ടാണ് ഒള്ളൂർ-കൂമുള്ളി റോഡും കന്നൂര്- ചിറ്റാരികടവ് റോഡും, മുണ്ടോത്ത് കൂമുള്ളി റോഡും പിന്നീടുണ്ടായ മറ്റ് റോഡുകളും നിർമ്മിച്ചിട്ടുള്ളത്.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള റോഡുകളിൽ ബസ്സ് ഗതാഗതമുള്ളത് കൊയിലാണ്ടി-താമരശ്ശേരി റോഡിലും, പേരാമ്പ്ര പുതിയങ്ങാടി റോഡിലൂടെയുമാണ്.

ബസ്സ് ഗതാഗത സൗകര്യമുള്ള മറ്റ് ഏതാനും റോഡുകളും ഇന്നിവിടെയുണ്ട്. യാത്രക്കാരുടെ സൗകര്യം കണക്കിലെടുത്ത് ഇന്നിവിടെ ഒരു ബസ് സ്റ്റാന്റ് നിലവിലുണ്ട്. ബസ് ഗതാഗത സൗകര്യമില്ലെങ്കിലും മറ്റ് വാഹന സഞ്ചാര യോഗ്യമായ ഒട്ടേറെ റോഡുകളും നിലവിലുണ്ട്.

വാഹനങ്ങളെ സംബന്ധിച്ച് പറയുമ്പോൾ പഴയകാലത്തിൽ നിന്നും വ്യത്യസ്തമായ ഒരവസ്ഥയാണ് നിലവിലുള്ളത്. ഏതാണ്ട് 25 വർഷം മുമ്പുണ്ടായിരുന്ന നാമമാത്രമായ ബസ്സുകളുടെ സ്ഥാനത്ത് 150 ൽ പരം ബസ്സുകൾ നമ്മുടെ പഞ്ചായത്തിലൂടെ സർവ്വീസ് നടത്തുന്നുണ്ട്. ജനങ്ങളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി 35ഓളം ടാക്സി ജീപ്പുകളും, അത്രയോളം തന്നെ ഓട്ടോറിക്ഷകളും ഇന്ന് നിലവിലുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികളുടേതായി നിരവധി ഇരുചക്ര വാഹനങ്ങളും, ജീപ്പുകളും, കാറുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. മുമ്പ് ചരക്കു കടത്തിന് പ്രധാനമായും ആശ്രയിച്ചിരുന്നത് കാളവണ്ടികളെയായിരുന്നെങ്കിൽ ഇന്നതിന്റെ സ്ഥാനം ലോറികളും, മിനി ലോറികളും, ഗൂഡ്സ് ഓട്ടോകളും കയ്യടക്കിയിട്ടുണ്ട്. മുമ്പ് ധാരാളമായുണ്ടായിരുന്ന സൈക്കിൾ സവാരി ഇന്ന് നാമമാത്രമാണ്.

ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിന്റെ 8% മാണ് വർഷത്തിൽ റോഡ് റിപ്പയറിനായി ചെലവഴിക്കുന്നത്. 1995-96 വർഷത്തിൽ ഇത് (1,46,36 രൂപയായിരുന്നു). ഇന്ന് നമ്മുടെ പഞ്ചായത്തിൽ നിലവിലുളള ടാർ ചെയ്ത റോഡുകളുടെയും, ടാർചെയ്യാത്ത റോഡുകളുടെയും നടപ്പാതകളുടെയും, ഭാഗികമായി ടാർ ചെയ്ത റോഡുകളുടെയും പട്ടിക ഇതൊന്നിച്ച് കൊടുത്തിരിക്കുന്നു.

ജല ഗതാഗതം ഇന്ന് നമ്മുടെ പഞ്ചായത്തിൽ നിലവിലില്ലെങ്കിലും മുമ്പ് ഇതിന് വളരെയേറെ പ്രചാരം ഇവിടെ ഉണ്ടായിരുന്നു. തെരുവത്ത് കടവിലെ നിലവിലുള്ള പാലവും കണയങ്കോട് പാലവും നിർമ്മിത്തുന്നതിന് മുമ്പ് ഇരു

പ്രദേശത്തെയും ജനങ്ങൾക്ക് മറ്റുപ്രദേശങ്ങളുമായി ബന്ധപ്പെടുന്നതിന് ജലഗതാഗതമാണ് ആശ്രയമായിരുന്നത്. പഞ്ചായത്തിനെയും, അയൽപഞ്ചായത്തായ നടുവണ്ണൂരിനെയും ബന്ധിപ്പിക്കുന്നതിന് ഇന്ന് കീഴ്ക്കോട്ട് കടവിൽ ഒരു നടപ്പാലം ജനകീയ പങ്കാളിത്തത്തോടെ നിർമ്മിച്ചിട്ടുണ്ട്. ഇവിടെ ഒരു സ്ഥിരം സംവിധാനം വേണമെന്നതിലേക്ക് P.W.D ഒരു കോൺക്രീറ്റ് പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ പ്രാരംഭനടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കരഗതാഗതം വികസിച്ച് വരുന്നിതിന് മുമ്പ് 5 സർവ്വീസ് ബോട്ടുകൾ തെരുവത്ത് കടവ് മുതൽ എലത്തൂർ (കോരപ്പുഴ പാലം) വരെ സർവ്വീസ് നടത്തിയിരുന്നു.

പ്രശ്നങ്ങൾ

നമ്മുടെ പ്രദേശത്തെ ഗതാഗത മേഖല ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ഇവിടുത്തെ റോഡുകളിൽ മഴക്കാലങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്നത് നിമിത്തം മിക്കറോഡുകളും തകർച്ചനേരിടുകയാണ്. റോഡുകൾ മിക്കവയും സ്ഥിരമായ വാഹനഗതാഗത സൗകര്യമുള്ളവയല്ല. നാമമാത്രമായ നടപ്പാതകൾ മാത്രമേ നിലവിലുള്ളൂ.

റോഡുകൾ സംരക്ഷിക്കുന്ന കാര്യത്തിൽ ജനങ്ങൾ വേണ്ടത്ര ശുഷ്കാന്തി കാണിക്കാത്തത് ഈ മേഖലയിലെ മറ്റൊരു പ്രശ്നമാണ്.

നിർദ്ദേശങ്ങളും സാധ്യതകളും.

നിലവിലുള്ള റോഡുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി വിവിധ വാർഡുകളിൽ റോഡ് സംരക്ഷണ സമിതികൾ രൂപീകരിക്കുക.

റോഡുകൾ വർഷാവർഷം അറ്റകുറ്റപണികൾ നടത്തുക.

പഞ്ചായത്തിലെ വിവിധ റോഡുകളുടെ സംരക്ഷണം വാർഡ് തല വികസന സമിതി രൂപീകരിച്ച് അവയെ ഏൽപ്പിക്കുക.

പാലോറ റോഡിന് ചേർന്ന് മാമ്പൊയിൽ ഭാഗത്തേക്ക് കനാൽ സൈഡിലൂടെ ഒരു റോഡിന് സാദ്ധ്യതയുണ്ട്.

കുന്നത്തറ പുറക്കോളി താഴെ റോഡിന്റെ സന്നദ്ധപ്രവർത്തനം നടത്താൻ തയ്യാറാണ്.

കുന്നത്തറയിലെ തകർന്ന ബസ്സ്റ്റോപ്പ് പുതുക്കി പണിയുക.

നമ്മുടെ ഗ്രാമത്തിൽ വിവിധ ഭാഗങ്ങളിലെ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് ഇനി ആവശ്യമുള്ള റോഡുകളുടെയും നടപ്പാതകളുടെയും വിവരം താഴെക്കൊടുക്കുന്നു.

റോഡുകൾ

- മാമ്പൊയിൽ മപ്പുറത്ത് താഴെ കനാൽ റോഡ്
- ഉള്ളിയേരി 19 തട്ടും പുറം റോഡ്
- നൂഞ്ഞിങ്കര മീത്തൽ കീരിയോട്ടു മല വഴി തലപ്പൊയിൽ (നാറാത്ത് പുത്തഞ്ചേരി റോഡ്) ബന്ധിപ്പിക്കുന്ന റോഡ്.
- തട്ടും പുറം ഭാഗത്ത് നിന്ന് ചേന്നം പൊയിൽ അംഗനവാടിക്ക് സമീപത്തുകൂടി കനാൽ വരെ ഒരു റോഡ്
- തിരുതോത്ത് മീത്തൽ ഹരിജൻ കോളനി റോഡ്. (കൂമുള്ളി പാലോറ)
- മപ്പുറത്ത് അമ്പലം തോട്ടത്തിൽ മീത്തൽ റോഡ്.
- കുന്നാട്ട് താഴെ-കീഴക്കേക്കര റോഡ്.
- മുണ്ടോത്ത്-പുല്ലാക്കണ്ടി മീത്തൽ റോഡ്.
- മാമ്പൊയിൽ-മപ്പുറത്ത് താഴെ കനാൽ റോഡ്.
- കുളങ്ങര-പഞ്ചായത്ത് ശ്മശാനം റോഡ്
- ഒയലമല ഹരിജൻ കോളനി-മുണ്ടോത്ത് റോഡ്.
- ഒയലമല-മാഷ്ണാങ്കോട്ട് റോഡ്.
- കൂരൂപറമ്പ്-കക്കഞ്ചേരി G.U.P സ്കൂൾ റോഡ്.
- ബാപ്പുറ്റ ഇല്ലം താഴെ -ചേളനാം കുന്നത്ത് റോഡ്.
- കൊയമ്പ്രത്ത് കടവ്-മൈക്കോട്ടേരി താഴെ റോഡ്.
- പാലോറ ബസ് സ്റ്റോപ്പ് കരയാടൻ വീട്ടിൽ താഴെ റോഡ്.
- തെരുവത്ത് കടവിൽ നിന്നും ചങ്ങരം കുന്നിലേക്ക് റോഡ് - താന്നിയിൽ മീത്തൽ ഭാഗത്തേക്ക് തെരുവത്ത് കടവ് മുതൽ റോഡ്.
- പേരമ്പ്ര റോഡിൽ നിന്നും ചീരുണ്ടൻ കണ്ടി ഭാഗത്തേക്ക് നടപ്പാത.

■പാറക്ക് മീത്തൽ-പടിഞ്ഞാറെ കരായി റോഡ്.

■ഉള്ളിയേരി കൊല്ലരു കണ്ടി മീത്തൽ റോഡ്.

■കരിമ്പാത്ത്-കോട്ടക്കുന്ന് റോഡ്

■പുത്തഞ്ചേരി-കുന്നത്തറ കൂമുള്ളി റോഡ്.

■പുത്തഞ്ചേരി കരുമ്പാത്ത് കോട്ടക്കുന്ന് കോളനി റോഡ്.

■കുന്നത്തറ-മടത്തിങ്കൽ താഴെ തോരായിറോഡ്, നിലവിലുള്ള ബണ്ട് വീതികൂട്ടി കക്കാട് മല കോള നിയിലേക്ക് റോഡ് നീട്ടുക.

■കുന്നത്തറ-പുതുക്കുളങ്ങര ക്ഷേത്രം റോഡ്.

■പുറക്കോളി താഴെ-കക്കാട് താഴെ റോഡ്. (കോട്ട ക്കുന്ന് ഭാഗത്തേക്ക്)

■മൈക്കോട്ടേരി പൊയിൽ പുതിയോട്ടു വളപ്പിൽ താഴെ കോളങ്ങോട്ട് മീത്തൽ H.C റോഡ്.

■കൂമുള്ളി സ്കൂൾ-കൃസ്ത്യൻ പള്ളി റോഡ്.

■പെരുളിതാഴെ-കൂടത്തിങ്കൽ താഴെ റോഡ്.

■കുറ്റിയേരി കണ്ടി താഴെ വരെയുള്ള റോഡ് കൂന ഞ്ചേരി കനാൽ റോഡുമായി ബന്ധപ്പിക്കുക.

നടപ്പാതകൾ

■വെങ്കിലോട്ട് താഴെ ചെറുവച്ചേരി താഴെ നടപ്പാത

■കല്ലട്ടകുളങ്ങര താഴെ അടുമാണ്ടി മൂല നടപ്പാത

■പെരുവാണിയം വീട്ടിൽ താഴെ തോന്ന്യോൻടൻ മല നടപ്പാത

■കാവോട്ടുതാഴെ പാലോറ സ്റ്റോപ്പ് നടപ്പാത

■പൊയിലിൽ താഴെ ചേളനാം കുന്നത്ത് നടപ്പാത

■മുണ്ടോത്ത് പള്ളി ഒയലമല കോളനി നടപ്പാത

■കുറ്റിയിൽ താഴെ ഒയലമല നടപ്പാത

■തേവർ മഠത്തിൽ താഴെ മാണിക്കോത്ത് താഴെ നട പ്പാത

■ഉള്ളിയേരി 19 ലൂടെ കടന്നു പോകുന്ന കനാലിന് കുറുകെ ചെന്നൻ പൊയിലിൽ ഒരു ഫൂട്ട് ബ്രിഡ്ജ് നിർമ്മിക്കണം.

■തിരുതോത്ത് മീത്തൽ തൊണ്ടിയിൽ ഇടവഴിയിലൂടെ ഒരു നടപ്പാത

■മുതിരക്കാപറമ്പത്ത് നിന്ന് ഉള്ളിയേരി തോട് വരെ നടപ്പാത

■പൊന്നെടത്ത് താഴ മുതൽ ഇല്ലത്ത് താഴെ വരെ നട പ്പാത

■തീക്കുഴി പറമ്പിൽ കൂട്ടുംപുറത്ത് നാറാത്ത് നടപ്പാത

■പുത്തഞ്ചേരി സ്കൂൾ മുതൽ കരിക്കുറ്റി കോട്ടവരെ നടപ്പാത

■തെരുവത്ത് കടവ് മൂത്തിലേരി താഴെ വരെ നടപ്പാത

■വലിയ കുന്നോത്ത് താഴെ മുതൽ കൊളോത്ത് താഴെ വരെ നടപ്പാത

■PWD റോഡു മുതൽ കുന്നത്ത് ഇല്ലത്ത് പാണ്ടിക്കൽ പള്ളിവരെ നടപ്പാത

■മാതാം തോടുമുതൽ തൈവച്ച പറമ്പിനടുത്ത് വരെ നടപ്പാത

■ഒറവിൽ നിന്ന് നടേമ്മൽ ഭാഗത്തേക്ക് നടപ്പാത.

■കരിപ്പാ കുളങ്ങര താഴെ വളപ്പിൽ താഴെ നടപ്പാത

■കരുമ്പാത്ത് റോഡ് മാണിക്കോത്ത് താഴെ നടപ്പാത.

■ആലിൻ ചുവട് ചെങ്കുനി മല നടപ്പാത പൂർത്തിയാ ക്കുക.

■കൊയിലോത്ത് താഴെനടപ്പാത

■ഫൂട്ട് ബ്രിഡ്ജുകൾ

■പുതിയോട്ടു വളപ്പിൽ താഴെ (കള്ളം വെട്ടിൽ കടവ്)

■കൊയമ്പ്രത്ത് കണ്ടികടവ്.

■കുന്നുമ്മൽ താഴെ പാലോറ നടപ്പാത.

■പോത്ത്മുക്ക് – മുഷ്ണാംകണ്ടി താഴെ നടപ്പാത.

■മുണ്ടോത്ത് – മൂഴിപ്പുറത്ത് താഴെ നടപ്പാത.

■നാറാത്ത് റോഡ് ചെട്ട്യാം കണ്ടി താഴെ നടപ്പാത.

■അത്തോളി താഴെ – അത്തോളി മീത്തൽ നടപ്പാത.

നിലവിലുള്ള ടാർ ചെയ്യാത്ത റോഡുകൾ

ക്രമനമ്പർ	റോഡിന്റെ പേര്	നീളംകി.മി	വീതി മീറ്റർ	ഉടമസ്ഥത
1.	തെരുവത്ത് കടവ് -കാഞ്ഞിക്കാവ്	1½	6	പഞ്ചായത്ത്
2.	ചെറുവാട്ട് താഴ - അരിമ്പമല ഹരിജൻ കോളനി	1	4	" "
3.	തൊടുവയിൽ താഴെ കൈപ്പേൻ കുഴി മീത്തൽ	1½	4	" "
4.	തെരുവത്തെക്കടവ്-ഒറവിൽ	1½	4	" "
5.	പൊയിൽ താഴെ കാഞ്ഞിക്കാവ്	1½	4	" "
6.	ഉള്ളിയേരി-പഞ്ചായത്ത് ഓഫീസ്	½	3	" "
7.	ഉള്ളിയേരി-കാഞ്ഞിക്കാവ്	1	3	" "
8.	നളന്ദ ഹോസ്പിറ്റൽ -മപ്പുറത്ത് താഴെ	2½	6	" "
9.	ബാപ്പറ്റ ഇല്ലം താഴെ-മാഷ്ണാംകോട്ട് താഴെ	½	3	" "
10.	വാരിയാം വീട്ടിൽ താഴെ- ഒതയോത്ത് താഴെ	1	3	" "
11.	പൂക്കോട്ടേരി ലക്ഷം വീട് കോളനി - എടാടത്ത് മീത്തൽ	2½	3	" "
12.	ഓടയിൽ താഴെ -കിഴിക്കോട്ട് കടവ്	3	3	" "
13.	പള്ളിയിൽ താഴെ- കൈപ്രംകുന്ന് ഹരിജൻകോളനി	1	3	" "
14.	കാരടിപ്പറമ്പിൽ മീത്തൽ-ചുമ്മങ്കര ഹരിജൻ കോളനി.	1½	3	" "
15.	ആയുർവ്വേദ ആശുപത്രി റോഡ്.	150	3	" "
16.	കക്കാട്ട് താഴെ-കക്കഞ്ചേരി GLP സ്കൂൾ	1¼	4	" "
17.	മൈക്കോട്ടേരി പൊയിൽ-പുതിയോട്ടിൽ വളപ്പിൽ	1¼	4	" "
18.	മൈക്കോട്ടേരി-മനത്താനത്ത് താഴെ	1	3	" "
19.	കാട്ടാഞ്ഞി-കൈപ്രംകണ്ടി.	1¼	6	" "
20	കാട്ടാഞ്ഞി-മൂലയിൽ താഴെ	1	3	" "
21.	ആനവാതിൽ-തട്ടാറക്കൽ താഴെ	2½	8	" "
22.	എടമംഗലത്ത് താഴെ-നെടുങ്കണ്ടി താഴ	¾	3	" "
23.	മാമ്പൊയിൽ-കൂനഞ്ചേരി	¾	3	" "
24.	പൊയിൽ താഴ-പാറക്കുളം	.800	4	" "
25.	പാലോറ ലക്ഷം വീട് കോളനി	.400	3	" "
26.	ഉള്ളിയേരി-കുറ്റ്യേരിപ്പറ്റ	1	3	" "
27.	ഉള്ളിയേരി-നാറാത്ത്-പാലോറ	2¾	6	" "
28.	ഉള്ളിയേരി-മിനിസ്റ്റേഡിയം	.100	3	" "
29.	നാറാത്ത്-പുത്തഞ്ചേരി	.600	4	" "
30.	നാറാത്ത്-നെല്ലിക്കുന്ന്.	1	3	" "
31.	കുവ്വിൽ മീത്തൽ ഹരിജൻകോളനി	.800	4	" "
32.	ചുരക്കാട്ട് മീത്തൽ കോളനി.	.500	4	" "
33.	പുതിയേടത്ത് താഴെ-മാഷ്ണാംങ്കോട്ട് താഴ	1½	3½	" "
34.	മുണ്ടോത്ത് ഒയല മല ഹരിജൻകോളനി ,	1½	3½	" "
35.	മുണ്ടോത്ത്-ശ്രീകൃഷ്ണ ക്ഷേത്രം.	¾	3	" "
36.	കുന്നത്തറ-തോരായി.	½	6	" "
37.	കോട്ടക്കുന്ന്-കാരയാട്ട് താഴെ	.800	5	" "
38.	കുമുള്ളി സ്കൂൾ-കൃസ്ത്യൻ പള്ളി	.500	3	" "
39.	ചാത്തോത്ത് താഴെ-പുതുക്കുളങ്ങര	0.300	3	" "
40.	പുറക്കോളി-കുരുടൻ മല	0.100	6	" "
41.	കണയങ്കോട്-കുട്ടോത്ത്	3..300	6	" "

42.	ചാത്തോത്ത് താഴെ-മംഗലശ്ശേരി	1.450	8	"	"
43.	പാണാണ്ടിത്താഴ-ഉള്ളൂർ GLPS	0.750	4	"	"
44.	ചാത്തോത്ത് താഴെ-പെരിങ്കുടത്താഴെ	3	8	"	"
45.	ഒള്ളൂർ-ഉള്ളൂർക്കടവ്	0.400	8	"	"
46.	നെല്ലിക്കുന്ന്-വലിയമുറ്റം താഴെ	0.500	4	"	"
47.	പരക്കണ്ടിത്താഴ-ചമ്മിൽകുന്ന് ഹരിജൻകോളനി	1½	3	"	"
48.	പുത്തഞ്ചേരി-കരിമ്പാത്ത് അമ്പലം	1½	4	"	"
49.	എളംങ്കോട്ട്മ്മൽതാഴ -കുമുള്ളി സ്കൂൾ	2	4	"	"
50.	പൊയിലുങ്കൽ താഴ-നൂഞ്ഞിങ്കരമീത്തൽ	1½	4	"	"
51.	തുടിയാടിമ്മൽ താഴ-നൂഞ്ഞിങ്കരമീത്തൽ	½	3	"	"
52.	ശിശുമന്ദിരം-ആലങ്കോട്ട് താഴെ	0.400	3	"	"
53.	ഹെൽത്ത് സെന്റർ റോഡ്-	0.100	3	"	"
54.	കണ്ടൻ കുളങ്ങര-അരുമ്പമല ഹരിജൻകോളനി.	1	3	"	"
55.	ആനവാതിൽ മനാട് റോഡ്.	1.50	6		

പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ

ക്രമനമ്പർ	റോഡിന്റെ പേര്	നീളം. കി.മി	വീതി മീറർ	ഉടമസ്ഥത	ബസ് ഗതാഗതം ഉണ്ട്/ഇല്ല
1.	ബാലുശ്ശേരി - കൊയിലാണ്ടി.	5½	8	pwd	ഉണ്ട്
2.	ഉള്ളിയേരി - പേരാമ്പ്ര	1½	8	pwd	ഉണ്ട്
3.	ഉള്ളിയേരി-പാവങ്ങാട്	1½	8	pwd	ഉണ്ട്
4.	മുണ്ടോത്ത്-കുമുള്ളി	3½	8	പഞ്ചായത്ത്	ഇല്ല
5.	കുനഞ്ചേരി-പറമ്പിന്റെ മുകളിൽ	1½	8	പഞ്ചായത്ത്	ഇല്ല
6.	ആനവാതിൽ-നെല്ലിക്കുന്ന് ഹരിജൻ കോളനി.	3	6	പഞ്ചായത്ത്	ഇല്ല

നടപ്പാതകൾ

ക്രമനമ്പർ	നടപ്പാതയുടെ പേര്	നീളം കി.മി	വീതി മീറ്റർ	ഉടമസ്ഥത
1	കീഴോളിതാഴെ നടപ്പാത	0.300	1½	പഞ്ചായത്ത്
2.	തച്ചോണ്ടത്താഴെ ഒള്ളൂർ ജി.എൽ.പി സ്കൂൾ	0.500	5	" "
3.	കാരയാട്ടുതാഴെ കോട്ടക്കുന്ന്	0.600	3½	" "
4.	കുളങ്ങര പുല്ലാക്കണ്ടി മീത്തൽ	0.300	2½	" "
5.	ആലങ്കോട്ട് താഴ നടപ്പാത	0.300	1¼	" "
6.	നാറാത്ത് പള്ളി-കീരിയോട് മല	0.300	3	" "
7.	കൊങ്കടിതാഴെനടപ്പാത	0.180	3	" "
8.	പുളിക്കൂൽ താഴെ-പടിഞ്ഞാറെക്കര താഴെ	1	3	" "

ഊർജ്ജം

കാർഷിക-വ്യാവസായിക ഉല്പാദന വർദ്ധനവില്ലാത്തതിനാൽ അനുദിനം മുരടിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. ഈ സ്ഥിതിരൂക്ഷമായ തൊഴിലില്ലായ്മക്ക് കാരണമായിരിക്കുന്നു. ഇതിനുള്ള ഒരു കാരണം വികസനത്തിന്റെ പശ്ചാത്തല സൗകര്യമായ വൈദ്യുതിയുടെ ദൗർലഭ്യമാണ്. ഇന്ന് ഇന്ത്യയിലെ തന്നെ ഏറ്റവും രൂക്ഷമായ വൈദ്യുതിക്ഷാമമനുഭവിക്കുന്ന സംസ്ഥാനമാണ് കേരളം. ഉല്പാദനകുറവും, ഉപഭോഗവർദ്ധനവും, പ്രസരണനഷ്ടവുമാണ് വൈദ്യുതിരംഗത്തെ പ്രശ്നങ്ങളെങ്കിൽ മറ്റൂഊർജ്ജസ്രോതസ്സുകളുടെ കാര്യത്തിൽ ജനങ്ങൾ വേണ്ടത്ര ബോധവാന്മാരല്ല എന്നതാണ് പ്രശ്നം. ഇതിന്റെയൊക്കെ പ്രതിഫലനം നമ്മുടെ ഗ്രാപഞ്ചായത്തിലും കാണാവുന്നതാണ്. പഞ്ചായത്തിലെ ലഭ്യമായ വിഭവങ്ങൾമെച്ചപ്പെട്ട രീതിയിൽ ഉപയോഗപ്പെടുത്തണമെങ്കിൽ ഊർജ്ജരംഗം അഭിവൃദ്ധിപ്പെട്ടേ തീരു.

നമ്മുടെ പഞ്ചായത്തിൽ ഇന്ന് ലഭ്യമായിട്ടുള്ള പ്രധാന ഊർജ്ജ സ്രോതസ്സുകൾ സംബന്ധിക്കുന്ന വിവരം താഴെ കൊടുക്കുന്നു.

1. ജലവൈദ്യുതി
2. എണ്ണകൾ
3. വിറക്
4. പ്രകൃതിവാതകം
5. സൗരോർജ്ജം
6. ബയോഗ്യാസ്

വൈദ്യുതി.

നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി ആദ്യമായി കടന്നുവന്നത് 1960കളിലാണ്. മണ്ണെണ്ണവിളക്കിന്റെ സ്ഥാനം വൈദ്യുത ബൾബുകൾ ഏറ്റെടുത്തപ്പോൾ ഏതൊരു ഗ്രാമത്തിലും ഉണ്ടായ ആഹ്ലാദം നമ്മുക്കും ഉണ്ടായി. എന്നാൽ നാല് പതിറ്റാണ്ട് കഴിഞ്ഞിട്ടും വൈദ്യുത വെളിച്ച ദാതാവായി തന്നെ തുടരുന്നതല്ലാതെ കാർഷിക-വ്യാവസായിക രംഗം അഭിവൃദ്ധിപ്പെടുത്താൻ അത് സഹായകരമായിട്ടില്ല. നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും വൈദ്യുതി എത്തുന്നത് കൊയിലാണ്ടി, താമരശ്ശേരി, പാവങ്ങാട് എന്നിവിടങ്ങളിലെ 110 KV സബ്സ്റ്റേഷനുകളിൽ നിന്നാണ്.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ മൊത്തം 5337 വീടുകൾ ഉണ്ട് ഇവയിൽ വൈദ്യുതീകരിച്ച വീടുകൾ, വൈദ്യുതീകരിക്കാത്ത വീടുകൾ എന്നിവയുടെ വാർഡ് തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു, പട്ടിക 1 കാണുക. വൈദ്യുതീകരിച്ച പ്രസ്തുത വീടുകൾ എല്ലാം കെ.എസ്.ഇ.ബി. അത്തോളി സെക്ഷന്റെ പരിധിയിൽ വരുന്നവയാണ്. കാർഷികാവശ്യത്തിനുള്ള കണക്ഷൻ നാമമാത്രമെ ഉള്ളു.

പട്ടിക 1

വൈദ്യുതീകരിച്ച വീടുകൾ സംബന്ധിച്ച്

വാർഡ്	ആകെ വീടുകൾ	വൈദ്യുതീകരിച്ചവ	വൈദ്യുതീകരിക്കാത്തത
1	579	349	230
2	620	120	500
3	506	226	280
4	414	254	160
5	393	170	223
6	449	315	134
7	540	215	325
8	399	125	274
9	560	470	90
10	473	312	161
11	404	156	248
ആകെ	5337	2712	2625

ഹരിജൻ കോളനികൾ

വികസനത്തിന്റെ കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന 24ഓളം ഹരിജൻ കോളനികളിൽ 3എണ്ണം മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. ബാക്കി ഹരിജൻ കോളനികളുടെ പേരും അവയിൽ വൈദ്യുതീകരിച്ചവയും, വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നവയും വൈദ്യുതി തീരെ എത്തിയിട്ടില്ലാത്തതുമായ കോളനികളുടെ പേരുവിവരങ്ങൾ പട്ടിക 2ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

ഉള്ളിയേരി ഗ്രാമപഞ്ചായത്ത് ഹരിജൻ കോളനികളുടെ വൈദ്യുതീകരണം സംബന്ധിച്ച കണക്ക്.

No	വാർഡ്	കോളനികളുടെ പേര്	വൈദ്യുതീകരണം	
			നടത്തിയവ തുടങ്ങിയവ	അല്ലാത്തവ
1	I	അരുമാടം	✓	
2	I	കിഴക്കെ അരുമാടം	✓	
3	II	ചമ്മുങ്കര		✓
4	II	കൈപ്രംകുന്ന്	പ്രവൃത്തി നടക്കുന്നു	
5	II	കക്കാട്ടിൽകായപ്പറ്റമല	✓	
6	II	ചുവന്നകുന്നുമ്മൽ		✓
7	II	അഞ്ജനോറമലയിൽ	✓	
8	III	കൂന്തിലോട്ട്കുന്ന്	ഭാഗികം	
9	III	കോളങ്ങോട്ടുമീത്തൽ		✓
10	III	കുരൂപ്പറമ്പ്		✓
11	IV	പാലോറമല		✓
12	IV	പാലോറ ലക്ഷംവീട്		✓
13	V	തിരുത്തോത്ത്മീത്തൽ താഴത്ത്		✓
14	V	തിരുത്തോത്ത് മീത്തൽ		✓
15	VI	കുവിൽ മീത്തൽ		✓
16	VII	ഒയല മല		✓
17	VIII	കോട്ടക്കുന്ന്	തുടങ്ങി	
18	VIII	കക്കാട്ട മല		✓
19	IX	പൊടാലത്ത് കുന്ന	✓	
20	IX	നുഞ്ഞിറിക്കുന്ന് പരിസരം		✓
21	X,V	നെല്ലിക്കുന്ന്	തുടങ്ങി	
22	X	കൊന്നുമ്മൽ	ഭാഗികം	
23	IX	ഉള്ളൂർ	✓	
24	XI	എളങ്ങോട്ടു മല		✓

വൈദ്യുതികരിക്കാത്ത നിരവധി വീടുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട് എന്നത് പട്ടിക 1ൽ നിന്നും നാം മനസ്സിലാക്കിയല്ലോ. ഇവയിൽ തന്നെ ഇലക്ട്രിക് കണക്ഷനുവേണ്ടി അപേക്ഷ കൊടുത്തവരും ഉണ്ട്. Ordinary,OTP,OYEC എന്നിവിഭാഗങ്ങളിലുള്ള ഇത്തരം അപേക്ഷകർക്ക് സാങ്കേതിക തടസ്സങ്ങളാണ് പ്രധാനമായും ഉള്ളത്. ഇലക്ട്രിക് പോസ്റ്റുകളുടെ ആവശ്യവും, സമീപത്തെ സ്ഥലമുടമകളിൽ നിന്ന് അനുമതിലഭിക്കാത്തതും അവയിൽ ചിലതാണ്. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണവും അവ ഉൾപ്പെടുന്ന സ്കീമുകളെ സംബന്ധിച്ച വിവരവും പട്ടിക 3ൽ കൊടുത്തിരിക്കുന്നു.

പട്ടിക 3

വൈദ്യുതി കണക്ഷൻ സംബന്ധിച്ച

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം	a) Ordinary : 73 b) OTP : 61 c) OYEC : 24
അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാതീയതി	Ordinary : 8.9.94 OTP :30.9.93 OYEC :29.12.95
തൻവർഷത്തെ കണക്ഷൻ	Ordinary : 41 OTP : 19 OYEC : 180

നമ്മുടെ പഞ്ചായത്തിൽ പലഭാഗങ്ങളിലായി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ഇനത്തിൽ പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിന്റെ 4.48% വൈദ്യുതചാർജ്ജ് ഇനത്തിൽ പഞ്ചായത്ത് ചെലവഴിക്കുന്നുണ്ട്. പട്ടിക 4 കാണുക.

പട്ടിക 4

സ്ട്രീറ്റ് ലൈറ്റുകൾ സംബന്ധിച്ച്

.സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം	a ബൾബ് : 40w. 153 എണ്ണം. 60w. Nil b ട്യൂബ് : 9 എണ്ണം c മെർക്കുറിവേപ്പർ : ഇല്ല d സോഡിയം വേപ്പർ:19 എണ്ണം
2. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക	81889 രൂപ (95-96) മൊത്തം. വരുമാനത്തിന്റെ 4.48%

വൈദ്യുതി ഉപഭോക്താക്കളുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനായി പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി ഇലക്ട്രിസിറ്റി ബോർഡ് 19ഓളം ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ സ്ഥാപിച്ചിരിക്കുന്ന പ്രദേശങ്ങൾ വിശദമായി പട്ടിക 5ൽ കൊടുത്തിരിക്കുന്നു.

മറ്റ് ഊർജ്ജ ഉറവിടങ്ങൾ

വൈദ്യുതിയേതര സ്രോതസ്സുകളെ സംബന്ധിച്ച് ചർച്ചചെയ്യുമ്പോൾ പ്രധാനമായും പരിഗണന അർഹിക്കുന്നത് വിറകാണ്. നമ്മുടെ പഞ്ചായത്തിൽ 99% വീടുകളും ആശ്രയിക്കുന്ന ഇന്ധനം വിറകാണ്. തെങ്ങിൽ നിന്നും ലഭിക്കുന്ന ഉൽപ്പന്നങ്ങളാണ് വിറകിന്റെ ഉറവിടമെങ്കിലും മറ്റ് വിറകിന്റെ കാര്യത്തിൽ വനനശീകരണ ഭീഷണി ഉയരുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ മറ്റ് ഊർജ്ജ ഉറവിടങ്ങളിൽ ഡീസൽ, മണ്ണെണ്ണ, പ്രകൃതിവാതകം, ബയോഗ്യാസ്, സൗരോർജ്ജം എന്നിവ ഉൾപ്പെടും. വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകളിൽ വെളിച്ചാവശ്യത്തിന് മണ്ണെണ്ണയാണ് ഉപയോഗിക്കുന്നത്. കാർഷികാവശ്യത്തിന് മണ്ണെണ്ണ സ്പെഷ്യൽ പെർമിറ്റ് വാങ്ങിയ ചുരുക്കം ചില വ്യക്തികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. റേഷൻ ഷോപ്പുകളാണ് ഉപഭോക്താക്കൾക്കാവശ്യമായ മണ്ണെണ്ണ മുഴുവൻ വിതരണം ചെയ്യുന്നത്. ദ്രാവക ഇന്ധനങ്ങളിലെ മറ്റിനങ്ങളായ പെട്രോൾ ഡീസൽ എന്നിവ വിതരണം ചെയ്യുന്ന ഒരു സ്ഥാപനം മാത്രമെ നമ്മുടെ പഞ്ചായത്തിലുള്ളൂ.

പട്ടിക 5

LT ട്രാൻസ്ഫോർമറുകളുടെ എണ്ണം സംബന്ധിച്ച്

എണ്ണം	സ്ഥിതിചെയ്യുന്ന സ്ഥലം	കപ്പാസിറ്റി
1.	കണയങ്കോട്	100KVA
2.	കന്നൂർ	" "
3.	പൊൻമുടിത്താഴെ	" "
4.	പൊയിലുങ്കൽ താഴെ	" "
5.	പി.വി.സി.മുണ്ടോത്ത്	" "
6.	മുണ്ടോത്ത്	" "
7.	കൊയക്കാട്	" "
8.	പാലോറ	" "
9.	ഉള്ളിയേരി	" "
10.	ഉള്ളിയേരി19	" "
11.	ആതകശ്ശേരി	63 KVA
12.	തെരുവത്ത് കടവ്	100 KVA
13.	മനാട് (ആനവാതിൽ)	100 KVA
14.	നാറാത്ത്	" "
15.	കക്കഞ്ചേരി	" "
16.	പുത്തഞ്ചേരി	" "
17.	ചിറ്റാരികടവ്	" "
18.	വേട്ടുവച്ചേരി	" "
19.	തൊടുവയിൽ താഴെ (ഒള്ളൂർ)	" "

ഹോട്ടലുകളും മറ്റ് വ്യാപാര സ്ഥാപനങ്ങളും ഊർജ്ജാവശ്യത്തിന് പ്രധാനമായും ആശ്രയിക്കുന്നത് പ്രകൃതിവാതകമായ L.P.G അഥവാ Liquified Petroleum Gas ആണ്. ഇത് നമ്മുടെ പഞ്ചായത്തിൽ വിതരണം നടത്തുന്നത്. ഭാരത് പെട്രോളിയം കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ഒരു സ്ഥാപനമാണ്. കൂടാതെ രണ്ട് സ്വകാര്യ ഏജൻസികളും ഈ രംഗത്ത് പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ ചില വീടുകളിൽ L.P.G ഉപയോഗിക്കുന്നുണ്ട്. ഇടത്തരം കുടുംബങ്ങളിലേക്കും L.P.Gയുടെ ഉപയോഗം വ്യാപകമാകുന്ന പ്രവണതയാണ് നമുക്ക് കാണാൻ കഴിയുക. സോളാർ പാനലുകൾ സ്ഥാപിച്ച് സൗരോർജ്ജത്തെ ഉപയോഗപ്പെടുത്താനുള്ള മാർഗ്ഗം ചില പ്രദേശങ്ങളിലുണ്ട്.

ഇന്ന നുഭവപ്പെടുന്ന ഇന്ധനക്ഷാമം ലഘൂകരിക്കുക എന്ന ഉദ്ദേശത്തോടെ കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് വികസിപ്പിച്ചെടുത്ത പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരണം നമ്മുടെ പഞ്ചായത്തിൽ വളരെ മുമ്പുതന്നെ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ ദക്ഷതയുള്ള ഇത്തരം അടുപ്പുകൾ ഉപയോഗിക്കുന്നതുമൂലം വിറകിന്റെ ഉപയോഗം മൂന്നിലൊന്നായി കുറയ്ക്കാൻ കഴിയുന്നു. മാത്രമല്ല സാധാരണ വിറകടുപ്പുകളുടെ തുടർച്ചയായ ഉപയോഗം മൂലം സ്ത്രീകളിൽ കണ്ടുവരുന്ന ശ്വാസകോശ രോഗങ്ങൾ, കാഴ്ചക്കുറവ്, മൈഗ്രേയിൻ എന്നീ അസുഖങ്ങളിൽ നിന്നും രക്ഷനേടാനും ദക്ഷതയുള്ള അടുപ്പുകൾ സഹായിക്കുന്നു. അനെർട്ടിന്റെയും നമ്മുടെ പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ 500ഓളം ഹരിജൻ വീടുകളിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാൻ ശ്രമിക്കുകയുണ്ടായി. 220 രൂപ സർക്കാർ വിലയുള്ള ഇത്തരം അടുപ്പുകൾക്ക് 40 രൂപ മാത്രമെ പട്ടികജാതിക്കാർ നൽകേണ്ടതുള്ളൂ. ഇതിൽ തന്നെ 30 രൂപ പഞ്ചായത്ത് വിഹിതമായി നൽകിയിട്ടും അവ വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇതിനുകാരണം പട്ടികജാതി വീടുകളിലെ അടിസ്ഥാന സൗകര്യമില്ലായ്മയാണ്.

ഊർജ്ജരംഗവുമായി ബന്ധപ്പെട്ട് നമ്മുടെ പഞ്ചായത്തിലെ പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. വൈദ്യുതി പ്രസരണ വിതരണത്തിലെ നഷ്ടം

2. നിരന്തരമായുള്ള പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ പവർകട്ടുകൾ

3. ബോർഡ് ജീവനക്കാരുടെ അനാസ്ഥ. വയറിംഗ് കഴിഞ്ഞ വീടുകൾക്ക് കണക്ഷൻ ലഭിക്കുന്നതിലെ സാങ്കേതിക തടസ്സങ്ങൾ

4. സാമ്പത്തിക പരാധീനതകൾ മൂലം വയറിംഗ് ചെയ്യാൻ കഴിയാത്ത നിർദ്ധന കുടുംബങ്ങൾ

5. വൈദ്യുതോർജ്ജത്തിന്റെ അമിതോപയോഗം

6. തകരാറുള്ള മീറ്ററുകൾ

7. അധികൃതരുടെ കണക്കിൽപ്പെടാതെയുള്ള വൈദ്യുതിമോഷണം

8. സമ്പന്നകുടുംബങ്ങൾ സ്റ്റെപ്പപ്പുകൾ ഉപയോഗിക്കുന്നത്

9. ഊർജ്ജപ്രതിസന്ധിയെ സംബന്ധിച്ച് ജനങ്ങൾക്ക് വേണ്ടത്ര ബോധമില്ലാത്ത അവസ്ഥ.

10. ദക്ഷതയുള്ള അടുപ്പുകളുടെ ഉപയോഗം വേണ്ടത്രയില്ലായ്മ

വൈദ്യുതീകരണം ആവശ്യപ്പെട്ട് ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ

➔ കണ്ണച്ചൻകണ്ടി മുതൽ അരിമ്പമലവരെ തെരുവത്ത് കടവിൽ നിന്നും എടാടത്ത് താഴെവരെ (വാർഡ് 1)

➔ കായപ്പറ്റ പ്രദേശം കൈപ്രാംകുന്ന് ഹരിജൻ കോളനി (വാർഡ് 2)

➔ കുരുപറമ്പ് മിച്ചഭൂമി കോളനി, എളേടത്ത് പറമ്പത്ത് താഴെ മുതൽ തിരുവിലം കണ്ടി താഴെ വരെ (വാർഡ് 3)

➔ തട്ടുംപുറത്ത് ഭാഗം (വാർഡ് 4)

➔ തടത്തിൽകുന്ന്, കീരിയോട്ട മല, പള്ളിയുടെ മീത്തൽ (വാർഡ് 5)

➔ മേലേടത്ത് ലക്ഷം വീട് കോളനി, തോന്ന്യമല കോളനി, നൂഞ്ഞിലിക്കുന്ന്, തണ്ണീരിമല, കന്നൂർ പ്രൈമറി ഹെൽത്ത് സബ് സെന്റർ (വാർഡ് 6,9,10)

➔ ചേനാം പൊയിൽ, കുന്നുമ്മക്കണ്ടി എടവലംകണ്ടി ഭാഗം, കുറ്റിയേരിപ്പറ്റ, തിരുത്തോത്ത് മീത്തൽ കോളനി, പാലോറ ലക്ഷം വീട് കോളനി (വാർഡ് 7)

➔ കോട്ടക്കുന്ന് കോളനി, കക്കാട് ഹരിജൻ കോളനി, കുരുടൻ മല, മേടക്കുന്നുമ്മൽ, ചെങ്കുനി ഭാഗം (വാർഡ് 8)

➔ നൂഞ്ഞിലിക്കുന്ന് കോളനി (വാർഡ് 9)

➔ കന്നൂർ ടൗണിൽ നിന്നും ഒതയോത്ത് മീത്തൽ ഭാഗം, ചാത്തോത്ത് താഴെകുനി, ഒള്ളൂർ റോഡിൽ നിന്നും എടോടി ഭാഗം (വാർഡ് 10)

➔ നെല്ലൂറത്താഴെ മുതൽ എളങ്ങോട്ട് വരെ, എളങ്ങോട്ട് മല ഹരിജൻ കോളനി, ചെട്ട്യാങ്കണ്ടി മുതൽ വെള്ളറച്ചാംകണ്ടി വരെ, കിണറുള്ളതിൽ മുതൽ തേമ്പ്രവരെ, കാവുങ്കൽ മുതൽ പാറക്കെട്ട് വരെ (വാർഡ് 11)

സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങൾ

1. മുണ്ടോത്ത് കക്കഞ്ചേരി റോഡ്

2. കൊയമ്പ്രത്ത്കണ്ടിക്കടവ് നെടുങ്കണ്ടി റോഡ്

3. മുണ്ടോത്ത് കുമുള്ളി റോഡ്

4. കണയങ്കോട് പാലത്തിന് സമീപം

5. കന്നൂരങ്ങാടി ഒള്ളൂരങ്ങാടി റോഡ്

6. ആനവാതിൽ നെല്ലിക്കുന്ന് റോഡ്

7. കുന്നത്തറ പുറക്കോളി താഴെ റോഡ്

8. പെരുങ്കുട താഴെ
പി.എച്ച്.സി.സബ്സെന്റർ

9. പുത്തഞ്ചേരി ഗവ.എൽ.പി.സ്കൂൾ മുതൽ കുരുടൻ മലവരെ

10. നളന്ദ ആശുപത്രി ആതകശ്ശേരി കൊയക്കാട് റോഡ്

11. ചാത്തോത്ത് താഴെ പെരുങ്കുട താഴെ

12. കുട്ടോത്തമ്പാലം റോഡ്

ട്രാൻസ് ഫോർമർ സ്ഥാപിക്കാൻ നിർദ്ദേശിക്കപ്പെട്ട സ്ഥലം ഒള്ളൂർക്കടവ് (വാർഡ് 9) (കുന്നത്തറകയർ സഹകരണ സംഘത്തിനുവേണ്ടി)

ഊർജ്ജപ്രതിസന്ധി പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ

1, വൈദ്യുതി രംഗത്ത് ഇന്നു നിലവിലുള്ള പ്രസരണ നഷ്ടം കുറയ്ക്കുക.

2. വൈദ്യുതി ഉപഭോഗത്തിൽ ദുർവ്യയം കുറയ്ക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുക. ദക്ഷതകൂടിയ സി.എഫ്.എൽ വിളക്കുകൾ വിതരണം ചെയ്യുക.

3. പഞ്ചായത്തിലെ വൈദ്യുത ഉപഭോക്താക്കളുടെ ആവശ്യാർത്ഥം ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുക.

4. കേടുവന്ന മീറ്ററുകൾ ഉടനെ മാറ്റി പുതിയവ സ്ഥാപിക്കുക.

5. വോൾട്ടേജ് ക്ഷാമം പിരഹരിക്കാൻ ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

6. കണക്ഷൻ ലോഡ് കുറച് വോൾട്ടത മെച്ചപ്പെടുത്താൻ സിംഗിൾ ഫേസുകൾ ത്രീഫേസ് ആക്കുക.

7. വിറകിന്റെ ക്ഷാമം പരിഹരിക്കാൻ സാമൂഹ്യ വനവൽക്കരണം സംബന്ധിച്ച ബോധവൽക്കരണം നടത്തുക.

8. പാചകവാതകം ലഭിക്കുന്നതിന് നിലവിലുള്ള കാലതാമസം ഒഴിവാക്കുക.

9. ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിക്കുക.

10. സൗരോർജ്ജ രംഗത്തെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.

11. ദക്ഷിണമേഖലാ വാതക ഗ്രിഡിന്റെ പ്രയോജനം നമ്മുടെ പഞ്ചായത്തിലും ഉറപ്പുവരുത്തുക.

12. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കാൻ ജനകീയ ബോധവൽക്കരണം നടത്തുക.

13. വാഹനങ്ങൾ ഡീസൽ, പെട്രോൾ എന്നിവ ലാഭിക്കുക.

സാധ്യതകൾ

1. പുകയില്ലാത്ത അടുപ്പുകളുടെ വ്യാപനം

2. ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിക്കൽ

3. സബ്സിഡി വർദ്ധിപ്പിച്ച് സോളാർ പാനൽ വ്യാപകമാക്കൽ

4. പാചകവാതക രംഗത്തെ ക്ഷാമം പരിഹരിക്കാൻ നമ്മുടെ പഞ്ചായത്തിൽ പാചകവാതക ഏജൻസി ആരംഭിക്കുക.

ഫലപ്രദവും കാര്യക്ഷമവുമായ ഒരു ഊർജ്ജമാനേജ്മെന്റ് ഉണ്ടെങ്കിൽ മാത്രമെ നമ്മുടെ പഞ്ചായത്തിലെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ കഴിയുള്ളൂ.

സഹകരണ മേഖല

1904 ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് നമ്മുടെ രാജ്യത്ത് സഹകരണ പ്രസ്ഥാനം ആരംഭം കുറിക്കുന്നത്. ഉള്ളിയേരി പഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രദേശത്തിന് മാത്രമായി ഒരു സഹകരണസംഘം ആദ്യകാലത്തുണ്ടായിരുന്നില്ല. ഉള്ളിയേരി പഞ്ചായത്തിലുൾപ്പെടുന്ന പഴയ നടുവണ്ണൂർ അംശത്തിലെ കൊയക്കാട് കക്കഞ്ചേരി ദേശങ്ങളും, ഉള്ളിയേരി കുന്നത്തറ അംശങ്ങളിലെ മുഴുവൻ ദേശങ്ങളും ഉൾക്കൊള്ളുന്ന ഇന്നത്തെ ഉള്ളിയേരി പഞ്ചായത്തിന്റെ ചരിത്രത്തിൽ സഹകരണപ്രസ്ഥാനം ആദ്യമായി ആരംഭിക്കുന്നത് ഈ പഞ്ചായത്തിന്റെ ഭാഗങ്ങളുൾപ്പെട്ടുകൊണ്ട് നടുവണ്ണൂർ പ്രൊഡ്യൂസേർസ് കം കൺസ്യൂമേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (പി.സി.സി) സ്ഥാപിതമായതോടുകൂടിയാണ്. പിന്നീട് കക്കഞ്ചേരിദേശം മാത്രം അയനിക്കാട് പരസ്പരസഹായ ഐക്യനാണയ സഹകരണസംഘത്തിന്റെ കീഴിൽ വരികയും ഈ സ്ഥാപനം പിന്നീട് അയനിക്കാട് സർവ്വീസ് സഹകരണ സംഘമായി രൂപാന്തരപ്പെടുകയും ചെയ്തു. പിന്നീട് കൊയക്കാട് ദേശം നടുവണ്ണൂരിലെ സർവ്വീസ് സഹകരണ സംഘത്തിൻരെ അധികാര പരിധിയിൽ വന്നു. പ്രൊഡ്യൂസേഴ്സ് കം കൺസ്യൂമേർസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി നടുവണ്ണൂർ റീജ്യനൽ ബാങ്കായി മാറിയ ശേഷം ഈ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും പ്രസ്തുത ബാങ്കിന്റെ പരിധിയിൽ വരുന്നു. 1975 ൽ ഈ പഞ്ചായത്തിലെ കുന്നത്തറ പുത്തഞ്ചേരി, പുത്തൂർ വട്ടം ദേശങ്ങൾ മാത്രം അധികാര പരിധിയുള്ള ഉള്ളിയേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആരംഭിച്ചു. ഈ സംഘത്തിന്റെയും അയനിക്കാട്സംഘത്തിന്റെയും പ്രവർത്തനം നിലച്ചതോട് കൂടി ഇവയുടെ കീഴിലുള്ള പ്രദേശങ്ങളും ഉള്ളിയേരി പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളും കൂടി ഉൾക്കൊള്ളുന്ന ഉള്ളിയേരി സർവ്വീസ് സഹകരണ ബേങ്ക് 1982 ൽ സ്ഥാപിതമായി.

1958 മുതൽ തന്നെ കയർ വ്യവസായ രംഗത്ത് സഹകരണ പ്രസ്ഥാനം ആരംഭിച്ചിരുന്നു. തെരുവത്ത് കടവ് ആസ്ഥാനമായി നടുവണ്ണൂർ കയർ വ്യവസായ സഹകരണസംഘവും ഒള്ളൂർ ആസ്ഥാനമായി കുന്നത്തറ കയർ വ്യവസായ സഹകരണസംഘവും 58 ലാണ് സ്ഥാപിതമായത്. തുടർന്ന് 1979 ൽ പുത്തഞ്ചേരി കയർ വ്യവസായ സഹകരണസംഘവും 1985 ൽ കണയങ്കോട് കയർ വ്യവസായ സഹകരണസംഘവും രൂപീകൃതമായി. ഉള്ളിയേരി പഞ്ചായത്തിലെ 1, 2, 3 വാർഡുകളും നടുവണ്ണൂർ പഞ്ചായത്തിലെ ഏതാനും വാർഡുകളും ചേർത്ത് നടുവണ്ണൂർ കയർ വ്യവസായ സഹകരണസംഘവും 6, 9, 10 വാർഡുകൾ ചേർത്ത് കുന്നത്തറ കയർ വ്യവസായ സഹകരണ സംഘവും സ്ഥാപിച്ചു. പിന്നീട് പുത്തഞ്ചേരി കയർ വ്യവസായ സംഘം രൂപീകരിച്ചത് ഇപ്പോഴത്തെ 11 ാം വാർഡും 5, 7, 8 വാർഡുകളും ചേർത്താണ്. 1985 ൽ സ്ഥാപിതമായ കണയങ്കോട് കയർ വ്യവസായ സംഘത്തിന്റെ പ്രവർത്തന പരിധി 10 ാം വാർഡും 9ാം വാർഡിന്റെ ചില ഭാഗങ്ങളുമാണ്.

സഹകരണ രംഗത്ത് എടുത്തു പറയാവുന്ന മറ്റു രണ്ട് സ്ഥാപനങ്ങൾ കുന്നത്തറ ക്ഷീരോല്പാദക സഹകരണസംഘവും ഉള്ളിയേരി ക്ഷീരോൽപാദക സഹകരണസംഘവുമാണ്. ഉള്ളിയേരിയിലെ സംഘം 1981 ലാമാണ് സ്ഥാപിക്കപ്പെട്ടത്. ഇതിൽ കുന്നത്തറ സംഘത്തിന്റെ പ്രവർത്തന പരിധി 5,6,9,10,11 വാർഡുകളും ഉള്ളിയേരിയുടേത് 1, 2, 4, 7 വാർഡുകളുമാണ്.

പഞ്ചായത്ത് പൂർണ്ണമായു പ്രവർത്തന പരിധിയായുള്ള ഉള്ളിയേരി സർവ്വീസ് കോ-ഓപ്പ് ബാങ്കിന് ഏഴായിരത്തോളം അംഗങ്ങളുണ്ട്. പണ്ടം പണയത്തിന്മേലും മെമ്പർ ജാമ്യത്തിലും സ്വത്ത് ജാമ്യത്തിലും ഈ ബാങ്ക് വായ്പ നൽകുന്നു. നിക്ഷേപങ്ങൾ ശേഖരിക്കുന്നതിന് 7 കളക്ഷൻ ഏജന്റുമാർ പ്രവർത്തിക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം സഹകരണനിയമങ്ങൾക്കനുസൃതമായി ആകർഷകമായ പലിശ നിരക്കാണ് നിക്ഷേപകർക്കു നൽകുന്നത്. എൽ.ഐ.സി യുടെ കൊയിലാണ്ടി ശാഖയിലെ ഇൻഷൂറൻസ് പ്രീമിയം അടയ്ക്കാനുള്ള സൗകര്യം ഈ ബാങ്കിലൂടെ ലഭിക്കുന്നു. നോൺ ക്രഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ 4 കയർ വ്യവസായ സംഘങ്ങളും രണ്ട് ക്ഷീരോൽപാദക സംഘങ്ങളുമാണ്. ഇതിൽ കുന്നത്തറ കയർ വ്യവസായ സംഘത്തിൽ ഇന്ന് 175 ഓളം തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നു. തൊഴിലാളികൾക്ക് ഉയർന്ന കൂലിയും ക്ഷേമനിധി ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. കണയങ്കോട് സംഘത്തിൽ ഏകദേശം 200 തൊഴിലാളികൾ തൊഴിലെടുത്തുവരുന്നു. തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വമുണ്ട്. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സംയോജിത കയർവികസന പരിപാടിപ്രകാരം 100 തൊഴിലാളികൾക്ക് സ്ഥിരമായി ജോലി ലഭിക്കുന്ന വിധത്തിലുള്ള മോട്ടോറൈസ്ഡ് റാട്ടുകൾ കുന്നത്തറ, കണയങ്കോട് സംഘങ്ങളിൽ സ്ഥാപിക്കാൻ പോകുകയാണ്.കുന്നത്തറ സംഘത്തിന്റെ ഫാക്ടറി ഒള്ളൂരിലും കണയങ്കോട് സംഘത്തിന്റേത് കണയങ്കോട്ടും പണി പൂർത്തിയായി വരികയാണ്.

പുത്തഞ്ചേരി സംഘത്തിൽ 125 ഓളം തൊഴിലാളികൾ ജോലിചെയ്യുന്നു. തൊഴിലാളികൾ മുഴുവനും ക്ഷേമനിധിയിൽ അംഗങ്ങളാണ്. നടുവണ്ണൂർ സംഘത്തിൽ 235 പേർ തൊഴിലെടുക്കുന്നു. 118 പേർ ക്ഷേമനിധിയിൽ അംഗങ്ങളാണ്. പുത്തഞ്ചേരി സംഘത്തിനൊഴികെ എല്ലാ സംഘങ്ങൾക്കും സ്വന്തമായി ഓഫീസും എല്ലാ സംഘങ്ങൾക്കും ഗോഡൗണുകളുമുണ്ട്. നടുവണ്ണൂർ സംഘത്തിന് 35 3/4 സെന്റ് സ്ഥലവും 2 വർക്ക് ഷെഡുകളും 34 3/4 സെന്റ് ചകിരി മൂടുന്ന സ്ഥലവുമുണ്ട്.

പഞ്ചായത്തിലുള്ള രണ്ടു ക്ഷീരസഹകരണ സംഘങ്ങളും മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചു വരുന്നു. കുന്നത്തറ സംഘത്തിന്റെ കീഴിൽ ഒരു പാലുല്പന്ന നിർമ്മാണ യൂണിറ്റ് പ്രവർത്തന സജ്ജമായി വരുന്നു. അടുത്ത കാലത്തായി ബാലുശ്ശേരി ഏരിയാ മത്സ്യസംഭരണ, സംസ്കരണ, വിപണന ക്ഷേമസഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ നാനാ വിധമായ പുരോഗതി ലക്ഷ്യമാക്കിയാണ് ഇത്തരമൊരു സംഘത്തിന് രൂപം നൽകിയിരിക്കുന്നത്.

പ്രശ്നങ്ങൾ

1. കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് തൊണ്ടഴുക്കാനുള്ള സ്ഥല പരിമിതി ഈ രംഗത്തെ ഒരു പ്രധാന പ്രശ്നമാണ്.

2. സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത ഈ മേഖലയിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

3. സ്വകാര്യ വ്യവസായികളിൽ നിന്നു നേരിടുന്ന മത്സരം. തൊഴിലാളികൾക്കുള്ള ക്ഷാമം.

4. ക്ഷീരോല്പാദക സഹകരണസംഘങ്ങലൾക്ക് പാൽ ശേഖരണത്തിന്റെ കാര്യത്തിൽ ബുദ്ധിമുട്ടുകൾ നേരിടുന്നു.

പരിഹാര നിർദ്ദേശങ്ങളും സാദ്ധ്യതകളും.

1. കയർ വ്യവസായ സംഘങ്ങൾക്കുള്ള ക്യാഷ് ക്രെഡിറ്റ് സൗകര്യം വിപുലപ്പെടുത്തുക.

2. തൊണ്ടഴുക്കുന്നതിന് പഞ്ചായത്തു വക പുഴയോരപുറമ്പോക്കു ഭൂമി പൂർണ്ണമായും ലഭ്യമാക്കുക.

3. കയർ വ്യവസായ രംഗത്ത് ആധുനിക വൽക്കരണം ത്വരിതപ്പെടുത്തി ഉല്പാദനം വർധിപ്പിക്കുക. ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം സാദ്ധ്യമാക്കി വിപണന മേഖല വിപുലപ്പെടുത്തുകയും ചെയ്യുക.

4. ഉള്ളിയേരി സർവ്വീസ് കോ-ഓപ്പ് ബാങ്ക് കൂടുതൽ അംഗങ്ങളെ ചേർത്ത് വിപുലപ്പെടുത്തുകയും മറ്റു ചില ബാങ്കുകൾ ചെയ്യുന്നതു പോലെ കൊപ്ര സംഭരണം പോലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുക.

5. ക്ഷീരോൽപാദനരംഗത്ത് സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കണം. ബാങ്ക് ലോൺ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

6. ക്ഷീര കർഷകരുടെ സൗകര്യാർത്ഥം മൊകയക്കാട് ഉള്ളിയേരി 19, ആനവാതിൽ, മുണ്ടോത്ത്, നാറാത്ത് മുതലായ സ്ഥലങ്ങളിൽ കളക്ഷൻ സെന്ററുകൾ ഏർപ്പെടുത്താവുന്നതാണ്.

7. പാലുല്പന്നങ്ങളുടെ വിപണനത്തിനു വേണ്ടി ഉള്ളിയേരി ബസ് സ്റ്റാന്റിൽ ഒരു മിൽക്ക് ബൂത്ത് സ്ഥാപിക്കാവുന്നതാണ്.

കയർ വ്യവസായ സഹകരണ സംഘങ്ങൾ

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന മേഖല	വ്യക്തി അംഗത്വം	ഓഹരി മൂലധനം	കടം	നക്ഷേപം	പ്രവർത്തനമൂലധനം	ലാഭമോ നഷ്ടമോ		ജീവനക്കാർ	
								ലാഭം	നഷ്ടം	സ്ഥിരം	മറ്റുള്ളവ
കുന്നത്തറ കയർ വ്യവസായ സഹകരണ സംഘം നമ്പർ 268	1958	വാർഡ് 6 വാർഡ് 9 ഭാഗികം	630	3,10,916	–	2,00000	1,85000	35,334	–	1	1
നടുവണ്ണൂർ കയർ വ്യവസായ സഹകരണ സംഘം നമ്പർ 236 പി. ഒ കക്കഞ്ചേരി	1958	നടുവണ്ണൂർ പഞ്ചായത്തും ഉള്ളിയേരിയിലെ വാർഡ് 1, 2, 3	836	3,80,695	90,699	30,552	90,669	–	20878	–	–
പുത്തഞ്ചേരി കയർ വ്യവസായ സഹകരണ സംഘം നമ്പർ 673 പി. ഒ കുന്നത്തറ	1979	5,7,8,11 വാർഡുകൾ	490	2,56,000	3287	15,339	2,18,797	–	91,276	–	–
കണയങ്കോട് കയർ വ്യവസായ സഹകരണ സംഘം നമ്പർ D 775 പി. ഒ കുന്നത്തറ	1985	10ാം വാർഡും 9 ഭാഗികവും.	625	2,77,607	1,53080	1067578	69080	38004	–	–	1

സഹകരണ ബാങ്കുകൾ/വായ്പാ സഹകരണ സംഘങ്ങൾ

സ്ഥാപനത്തിന്റെ പേര്	ആരംഭിച്ച വർഷം	പ്രവർത്തന പരിധി	അംഗത്വം	ഓഹരിമൂലധനം	കടം	നിക്ഷേപം	വായ്പകൾ		പ്രവർത്തന മൂലധനം	ലാഭം നഷ്ടം		ജീവനക്കാർ	
							കാർഷികം	കാർഷികേതരം		ലാഭം തുക	നഷ്ടം തുക	സ്ഥിരം	മറ്റുള്ളവർ
ഉള്ളിയേരി സർവ്വീസ് സഹകരണ ബേങ്ക് ഡി 2033	1982	ഉള്ളിയേരി	7235	338429	7288467	7879847	32164	7256303	9235740		46230	4	3

ക്ഷീരവികസന സഹകരണ സംഘങ്ങൾ

സ്ഥാപനത്തിന്റെ പേര്	ആരംഭിച്ച വർഷം	പ്രവർത്തന പരിധി	അംഗങ്ങൾ	ഓഹരിമൂലധനം	കടം	നിക്ഷേപം	പ്രവർത്തന മൂലധനം	വ്യാപാര ഇടപാടുകൾ	ലാഭം / നഷ്ടം		ജീവനക്കാർ	
									ലാഭം തുക	നഷ്ടം തുക	സ്ഥിരം	മറ്റുള്ളവർ
കുന്നത്തറ ക്ഷീരോത്പാദക സഹകരണ സംഘം	1992	6,9,10 വാർഡുകൾ	857	8570	–	21706	7840 .45	മിൽമ ലോക്കൽ സൊസൈറ്റിസ്	13071.65	–	–	2

വനിതാക്ഷേമം

സമൂഹത്തിന്റെ പൊതുമണ്ഡലങ്ങളിൽ എന്നും അവഗണന അനുഭവിക്കേണ്ടി വന്ന വിഭാഗമാണ് സ്ത്രീകൾ. വീടിനുള്ളിലെ പുകമുറികളിൽ ജീവിതം തളച്ചിടേണ്ടവളാണ് സ്ത്രീയെന്ന പിന്തിരിപ്പൻ ആശയധാരയിൽ നിന്നും സ്ത്രീകളിന്നും വിമോചിതരായിട്ടില്ല. അടുക്കളയിൽ നിന്നും ജീവിതത്തിന്റെ അരങ്ങുകളിലെത്തിമോചന പോരാട്ടം നടത്തുവാൻ സ്ത്രീകളിന്നും തൽപരരല്ല. സമൂഹത്തിന്റെ പഴിചാരലുകളും വിമർശനങ്ങളും പരിഹാസവും ഭയന്ന് വീടിന്നുള്ളിൽ ഒതുങ്ങിക്കൂടുകയാണ് സ്ത്രീയെന്നും ചെയ്യുന്നത്. ഒരു പരിഷ്കൃത സമൂഹത്തിന് യോജിക്കാത്തവിധം അവഗണനയുടെയും തളച്ചിടലിന്റെയും ലോകത്ത് ഒതുങ്ങി നിൽക്കുകയാണ് കേരളീയ സ്ത്രീ സമൂഹം ചെയ്യുന്നതെന്ന് സമീപകാല പഠനങ്ങൾ പോലും വിലയിരുത്തുന്നു. വീടിനുള്ളിലും, നിബന്ധനകളുടെ കൂടിനുള്ളിലും ഒതുങ്ങികഴിഞ്ഞ സ്ത്രീസമൂഹത്തെ സമീപകാല സാമൂഹ്യ മാറ്റങ്ങൾ കുറെയൊക്കെ മോചിപ്പിച്ചപ്പോൾ പുതിയൊരു വെല്ലുവിളിയിലൂടെ അവരെ അപമാനപ്പെടുത്തുകയാണിന്ന് സമൂഹം ചെയ്തുകൊണ്ടിരിക്കുന്നത്. സ്ത്രീപീഡനങ്ങളും, അതിക്രമങ്ങളും സമകാലിക സമൂഹത്തിൽ വർദ്ധിച്ചു വരുന്നതിന്റെ കാരണം ചികയുമ്പോൾ, സാർവ്വദേശീയവും ദേശീയവുമായി സാമൂഹ്യ സംതുലിതാവസ്ഥയെ കുറിച്ചുള്ള വീക്ഷണഗതിയിലുണ്ടായ മാറ്റവും മാധ്യമങ്ങളുടെ നിയന്ത്രണ രഹിതമായ കടന്നുകയറ്റവുമാണ് മുഖ്യകാരണങ്ങളെന്ന് കാണാം. ഈ പൊതുസ്ഥിതികൾ വെച്ച്കൊണ്ട് നമ്മുടെ പഞ്ചായത്തിലെ സ്ത്രീ സമൂഹത്തിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടണം.

സമൂഹത്തിന്റെ മുഖ്യമണ്ഡലങ്ങളിൽ സ്ത്രീ സമൂഹം അവഗണിക്കപ്പെടുന്നുവെന്ന പൊതുസ്ഥിതി നമ്മുടെ പഞ്ചായത്തിലുമുണ്ട്. സമൂഹ വികസന പ്രക്രിയയിൽ സ്ത്രീകളെ പങ്കാളികളാക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ വേണ്ടത്ര ഉണ്ടാവുന്നില്ലായെന്നതും, സ്ത്രീ പങ്കാളിത്തമുണ്ടാക്കിക്കൊണ്ട് സാമൂഹ്യ സംതുലിതാവസ്ഥയിലെത്തുക എന്ന ധാരണ വളർത്തിയെടുക്കാൻ കഴിയുന്നില്ലെന്നതും ഉയർന്നു വന്ന രണ്ട് പ്രധാന വിമർശനങ്ങളാണ്. സ്ത്രീപുരുഷ സമത്വം നേടിയെടുക്കാനുള്ള ശ്രമത്തിൽ തുല്യജോലിക്ക് തുല്യമായ വേതനം നടപ്പിലാക്കുന്നത് ഒരു പ്രധാന കാര്യമാണ്. അതോടൊപ്പം ആസൂത്രണത്തിലും വികസന പ്രവർത്തനങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കണം.

പട്ടിക 1

1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണം വാർഡടിസ്ഥാനത്തിൽ

ക്രമനമ്പർ	വാർഡ് നമ്പർ	എണ്ണം
1	I	1485
2	II	1687
3	III	1082
4	IV	1548
5	V	1405
6	VI	1017
7	VII	1152
8	VIII	980
9	IX	1498
10	X	1226
11	XI	969
		14049

1991ലെ സെൻസസ് റിപ്പോർട്ട് പ്രകാരം നമ്മുടെ പഞ്ചായത്തിൽ 13,756 പുരുഷന്മാരും 14,049 സ്ത്രീകളുമാണുള്ളത്. വിദ്യാഭ്യാസ നില

വാരം പരിശോധിക്കുമ്പോൾ 11,623 പുരുഷന്മാർ വിദ്യാഭ്യാസം നേടിയവരാണെങ്കിൽ 10618 സ്ത്രീകൾ മാത്രമേ വിദ്യാഭ്യാസം നേടിയവരായുള്ളൂ. ഇത് വ്യക്തമാക്കുന്നത് പുരുഷ സമൂഹത്തിനൊപ്പം വിദ്യാഭ്യാസ മണ്ഡലത്തിൽ ഉയരാൻ സ്ത്രീകൾക്ക് കഴിയുന്നില്ല എന്ന വസ്തുതയാണ്. പഠനമണ്ഡലം പരിശോധിക്കുമ്പോഴും സ്ത്രീകളുടെ ഈ പിന്നോക്കാവസ്ഥ വ്യക്തമാവും. പഞ്ചായത്തിലെ ഏക ഹൈസ്കൂളിൽ 1403 കുട്ടികൾ പഠിക്കാനെത്തുമ്പോൾ ഇവരിൽ 719 ആൺകുട്ടികളും 684 പെൺകുട്ടികളുമാണുള്ളത്. പത്തുവർഷം മുമ്പുള്ള സ്ഥിതിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഹൈസ്കൂൾ വിദ്യാഭ്യാസം നേടാനെത്തുന്ന പെൺകുട്ടികളുടെ എണ്ണം കൂടിവരുന്നതായി സ്ത്രീ-പുരുഷാന്തരം കുറഞ്ഞുവരുന്നതായും കാണാം. ഉന്നത വിദ്യാഭ്യാസം നേടുന്നതിലും സാങ്കേതിക വിദ്യാഭ്യാസ മണ്ഡലത്തിലും സ്ത്രീകൾ പിന്നോക്കമാണെന്ന് പഞ്ചായത്ത് സർവ്വെകണക്കുകൾ സൂചിപ്പിക്കുന്നു. മുസ്ളീം പെൺകുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും നേടുന്നതിന്റെ അളവ് ക്രമാനുഗതമായി വർദ്ധിച്ചു വരുന്നതേയുള്ളൂ.

പട്ടിക 2

1991ലെ സെൻസസ് അനുസരിച്ച് തയ്യാറാക്കിയ പട്ടിക

ക്രമനമ്പർ	തൊഴിൽ മേഖല	സ്ത്രീ	പുരുഷൻ
1.	കൃഷി	268	1168
2.	പാറപൊട്ടിക്കൽ കല്ലടിക്കൽ	25	379
3.	കെട്ടിടനിർമ്മാണം	67	95
4.	കെട്ടിടനിർമ്മാണം ഒഴികെ	545	645
5.	നിർമ്മാണ രംഗം	9	448
6.	കച്ചവടം, വ്യാപാരം	23	949
7.	ഗതാഗത വാർത്താ വിതരണം	59	514
8.	മറ്റുസേവന മേഖല	187	600
9.	തൊഴിലില്ലാത്തവർ	12459	7449

പഞ്ചായത്തിലെ തൊഴിമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണെന്നും, തൊഴിലില്ലാത്തവരിൽ സ്ത്രീകളുടെ എണ്ണം കൂടുതലാണെന്നും ഈ പട്ടിക തെളിയ്ക്കുന്നു.

പഞ്ചായത്തിലെ കാർഷിക-വ്യാവസായിക മേഖലകളിൽ സ്ത്രീപങ്കാളിത്തം കുറഞ്ഞുവരുന്നതായി കാണുന്നു. മുൻകാലങ്ങളിൽ കാർഷികമേഖലയിൽ സ്ത്രീ തൊഴിലാളികൾ കൂടുതൽ ജോലി ചെയ്തിരുന്നെങ്കിൽ തുടർന്നുണ്ടായ ഈ മേഖലയിലെ മന്ദീഭാവവും, തകർച്ചയും കാരണം ഇവരുടെ തൊഴിലവസരങ്ങൾ കുറയാനിടയാക്കി. കാർഷിക മേഖലയിലെ വേതന നിലവാരത്തേക്കാൾ നിർമ്മാണമേഖലയിലെ വേതനനിരക്ക് ഉയർന്നതോടെ ഭൂരിപക്ഷം സ്ത്രീതൊഴിലാളികളും കാർഷികമേഖലയുപേഷിച്ച് നിർമ്മാണ മേഖലയിൽ തൊഴിൽ തേടിപോവുകയാണ് ചെയ്തത്. പഞ്ചായത്തിലിപ്പോൾ 5798 പുരുഷന്മാരും 1284 സ്ത്രീകളുമാണ് തൊഴിലാളികളായി രേഖപ്പെടുത്തിയിട്ടുള്ളത്. (അവലംബം സെൻസസ് റിപ്പോർട്ട് 1991) നിർമ്മാണ മേഖലയിൽ തൊഴിൽതേടി മറ്റിടങ്ങളിലേക്ക് പോകുന്ന തൊഴിലാളികൾ ഇവിടെയേറെയുണ്ട്. ഇവരിൽ സത്രീകളും ധാരാളമുണ്ട്. റോഡ് പണി, പാറപൊട്ടിക്കൽ, കെട്ടിടനിർമ്മാണം, ചെങ്കൽകൊത്ത് എന്നീ മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ എണ്ണം കൂടിവരുന്നു. ശാരീരികാദ്ധ്വാനം ആവശ്യമുള്ളതും, സുരക്ഷിതത്വം കുറഞ്ഞതുമായ ഈ മേഖലകളിൽ ലഭ്യമാവുന്ന ഉയർന്ന വേതനനിരക്കാണ് സ്ത്രീത്തൊഴിലാളികളെ അങ്ങോട്ടാകർഷിക്കുന്നത്. കാർഷികമേഖലക്ക് പുതുജീവൻ നൽകി, കർഷകത്തൊഴിലാളികളുടെ പ്രധാന പ്രശ്നങ്ങൾ പരിഹരിച്ചാൽ, സ്ത്രീകളെ കാർഷിക മേഖലയിലെ തൊഴിലുകളിലേക്ക് ആകർഷിക്കാനും, കാർഷിക മേഖലക്ക് സ്വയം പര്യാപ്തത നേടാനുമുള്ള ക്രിയാത്മകമായ പ്രവർത്തനത്തിന് ആക്കം കൂട്ടാം.

പട്ടിക 3

സ്ത്രീകൾ കുടുംബനാഥയായിട്ടുള്ള കുടുംബങ്ങൾ

വാർഡ് നമ്പർ	ആകെ കുടുംബം	സ്ത്രീ കുടുംബനാഥയായുള്ളത്
I	225	42
II	300	48
III	170	31
IV	226	39
V	254	62
VI	234	74
VII	248	79
VIII	262	92
IX	227	70
X	235	66
XI	230	69

പഞ്ചായത്തിന്റെ പുഴയോര പ്രദേശങ്ങളിൽ താമസിക്കുന്ന ഭൂരിഭാഗം സ്ത്രീകളും കയർ മേഖലയുമായി ബന്ധപ്പെട്ട തൊഴിലിലേർപ്പെട്ടവരാണ്. ഈ മേഖലയിൽ ഉയർന്നുവന്നിട്ടുള്ള നിരവധികാരണങ്ങൾകൊണ്ട് തൊഴിലാളികളിൽ ഇപ്പോൾ തൊഴിൽ താത്പര്യം കുറഞ്ഞു വരുന്നതായി കാണുന്നു. അതോടൊപ്പം ചകരിതല്ല് തുടങ്ങിയ അധ്വാനപരമായ തൊഴിലെടുക്കുന്നവർക്ക് തദനുസൃതമായ വേതനം ലഭിക്കാത്ത പ്രശ്നവുമുണ്ട്. ഇങ്ങനെ ഓരോമേഖലയിലെയും സ്ത്രീത്തൊഴിലാളികളുടെ പ്രശ്നങ്ങളുടെ ഗൗരവം വളരെ ആഴത്തിലുള്ളതാണ്. തയ്യൽ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീത്തൊഴിലാളികൾ ഭൂരിഭാഗവും വീടുകളിൽ മെഷീൻവെച്ച് പ്രവൃത്തി എടുക്കുന്നവരാണ്. പരമ്പരാഗത വ്യവസായങ്ങളായ പായനെയ്ത്ത്, കൊട്ടമടയൽ, നൂൽനൂൽപ്പ് തുടങ്ങിയ മേഖലകളിലും സ്ത്രീത്തൊഴിലാളികളായിരുന്നു ഭൂരിഭാഗവും പണിയെടുത്തിരുന്നത്. ഇവനാട്ടിൽ നിന്നും അപ്രത്യക്ഷമാവാൻ തുടങ്ങിയതോടെ തൊഴിൽ നഷ്ടം സംഭവിച്ചത് ഭൂരിഭാഗവും സ്ത്രീതൊഴിലാളികൾക്കാണ്.

പഞ്ചായത്തിൽ 28 അങ്കണവാടികളിലായി 56സ്ത്രീകൾ വർക്കർമാരും, ഹെൽപ്പർമാരുമായി പണിയെടുക്കുന്നു. അധ്യാപന രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെയേറെക്കാണാം. സർക്കാർ മേഖലയിൽ ജോലിയെടുക്കുന്ന സ്ത്രീകളുടെ എണ്ണം വളരെകുറവാണ്. വ്യവസായ മേഖലയിലെ നൂതന മാതൃകകളുപയോഗിച്ചുള്ള തൊഴിൽ പരിശീലനവും പരിചയമുള്ളവരുടെ എണ്ണവും നാമമാത്രമാണ്. ഈ സ്ഥിതികൾക്ക് പരിഹാരം കാണണമെങ്കിൽ വിവിധമേഖലയിലെ സ്ത്രീകളുടെ തൊഴിലവസരം വർദ്ധിപ്പിക്കുകയും അവരുടെ അഭിരുചികൾ കൂടി പരിശോധിച്ച് തദനുഗുണമായ ചെറുകിട വ്യവസായങ്ങൾ, സ്വയം തൊഴിൽ പദ്ധതികൾ വ്യവസായ യൂണിറ്റുകൾ എന്നിവയും അടുക്കളത്തോട്ട പദ്ധതികൾ കന്നുകാലി വളർത്തൽ, കൂട്ടായ കാർഷിക സംരംഭങ്ങൾ എന്നിവയും വളർത്തിയെടുക്കുകയാണ് ചെയ്യേണ്ടത്.

പട്ടിക 4

വനിതാവ്യവസായ പദ്ധതി

വർഷം	എണ്ണം യൂണിറ്റ്	തുക
1995-96	1 യൂണിറ്റ്	6677രൂപ

സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീപങ്കാളിത്തം നമ്മുടെ പഞ്ചായത്തിൽ വളരെ വിരളമായിരുന്നു. പ്രശസ്ത ഗാനരചയിതാവ് ഗിരീഷ് പുത്തഞ്ചേരിയുടെ മാതാവായ പുളിക്കൂൽ മീനാക്ഷിയമ്മയാണ് പഞ്ചായത്തിലെ ആദ്യ മഹിളാപ്രവർത്തകയെന്ന് പറയപ്പെടുന്നു. ഇവരെ പിന്തുടർന്ന് പലരും രംഗത്തേക്ക് കടന്ന് വന്നെങ്കിലും പൊതുവെ സ്ത്രീകളുടെ പങ്കാളിത്തം ഈ മേഖലയിൽ വളരെയൊന്നുമുണ്ടായിട്ടില്ല. സമകാലിക സാമൂഹ്യരാഷ്ട്രീയ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളർന്നുവരുന്നുവെങ്കിലും സംഘടിതമായി പ്രവർത്തിക്കുന്ന ഒരു സംഘടനയോ ശക്തിയോ ആവാൻ സ്ത്രീകൾക്ക് കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസ രംഗത്ത് അധ്യാപക രക്ഷാകർത്തൃ സമിതികളിലും മാതൃസംഗമങ്ങളിലും പ്രകടമാകുന്ന മെച്ചമായ ഹാജർനില ഈ മേഖലയിൽ സ്ത്രീകളുടെ താത്പര്യം വെളിവാക്കുന്നു. ഗ്രാമസഭകളുടെ വിശേഷാൽ യോഗങ്ങളിൽ സ്ത്രീപങ്കാളിത്തം മെച്ചമായിരുന്നു. ആസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന പഞ്ചായത്ത് തല പരിശീലനത്തിലും, ശില്പശാലകളിലും വാർഡ് തല സർവ്വെ പ്രവർത്തനങ്ങളിലും, ഗ്രാമപഠനയാത്രയിലും സ്ത്രീകളുടെ പങ്കാളിത്തമുണ്ടായിട്ടുണ്ടെങ്കിലും ഇനിയും ഉയരേണ്ടതുണ്ട്. പഞ്ചായത്ത് ഭരണസമിതിയെ നയിക്കുന്നത് ഒരു വനിതയാണ്. നാല് വനിതാ മെമ്പർമാരും സാമൂഹ്യപ്രവർത്തകരും വനിതാ സംഘടനകളുടെ പ്രവർത്തകരുമാണ്. ജനാധിപത്യമഹിളാ അസോസിയേഷൻ, മഹിളാ കോൺഗ്രസ്, മഹിളാജനത, മഹിളാമോർച്ച തുടങ്ങിയ സാമൂഹ്യ രാഷ്ട്രീയ സംഘടനകൾക്ക് ഈ പഞ്ചായത്തിൽ പ്രവർത്തനമുണ്ടെങ്കിലും പലതും നാമമാത്രമാണ്.

പട്ടിക 5

പുരുഷന്മാരുടെയും സ്ത്രീകളുടെയും കൂലി നിരക്കിലുള്ള വ്യത്യാസം

ക്രമ നമ്പർ	ഇനം	കൂലി സ്ത്രീ	പു:
1.	കർഷകത്തൊഴിലാളി	40	75
2.	നിർമ്മാണത്തൊഴിലാളി	70	110
3.	അച്ചടി	20	40
4.	ബീഡി	40	43
5.	ഹോട്ടൽ തൊഴിലാളി	55	70

ഒറ്റപ്പെട്ട സ്ത്രീപീഢനക്കേസുകൾ മാത്രമേ ഇവിടെ ഉണ്ടായിട്ടുള്ളൂ. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ താരതമ്യേനകുറവാണ്. സ്ത്രീധന സമ്പ്രദായം ഇവിടെ നിലനിൽക്കുന്നുണ്ട്. സാമ്പത്തിക ഭദ്രതയില്ലാത്തത് മൂലം വിവാഹ പ്രായമായിട്ടും വിവാഹം കഴിച്ചയയ്ക്കാൻ കഴിയാത്ത കുടുംബങ്ങളും വാർഡിലുള്ളതായി ചർച്ചയിൽ ഉയർന്നുവന്നിട്ടുണ്ട്. ഭർത്താക്കന്മാരുടെ ദുർവ്യയം, മദ്യപാനം, കൊള്ളപലിശയ്ക്ക് കടംവാങ്ങൽ ഈ കാരണങ്ങളാൽ കഷ്ടപ്പെടുന്ന സ്ത്രീകളുമുണ്ട്. ഒറ്റപ്പെട്ട ആത്മാഹുതി സംഭവങ്ങളുണ്ടായിട്ടുണ്ടാവാമെങ്കിലും, പൊതുവെ ഇത്തരം പ്രവണതകൾ കുറവാണ്.

സാമൂഹ്യ സാമ്പത്തിക, സാംസ്ക്കാരിക രംഗങ്ങളിൽ സ്ത്രീകൾ ഉയർന്നുവരാനുള്ള സാഹചര്യങ്ങൾ കൂടുതൽ സജീവമാക്കുകയും, അവർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുകയും, ഉൽപാദനക്ഷമതകൂടിയ ജോലികൾ ഏൽപ്പിക്കുകയും ചെയ്യണം. എല്ലാ അവകാശങ്ങളും ലഭിക്കുന്നുവെന്ന ബോധം വളർത്തുകയും, ലഭിക്കുന്നില്ലെങ്കിൽ തന്റേടത്തോടെ ചോദിച്ചു വാങ്ങാനുള്ള കരുത്ത് വളർത്തിയെടുക്കുകയും വേണം. സ്ത്രീകളുടെ സാമൂഹ്യപദവിയും, നിലനിൽപും ചോദ്യം ചെയ്യപ്പെടുമ്പോൾ പോരാട്ടം നടത്താൻ അവരെ പ്രാപ്തരാക്കണം. അതിനനുസരിച്ചുള്ള സംഘടനാ ശക്തിയും പ്രസ്ഥാനങ്ങളും വളർത്തിയെടുത്ത് സ്വയം വളരാൻ സ്ത്രീ സമൂഹം തയ്യാറാവണം.

പ്രശ്നങ്ങൾ

സാമൂഹ്യ സാംസ്കാരിക രംഗത്ത് സ്ത്രീകൾ അവഗണിക്കപ്പെടുന്നു

വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾ കുറവാണ്

തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണവും കുറവാണ്

തൊഴിൽ ശാലകളോട് ചേർന്നും പൊതു സ്ഥലങ്ങളിലും കക്കൂസുകളോ മൂത്രപ്പുരകളോ ഇല്ല.

മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല

മദ്യപാനം മൂലം സ്ത്രീകൾ ദുരിതമനുഭവിക്കുന്നു. വ്യാജവാറ്റ് നിലനിൽക്കുന്നു.

സ്ത്രീധന സമ്പ്രദായം നിലനിൽക്കുന്നു. ഒറ്റപ്പെട്ട സ്ത്രീധന പീഢനസംഭവങ്ങൾ ഉണ്ടാവുന്നു.

അശ്ലീല പോസ്റ്ററുകൾ അങ്ങാടികളിൽ നിറയുന്നു.

സ്ത്രീകളിൽ നിന്നും അപകർഷതാബോധം മാറ്റാൻ കഴിയുന്നില്ല.

സാമൂഹ്യ പ്രവർത്തന രംഗത്ത് പ്രോത്സാഹനത്തിന് പകരം പരിഹാസവും ആക്ഷേപവുമാണ് സത്രീകൾ ഏൽക്കേണ്ടി വരുന്നത്.

നയരൂപീകരണരംഗങ്ങിൽ സത്രീപങ്കാളിത്തം കുറവാണ്.

തുല്യ ജോലിക്ക് തുല്യവേതനം സ്ത്രീക്ക് ലഭിക്കുന്നില്ല.

പൊതുരംഗത്ത് കടന്ന് വരാൻ സത്രീകൾ വിമുഖത കാണിക്കുന്നു.

വായനതൽപരരല്ല. വായിക്കുന്നതാകട്ടെ മൂല്യങ്ങളുള്ള പുസ്തകങ്ങളല്ല.

തൊഴിൽ സാദ്ധ്യതകളെ കുറിച്ചും, നിയമങ്ങളെക്കുറിച്ചും അജ്ഞത നിലനിൽക്കുന്നു.

ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതിക രംഗത്തും സ്ത്രീകളുടെ പങ്കാളിത്തമില്ലായ്മ നില നിൽക്കുന്നു.

കലാകായിക രംഗത്ത് പങ്കാളിത്തം കുറവാണ്.

ശാസ്ത്രീയബോധം വളർത്താൻ താത്പര്യം കാണിക്കുന്നില്ല.

സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്ന യുവതികൾപോലും, വിവാഹത്തോടെ രംഗം വിടുന്നു.

യുവജനസംഘടനകളും ബഹുജനസംഘടനകളും സ്ത്രീസമൂഹത്തെ സംഘടിപ്പിക്കുന്നതിൽ ശ്രദ്ധിക്കുന്നില്ല.

പട്ടിക 6

വനിതകൾക്ക് സഹകരണമേഖലയിൽ തുടങ്ങാവുന്ന യൂണിറ്റുകൾ

1. കുട, നോട്ട്ബുക്ക് നിർമ്മാണം
2. ബാഗ് റെയിൻകോട്ട് മുതലായ റെക്സിൻ ഉല്പന്നങ്ങൾ
3. കരിങ്കല്ല് ഉടച്ച് ജല്ലിയാക്കൽ
4. ഗാർമെന്റ്സ് നിർമ്മാണം – എംബ്രോയിഡറി

പട്ടിക 7

ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വനിതകൾക്ക് തുടങ്ങാവുന്ന വ്യവസായങ്ങൾ

1. റെഡിമെയ്ഡ് ഉല്പന്നങ്ങൾ
2. അലക്ക് സോപ്പ്
3. പേപ്പർ കവർ നിർമ്മാണം
4. സിന്തറ്റിക്ക് വിനാഗിരി
5. സ്കൂൾ ബാഗ് – ഫാൻസി ലതർ ഗുഡ്സ്
6. ചെറിയ പ്ളാസ്റ്റിക്ക് ബോട്ടിലുകൾ

സാദ്ധ്യതകൾ

അംഗനവാടികൾ, മഹിളാസമാജങ്ങൾ, മഹിളാസംഘടനകൾ ഇവയുടെ നേതൃത്വത്തിൽ സ്ത്രീകളുടെ അവകാശങ്ങളെകുറിച്ചും, ആവശ്യങ്ങളെക്കുറിച്ചും ബോധവത്ക്കരണം നടത്തുക.

സമൂഹത്തിൽ നിലനിൽക്കുന്ന അവഗണന അവസാനിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ സജീവമാക്കുക.

സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കാൻ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

സോപ്പുനിർമ്മാണം, കുട നിർമ്മാണം, പപ്പട നിർമ്മാണം, കയറുല്പന്ന നിർമ്മാണം, ബേക്കറി, റെഡിമെയ്ഡ്, ബേഗ്, ചന്ദനത്തിരി, മെഴുകുതിരി തുടങ്ങിയവയുടെ യൂണിറ്റുകളും കോഴിവളർത്തൽ, ആട്വളർത്തൽ, പശുവളർത്തൽ തുടങ്ങിയ മേഖലയിലുള്ള സംരംഭങ്ങളും ആരംഭിച്ച് സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കാം.

നൂൽ നൂൽപ്പ് കേന്ദ്രങ്ങൾ, തേങ്ങയുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ എന്നിവയും ആരംഭിക്കാവുന്നതാണ്.

പരമ്പരാഗത തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർക്ക് അസംസ്കൃത സാധനങ്ങളും, പുതിയ രീതികളും, സാമ്പത്തിക സഹായവും നൽകി പരിപോഷിപ്പിക്കുന്നത് ഗുണമാണ്.

ആധുനിക മാതൃകയിലുള്ള തൊഴിൽ സാധ്യതകൾ കയർ മേഖലയിൽ സംഘടിപ്പിച്ചാൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് ഗുണമുണ്ടാകും.

മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുക.

സത്രീകളിലെ വായനാശീലം മെച്ചപ്പെടുത്താൻ 'മൊബൈൽ' വായനശാലകൾ ഗ്രാമങ്ങളിൽ സ്ഥാപിക്കുക.

ഗുണപരമായ. വായനക്ക് പ്രോത്സാഹനം നൽകുക, ആവശ്യമായ പ്രചാരണവും ബോധവൽക്കരണവും നടത്തുക. ജനകീയ സമിതികൾ രൂപീകരിക്കുമ്പോൾ കുടുംബിനികളെ അംഗങ്ങളാക്കുക. അവരുടെ നേതൃത്വത്തിൽ സാമൂഹ്യജീർണ്ണതകൾക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

പച്ചക്കറി കൃഷി, അടുക്കളത്തോട്ടങ്ങൾ, കൂൺ കൃഷി, പുഷ്പ കൃഷി, തുടങ്ങിയവ ഗ്രാമീണ സ്ത്രീകൾക്ക് ആരംഭിക്കാൻ സഹായം നൽകുക.


ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകളും, പാലുല്പന്ന യൂണിറ്റുകളും ഗ്രാമങ്ങളിൽ വ്യാപകമായി തുടങ്ങുക.

സ്ത്രീ സമൂഹത്തെ അപമാനപ്പെടുത്തുന്ന പോസ്റ്ററുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ കർശനമായി നിരോധിക്കുക. വീഡിയോ ഷോപ്പുകൾക്ക് ലൈസൻസ് ഏർപ്പെടുത്തുക. അവ പിരശോധിക്കാനുള്ള നിയമപരമായ അനുമതി പഞ്ചായത്തുകൾക്ക് നൽകുക.

കുടുംബ പ്രശ്നങ്ങൾ പരിഹരിക്കാൻ പഞ്ചായത്ത് തലത്തിൽ കുടുംബ പ്രശ്ന പരിഹാര സമിതി രൂപീകരിക്കുക.

വനിതകളുടെ ആരോഗ്യ പരിപാലനത്തിന് ഗുണകരമായ രീതിയിൽ വീടുകളിൽ ദക്ഷതകൂടിയ അടുപ്പുകൾ നിർബന്ധമാക്കുക.

സ്വർണ്ണം, ആഡംബര വസ്തുക്കൾ ഇവയ്ക്കെതിരെ ബോധവൽക്കരണം നടത്തുക.



വിഭവ സമാഹരണം

വ്യാവസായിക, കാർഷിക മേഖലകളിൽ വളരെയേറെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. ഇത് കൊണ്ട് തന്നെ നാമമാത്രമായ ചെറുകിട വ്യവസായങ്ങളും കാർഷിക മേഖലയും മാത്രമേ നമുക്കുള്ളൂ. ഈ രംഗങ്ങളിൽ ഒട്ടേറെ മുന്നേറ്റങ്ങൾ നടത്തികൊണ്ടും, നികുതിയേതരവരുമാനം വർദ്ധിപ്പിച്ചുകൊണ്ടും വിഭവസമാഹരണത്തിനുള്ള പുതിയ മാർഗ്ഗം കണ്ടെത്തേണ്ടതാണ്.

വ്യാവസായിക മേഖലയിൽ പുതിയ സംരംഭകർ ആവേശപൂർവ്വം കടന്നുവരുമ്പോൾ ഇവർക്കാവശ്യമായ സാങ്കേതികവും, സാമ്പത്തികവുമായ സഹായങ്ങൾ നൽകാൻ കഴിയുന്നില്ല. ബാങ്ക് ലോണുകൾ ലഭിക്കാനും, വൈദ്യുതികണക്ഷൻ ലഭിക്കാനുമുള്ള കാലതാമസവും, സാങ്കേതിക തടസ്സങ്ങളും വ്യവസായ സംരംഭകരെ ഈ രംഗത്ത് നിന്നും പിന്നോക്കം നിൽക്കുന്നതിന് നിർബന്ധിതമാക്കുന്നു.

കാർഷിക മേഖലയിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കിണർ, കുളങ്ങൾ, മോട്ടോർ പമ്പുകൾ, വൈദ്യുതി എന്നിവ ലഭ്യമാക്കാനും ഒട്ടേറെ പ്രയാസങ്ങൾ ഇന്നനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. മാത്രവുമല്ല പഴയ കൃഷിയിടങ്ങൾ മിക്കതും താമസസ്ഥലങ്ങളായും, നാണ്യവിളകളുടെ ഉത്പാദനത്തിനായും മാറ്റപ്പെടുകയാണ്. തന്മൂലം ഉത്പാദനക്ഷമത കുറയുന്നതിനൊപ്പം ഇടത്തരം കൃഷിക്കാർ ചെറുകിട കൃഷിക്കാരായും ചെറുകിട കൃഷിക്കാർ കേവലം കർഷിക തൊഴിലാളികളായും മാറിക്കൊണ്ടിരിക്കുന്നു. കൃഷിനിലങ്ങളിൽ രാസവളത്തിന്റെ അമിതമായ ഉപയോഗം മൂലം മണ്ണിന്റെ അമ്ലഗുണം വർദ്ധിക്കുന്നുണ്ട്. ഇതിന് പരിഹാരമെന്നനിലക്ക് ജൈവ വളത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുകയും കർഷകർക്ക് ഇതിന്റെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യണം കാലോചിതമായ പരിഷ്കാരങ്ങൾ കാർഷിക, വ്യാവസായിക മേഖലകളിൽ വരുത്തുന്നതോടൊപ്പം ഈ മേഖലകളിൽ ഫലപ്രദമായി ഇടപെടാനുള്ള അവസരം ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കുകയും വേണം. എങ്കിൽ മാത്രമേ ഈ രംഗങ്ങളിൽ നിന്ന് യഥാർത്ഥ വിഭവസമാഹരണം കണ്ടെത്താൻ സാധിക്കുകയുള്ളൂ.

പഞ്ചായത്തുകളുടെ ഇന്നത്തെ അവസ്ഥ മാറ്റിയെടുക്കുന്നതിന് അതാത് സമയങ്ങളിൽ കിട്ടേണ്ടുന്ന ഗ്രാന്റുകൾ അപ്പപ്പോൾ കിട്ടുമാറാകണം. ഇത് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് നിമിത്തം വകമാറ്റി ചെലവഴിക്കൽ മുതലായ പ്രയാസങ്ങൾ നേരിടുന്നുണ്ട്. ഗ്രാന്റുകൾ ലഭിക്കുന്നതിനുവേണ്ടി ഭരണാധികാരികളെ സ്വാധീനിക്കുന്ന അവസ്ഥമാറ്റി, അനുവദിക്കുന്ന രീതി നീതിപൂർവ്വകമാക്കേണ്ടതാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ നടത്തിയ ജനകീയ സർവ്വെ അനുസരിച്ച് ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നവരുടെ പട്ടികവാർഡ് അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്നു.

WARD	1	2	3	4	5	6	7	8	9	10	11
	21	33	29	36	85	37	38	27	40	31	38

വളരെ ചുരുക്കം പേർക്ക് മാത്രമേ, ഇതിൽ ഉയർന്ന സാമ്പത്തിക വരുമാനം ലഭിക്കുന്നുള്ളൂ.

ഇന്ന് നമ്മുടെ പഞ്ചായത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന പ്രധാന നികുതികളെ സംബന്ധിച്ചും കഴിഞ്ഞ പത്തു വർഷത്തിനടയിൽ ഉണ്ടായിട്ടുള്ള വ്യതിയാനം കാണിക്കുന്ന ഒരു താരതമ്യപഠന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇന്ന് നമ്മുടെ പഞ്ചായത്തിന് ലഭിക്കേണ്ടുന്ന ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ പൂർണ്ണമായും കിട്ടുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. വിവിധ മേഖലകളിൽ നിന്ന്, ഇതിനും യുക്തിസഹമായ രീതിയിൽ നികുതി പിരിച്ചെടുക്കാൻ സാധിക്കും. ഇത്തരം കാര്യങ്ങൾക്ക് വാർഡ് പ്രതിനിധികളും, വാർഡ് വിക

S.N	ഇനം	1986-87	1995-96
1	കെട്ടിട നികുതി	56618.07	196711.20
2	തൊഴിൽ നികുതി	32469.00	53680.00
3	വിനോദ നികുതി	31633.15	138748.90
4	വിനോദ നികുതി (അഡീഷണൽ)	31633.15	138748.90
5.	പ്രദർശന നികുതി	1127.00	4036.00
6.	പ്രദർശന നികുതി (സർചാർജ്)	281.75	1009.00
7.	ചന്തവരവ്		1385.00
8.	ലൈസൻസ് ഫീസ്	7503.75	11378.00
9.	വസ്തുകൈമാറ്റ നികുതി	123982.67	252037.05
10.	സർക്കാർഗ്രാന്റ് ഒഴികെയുള്ള വരവ്	168025.01	319777.05
11.	ജെ. ആർ. വൈ.		610072.00
12.	അൺടൈസ്		309550.00
	ആകെ	421641.12	1981860.00

സന സമിതിയും കുട്ടായി ശ്രമിച്ച് നികുതിദായകരെ ബോധ വൽക്കരിക്കുന്നത് നന്നായിരിക്കും. ഈ സമീപനം സ്വീക രിക്കുന്നതിലൂടെ വികസന പ്രക്രിയക്ക് ആക്കം കൂട്ടാനും വിഭവങ്ങൾ കണ്ടെത്താനും കഴിയും. നികുതി നൽകപ്പെ ടുന്നതിലൂടെ തങ്ങളും, പ്രദേശത്തിന്റെ ഉന്നമനത്തിൽ പങ്കാ ളികളാവുകയാണെന്നബോധം നികുതി ദായകരിലുണ്ടാ ക്കണം. പുതിയ നികുതി നിർദ്ദേശങ്ങളെ സംബന്ധിച്ചും, വികസനമേഖലകളെ സംബന്ധിച്ചും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ജനപ്രതിനിധികളുടെയും രാഷ്ട്രീയ കൃഷി പ്രതിനിധികളുടെയും, സന്നദ്ധ, സാംസ്കാരിക രംഗ ങ്ങളിൽ പ്രവർത്തിക്കുന്നവരുടെയും യോഗം വിളിച്ചു ചേർത്ത് അഭിപ്രായം ആരായുന്നത് ഫലപ്രദമായിരിക്കും.

കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി എന്നിവ പിരിച്ചെടുക്കുന്നതിലെ നിലവിലുള്ള രീതി യിൽ മാറ്റം വരുത്തേണ്ടതാണ്. വീടുകൾ നിർമ്മിക്കുന്ന തിലെ ധൂർത്ത് ഒഴിവാക്കുന്നതിന് തറവിസ്തീർണ്ണം ആഡംബര വസ്തുക്കളുടെ ഉപയോഗം എന്നിവ കണക്കി ലെടുത്ത് പ്രത്യേക നികുതി ചുമത്തേണ്ടതാണ്. ഈ രംഗ ത്തെ അഴിമതി ഇല്ലാതാക്കാൻ ഒരു നികുതി അസസ്മെന്റ് കമ്മറ്റി രൂപീകരിക്കാവുന്നതാണ്. വീടുകളല്ലാത്ത കെട്ടിട ങ്ങൾക്ക് വാടകവർദ്ധിക്കുന്നതിനനുസരിച്ച് നികുതി പു നർനിർണയം ചെയ്യേണ്ടതാണ്. നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ വാർഡ് പ്രതിനിധികളും, വാർഡ് വികസന സമിതിയും ഉദ്യോഗസ്ഥന്മാരും സംയോജിതമായി ഇടപെ ടുന്നതിലൂടെ ഈ രംഗത്തെ കുടിശ്ശിക ഇല്ലാതാക്കാൻ കഴിയും.

പഞ്ചായത്തിന് തൊഴിൽ നികുതി നൽകുന്ന സർക്കാർ ജീവനക്കാരിൽ ഭൂരിപക്ഷവും അധ്യാപക ജോലി യിലേർപ്പെട്ടവരാണ്. കൂടാതെ നാമ മാത്ര കച്ചവടക്കാ രും നികുതി ഒടുക്കുന്നവരാണ്. ഇത് കുറെ കുടി വ്യാപ കമാക്കി തൊഴിലാളികളിൽ നിന്നും, മറ്റ് ധനാഗമ മാർഗ്ഗ ങ്ങൾ ഉള്ളവരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടു ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം തൊഴിലിന്റെ അടി സ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി വ്യാപകമാ ക്കുകയും, ക്ഷേമനിധി അടക്കുന്നവരിൽ നിന്നും വരുമാ നത്തിന്റെ അടിസ്ഥാനത്തിൽ ചെറിയ നികുതി ചുമത്താ വുന്നതുമാണ്.

പഞ്ചായത്തിലെ രണ്ട് സിനിമാ ശാലകളിൽ നിന്നും ലഭിക്കുന്ന നികുതിയാണ് വിനോദ നികുതി എന്ന നില ക്കുള്ള നമ്മുടെ വരുമാനം. ഇവ കൃതനിഷ്ഠയോടെ പിരി ച്ചെടുക്കുന്നതോടൊപ്പം തന്നെ പ്രദേശത്തെ പ്രധാന ഉത്സ വങ്ങളോടനുബന്ധിച്ച് എക്സിബിഷൻ മുതലായവ ഏർപ്പെടുത്തിയും, ടിക്കറ്റ് വെച്ചും, സംഭാവനകൾ പിരി ച്ചും നടത്തപ്പെടുന്ന പരിപാടികൾക്ക് തുച്ഛമായ ഫീസ് ഈടാക്കിയും കൂടുതൽ വിഭവസമാഹരണത്തിന് മാർഗ്ഗ ങ്ങൾ തേടാവുന്നതാണ്.

മറ്റ് ധനാഗമ മാർഗ്ഗങ്ങളെ സംബന്ധിച്ചും നാം ചിന്തിക്കേണ്ടിയിരിക്കുന്നു. പുഴ പുറംപോക്ക് ഭൂമി ലീസി നുകൊടുക്കുമ്പോൾ ഇന്ന് നാമ മാത്രമായി ഈടാക്കുന്ന ഫീസിനത്തിൽ കാലോചിതമായ പരിഷ്ക്കാരം വരുത്തേ ണ്ടതാണ്. കടവ് ലേലത്തിലൂടെ ഇന്ന് ലഭിച്ചു കൊണ്ടിരി

ക്കുന്ന നാമ മാത്ര ഫീസ് കാലോചിതമായി മാറ്റേണ്ടതാണ്. പുഴ പുറംപോക്ക് ഭൂമി കൂടുതലുള്ള നമ്മുടെ പഞ്ചായത്തിൽ തൊണ്ട് പൂഴ്ത്തുന്നവരിൽ നിന്നും, കയർ ഉത്പാദകരിൽ നിന്നും നിലവിൽ ഫീസൊന്നും ചുമത്തുന്നില്ല. ഈ മേഖലയിൽ ഉത്പാദന ക്ഷമതയനുസരിച്ച് നികുതി ചുമത്തുന്നതിലൂടെ സാമ്പത്തികമായ വിഭവസമാഹരണം വർദ്ധിപ്പിക്കാൻ സാധിക്കും. പുഴ പുറംപോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തേണ്ടതും ആയത് സംരക്ഷിക്കേണ്ടതുമാണ്. മുൻവർഷങ്ങളിൽ നമ്മുടെ പുഴകളിൽ നിന്നും മണൽവാരൽ പ്രക്രിയ നടന്നിരുന്നെങ്കിലും ഇപ്പോഴത് നടക്കുന്നില്ല. എന്നിരുന്നാലും പരിസ്ഥിതി പ്രശ്നങ്ങൾ കണക്കിലെടുക്കാതെ മണൽ അനധികൃതമായിവാരി ചിലവ്യക്തികൾ അമിതലാഭം കൊയ്യുന്നുണ്ട്. ഇതവസാനിപ്പിക്കുന്നതിന് മണൽവാരുന്ന തൊഴിലാളികളെ സഹകരണസംഘത്തിനു കീഴിൽ സംഘടിപ്പിച്ച് പൂഴിവാരിവില്പന നടത്തുന്നതിലൂടെ പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാനും, തൊഴിലാളിക്ക് മാന്യമായ കൂലി ലഭ്യമാക്കാനും സാധിക്കും.

സർക്കാർ മിച്ചഭൂമിയായി ഏറ്റെടുത്ത 20 ഏക്ര 7 സെന്റ് ഭൂമി പഞ്ചായത്തിന് ചെമ്മീൻ വളർത്താൻ വേണ്ടി 21.4.86ന് G.O.(rt) No630/84/6D നമ്പറായി വിട്ടുകിട്ടിയിരുന്നു. ഇതിന് സർക്കാർ നിബന്ധന പ്രകാരം മാർക്കറ്റ് വില നൽകേണ്ടതായിട്ടുണ്ട്. ആ വിലകുറച്ച് കിട്ടുന്നതിന് വേണ്ടി പഞ്ചായത്ത് സർക്കാറിൽ അപേക്ഷിച്ചിരുന്നുവെങ്കിലും നാളിതുവരെയായിയാതൊരു മറുപടിയും ലഭിച്ചിട്ടില്ല. അതിനാൽ സർക്കാറിനെ കൊണ്ട് ഇക്കാര്യത്തിൽ തീരുമാനം ഉണ്ടാക്കിച്ച് പ്രസ്തുത ഭൂമി ചെമ്മീൻ വളർത്തുന്നതിന് ഉപയോഗപ്പെടുത്തുക വഴി പഞ്ചായത്തിന് ആയിരകണക്കിന് രൂപയുടെ വാർഷികവരുമാനം ഉണ്ടാക്കാവുന്നതാണ്. ഇതിന്റെ പ്രവർത്തനത്തിന്വേണ്ടി ഉൾനാടൻ മത്സ്യബന്ധന തൊഴിലാളികളെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ചാൽ നിലവിലുള്ളതിൽ കൂടുതൽ ആദായം അവർക്ക് ഉണ്ടാക്കാനും സഹകരണരംഗം ഈ മേഖലയിൽ ശക്തിപ്പെടുത്താനും കഴിയും.

നിർമ്മാണ മേഖലയിൽ പഞ്ചായത്തിലുണ്ടാകുന്ന പ്രവർത്തികൾ വാർഡുതല ജനകീയ സമിതികളെ ഏൽപിക്കുന്നത് മൂലം സമയബന്ധിതമായും, കാര്യക്ഷമമായും, പണത്തിന്റെ വിവിധ തട്ടുകളിലുള്ള ചോർച്ചയും അവസാനിപ്പിക്കാൻ കഴിയും. പഞ്ചായത്ത് ബസ്സ്റ്റാന്റിനോടനുബന്ധിച്ച് ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമിച്ച് ആയത് വാടകക്ക് കൊടുക്കപ്പെടുന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കാൽ സാധിക്കുമെന്നത് തർക്കമറ്റതാണ്.

നമ്മുടെ പഞ്ചായത്തിലും, സമീപ പഞ്ചായത്തിലും, കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലും വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന സർക്കാർ സർക്കാരേതര ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് താമസ സൗകര്യമില്ല എന്നത് യാഥാർത്ഥ്യമാണ്. ഇത്തരക്കാർക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്തായി ഭൂമി വിലക്കെടുത്ത് ഹൗസിംഗ് പ്ലോട്ടുകൾ നിർമ്മിച്ച് നൽകുന്നതിലൂടെ വിഭവസമാഹരണത്തിന് മാറ്റൊരു പന്ഥാവ് തെളിഞ്ഞുവരുകയാണ്. ദേശസാൽകൃത ബാങ്കുകളോ, പൊതുമേഖലാസ്ഥാപനങ്ങളോ നിലവിലില്ലാത്ത നമ്മുടെ പഞ്ചായത്തിൽ L.I.C., K.S.F.E., K.F.C., ടെലികമ്മ്യൂണിക്കേഷൻ എന്നിവയുടെ ഓരോ ഒഫീസുകൾ സ്ഥാപിക്കുകയാണെങ്കിൽ ഇന്ന് ഇത്തരം സ്ഥാപനങ്ങൾ തേടിപോകേണ്ട അവസ്ഥ ഇല്ലാതാക്കാനും അതുവഴി പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും.

പച്ചക്കറി കൃഷി വ്യാപകമാക്കികൊണ്ടും, കുടിൽ വ്യവസായങ്ങൾ വികസിപ്പിച്ചും ഈ മേഖലകളിലെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ആഴ്ച ചന്തകൾ സംഘടിപ്പിക്കാവുന്നതാണ്.

നൂറുകണക്കിന് യുവതീയുവാക്കളുടെ അദ്ധ്വാന ശേഷി വികസപ്രക്രിയകൾക്ക് വേണ്ടി വീട്ടുതരാൻ തയ്യാറാണെന്ന് ഇതിനകം നടന്നു കഴിഞ്ഞ പതിനൊന്ന് ഗ്രാമസഭകളിലും ഉറപ്പുകിട്ടിയിട്ടുള്ളതാണ്. ഈ പ്രഖ്യാപനം നമ്മുടെയിടയിലെ ജാതിമത, കക്ഷിരാഷ്ട്രീയ ചിന്തകൾക്ക് അതീതമായി ഒരു വികസന സംസ്കാരം ഉണ്ടാക്കിയെടുക്കാൻ പര്യാപ്തമാണെന്നത് നിസ്സംശയം പറയാം. ഇത് അഭിമാനാർഹമാണ്. നമ്മുടെ വിവിധവാർഡുകളിലെ റോഡുകളും, നടപ്പാതകളും വർഷകാലങ്ങളിൽ കുത്തിയൊലിച്ച് വഴിനടക്കാൻ പോലുംപറ്റാത്ത അവസ്ഥയിലാകാറുണ്ട്. ഇതിന്റെ സംരക്ഷണം അതാത് പ്രദേശത്തെ സന്നദ്ധ, സാംസ്കാരിക പ്രവർത്തകരെ ഏർപിക്കുന്നതിലൂടെ ഈ രംഗത്തെ പാഴ് ചെലവ് നിയന്ത്രിക്കാനും മുഴുവൻ സമയവും റോഡും നടപ്പാതകളും ഗതാഗതയോഗ്യമാക്കി മാറ്റാവുന്നതുമാണ്. പഞ്ചായത്തിലെ പൊതുകിണറുകളും, കുളങ്ങളും, തോടുകളും വാർഷിക അറ്റകുറ്റപണി നടത്തുന്ന ജോലി സന്നദ്ധ പ്രവർത്തകരെ ഏൽപ്പിക്കാവുന്നതാണ്.

സമ്പൂർണ സാക്ഷരത നേടിയ നമ്മുടെ പഞ്ചായത്തിൽ S.S.L.C., മുതൽ മേലോട്ട് ഉന്നത വിദ്യാഭ്യാസം നേടിയ ഒട്ടേറെ പേരുണ്ട്. ഇവരുടെ സേവനം

ആവശ്യാനുസരണം ഉപയോഗപ്പെടുത്തി വിദ്യാഭ്യാസമായും സാമൂഹിക സാംസ്കാരികമായും പിന്നോക്കം നിൽക്കുന്ന വരെ ഉയർത്തിയെടുക്കുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന പക്ഷം നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ നിലവിലുള്ള അവസ്ഥ മാറ്റിയെടുക്കാനും മറ്റു പഞ്ചായത്തുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരന്തരീക്ഷം എല്ലാ മേഖലയിലും ഉണ്ടാക്കിയെടുക്കാനും കഴിയും. ഇത് നമുക്കേവർക്കും അഭിമാനത്തിന് വകനൽകുന്നതാണ്.

കഴിഞ്ഞ പത്തുവർഷകാലയളവിൽ നമ്മുടെ പഞ്ചായത്തിലുണ്ടായിട്ടുള്ള വരവ് ചെലവ് കണക്കുകളെ സംബന്ധിച്ച് താരതമ്യപഠനത്തിനു സഹായിക്കുന്ന ഒരു ചാർട്ട് അത്യന്തചേർത്തിരിക്കുന്നു.

1986-87 മുതൽ 10 വർഷത്തെ പഞ്ചായത്തിന്റെ വരവ് ചെലവിന്റെ രൂപം.

വർഷം	വരവ്	ചെലവ്
1986-87	545696-40	371766-09
87-88	438777-60	402690-52
88-89	536439-90	330027-30
89-90	874609-61	1028950-30
90-91	1107044-57	1341577-27
91-92	976006-34	647239-95
92-93	1394645-72	1087143-79
93-94	1356407-70	1881609-70
94-95	1547337-00	1691155-49
95-96	1825616-30	1404037-40

ബാങ്കിംഗ് മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ രണ്ടു സ്ഥാപനങ്ങൾ മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ ശാഖയാണൊന്ന്. ഇതിന്റെ പ്രവർത്തനം നല്ലരീതിയിൽ നടക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും ജനങ്ങൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നില്ല. ഈ അവസ്ഥക്ക് മാറ്റം വരുത്തി വ്യവസായ സംരംഭകർക്കും

	86-87	95-96
എസ്റ്റാബ്ലിഷ്മെന്റ്	1,51088-35	534700-85
റോഡ് റിപ്പേർ	73175-60	220671-00
കറന്റ്	15013-20	85299-00
വിദ്യാഭ്യാസം	7657-10	73996-00
ജലവിതരാണാദികാര്യം	18401-00	324977-25
മറ്റിനങ്ങൾ	106431-44	164393-30
	371766-69	1404037-40

കൊല്ലം	വരവ്	ചെലവ്
89-90	3,11,397.00	3,11,397
90-91	4,96,769.00	4,96,769
91-92	3,88,855.00	3,88,855
92-93	4,27,900.00	4,27,900
93-94	7,96,900.00	7,96,900
94-95	5,41,353.00	5,41,353

കൃഷിക്കാർക്കും സാമ്പത്തിക സഹായം നൽകുന്നതിലൂടെ ഈ രംഗത്ത് നിന്ന് വിഭവസമാഹരണത്തിന് സാധ്യതകാണുന്നു. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ബാങ്കാണ് മറ്റൊന്ന്. പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയുള്ള ഇതിന്റെ പ്രവർത്തനം ഇനിയും പരിഷ്കരിക്കേണ്ടതാണ്. മുഴുവൻ മെമ്പർമാരെയും സാമ്പത്തികമായി സഹായിക്കാവുന്ന ഒരു പരിതസ്ഥിതി ഈ സ്ഥാപനത്തിന് ഉണ്ടാവേണ്ടിയിരിക്കുന്നു.

ഉള്ളിയേരി ഗ്രാമപഞ്ചായത്തിലെ തൊഴിൽ ശക്തി.

	പുരുഷൻ	സ്ത്രീ	ആകെ
1. സാങ്കേതിക വിദഗ്ധർ	457	47	504
2. കരിങ്കൽ പൊട്ടിക്കൽ ഉടയ്ക്കൽ	379	25	404
3. ഗാർഹിക വീട്ടുസാധനങ്ങൾ നിർമ്മിക്കൽ	95	67	162
4. ഗൃഹേതര നിർമ്മാണം	645	545	1190
5. നിർമ്മാണതൊഴിലാളികൾ	448	9	457
6. വ്യാപാര വാണിജ്യതൊഴിലാളികൾ	949	23	972
7. ഗതാഗതം, വാർത്താവിനിമയം	314	59	373
8. മറ്റു മേഖലയിൽ	600	187	787
9. അനുബന്ധ തൊഴിലാളികൾ	509	306	815
10. തൊഴിലില്ലാത്തവർ	7449	12459	19908
ആകെ	11845	13727	25572

അവലംബം 1991 സെൻസസ്റിപ്പോർട്ട്

മാനവരാശിയുടെ
നിലനില്പിനായി
മണ്ണും ജലവും സംരക്ഷിക്കുക

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

വ്യത്യസ്ത സമുദായങ്ങളുടേയും വർഗ്ഗങ്ങളുടേയും കൂട്ടായ്മയാണ് ഒരു സമൂഹത്തിന് രൂപം നൽകുന്നത്. എന്നാൽ പണ്ട്കാലം മുതൽക്കേ ഈ കൂട്ടായ്മയിൽ നിന്ന് അകറ്റി നിർത്തപ്പെട്ട ഒരു വിഭാഗമായിരുന്നു പട്ടിക ജാതിക്കാർ. സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഇവർ വളരെ പിന്നിലാണ്. ഈയടുത്തകാലത്ത് വിദ്യാഭ്യാസ സാമൂഹ്യമേഖലയിൽ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് ഇപ്പോഴും ഇവർക്ക് ഉയർന്നുവരാൻ കഴിഞ്ഞിട്ടില്ല. ഇതിനുകാരണം വളരെക്കാലം മുമ്പേ സാമ്പത്തികചൂഷണത്തിന് ഈ വിഭാഗം വിധേയരായതാണ്. സമൂഹത്തിൽ നിന്ന് അയിത്തം കൽപ്പിച്ച് ദൂരെ മാറ്റി നിർത്തപ്പെട്ട വിഭാഗമായിരുന്നു ഇവർ എങ്കിലും ഈ നാട്ടിലെ കൃഷിഭൂമിയിൽ ചോരനീരാക്കി പണിചെയ്ത് മണ്ണിനെ പൊന്നാക്കി മാറ്റാൻ ഇവരുടെ അദ്ധ്വാനശേഷി വേണ്ടിവന്നു. എല്ലുമുറിയെ പണിചെയ്ത് കൂലി ചോദിക്കാനറിയാതെ ജന്മിമാർ നൽകിയിരുന്ന ഔദാര്യം കൈനീട്ടിവാങ്ങി തൃപ്തിപ്പെട്ടിരുന്ന ഒരു കാലഘട്ടം ഇവർക്കുണ്ടായിരുന്നു. അറിവിന്റെ വെളിച്ചം ഇല്ലാതിരുന്ന ഇവർക്ക് അവകാശം ചോദിച്ചുവാങ്ങാൻ തന്റേടമുണ്ടായിരുന്നില്ല. ഭൂപ്രഭുക്കന്മാരുടെ മർദ്ദനം ഭയന്ന് കൂലി ചോദിക്കാൻ പോലും ഇവർ തയ്യാറായിരുന്നില്ല. സ്വന്തം കൺ മുമ്പിലിട്ട് അമ്മയെയും പെങ്ങളെയും ശാരീരികവും മാനസികമായും പീഡിപ്പിക്കുന്നത് കണ്ട് അതിനെ ചെറുക്കുവാനുള്ള ശേഷിയില്ലാതെ നാടുവിട്ടു പോകേണ്ടിവന്നവർ മുൻകാലങ്ങളിൽ ഈ പഞ്ചായത്തിലുണ്ട്. പട്ടികജാതിക്കാരുടെ കായിക ശക്തി ഉപയോഗപ്പെടുത്തിക്കൊണ്ട് സ്വന്തം കുടുംബത്തിന്റെ സമ്പത്ത് കുന്നുകൂട്ടാൻ മാത്രമായിരുന്നു ഭൂവുടമകൾ ശ്രദ്ധിച്ചിരുന്നത്. ഉടമയ്ക്ക് നാലുനേരവും സമൃദ്ധമായി ഉണ്ണാനും അതിലുപരി സമ്പാദിക്കാനും രാപ്പകലില്ലാതെ പാടുപെട്ട് അദ്ധ്വാനിച്ചിരുന്ന ഈ വിഭാഗത്തിന് മുറ്റത്തെ കുഴിയിൽ ഇലവെച്ചാണ് കഞ്ഞി നൽകിയിരുന്നത്.

എന്നാൽ ഇന്ന് സ്ഥിതിയാകെ മാറിയിരിക്കുന്നു. നാട്ടുപ്രമാണിമാർ തടവെച്ച് നൽകിയ 'ഇറകാണുന്ന കഞ്ഞിവെള്ളം മോന്തിക്കുടിച്ച് വിശപ്പടക്കാൻ പാടുപെട്ടിരുന്ന ഇവർ നാട്ടിൽ അങ്ങോളമിങ്ങോളം ഉയർന്നുവന്ന ജനകീയ മുന്നേറ്റത്തിന്റെ ഫലമായി അടിമഉടമ വ്യവസ്ഥിതിക്ക് ഏതാണ്ട് അന്ത്യം കുറിക്കുകയും സമൂഹത്തിൽ ഒരേ പന്തിയിലിരുന്ന് ഭക്ഷണം കഴിക്കുകയും ചെയ്യുന്ന സ്ഥിതിയിലേക്കുയർന്ന പരിഷ്കൃത സമൂഹമായി മാറി. കർഷക മുന്നേറ്റത്തിന്റെ ഭാഗമായി വന്ന ഭൂപരിഷ്കരണ നിയമത്തിലൂടെ തുണ്ടുഭൂമിയാണെങ്കിൽ പോലും പണ്ടുമുതലേ വിയർപ്പൊഴുക്കിയ മണ്ണിന് അവകാശികളായി മാറാൻ ഇവർക്ക് കഴിഞ്ഞു.

പട്ടിക 1

1991 ലെ സെൻസസ് അനുസരിച്ച വാർഡടിസ്ഥാനത്തിൽ പട്ടികജാതി ജനസംഖ്യ

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ
I	225	218	443
II	356	314	670
III	166	168	334
IV	120	142	262
V	179	192	371
VI	68	60	128
VII	156	167	323
VIII	172	179	351
IX	129	157	286
X	176	182	358
XI	81	86	167
മൊത്തം	1828	1865	3693

1991 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ 28000 ത്തോളം വരുന്ന ജനസംഖ്യയിൽ 3693 പേർ പട്ടികജാതിക്കാരാണ്. ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 13.8% വരും. ഇതിൽ 1828 പുരുഷന്മാരും 1865 സ്ത്രീകളും ആണ്. അംഗീകരിക്കപ്പെട്ട 24 കോള

നികളാണ് പഞ്ചായത്തിലുള്ളത്. ഇതിൽ 20ം വാർഡിലെ അഞ്ജനോർമല 11ാം വാർഡിലെ എളങ്ങോട്ടുമല എന്നിവ IHDP കോളനികളാണ്.

കോളനികൾ കൂടാതെ ധാരാളം കുടുംബങ്ങൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി താമസിക്കുന്നുണ്ട്. വളരെ കാലത്തെ പരിശ്രമം കൊണ്ട് സാമൂഹ്യവിദ്യാഭ്യാസരംഗങ്ങളിൽ പ്രകടമായ പുരോഗതി ഇവരുടെ മേഖലയിൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സാമ്പത്തികവളർച്ചയും പുരോഗതിയും വേണ്ടരീതിയിൽ ഇനിയും ആയിട്ടില്ല. ഇവരുടെ ഉന്നമനത്തിനുവേണ്ടി പല പദ്ധതികളും സർക്കാർ ഏജൻസികളിലൂടെ നടപ്പാക്കുന്നുണ്ടെങ്കിലും ബോധവത്കരണത്തിന്റെ അഭാവം മൂലം അവയൊന്നും തന്നെ വേണ്ടത്ര ഫലപ്രദമായി എന്നു പറഞ്ഞുകൂടാ. എന്നാൽ കോളനികൾ കേന്ദ്രീകരിച്ചുകൊണ്ട് നടപ്പാക്കിയ പരിപാടികൾ ഒട്ടൊക്കെ വിജയപ്രദമായിട്ടുണ്ട്. കോളനിക്ക് പുറത്തുതാമസിക്കുന്ന കുടുംബങ്ങളെ സാമൂഹ്യമായും സാമ്പത്തികമായും വളർത്തിയെടുക്കുന്നതിൽ ഇനിയും വളരെയേറെ ശ്രദ്ധ പതിയേണ്ടതുണ്ട്.

കോളനിയിൽ വീടുകളുടേയും അംഗങ്ങളുടേയും വിവരം കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു. (പട്ടിക 2 കാണുക.)

വിദ്യാഭ്യാസം

പഞ്ചായത്തിൽ പട്ടികജാതിക്കാരുടെ ഇടയിൽ നിരക്ഷരർ കുറവാണ്. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇവർ മറ്റുള്ളവരോടൊപ്പം എത്തിനിൽക്കുന്നതായി കാണുന്നില്ല. രക്ഷിതാക്കളുടെ വിദ്യാഭ്യാസക്കുറവ് ഇതിന് പ്രധാനകാരണമാകുന്നുണ്ട്. SSLC ക്ക് ശേഷം ഉപരിപഠനത്തിന് പോകുന്ന വരും SSLC തോറ്റതിന്ശേഷം തുടർന്നു പഠിക്കുന്നവരും നാമമാത്രമാണ്. കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടിവരുന്നതിനാൽ ഇടയ്ക്ക് പഠനം നിർത്തേണ്ടിവന്നവർ വളരെ കൂടുതൽ ഈ പഞ്ചായത്തലുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും ഇവർക്കന്യമാണെന്നു തന്നെ പറയാം.

1996 –97 അദ്ധ്യയനവർഷത്തിൽ പഠിച്ചുകൊണ്ടിരിക്കുന്ന 653 പട്ടിക ജാതി വിദ്യാർത്ഥികളാണ് പഞ്ചായത്തിലുള്ളത്. ഇതിൽ ഹൈസ്കൂളിൽ പഠിക്കുന്നവർ 217 ഉം പ്രൈമറി വിഭാഗത്തിൽ പഠിക്കുന്നവർ 436 ഉം ആണ്.

SSLC തോറ്റ വിദ്യർത്ഥികൾക്ക് തുടർന്ന് പഠിക്കാൻ വേണ്ടുന്ന സഹായം സർക്കാർ നൽകുന്നുണ്ട്. അതുപോലെ ഉപരിപഠനത്തിനും സർക്കാർ ധനസഹായം നൽകുന്നുണ്ട്. എന്നാൽ ഇതിനേക്കുറിച്ചു വേണ്ടത്ര അറിവില്ലാത്തതുകാരണം ഇവരിൽ ഭൂരിഭാഗവും ഇവയൊന്നും ഉപയോഗപ്പെടുത്താൻ തയ്യാറാവുന്നില്ല. വിദ്യാഭ്യാസം നേടാൻ ഇവർക്കിടയിലുള്ള വൈമുഖ്യം മാറ്റിയെടുക്കാൻ ബോധപൂർവ്വവും ദ്രുതഗതിയിലുമുള്ള ഇടപെടലുകൾ നടത്തണം.

തൊഴിൽ

പട്ടികജാതിയിലെ ഭൂരിപക്ഷവും കർഷകത്തൊഴിലാളികളാണ്. കൃഷിപ്പണയിലാണ് പണ്ടുകാലത്തേ ഇവർ ശ്രദ്ധ പതിപ്പിച്ചിരുന്നുത്. എന്നാൽ കർഷിക മേഖലയിൽ വർദ്ധിച്ചുവരുന്ന കൃഷിമുരടിപ്പും ഉല്പാദന തകർച്ചയും കാരണം തൊഴിൽദിനങ്ങൾ നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തന്നെ കുടുംബം പോറ്റാൻ മറ്റുമേഖലകളിലേക്ക് ഇവർ തൊഴിൽ തേടി പോകുന്നു. തന്മൂലം കാർഷിക മേഖലയിൽ ഇന്ന് പണിക്ക് ആളെ കിട്ടാനില്ലാതായിരിക്കുന്നു. ഭൂരിഭാഗം കർഷകത്തൊഴിലാളികളും നിർമ്മാണരംഗത്തേക്കാണ് തൊഴിൽതേടി പോയിരിക്കുന്നത് ഈ മേഖലയിൽ സ്ത്രീക്ക് 80 രൂപയും പുരുഷന് 125 രൂപയുമാണ് കൂലി ലഭിച്ചുകൊണ്ടിരിക്കുന്നത്. പുതിയ തലമുറ പൂർണ്ണമായും കാർഷിക തൊഴിൽ രംഗത്തു നിന്ന് അകന്നു കഴിഞ്ഞിരിക്കുന്നു. നാടൻപാട്ടിന്റെ ഇമ്പമാർന്ന ശീലുകളുയർത്തി ഞാറുനട്ടിരുന്ന സ്ത്രീ തൊഴിലാളികൾ ഇന്ന് പാടങ്ങളിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. കട്ടയുടയ്ക്കൽ, നുരിവെയ്ക്കൽ, ഞാറുപറിക്കൽ, നടീൽ, കളപറയ്ക്കൽ എന്നിവയ്ക്ക് ഇന്ന് തൊഴിലാളികളെ കിട്ടാനില്ലാത്ത സ്ഥിതി വന്നിരിക്കുന്നു. കൊയ്ത്തിന് കൂലിയായി കൊടുത്തിരുന്നത്, പതം ആയിരുന്ന കാലത്ത് പോലും ഈ തൊഴിലിന് ആളെ കിട്ടാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. കൊയ്ത്തും മെതിയും ഈ വിഭാഗത്തിന് അന്യമായിക്കൊണ്ടിരിക്കുകയാണ്.

കാർഷികോല്പാദനമേഖലയിൽ ഉല്പാദനരംഗത്ത് വന്വിച്ച കുതിച്ചുചാട്ടം ഉണ്ടായാൽ മാത്രമേ ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരം പിടിച്ചു നിർത്താൻ കഴിയുകയുള്ളു. ആയതിനാൽ കാർഷിക മേഖലയിലേക്ക് തൊഴിലാളികളെ ആകർഷിച്ച് തിരിച്ച് കൊണ്ടുവരാനാവശ്യമായ നടപടികൾ വളരെ വേഗത്തിൽ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പരമ്പരാഗതമായിരുന്ന പായ നെയ്ത്ത് , കുട്ടമടയൽ തുടങ്ങിയിട്ടുള്ള തൊഴിലുകൾ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. യുവതലമുറ ഈ തൊഴിലുകൾ ഏറ്റെടുക്കാൻ തെയ്യാറല്ലെന്നു വന്നിരിക്കുന്നു. കുറ്റിയറ്റു പോകുന്ന ഈ തൊഴിൽ സംരക്ഷിക്കാൻ തൊഴിൽ മാന്യത കല്പിച്ച് ഈ പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കേണ്ടതുണ്ട്. മത്സ്യം പിടിച്ച് ഉപജീവനം കഴിക്കുന്ന പട്ടിക ജാതിക്കാർ പഞ്ചായത്തിലുണ്ട്. കയർമേഖലയിൽ ജോലിയെടുക്കുന്ന പട്ടികജാതിക്കാരും ഈ

പഞ്ചായത്തിലുണ്ട്. സ്ത്രീകൾ ഈ മേഖലയിൽ ധാരാളമുണ്ട്. കാർഷികമേഖലയിലായാലും മറ്റ് തൊഴിൽ മേഖലയിലായാലും മുഴുവൻ ദിനങ്ങളിലും ഇവർക്ക് തൊഴിൽ ലഭിക്കാറില്ല. നിത്യത്തൊഴിലിനുള്ള കൂലി കൊണ്ട് ഉപജീവനം കഴിച്ചു വരുന്ന ഈ വിഭാഗത്തിന് മുഴുവൻ ദിനങ്ങളിലും തൊഴിൽ ഉറപ്പുവരുത്തുന്ന തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കണം. എങ്കിൽ മാത്രമെ പഞ്ചായത്തിലെ പട്ടിക ജാതിക്കാരുടെ തൊഴിലും സാമ്പത്തിക നിലവാരവുംച മെച്ചപ്പെടുത്താൻ കഴിയു.

പട്ടിക 3

പട്ടികജാതി കുടുംബങ്ങൾ

വർഷം	എണ്ണം
92-93	47
93-94	78
94-95	46
95-96	20

പട്ടിക 4

ട്രൈസം മുഖാന്തിരം നടപ്പാക്കിയ തൊഴിൽ പരിശീലന പദ്ധതി

വർഷം	ആകെ	സ്ത്രീ	പു
92-93	3	3	-
93-94	4	3	1
94-95	-	-	-
95-96	-	-	-

പരിശീലനം കൊടുത്ത 7 പേരും സ്വയം തൊഴിൽ സംരഭങ്ങളിൽ ഗ്രാമീണ വനിതാശിശുക്ഷേമ പരിപാടിയിൽ ഏർപ്പെട്ടു.

പട്ടിക 5

പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്കായുള്ള വായ്പാ പദ്ധതി

വർഷം	സഹായം ലഭിച്ചവർ	തുക
1991-92	ഇല്ല	-
1992-93	ഇല്ല	-
1993-94	ഇല്ല	-
1994-95	8പേർ	94,000
1995-96	3 പേർ	35,000
ആകെ	11പേർ	1,29,000

പാർപ്പിടം

പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ ഇന്നും കഴിഞ്ഞിട്ടില്ല. സർക്കാർ നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾക്ക് ഒരു പരിധി വരെ ഈ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹരിജൻകോളനികളിൽ മിക്കവാറും കുടുംബങ്ങൾക്ക് വീടു വെച്ച് നൽകുന്നതിൽ വിജയിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അത്തരം കോളനികളിൽ വീടുകളില്ലാത്ത കുടുംബങ്ങൾ ഇനിയും അവശേഷിക്കുന്നു. മാത്രമല്ല നൽകിയ വീടുകളിൽ തന്നെ പ്രഥമിക സൗകര്യങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ ഏറെ കുറെ പൂർണ്ണമായും എത്തിച്ചേരുന്നത് കോളനികളിലാണെന്ന് കാണാം. മറ്റു സമൂഹങ്ങളോടൊപ്പം കോളനിയിൽ നിന്നകന്ന് താമസിക്കുന്ന കുടുംബങ്ങൾക്ക് വേണ്ടത്ര ആനുകൂല്യം ലഭ്യമാകുന്നില്ല. വീടുനിർമ്മിക്കാൻ വേണ്ടി സർക്കാർ നൽകുന്ന ആനുകൂല്യം യഥാർത്ഥ ആവശ്യത്തിന് ഉപയോഗിക്കാതെ മറ്റാവശ്യത്തിന് ഉപയോഗിക്കുന്ന സ്ഥിതിയും ഈ വിഭാഗത്തിൽ കാണുന്നുണ്ട്. ധനസഹായ സ്ഥാപനങ്ങളിൽ നിന്ന് ലോണെടുക്കുകയും വീടുപണി പൂർത്തിയാക്കാതെയും വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെയും കടക്കെണിയിൽ പെട്ടു പോയവരും ഈ പഞ്ചായത്തിലുണ്ട്. ഇവരുടെ കോളനികളിലേക്ക് വേണ്ടത്ര യാത്രാ സൗകര്യങ്ങൾ ഉണ്ടായിട്ടില്ല എന്നുള്ളത് ഇവർക്ക് വേണ്ടി നടപ്പാക്കിയ പദ്ധതികളുടെ അപര്യാപ്തതയാണെന്ന് കാണാം. അതുപോലെ തന്നെ കോളനികളിൽ വൈദ്യുതി എത്തിക്കാനും കഴിഞ്ഞിട്ടില്ല.

കുടിവെള്ളം, ശുചിത്വം, ആരോഗ്യം.

പാവപ്പെട്ടവന് കുന്നിൻമുകളിൽ വീട് എന്ന സമൂഹത്തിൽ നിലനിന്ന് വ്യവസ്ഥാകാരണം പാവപ്പെട്ട പട്ടികജാതിക്കാരുടെ വാസം എന്നും കുന്നിൻ മുകളിലായിരുന്നു അതുകൊണ്ടുതന്നെ കുടിവെള്ളത്തിന്റെ പ്രശ്നം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്നത് ഈ വിഭാഗത്തിൽപെട്ടവർക്കാണ്. കൂടാതെ വേണ്ടത്ര കക്കൂസുകളും പ്രാഥമിക സൗകര്യങ്ങളും ഇവരുടെ വീടുകൾക്ക് ഇല്ല എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു. ആയതിനാൽ ജലദൗർലഭ്യം മൂലം പരിസര ശുചിത്വം ണ്ടത്ര പാലിക്കാൻ ഇവർക്ക് കഴിയുന്നില്ല. അതുകൊണ്ട്തന്നെ പകർച്ചവ്യാധികളും ദരിദ്രരോഗങ്ങളും ഏറ്റവും വ്യാപകമായികാണപ്പെടുന്നത് ഈ വിഭാഗത്തിലാണ്.

പട്ടിക 6

CRSP സ്കീം അനുസരിച്ച് കക്കൂസുകൾ ലഭിച്ച പട്ടികജാതിക്കാർ

വർഷം	സഹായം ലഭിച്ച വീടുകളുടെ എണ്ണങ്ങൾ
1992-93	ഇല്ല
1993-94	9
1994-95	12
1995-196	2

പട്ടിക 7

ദശലക്ഷം കിണർ പദ്ധതിപ്രകാരം സഹായം ലഭിച്ച പട്ടകജാതിക്കാർ (MWS)

വർഷം	എണ്ണം
1992-93	3
1993-94	4
1994-95	4
1995-96	1

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പട്ടികജാതിക്കാരിൽ ഏറെ കുടുംബങ്ങൾക്ക് വീടുകൾ ഇല്ല.

2. ഓല വീടുകളിലും ചെറ്റക്കുടിലുകളിലുമാണ് കൂടുതൽ കുടുംബങ്ങളും താമസിക്കുന്നത്.

3. വീടുവെക്കാൻ സ്വന്തമായി സ്ഥലം ഇല്ലാത്ത കുടുംബങ്ങളുണ്ട്.

4. വീടുവെക്കാൻ സർക്കാർ നൽകുന്ന സാമ്പത്തിക സഹായങ്ങൾ വീട് പൂർത്തീകരിക്കാൻ തികയുന്നില്ല. അതുകൊണ്ടു തന്നെ ധാരാളം വീടുകൾ പണിതീരാതെ ഇപ്പോഴും കിടക്കുന്നുണ്ട്.

5. കോളനികളിലും കോളനിക്ക് പുറത്തുള്ള വീടുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.

6. മിക്ക വീടുകളിലും കോളനികളിലും കുടിവെള്ളം വേണ്ടത്ര ലഭ്യമല്ല.

7. കക്കൂസുകൾ ഇല്ലാത്ത വീടുകൾ ധാരാളമുണ്ട്.

8. വൈദ്യുതി എത്തിയിട്ടില്ലാത്ത വീടുകളും കോളനികളും കൂടുതലാണ്.

9. യാത്രാസൗകര്യത്തിന് റോഡുകളും നടപ്പാതകളും ഉള്ളകോളനികൾ വളരെകുറവാണ്.

10. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നു. 11. കൃഷിചെയ്യാൻ തൽപ്പരരാണെങ്കിൽ സ്വന്തമായി ഭൂമിയില്ലാത്തതിനാൽ കൃഷിചെയ്യാൻ കഴിയുന്നില്ല.

12. കർഷകത്തൊഴിലാളികളായ പുരുഷന്മാരും സ്ത്രീകളും തൊഴിൽതേടി ദൂരസ്ഥലങ്ങളിലെ മറ്റുമേഖലകളിലേക്ക് പോകേണ്ടി വരുന്നു.

13. പട്ടികജാതി വിഭാഗത്തിൽ നിരക്ഷരരുണ്ട്.

14. ബിരുദവും ബിരുദാനന്തര ബിരുദവും നേടിയവർ വളരെകുറവാണ്.

15. സാങ്കേതിക വിദ്യാഭ്യാസവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും നേടിയവർ പരിമിതമാണ്.

16. എസ്.എസ്, എൽസി പാസായവർ കുറവാണ്.

17. എസ്, എസ്, എൽസി തോറ്റവരിൽ അധികംപേരും തുടർന്നു പഠിക്കുന്നില്ല. തോറ്റവർക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്തിനെക്കുറിച്ച് അറിവില്ലായ്മകൊണ്ട് പലരും ഇത് ഉപയോഗപ്പെടുത്തുന്നില്ല.

18. കോളനികൾ കേന്ദ്രീകരിച്ചുകൊണ്ട് ഗ്രന്ഥശാലകൾ ഇല്ല.

19. നവസാക്ഷരർക്ക് തുടർവിദ്യാഭ്യാസം ലഭിക്കുന്നില്ല.

20. മത്സര പരീക്ഷകൾക്ക മുന്നോടിയായി സർക്കാർ തലത്തിൽ നൽകുന്ന പരിശീലനം ഉദ്യോഗർത്ഥികൾ ഉപയോഗപ്പെടുത്തുന്നില്ല്.

21. കലാകായിക രംഗങ്ങളിൽ വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

22. തൊഴിലില്ലായ്മ ഈ വിഭാഗത്തിൽ ഏറ്റവും കൂടുതൽ വർദ്ധിച്ചു വരുന്നതായി കാണുന്നു.

23. ഉന്നത തൊഴിൽ മേഖലയിലെത്തിപ്പെടുന്നവർ പരിമിതമാണ്.

24. പരമ്പരാഗത വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ എന്നീ മേഖലകളെക്കുറിച്ച് ഇവർ വേണ്ടത്ര ബോധവാന്മാരാകുന്നില്ല.

25. സ്വയം തൊഴിൽ, കുടിൽ വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ എന്നീ മേഖലകളെക്കുറിച്ച് ഇവർ വേണ്ടത്ര ബോധവാന്മാരാകുന്നില്ല.

26. തൊഴിലില്ലാത്ത സ്ത്രീകൾ നിരവധിയുണ്ട്.

27. മത്സ്യം പിടിക്കുവാൻ ആവശ്യമായിട്ടുള്ള തൊഴിലുപകരണങ്ങൾ വേണ്ടത്രയും ലഭ്യമല്ല.

28. ആരോഗ്യ സംരക്ഷണസംവിധാനം വേണ്ട പോലെ പാലിക്കപ്പെടുന്നില്ല.

29. ജലലഭ്യതക്കുറവുകാരണം വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുവാൻ വിഷമം നേരിടുന്നു.

30. പകർച്ചവ്യാധികളും ദരിദ്രരോഗങ്ങളും സാധാരണ കാണപ്പെടുന്നു.

31. നിത്യരോഗികളുടെ ചികിത്സക്ക് ധനസഹായം പൂർണ്ണമായും ലഭ്യമാകുന്നില്ല.

32. മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന കുടുംബങ്ങളുണ്ട്.

33. ശ്മശാനം ഇല്ല.

34. സർക്കാർ ഏജൻസികളിൽ നിന്നും ധനസഹായ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പകൾ വേണ്ട പോലെ ഉപയോഗപ്പെടുത്തുന്നില്ല.

35. സാങ്കേതികത്തകരാറുമൂലം നിലവിലുള്ള ചില കുടിവെള്ള സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

പ്രശ്നപരിഹാരങ്ങൾ

1. വീടുകളില്ലാത്ത കുടുംബങ്ങൾക്ക് വീടുവെച്ചു നൽകുവാനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.

2. വീടുവെക്കാൻ ഇന്നു നൽകുന്ന തുക അപര്യാപ്തമായതിനാൽ ഇത് വർദ്ധിപ്പിച്ച് വീട് പൂർത്തീകരിക്കാനാവശ്യമായ തുക നൽകണം.

3. വീടുവെക്കാൻ നൽകുന്ന തുക ദുരുപയോഗപ്പെടുത്തുന്നത് തടയാൻ സർക്കാർ ഏജൻസികൾ നേരിട്ട് വീടുവെച്ച് കൊടുക്കുവാനുള്ള പദ്ധതികൾ ഏർപ്പെടുത്തണം.

4. കോളനികൾക്കും മറ്റുകുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കാൻ ബ്ലോക്കിന്റെയും ഗ്രാമപഞ്ചായത്തിന്റേയും നേതൃത്വത്തിൽ കിണറുകൾ, കുഴൽകിണറുകൾ, ടാപ്പുകൾ എന്നിവ സ്ഥാപിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ് .

5. കുടവെള്ള ക്ഷാമം പരിഹരിക്കാൻ കോളനികൾ കേന്ദ്രീകരിച്ച് പഞ്ചായത്ത് നടപ്പാക്കിയ പല പദ്ധതികളും പൂർത്തീകരിക്കാതെ കിടക്കുന്നു. ഇവ എത്രയും പെട്ടന്ന് പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ ഉടനെ ഏറ്റെടുക്കണം.

6. കക്കൂസില്ലാത്ത വീടുകളിൽ മുഴുവൻ കക്കൂസ് നിർമ്മിക്കുവാനുള്ള പദ്ധതി നടപ്പാക്കണം.

7. വീടുവെക്കാൻ ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കി വീടുവെച്ചു നൽകണം.

8. കോളനികളിലേക്ക് നടപ്പാതകളും റോഡുകളും നിർമ്മിച്ച് യാത്രാ സൗകര്യം വർദ്ധിപ്പിക്കണം. ഇതിന് കായികാധ്വാനം ഉപയോഗപ്പെടുത്താം.

9. വീടുകൾ വൈദ്യുതീകരിക്കുവാനാവശ്യമായ ധനസഹായം നൽകി അവ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്നുറപ്പുവരുത്തണം. സാധ്യമായ കോളനിക്ക് ട്രാൻസ്ഫോർമർ സ്ഥാപിച്ച് കോളനികളിലും വീടുകളിലും വൈദ്യുതി ലഭ്യമാക്കണം.

10 കാർഷികമേഖല മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതകളെക്കുറിച്ച് തൊഴിലാളികൾ ബോധവത്കരണം നടത്തി കൃഷിപ്പണിയിലേക്ക് അവരെ ആകർഷിച്ച് തിരിച്ചു കൊണ്ടുവരാനുള്ള നടപടിയുണ്ടാകണം.

11. പഞ്ചായത്തിലെ തരിശുഭൂമിയും, പുറമ്പോക്കു സ്ഥലങ്ങളും ചെറിയ പാട്ടത്തിനു നൽകി കൃഷി നടത്താൻ ഇവരെ പ്രാപ്തരാക്കണം.സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതിയിലുള്ള കൃഷി ചെയ്യാതെ കിടക്കുന്ന ഭൂമി കരാറടിസ്ഥാനത്തിൽ ഈ വിഭാഗത്തിന് നൽകി കൃഷി ചെയ്യിക്കാനാവശ്യമായ പ്രോത്സാഹനം നൽകണം.

12. പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകി നൂതന മാർഗ്ഗങ്ങളുപയോഗിച്ച് കൗതുകവസ്തുക്കളും ആകർഷക വസ്തുക്കളും ഉണ്ടാക്കാൻ പരിശീലനം നൽകണം. പഞ്ചായത്തിടിസ്ഥാനത്തിൽ വിപണി കണ്ടെത്തണം.

13. സ്ത്രീകളുടെ തൊഴിൽ പ്രശ്നം പരിഹരിക്കാൻ കോളനികൾ കേന്ദ്രീകരിച്ചോ പഞ്ചായത്ത് കേന്ദ്രീകരിച്ചോ ചെറുകിട വ്യവസായയൂണിറ്റുകൾ നടപ്പിലാക്കണം.

14. സ്വയം തൊഴിൽ, കുടിൽ വ്യവസായങ്ങൾ, ചെറുകിടവ്യവസായങ്ങൾ എന്നിവ നടത്താൻ താല്പര്യമുള്ള സംരഭകരെ കണ്ടെത്തി അവർക്കാവശ്യമായ പരിശീലനം നൽകണം. തുടങ്ങേണ്ട വ്യവസായങ്ങളെക്കുറിച്ച് വ്യവസായവകുപ്പുമായി ബന്ധപ്പെട്ട് ബോധവത്കരണവും പരിശീലനവും സാമ്പത്തിക സഹായവും നൽകണം.

15. തുടർ വിദ്യാഭ്യാസത്തിന് ആവശ്യമായി ഗവൺമെന്റ് നൽകുന്ന ധനസഹായങ്ങളും പരിശീലനക്ലാസുകളും ഉപയോഗപ്പെടുത്താൻ വേണ്ട നിർദ്ദേശങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തണം.

16. തുടർസാക്ഷരതാ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

17. ആരോഗ്യവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ മാസത്തിലൊരിക്കലെങ്കിലും കോളനികൾ സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം.

18. നിത്യരോഗികളുടെ ചികിത്സയ്ക്കാവശ്യമായ ധനസഹായം നൽകണം.

19. മത്സ്യമേഖലയിലെ തൊഴിലാളികൾക്ക് മത്സ്യം പിടിക്കുവാൻ ആവശ്യമായിട്ടുള്ള തൊഴിലുപകരണങ്ങൾ വിതരണം ചെയ്യണം.

20. 6-ാം വാർഡില ചൂരക്കാട്ട് മീത്തൽ 4 സെന്റ് കോളനിയിൽ പട്ടികജാതി വിഭാഗക്കാർക്കായി 12 വീടുകൾ പണിപൂർത്തിയാകാതെ ഇപ്പോഴും കിടിക്കുന്നു. ഇത് വളരെ അടിയന്തിരമായി പൂർത്തീകരിക്കണം.

21. അഞ്ജനോറമല കോളനിയിൽ പൈപ്പ് ലൈനിന്റെ അറ്റകുറ്റപ്പണി മാത്രം നടത്തിയാൽ കുടിവെള്ള പ്രശ്നം പരിരഹരിക്കാം.

സാധ്യതകൾ

1. അരുമ്പമലയിൽ 1992 ൽ പഞ്ചായത്ത് നിർമ്മാണമാരംഭിച്ച ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവൃത്തി പൂർത്തിയാക്കിയാൽ രണ്ട് കോളനി പ്രദേശത്തും ടാപ്പുകൾ ഫിറ്റ്ചെയ്ത് കുടിവെള്ളക്ഷാമം പരിഹരിക്കാം.

2. കക്കഞ്ചേരി ലക്ഷം വീട് കോളനിയിൽ നിലവിലുള്ളഒരു വാട്ടർടാങ്ക് വിപുലപ്പെടുത്തി കരുപറമ്പത്ത് കോളനിക്കും രണ്ടാംവാർഡിലെ കൊളങ്ങോട്ട് മീത്തൽ കോളനിക്കും അഞ്ജനോറമല കോളനിക്കും ശുദ്ധജലം ലഭ്യമാക്കാൻ കഴിയും. ഇതിന് പൈപ്പും ടാങ്കിന്റെ വിപുലീകരണവും മാത്രമേ നടക്കേണ്ടതുള്ളൂ. നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്താം.

3. ഒയലമല കോളനിയിൽ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതി വിപുലപ്പെടുത്തിയാൽ കാരക്കാട്ട് മീത്തൽ ശുദ്ധജലക്ഷാമമനുഭവിക്കുന്ന പട്ടിക ജാതി വിഭാഗക്കാർക്കും മറ്റും ഉപയോഗപ്പെടുത്താം. ഇതിന് പൈപ്പ് സ്ഥാപിക്കലും നിലവിലുള്ള ടാങ്ക് വിപുലപ്പെടുത്തുകയും മാത്രമേ ആവശ്യമുള്ളൂ.

4. 4ാം വാർഡിലെ പാലോറമല കോളനിയിൽ കുടിവെള്ളം എത്തിക്കാൻ വേണ്ട പ്രാഥമിക നടപടികൾ എടുത്തിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭ്യമാകാത്തതിനാൽ ഇപ്പോഴും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. ഇവിടെ കിണർ,പൈപ്പ്, ടാപ്പ് എന്നിവ ഉണ്ട്. ഒരു ട്രാൻസ്ഫോമർ സ്ഥാപിച്ചുകഴിഞ്ഞാൽ വൈദ്യുതി ലഭ്യമാക്കി കുടവെള്ള പ്രശ്നവും കഴിഞ്ഞാൽ വൈദ്യുതി പ്രശ്നവും പരിഹരിക്കാം.

5. നെല്ലിക്കുന്ന് കോളനിയിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനായി സൗജന്യമായി കിട്ടിയ സ്ഥലത്ത് കുളം നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത കുളത്തിൽ നിന്ന് കോളനിയക്കാവശ്യമായ വെള്ളം ലഭിക്കും. കുന്നിൻ മുകളിൽ ടാങ്ക് പണിയണം. കോളനിയിൽ വൈദ്യുതി ഉള്ളതിനാൽ ഇതിന്റെ കാര്യത്തിൽ പ്രയാസമില്ല. മോട്ടാർ, പൈപ്പ് തുടങ്ങിയവ സ്ഥാപിക്കണം. ടാങ്ക് നിർമ്മിക്കുവാനുള്ള സ്ഥലം സൗജന്യമായി കിട്ടിയിട്ടുണ്ട്.

6. ആനവാതുക്കൽ ചക്കിക്കുനിഭാഗത്ത് കിണർ കുഴിച്ച് തണ്ണീർമലയുടെ ഭാഗത്ത് ടാങ്ക് നിർമ്മിച്ച് ആ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാം. തിരുവോട്ട് മീത്തൽ, മൈക്കാട്ടേരിമീത്തൽ എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമവും ഇതുമൂലം പരിഹരിക്കാൻ കഴിയുംയ

7.തിരുത്തോത്ത് മീത്തൽ ഹരിജൻ കോളനിയിൽ കുടിവെള്ളമെത്തിക്കാൻ കാരയാട്ടുകുളത്തെ ആശ്രയിക്കാം. ടാങ്ക് നിർമ്മിക്കാൻ സൗജന്യമായി സ്ഥലം ലഭിച്ചിട്ടുണ്ട്. അവിടെ ടാങ്ക് നിർമ്മിച്ച് പൈപ്പും മോട്ടോറും സ്ഥാപിച്ചാൽ പ്രസ്തുത കോളനികളിൽ വെള്ളം എത്തിക്കാൻ കഴിയും.

8. 8-ാം വാർഡിലെ കക്കാട്ട് മലയിൽ ജലമെത്തിക്കാൻ ടാങ്ക് നിലവുലുണ്ട്. ബാക്കി സംവിധാനം ഏർപ്പെടുത്തിയാൽ കക്കാട്ടുമല കോളനിയിലെയും മേടക്കുന്ന് നിവാസികളുടേയും കുടിവെള്ളക്ഷാമം പരിഹരിക്കണം.

9. കോട്ടക്കുന്ന് കോളനിയിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി ഒരു കുളവും ടാങ്ക് നിർമ്മിക്കുവാനുള്ള സ്ഥലവും സ്വകാര്യവ്യക്തികൾ ഏറ്റിട്ടുണ്ട്. തൊട്ടടുത്ത് വൈദ്യുതിയും ലഭ്യമാണ്. ജനങ്ങളുടെ അദ്ധ്വാനവും സഹകരണവും ലഭിക്കും. മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ ഈ പ്രദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാം.

10. നെല്ലിക്കുന്ന്, തോന്ന്യമ്മൻ കോളനികളിൽ ശുദ്ധജലമെത്തിക്കുവാൻ ഇപ്പോൾ നടുവിലക്കണ്ടി സ്ഥലത്ത് കുഴിച്ച കുളം ഉപയോഗിച്ച് അവിടെ ടാങ്ക് സ്ഥാപിച്ചാൽ മതി.

11. മൊടാലത്ത് കുന്ന് കോളനിയിൽ കുടിവെള്ളം ലഭ്യമാക്കാൻ തച്ചോണ്ടുകുളം വികസിപ്പിച്ച് മൊടാലത്ത് കോളനി പെരുന്തല്ലി ഭാഗം, ആമ്പത്ത് കുന്ന് എന്നീ ഭാഗങ്ങളിലേക്ക് കുടിവെള്ളം എത്തിക്കാം.

12. എളങ്ങോട്മല IHDP കോളനിയിൽ ഏഴാം വാർഡിൽ ബ്ലോക്കിന്റെ കൈവശമുള്ള കരയാട്ട് കുളം വികസിപ്പിച്ചത് അതോടനുബന്ധിച്ചുള്ള പമ്പ് ഹൗസും ഉപയോഗിച്ച് പാലോറമലയിൽ ടാങ്ക് സ്ഥാപിച്ച് വെള്ളം കൊടുക്കാൻ കഴിയും. ഇതുപയോഗപ്പെടുത്തി തിരുത്തോത്ത് മീത്തൽ കോളനിയിലും ശുദ്ധജല വിതരണം നടത്താം.

13. രണ്ടാം വാർഡിൽ കായപ്പറ്റ കോളനിയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിന് പഞ്ചായത്ത് കിണറിനടുത്ത് പമ്പ് ഹൗസ് സ്ഥാപിച്ച് ഇപ്പോൾ നിലവിലുള്ള ടാങ്കി

ലേക്ക് വെള്ളം പമ്പുചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം. പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു.

14. ചമ്മുങ്കര ഹരിജൻ കോളനിയിൽ ചമ്മുങ്കരകുളം കുഴിച്ച് കുന്നിൻ മുകളിൽ ടേങ്ക് കെട്ടിയാൽ മൂന്നുഭാഗത്തുമുള്ള പ്രദേശങ്ങളിലേക്ക് ശുദ്ധജലമെത്തിക്കാൻ കഴിയും. ടാങ്ക് നിർമ്മാണത്തിനും കുളം കുഴിക്കാനും സൗജന്യമായി സ്ഥലം തരാൻ ആളുകൾ തയ്യാറുണ്ട്.

15. കനാൽ വശങ്ങളിൽ കൃഷിചെയ്യാതെ കിടക്കുന്ന സ്ഥലങ്ങൾ പച്ചക്കറികൃഷി ചെയ്യുന്നതിനു വേണ്ടി ഉപയോഗപ്പെടുത്താൻ സാധിക്കും.

16. കുന്നത്തറ ബണ്ടിനടുത്ത് സ്വാകാര്യ വ്യക്തിയുടെ 26 ഏക്കർ ഭൂമി പാട്ടത്തിന് വാങ്ങി അവിടെ പഞ്ചായത്തിലെ പട്ടികജാതിക്കാരായിട്ടുള്ള തൊഴിൽ ഇല്ലാത്ത ചെറുപ്പക്കാരെ ഉൾപ്പെടുത്തി കൂട്ടായ്മ ബോധം വളർത്തിയെടുത്ത് സംയോജിത ചെമ്മീൻ കൃഷി നടപ്പിലാക്കാം.

17. 10 ാം വാർഡിൽ കണയങ്കോടിനടുത്തുള്ള പ്രദേശങ്ങളിൽ ചെമ്മീൻ കൃഷിക്ക് പറ്റിയ സ്ഥലങ്ങളുണ്ട്. ഇവിടെ തൊഴിൽ രഹിതരായ ചെറുപ്പക്കാരെ സംഘടിപ്പിച്ച് ചെമ്മീൻ കൃഷി ചെയ്യിക്കാനുള്ള സാധ്യതയുണ്ട്.

18. കക്കാട് മല കോളനിയിലേക്ക് ഗതാഗതസൗകര്യത്തിന് ഇപ്പോൾ നിലവിലുള്ള കുന്നത്തറ ഇറിഗേഷൻ ബണ്ട് വീതി കൂട്ടി ഗതാഗതയോഗ്യമാക്കാൻ കഴിയും.

19. ഒന്നാം വാർഡിലെ തൊടുവയലിൽ പറമ്പിന്റെ കിഴക്കുഭാഗത്തുകൂടി പോകുന്ന പഞ്ചായത്ത് റോഡ് ആവശ്യമായ വീതികൂട്ടി ടാർ ചെയ്യുകയാണെങ്കിൽ രണ്ടു കോളനികളിലേക്കുള്ള യാത്രാസൗകര്യം മെച്ചപ്പെടുത്താം.

20. കോളനികളിലെ സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിക്കണം.

21. വീടുകൾ കേന്ദ്രീകരിച്ച് സ്വയം തൊഴിൽ സാധ്യത ഉറപ്പുവരുത്താൻ കഴിയും. ഇതിനു നൽകുന്ന വായ്പകൾ യഥാർത്ഥത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കണം.

22.സ്ത്രീകളുടെ തൊഴിൽ പ്രശ്നം പരിഹരിക്കാൻ കോളനികൾ കേന്ദ്രീകരിച്ചോ പഞ്ചായത്തടിസ്ഥാനത്തിലോ ചെറുകിട വ്യവസായയൂണിറ്റുകൾ സ്ഥാപിക്കാൻ കഴിയും. മിനി കവർ നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രങ്ങൾ തുടങ്ങിയവക്ക് സാധ്യതയുണ്ട്. ഇതിന് പഞ്ചായത്തടിസ്ഥാനത്തിൽ വിപണി കണ്ടെത്താൻ വേണ്ടി ആഴ്ചചന്തകൾ പഞ്ചായത്തിൽ സംഘടിപ്പിക്കണം.

23. പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കിരിക്കുന്നതിന് മുമ്പായി പരിശീലനം നൽകണം. ഇന്ന് നിലവിലുള്ള പരിപാടി വിപുലീകരിച്ച് ഇത് ബ്ലോക്കടിസ്ഥാനത്തിൽ നടത്തണം.


24. പട്ടികജാതിയിൽ പെടുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് വേണ്ട പ്രത്യേക പരിശീലന കേന്ദ്രം സ്ഥാപിക്കാൻ കഴിയും. ഇതിന് അഭ്യസ്തവിദ്യരായ സാമൂഹ്യപ്രവർത്തകരെയും, പഞ്ചായത്തിലെ സാംസ്കാരികസംഘടനകളെയും ഉപയോഗപ്പെടുത്താം. ഇതിന് ഉള്ളിയേരി ഗ്രാമപഞ്ചായത്ത് നേതൃത്വം കൊടുക്കണം.

25. സർക്കാർ നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ പലതും ഉപയോഗപ്പെടുത്താത്ത സ്ഥിതിമാറ്റാൻ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ ബ്ലോക്ക്തലത്തിൽ ഓരോ മൂന്ന് മാസം കൂടുംമ്പോഴും ഇവർക്ക് വേണ്ടിയുള്ള ബോധവത്കരണക്ലാസുകൾ നൽകേണ്ടതുണ്ട്.

സാധ്യതകളിൽ നിർദ്ദേശിച്ചുട്ടുള്ള മുഴുവൻ പ്രവർത്തനങ്ങളിലും ഈ വിഭാഗത്തിന്റെ സന്നദ്ധപ്രവർത്തനങ്ങൾ ഉണ്ടാകുമെന്ന് ഗ്രാമസഭാ റിപ്പോർട്ട് വ്യക്തമാക്കുന്നു. (പട്ടിക 8& 9 കാണുക.)

പട്ടിക 9

ക്രമനമ്പർ	ജനപങ്കാളിത്തത്തോടെ മൈനർ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാവുന്ന കോളനികൾ
1.	ചമ്മുങ്കര ഹരിജൻ കോളനി
2.	തിരുത്തോത്ത് മീത്തൽ നാറാത്ത്
3.	കോട്ടക്കുന്ന്
4.	മൊടാലക്കുന്ന്
5.	നെല്ലിക്കുന്ന്
6.	കക്കാട് മല (കുന്നത്തറ)
7.	കുരൂപറമ്പ്
8.	കുന്തിലോട്ടുമ്മൽ
9.	കൂവിൽ മീത്തൽ
10.	ചുവന്ന കുന്നുമ്മൽ
11.	ഒള്ളൂർ കോളനി.



സംസ്ക്കാരം

പ്രാചീന കാലം മുതൽ തന്നെ നാടുവാഴിത്തത്തിൽ അധിഷ്ഠിതമായ ഒരു മിശ്ര സംസ്ക്കാരമാണ് ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രദേശത്ത് നിലനിന്നിരുന്നതെന്ന് നാടൻപാട്ടുകളിൽ നിന്നും ഐതിഹ്യങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയും. ആദ്യകാലത്ത് പ്രധാനമായും രണ്ടു മതങ്ങളാണ് നിലവിലുണ്ടായിരുന്നത്. പിന്നീട് ചില ക്രൈസ്തവ കുടുംബങ്ങൾ ഇവിടെ കുടിയേറി പാർക്കുകയാണുണ്ടായത്. വിവിധ അംശങ്ങളും ദേശങ്ങളുമായി ഈ പ്രദേശം വിഭജിക്കപ്പെട്ടിരുന്നു. ജീവിതത്തിന്റെ എല്ലാതുറകളിലും സ്വയം പര്യാപ്തങ്ങളായിരുന്നു ഈ ദേശങ്ങൾ ഓരോ ദേശത്തും ദേശവാഴിയും ദേശവാഴിക്കുകീഴിൽ ഒരു കർഷക സമൂഹവും വിവിധ തൊഴിലുകളിലേർപ്പെട്ടിരുന്ന ഉപജാതികളും ഉൾപ്പെട്ട ഒരു ജനസഞ്ചയമാണ് അധിവസിച്ചിരുന്നത്. ഓരോ ജാതിക്കാർക്കും അവരുടേതായതനത് അനുഷ്ഠാനങ്ങളും ആചാരങ്ങളും കലാരൂപങ്ങളും ഉണ്ടായിരുന്നു. പരിചമുട്ടുകളി ആശാരിമാരുടേയും, തോട്ടിക്കളി പറവൻമാരുടേയും, കുതിരക്കോലം പുലയ സമുദായക്കാരുടേയും, വട്ടക്കളി തീയരുടേയും, കോൽക്കളിനായന്മാരുടേയും, ദേവപ്രീതിക്കായിക്ഷേത്രങ്ങളിൽ ഉത്സവത്തോടനുബന്ധിച്ച് കെട്ടിയാടാറുണ്ടായിരുന്ന തെയ്യം, തിറമുതലായവ പാണന്മാർ പെരുവണ്ണാന്മാർ, മൂന്നുറ്റന്മാർ എന്നിവരുടേയും കലാരൂപങ്ങളായിരുന്നു. മുസ്ലീങ്ങൾക്കിടയിൽ ദഫ്മുട്ട്, മുട്ടും വിളിയും, ഒപ്പന, അറവനമുട്ട്, കോൽക്കളി എന്നീ കലാരൂപങ്ങൾ പ്രചരിച്ചിരുന്നു.

ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും വ്യത്യസ്ഥത പുലർത്തിയിരുന്നെങ്കിലും മതങ്ങൾക്കും ജാതികൾക്കുമിടയിൽ പരിപൂർണ സൗഹൃദം നിലനിന്നിരുന്നുവെന്നാണ് അറിവ്. മാറു പലഭാഗങ്ങളിലും വർഗീയ കലാപങ്ങൾ ആളിപ്പടർന്നപ്പോഴും ഈ പ്രദേശത്ത് പായത്തക്കസംഘർഷങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ല.

പുരാതനങ്ങളായ നിരവധി ഹിന്ദു മുസ്ലീം ആരാധനാലയങ്ങൾ ഈപഞ്ചായത്ത് പരിധിക്കുള്ളിലുണ്ട്. രസകരങ്ങളായ നിരവധി ഐതിഹ്യങ്ങൾ ഇവയെ ചുറ്റിപ്പറ്റി നിലനില്ക്കുന്നു. പഴമക്കാരുടെ വാക്കുകളിൽ വർണ്ണം ചേർക്കപ്പെട്ടിരിക്കാമെങ്കിലും കുറെയേറെ ചരിത്രസത്യങ്ങൾ ഇവയോരോന്നിന്റെയും പിറകിലുണ്ട്. നൂറു മുതൽ അഞ്ഞൂറുവരെ വർഷം പഴക്കം ഇവയോരോന്നിനും അവകാശപെടുന്നുണ്ട്. മപ്പുറത്ത് ഭഗവതി ക്ഷേത്രം, ആതകശ്ശേരി ശിവക്ഷേത്രം, മരുതൂർ സുബ്രഹ്മണ്യ ക്ഷേത്രം, കക്കഞ്ചേരിപാറോൽ ക്ഷേത്രം, തെഞ്ചിലേരി ശിവക്ഷേത്രം, കുട്ടോത്ത് സത്യനാരായണ ക്ഷേത്രം, കൊയക്കാട് പാണ്ടിപ്പള്ളി എന്നിവ ഇവയിൽ പ്രധാനപ്പെട്ടവയാണ്. പന്ത്രണ്ട് അടിയോളം നീളം വരുന്ന ഖബറുകളുൾക്കൊള്ളുന്ന ഖബർസ്ഥാനോടുകൂടിയ പാണ്ടിപ്പള്ളിക്ക് ഏകദേശം 450 വർഷം പഴക്കമുള്ളതായികണക്കാക്കുന്നു. പുഴവരെ ഇറങ്ങിച്ചെല്ലുന്ന കോണിപ്പടികൾ ഈ പള്ളിയുടെ പ്രത്യേകതയാണ്. 1952 മുതൽ വർഷം തോറും മുടങ്ങാത്ത നേർച്ച ഈ പള്ളിയിൽ നടന്നു വരുന്നു. എന്നാൽ ഏകദേശം 80 വർഷത്തോളമായി ഇവിടെ മയ്യത്ത് അടക്കാറില്ല. മപ്പുറത്ത് ഭഗവതിക്ഷേത്രം, ഒളളൂർപീപ്പിരിക്കാട്ട് ചാമുണ്ഡേശ്വരി ക്ഷേത്രം കക്കഞ്ചേരിപാറോൽ ക്ഷേത്രം, നെയ്തല്ലൂർ ക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾക്ക് ജാതിമതഭേദമെന്യേ ആയിരക്കണക്കിനാളുകൾ പങ്കുകൊള്ളാറുണ്ട്. കുട്ടോത്ത് സത്യനാരായണ ക്ഷേത്രോത്സവത്തോടനുബന്ധിച്ച് കഥകളി നടന്നിരുന്നുവത്രേ. ദേശക്കോയ്മകളുടേയും ജന്മിമാരുടേയും താവാട്ടുവക ക്ഷേത്രങ്ങളിൽ പലതും മൺമറഞ്ഞു പോയിട്ടുണ്ടെങ്കിലും അവയുടെ അവശിഷ്ടങ്ങൾ പഞ്ചായത്തിന്റെ പലഭാഗത്തും ഇന്നും ദൃശ്യമാണ്. ക്ഷേത്രോത്സവങ്ങളിൽ അനുഷ്ഠാന കലകളായ തെയ്യം, തിറ, വെളളാട്ട്, കനലാട്ടം, കുരുതി, കലശം, എഴുന്നള്ളത്ത്

എന്നിവയാണ് മുൻകാലങ്ങളിൽ അരങ്ങേറിയിരുന്നുത്. എന്നാൽ ഇപ്പോൾ സാമൂഹ്യകലകളായ നാടകം, കഥാപ്രസംഗം, കാവടിയാട്ടം, വിൽകലാമേള, ഗാനമേള എന്നിവയും ഉത്സവപ്പറമ്പുകളിൽ അവതരിപ്പിക്കാറുണ്ട്.

പ്രധാന ക്ഷേത്രങ്ങൾ

1. അരുമ്പയിൽ ദേവിക്ഷേത്രം
2. മപ്പുറത്ത് ഭാഗവതിക്ഷേത്രം
3. ആതകശ്ശേരി ശിവക്ഷേത്രം
4. മരുതൂർ സുബ്രഹ്മണ്യക്ഷേത്രം
5. ചാലപ്പുറം ശിവക്ഷേത്രം
6. പീപ്പിരിക്കാട്ട് ചാമുണ്ഡേശ്വരിക്ഷേത്രം
7. കുട്ടോത്ത് സത്യനാരായണക്ഷേത്രം
8. ഒളളൂരിടത്തിൽ പരദേവതാക്ഷേത്രം
9. നെല്ലുളിടത്തിൽ പരദേവതാക്ഷേത്രം
10. ചൂരക്കാട്ട് അയ്യപ്പക്ഷേത്രം
11. നാറാത്ത് നരസിംഹക്ഷേത്രം
12. പളളിക്കൽ വിഷ്ണുക്ഷേത്രം
13. മുണ്ടോത്ത് ശ്രീകൃഷ്ണക്ഷേത്രം
14. പൂത്തഞ്ചേരികരിമ്പാത്ത് കരിയാത്തൻക്ഷേത്രം
15. അടുമാണ്ടിഭഗവതിക്ഷേത്രം
16. പുളിയനാട്ട് ഭഗവതിക്ഷേത്രം
17. പുളിയേരി ഭഗവതിക്ഷേത്രം
18. കാരടി തലച്ചില്ലോൽക്ഷേത്രം
19. പിലാത്തോട്ടത്തിൽ ഭഗവതിക്ഷേത്രം
20. കക്കഞ്ചേരിപാറോൽ പരദേവതാക്ഷേത്രം
21. പുത്തഞ്ചേരികരിങ്ങാറിക്കോട്ടഭഗവതിക്ഷേത്രം
22. നെയ്യല്ലൂർ ദേവിക്ഷേത്രം
23. പുതുക്കുളങ്ങരപരദേവതാക്ഷേത്രം
24. കക്കഞ്ചേരി തെമ്പിലേരിക്ഷേത്രം
25. കീഴോളി ഭഗവതിക്ഷേത്രം
26. കന്നൂർ തൃക്കോവിൽക്ഷേത്രം
27. ഉളേള്യരിക്കരിങ്ങാറി കോട്ടക്ഷേത്രം
28. ഒളൂളരാശിക്കൽ കുട്ടിച്ചാത്തൽക്ഷേത്രം
29. വലിയമുറ്റത്ത് ഭഗവതിക്ഷേത്രം
30. കൈപ്രം കുന്ന്ക്ഷേത്രം
31. കായപ്പുറംക്ഷേത്രം
32. തരിപ്പൂര് ഭഗവതിക്ഷേത്രം
33. മറിയത്താംകണ്ടിക്ഷേത്രം

പ്രധാനമുസ്ലീം ആരാധനാലയങ്ങൾ

1. കൊയക്കാട് പാണ്ടിപ്പളളി
2. ഉളേള്യരി ജുമാമസ്ജിദ്
3. ഒളളൂർപളളി
4. മുണ്ടോത്ത്പളളി
5. തെരുവത്ത് കടവ്പളളി
6. നാറാത്ത്പളളി
7. കക്കഞ്ചേരിപളളി
8. മാമ്പൊയിൽ മസ്ജിദ്തകവപളളി
9. പൊയിലുങ്കൽതാഴപളളി
10. നാറാത്ത് വെസ്റ്റ് നിസ്താരപളളി
11. ആനവാതുക്കൽ ജുമാഅത്ത്പളളി
12. കുന്നത്തറജുമാഅത്ത്പളളി
13. ഒളളൂരങ്ങാടി നിസ്ക്കാരപളളി
14. പുത്തഞ്ചേരിനിസ്ക്കാരപളളി

ക്യസ്ത്യൻ ദേവാലയം

പുത്തഞ്ചേരിക്യസ്ത്യൻപളളി,

സ്വാതന്ത്ര്യസമരപ്രക്ഷോഭം, കർഷകസമരങ്ങൾ എന്നിവഈ പഞ്ചായത്തിലും സാംസ്ക്കാരികമുന്നേറ്റത്തെ സഹായിച്ചിട്ടുണ്ട്. തച്ചുശാസ്ത്ര വിദഗ്ധരായ കുട്ടിശങ്കരൻ, താമു, കുട്ടാപ്പു, കേശവൻ, കുഞ്ഞിമാധവൻ മുതലായവർ ആ രംഗത്ത് പേരും പെരുമയും ആർജ്ജിച്ചവരായിരുന്നു. ജ്യോതിഷപണ്ഡിതനായ ഒളളൂർ രാമകൃഷ്ണപണിക്കർ, ദാരുശില്പവിദഗ്ധൻ പറമ്പത്ത് കേശവൻകുട്ടി എന്നിവർ ഈ പ്രദേശത്തിന്റെ സന്തതികളാണ്.

കലാരംഗം

സ്വാതന്ത്യത്തിനുമുമ്പ് കലാരംഗത്ത് പറയത്തക്കമുന്നേറ്റങ്ങളൊന്നും ഈ പ്രദേശത്തുണ്ടായിരുന്നതായി അറിവില്ല. എന്നാൽ വടക്കൻ പാട്ടുകൾ, നാടൻപാട്ടുകൾ, തോറ്റങ്ങൾ എന്നിവ ഏറെപ്രചാരത്തിലുണ്ടായിരുന്നു. തെയ്യം തായമ്പക എന്നീ രംഗങ്ങളിൽ വൈദഗ്ധ്യം നേടിയവരിൽ പലരും ഇന്ന് മൺമറഞ്ഞുപോയിരിക്കുന്നു. എന്നാൽ ജില്ലാന്തരഖ്യാതി നേടിയ തായമ്പകവിദ്വാൻ ഉളളിയേരി ശങ്കരമാരാർ ഡൽഹിഏഷ്യാഡിൽ തെയ്യം അവതരിപ്പിച്ച മുന്നൂറ്റൻ കണ്ടിബാലൻ എന്നിവർ അവരുടെ രംഗങ്ങളിൽ കഴിവ് തെളിയിച്ചവരാണ്.

നാടകരംഗത്ത് ഒറ്റപ്പെട്ട ചിലനാടകാവതരണങ്ങളും തമിഴ് നാടകങ്ങളുടെ ചുവടുപിടിച്ചുകൊണ്ടുളള നൃത്തസംഗീത നാടകങ്ങളുമാണ് ആദ്യകാലത്തുണ്ടായിരുന്നത്. ഗോപാലൻ അടിയോടിയെപ്പോലുളളവർ ഈ രംഗത്ത് സ്മരണീയരാണ്.

1950 കളിലാണ് സംഘടിത കലാസമിതികൾ പഞ്ചായത്തിൽ നിലവിൽ വന്നത്. ആകാശവാണിയിൽ നിന്ന് വിരമിച്ച ശ്രീ. വിനയൻ, ടി. കെ. രാമോട്ടി മാസ്റ്റർ, രാഘവൻ കടുക്കയി, പി! വേലായുൻ, താഴത്തെയിൽ കുഞ്ഞിക്കുട്ടിക്കുറുപ്പ്, ഇ. കെ. തെയ്യോൻ, കെ. വി. കെ. കീഴറ, കുന്നനാട്ടിൽ നാരായണൻ, പാറാട്ടിൽ മീത്തൽ ചെക്കിണി, കുട്ടികൃഷ്ണൻ നായർ തുടങ്ങിയവർ ആദ്യകാല നാടകപ്രവർത്തകരിൽ ഉൾപ്പെടുന്നു. പഞ്ചായത്തിലെ കലാരംഗത്തു നിന്നുയർന്നുവന്ന് കേരളത്തിലുട നീളം പ്രശസ്തിനേടിയ ജനപ്രിയ ഗാനരചയിതാവ് ഗിരീഷ് പൂത്തഞ്ചേരി, യുവസംവിധായകൻ വി. എം. വിനു എന്നിവർ പ്രത്യേക പരാമർശ മർഹിക്കുന്നു. സിനിമാരംഗത്തു പ്രവർത്തിക്കുന്ന ശ്രീ.എ.ഉണ്ണിനാരായണൻ നാടകരംഗത്ത്പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശ്രീ. മാധവൻ കുന്നത്തറ എന്നിവരും ഈ പഞ്ചായത്തുമായി ബന്ധമുള്ളവരാണ്. ശ്രീ. കരുണൻ ഉള്ളിയേരി ശ്രീ. പി. എം. നാരായണൻ കണയങ്കോട് ഒള്ളൂർ രാധാകൃഷ്ണൻ എന്നിവർ സാഹിത്യരംഗത്തുപ്രവർത്തിക്കുന്നു.

അൻപതോളം കലാസമിതികൾ ഇന്ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും കലാരംഗത്ത് കാര്യമായ സംഭാവനകളൊന്നും ഇവയിൽ മിക്കവയിൽ നിന്നും ലഭിക്കുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ അടുത്ത കാലത്തായി ആരംഭിച്ചചില നൃത്ത സംഗീത വിദ്യാലയങ്ങൾ ഈ രംഗത്ത് പുതിയൊരുകാൽ വെയ്പാണ്.

ഗ്രന്ഥശാലാപ്രസ്ഥാനം:

ഗ്രന്ഥശാലകളും വായനശാലകളും ദേശീയ പ്രസ്ഥാന കാലഘട്ടത്തിൽ തന്നെ പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചിരുന്നു. പരേതനായവടക്കേടത്ത് അപ്പുണ്ണിമാസ്റ്റർ ഈ രംഗത്ത് ചെയ്തസേവനം ഈ സന്ദർഭത്തിൽ സ്മരണീയമാണ്. ഇദ്ദേഹം കേരള ഗ്രന്ഥശാലാ സംഘം സംസ്ഥാന കമ്മിറ്റിയംഗമായി പ്രവർത്തിച്ചിട്ടുണ്ട്. ഒള്ളൂരിലെ മുഹമ്മദ് അബ്ദുറഹിമാൻ സ്മാരകഗ്രന്ഥാലയം ഉള്ളിയേരിയിലെ പബ്ലിക്ക് ലൈബ്രറി എന്നിവയാണ് ആദ്യകാലസ്ഥാപനങ്ങൾ. ഇതിൽ ഉള്ളിയേരി പബ്ലിക്ക് ലൈബ്രറി ഇന്നും നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നു.

പ്രധാന ഗ്രന്ഥശാലകൾ:

1. ഉള്ളിയേരി പബ്ലിക് ലൈബ്രറി
2. ജവഹർ പബ്ലിക് ലൈബ്രറി
3. ഒള്ളൂർ ഗ്രാമീണ വായനശാല
4. എ. കെ. ജി. സ്മാരകഗ്രന്ഥാലയം കക്കഞ്ചേരി
5. പുത്തഞ്ചേരി പഞ്ചായത്ത് സാംസ്ക്കാരികനിലയം
6, സമത ലൈബ്രറി, നോർത്ത്കന്നൂർ
7. പഞ്ചായത്ത് ലൈബ്രറികന്നൂർ.

പത്രമാസികകൾ:

പഞ്ചായത്തിൽഇന്ന്8പ്രധാന പത്രങ്ങളാണ് പ്രചാരത്തിലുള്ളത്. പത്രപാരായണത്തന് ജനങ്ങൾ വായനശാലകൾ, ചായക്കടകൾ പോലുള്ള പൊതു സ്ഥാപനങ്ങൾ എന്നിവയെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. സ്വന്തമായി പത്രം വാങ്ങുന്നവരുടെ എണ്ണം കുറവല്ല. മിക്കവാറും എല്ലാപത്രങ്ങൾക്കും ഇവിടെ പ്രാദേശിക ലേഖകന്മാരുണ്ട്. റേഡിയോ, ടി.വി. മുതലായ ഇലക്ട്രോണിക് മാധ്യമങ്ങൾ ഏറെ പ്രചാരത്തിയുണ്ടെങ്കിലും വാർത്തകൾ അറിയുന്നതിന് ഇന്നും ജനങ്ങൾ പത്രങ്ങളെ തന്നെയാണ് മുഖ്യമായും ആശ്രയിക്കുന്നത് പ്രധാനപ്പെട്ട എല്ലാവാരികകൾക്കും മോശമല്ലാത്ത പ്രചാരമുണ്ട്. എന്നാൽ, ഇപ്പോഴും കൂടുതൽ വായനക്കാരെ ആകർഷിക്കുന്നത് സാഹിത്യമൂല്യം കുറഞ്ഞ വാരികകൾ തന്നെയാണ്. പഞ്ചായത്തിനെ മൊത്തത്തിൽ അവലോകനം ചെയ്യുമ്പോൾ വായനക്കാരിൽ സ്ത്രീകളുടെ എണ്ണം കുറവാണ്. എന്നാൽ കഥകൾക്കും നോവലുകൾക്കും പ്രാമുഖ്യം കൊടുക്കുന്നവാരികകളുടെ കാര്യത്തിൽ സ്ത്രീവായനക്കാരുടെ എണ്ണം കൂടുതലാണ്. ഭൂരിഭാഗം വായനക്കാരും കഥകളും നോവലുകളും ഇഷ്ടപ്പെട്ടുമ്പോൾ നാടകം, കവിത ഉപന്യാസങ്ങൾ, പഠനങ്ങൾ എന്നിവയ്ക്ക് വായനക്കാർ പൊതുവെ കുറവാണ്. വിദ്യാസമ്പന്നരിൽ ഒരു വിഭാഗത്തിനു

മാത്രമാണ് ഇവയിൽ താൽപര്യമുള്ളത്.

പ്രധാനപത്രങ്ങൾ

നമ്പർ	പേര്	സർക്കുലേഷൻ
1.	മാതൃഭൂമി	635.
2.	മലയാള മനോരമ	330.
3.	ദേശാഭിമാനി	216.
4.	ജന്മഭൂമി	60.
5.	കേരളകൗമുദി	40.
6.	ഇന്ത്യൻ എക്സ്പ്രസ്	40.
7.	മാധ്യമം	35.
8.	ചന്ദ്രിക	25.

രാഷ്ട്രദീപിക, കാലിക്കറ്റ് ടൈംസ്, പ്രദീപം എന്നീ സായാഹനപത്രങ്ങളും പഞ്ചായത്തിൽ എത്തുന്നുണ്ട്.

ഇലക്ട്രോണിക് മാധ്യമങ്ങൾ:

പഞ്ചായത്തിലെ 90% വീടുകളിലും റേഡിയോ ഉണ്ട്. അടുത്ത കാലത്തായി ടെലിവിഷനുകളുടെ എണ്ണം വർദ്ധിച്ചുവരുന്ന തായിട്ടാണ് കണക്കുകൾ കാണിക്കുന്നത്. ഏകദേശം 450 ഓളം ടെലിവിഷൻ സെറ്റുകൾ ഇന്ന് പഞ്ചായത്തിലുണ്ട്. 70ൽ അധികം വിസി. പികളും ഉപയോഗത്തിലുണ്ട്. ഈ മാധ്യമങ്ങളുടെ മുന്നേറ്റം വായനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്, പ്രത്യേകിച്ച് കുട്ടികളിൽ. വിജ്ഞാനപ്രദങ്ങളായ ഡോക്യുമെന്ററികൾ, പ്രശ്നോത്തരികൾ, റിപ്പോർട്ടുകൾ. വാർത്ത എന്നിവയ്ക്കുള്ളതിനേക്കാൾ പ്രേക്ഷകർ നിലവാരം കുറഞ്ഞ സീരിയലുകൾക്കും സിനിമകൾക്കുമാണുള്ളത്. ചുരുക്കി പറഞ്ഞാൽ ഇലക്ട്രോണിക് മാധ്യമങ്ങളെ കേവലം വിനോദോപാധിയായി മാത്രമാണ് ജനങ്ങൾ കാണുന്നത്. കേബിൾ ടി.വി. കണക്ഷൻ ഈ പഞ്ചായത്തിലില്ല.

രണ്ടുസിനിമാശാലകളാണ് പഞ്ചായത്തിലിപ്പോൾ പ്രവർത്തിക്കുന്നത്. സാധാരണ കച്ചവട സിനിമകൾ തന്നെയാണ് പ്രദർശിപ്പിച്ചു വരുന്നത്. മാസാന്ത പരിപാടികൾ നടത്തുന്ന ഫൈൻ ആർട്സ് സൊസൈറ്റികളോ, സംഗീതം, നൃത്തം, കഥകളി, നാടൻകലകൾ എന്നിവ പരിപോഷിപ്പിക്കുന്നതിനുവേണ്ടിയുള്ള സവിശേഷ സംഘടനകളോ പഞ്ചായത്തിൽ നിലവിലില്ല.

യുവജനമേളകൾ:

സർക്കാർ തലത്തിൽ നടത്തപ്പെടുന്ന യുവജനമേളകൾ കേരളോത്സവം എന്നീ മത്സര പരിപാടികളിൽ പഞ്ചായത്തിലെ അമേച്വർ കലാസമിതികളും സ്പോർട്സ് ക്ലബ്ബുകളും ഉത്സാഹപൂർവം പങ്കെടുത്തിട്ടുണ്ട്. ഗ്രാമീണ യുവതീയുവാക്കളിൽ കലാബോധം വളർത്തുന്നതിൽ ഇത്തരം മേളകൾ സഹായിച്ചിട്ടുണ്ട്.

സന്നദ്ധസംഘടനകൾ, ബാലസംഘടനകൾ:

ശാസ്ത്രസാഹിത്യ പരിഷത്, ബാലഗോകുലം, ബാലസംഘം എന്നീ സംഘടനകൾക്ക് ഈ പഞ്ചായത്തിൽ സജീവമായ യൂനിറ്റുകളുണ്ട്. സന്നദ്ധസംഘടനകളും കലാസമിതികളും മുൻകൈയെടുത്ത് ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളെ അധികരിച്ച് പ്രഭാഷണങ്ങളും ക്ലാസുകളും പഞ്ചായത്തിന്റെ പലഭാഗങ്ങളിലും നടത്തിയിട്ടുണ്ട്.

കായികരംഗം

ആരോഗ്യമുള്ള ശരീരത്തിൽ മാത്രമേ ആരോഗ്യമുള്ള മനസ്സുണ്ടാവുകയുള്ളൂ. ആരോഗ്യ സംരക്ഷണത്തിന്റെ കാര്യത്തിൽ ഭക്ഷണം പോലെയോ പ്രാണവായുപോലെയോ അത്യന്താപേക്ഷിതമായ ഒരു ഘടകമാണ് വ്യായാമം. വ്യായാമം കൊണ്ടുദ്ദേശിക്കുന്നത് ശാസ്ത്രീയമായ ആയോധന മുറകളുടെ അഭ്യസനമോ വ്യവസ്ഥാപിതമായ വ്യായാമ മുറകളോ മാത്രമല്ല, മനസ്സിനും ശരീരത്തിനും ഉണർവ്വേകുന്ന വൃത്യസ്ത കായികവിനോദങ്ങൾ കൂടിയാണ്.

കായിക വിനോദങ്ങളെക്കുറിച്ച് പറയുമ്പോൾ പഞ്ചായത്തിൽ പ്രത്യേകമായി എടുത്തു പറയത്തക്ക ഒന്നും തന്നെയില്ല. എന്നാൽ, അമ്പെയ്ത്ത്, തലപ്പന്തുകളി, നാടൻ പന്തുകളി, കോൽക്കളി എന്നീ വിനോദങ്ങൾ പഞ്ചായത്തിന്റെ പലഭാഗത്തും പ്രചാരത്തിലിരുന്നതായി കാണാം. ശാസ്ത്രീയമായ ആയോധന മുറകൾ പരിശീലിപ്പിച്ചിരുന്ന കളരികൾ പഞ്ചായത്തിന്റെ പലഭാഗത്തും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. എന്നാൽ കാലാന്തരത്തിൽ ഇവ അന്യം നിന്നു പോവുകയും അവയുടെ സ്ഥാനം കരാട്ടെ സ്ക്കൂളുകൾ കൈയടക്കുകയും ചെയ്തിരിക്കയാണ്. നാമമാത്രമായി കളരികൾ ഇന്നു ചിലയിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെന്ന വസ്തുതവിസ്മരിക്കുന്നില്ല. 1960 കളിലാണ് വോളിബോൾ ഈ പഞ്ചായത്തിൽ വ്യാപകമായി പ്രചരിച്ചു തുടങ്ങിയത്. കൊയ്ത്തു കഴിഞ്ഞൊഴിയുന്ന പാടങ്ങളായിരുന്നു പ്രധാനമായും കളിസ്ഥലങ്ങളായി ഉപയോഗിച്ചിരുന്നത്. എന്നാൽ ഈ

രംഗത്ത് ശാസ്ത്രീയമായ പരിശീലനം നൽകാൻ സർക്കാർ തലത്തിലോ അല്ലാത്തതോ ആയ സ്ഥാപനങ്ങളൊന്നും തന്നെ നിലവിലുണ്ടായിരുന്നില്ല. ഗ്രാമീണ കലാസമിതികൾ അവയുടെ മറ്റു പ്രവർത്തനങ്ങളുടെ ഒരു ഭാഗമായി മാത്രമാണ ഈ കായിക വിനോദത്തെയും കണ്ടത്. എന്നാൽ അടുത്തകാലത്തായികായിക പ്രവർത്തനങ്ങൾക്കായി ചില ക്ലബ്ബുകൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ ഇവ കേവലം ക്രിക്കറ്റ്, ബാഡ്മിന്റൺ എന്നീകളികളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായാണ് അനുഭവം. കളിസ്ഥലങ്ങളുടെ അഭാവം ഫുട്ബോൾകളിയുടെ പ്രചാരക്കുറവിന് പ്രധാന കാരണമാണ്. പഞ്ചായത്ത് തലത്തിൽ കേരളോത്സവം ആരംഭിച്ചതിനുശേഷം കായികരംഗത്ത്യുവജനങ്ങൾക്ക് താൽപര്യം വർദ്ധിച്ചിട്ടുണ്ട്. 1991ൽ ഡൽഹിയിൽ നടന്ന ദേശീയ അത്ലറ്റിക്സ് മീറ്റിൽ ഉള്ളിയേരി സ്വദേശിനിയായകുമാരി സുമതി സംസ്ഥാനത്തെ പ്രതിനിധീകരിക്കുകയുണ്ടായി.

വരും കാലങ്ങളിൽ പഞ്ചായത്തിന്റെ കലാകായിക സാംസ്ക്കാരിക മേഖല പരിപോഷിപ്പിക്കുന്നതിൽ ജനപങ്കാളിത്തത്തോടു കൂടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടത് അനിവാര്യമാണ്.

സാംസ്ക്കാരികരംഗത്തെ പ്രശ്നങ്ങൾ:

- പഞ്ചായത്തിൽ ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന പബ്ലിക്ക് ലൈബ്രറിയിൽ വായനയ്ക്കും, ഗ്രന്ഥവിതരണത്തിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്.
- പത്താംവാർഡിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ലൈബ്രറിയിൽ വായനയ്ക്കുള്ള സൗകര്യം കുറവാണ്.പുസ്തകവിതരണത്തിനുള്ള കൃത്യമായ ഏർപാടില്ല.
- നിരവധി കലാസമിതികളും ഗ്രന്ഥാലയങ്ങളും പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഗ്രാന്റ് ലഭിക്കുന്നവ വളരെ കുറവാണ്. പ്രവർത്തനത്തിനുള്ള സൗകര്യക്കുറവും സാമ്പത്തിക ബുദ്ധിമുട്ടും ഇവയെ നിരന്തരം അലട്ടിക്കൊണ്ടിരിക്കുന്നു.
- ജനങ്ങളിൽ പൊതുവെയും സ്ത്രീകളിൽ പ്രത്യേകിച്ചും വായനാശീലം കുറഞ്ഞു വരികയാണ്.
- കളിസ്ഥലങ്ങളുടെ അഭാവവും കായിക പരിശീലനത്തിന് സൗകര്യമില്ലായ്മയും ഈ രംഗത്തെ പ്രശ്നങ്ങളാണ്.
- പ്രാചീന കായികവിനോദ രൂപങ്ങളായ അമ്പെയ്ത്ത്, നാടൻ പന്തുകളി, എന്നിവയും കളരികളും നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.
- നാടൻ പാട്ടുകളും തോറ്റങ്ങളും വേരറ്റുകൊണ്ടിരിക്കുന്നു.

പരിഹാരനിർദ്ദേശങ്ങൾ:

- ഉള്ളിയേരി പബ്ലിക്ക് ലൈബ്രറിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്ത് ജനപങ്കാളിത്തത്തോടുകൂടി പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്.
- കന്നൂരിലുള്ള പഞ്ചായത്ത് ലൈബ്രറി കെട്ടിടം അറ്റ കുറ്റപ്പണിനടത്തി നിത്യവും തുറന്ന് പ്രവർത്തിക്കാനും പുസ്തകവിതരണം നടത്താനുമുള്ള ഏർപാടുകൾ ചെയ്യണം.
- രജിസ്റ്റർ ചെയ്യാത്ത കലാസമിതികൾ ബന്ധപ്പെട്ട അക്കാദമികളിൽ രജിസ്റ്റർ ചെയ്യുകയും പ്രവർത്തനം ഊർജിതപ്പെടുത്തുകയും വേണം. ഈ കാര്യത്തിൽ പഞ്ചായത്തിന്റെ സഹകരണവും പ്രോത്സാഹനവും ഉണ്ടാകേണ്ടതാണ്. ഗ്രന്ഥശാലകൾക്ക് ഇപ്പോൾ നൽകുന്ന ഗ്രാന്റ്തുക വർദ്ധിപ്പിക്കേണ്ടതാണ്.
- വായനാശീലം വളർത്തുന്നതിനുവേണ്ടി ടൂറിംഗ് ലൈബ്രറി (സഞ്ചരിക്കുന്ന ഗ്രന്ഥശാല) വിഭാഗം ഏർപ്പെടുത്തുകയും പുസ്തകങ്ങൾ വീടുകളിലെത്തിക്കാനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യുക.
- സാദ്ധ്യമായ സ്ഥലങ്ങളിൽ പുതിയ കളിസ്ഥലങ്ങൾ നിർമിക്കുകയും സ്കൂൾകളി സ്ഥലങ്ങൾ വികസിപ്പിച്ച് സംരക്ഷിക്കുകയും ചെയ്യുക.
- ഇപ്പോൾ ഉള്ളിയേരിയിൽ നിർമ്മിച്ച പഞ്ചായത്ത് മിനി സ്റ്റേഡിയത്തിന്റെ സൗകര്യം വർദ്ധിപ്പിച്ച് ചുറ്റുമതിൽ കെട്ടികളികൾക്കനുയോജ്യമാക്കിത്തീർക്കുക.
- പ്രാചീന കലകളായ പരിചമുട്ട്, തോട്ടിക്കളി, വട്ടക്കളി, മുട്ടുംവിളിയും, കോൽക്കളി എന്നിവയെയും കായിക വിനോദങ്ങളായ അമ്പെയ്ത്ത്, നാടൻ പന്തുകളി എന്നിവയെയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്ത് മുൻകൈ എടുക്കണം.
- നാടൻപാട്ടുകൾ ശേഖരിച്ചു സൂക്ഷിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്യുക.

സാദ്ധ്യതകൾ


1. പഞ്ചായത്ത് അതൃത്തിയിലുള്ള വായന ശാലകളുടെയും ഗ്രന്ഥാലയങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ജില്ലാ ലൈബ്രറി കൗൺസിലിന്റെ സഹായത്തോടെ പഞ്ചായത്ത് തല ഏകോപനസമിതികൾ രൂപീകരിക്കുകയും പരിശീലന സാദ്ധ്യതകൾ ആരായേണ്ടതുമാണ്.

2. പത്താംവാർഡിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് ലൈബ്രേറി സാംസ്ക്കാരിക നിലയമായി വികസിപ്പിക്കുകയും ഒരു സ്ഥിരം ലൈബ്രേറിയനെ നിയമിക്കുകയും ചെയ്യാവുന്നതാണ്.

3. പഞ്ചായത്തിൽ ജനപങ്കാളിത്തത്തോടെ ഭൂമിലഭ്യമാക്കി കളി സ്ഥലങ്ങൾ വികസിപ്പിക്കാവുന്നതാണ്. ഇന്ന് നിലവിലുള്ളകളി സ്ഥലങ്ങൾ (സ്ക്കൂളുകളുടേത് ഉൾപ്പെടെ) ശ്രമദാനം വഴിമെച്ചപ്പെടുത്തുകയും തല്പരരായവർക്ക് കളികൾക്കായി അനുവദിക്കുകയും ചെയ്യാവുന്നതാണ്. ഈ കാര്യത്തിൽ കലാസമിതികൾ, സ്പോർട്സ് ക്ലബ്ബുകൾ എന്നിവയുടെ സന്നദ്ധ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

4. കേരളോത്സവം കൂടുതൽ വിപുലപ്പെടുത്തുകയും പ്രാചീന കലാരൂപങ്ങൾക്ക് മത്സരഇനങ്ങളിൽ സ്ഥാനം നൽകുകയും, നിർദ്ധനരായ കലാപ്രതിഭകളെ സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. നാടൻപാട്ടുകളും തോറ്റങ്ങളും രേഖപ്പെടുത്തിയും കാസറ്റുകളിലാക്കിയും സംരക്ഷിക്കാവുന്നതാണ്.

5. ജനവിദ്യാകേന്ദ്രങ്ങളെ വിപുലപ്പെടുത്തി ഗ്രാമീണ വയോജന വായനശാലകളാക്കി മാറ്റുകയും കലാകായിക രംഗങ്ങളിൽ വയോജനങ്ങൾക്കായിപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യാവുന്നതാണ്.



ജനനമരണ രജിസ്ട്രേഷൻ

സ്കൂൾ പ്രവേശനത്തിന്, ഉദ്യോഗത്തിന്, വസ്തുക്കളിൽ അവകാശം സ്ഥാപിക്കുന്നതിന്, പൗരത്വം സ്ഥാപിക്കുന്നതിന്, പാസ്പോർട്ടിന്, വോട്ട വകാശം സ്ഥാപിക്കുന്നതിന്, റേഷൻകാർഡിൽ പേര് ചേർക്കുന്നതിന്,

വയസ്സ് തെളിയിക്കുന്ന കൃത്യമായ രേഖ വേണം –
– ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക

അവകാശികൾക്ക് സ്വത്തവകാശം സ്ഥാപിക്കുന്നതിന്, ഇൻഷൂറൻസ് തുക ലഭിക്കുന്നതിന്, മരണാനന്തരം ആനുകൂല്യങ്ങൾ വാങ്ങുന്നതിന്,

മരണം തെളിയിക്കുന്ന കൃത്യമായ രേഖ വേണം –
– മരണം യഥാസമയം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക.

ജനനവും മരണവും 21 ദിവസത്തിനകം
രജിസ്റ്റർ ചെയ്യാൻ ഓർമ്മിക്കുക.
ഇത് നിർബന്ധമാണ്.



Printed at MANGALAM offset press Kallai, Calicut, Ph. 300063